KOTTAYAM PUBLIC LIBRARY

Call No. M 910 Acc. No. 22640

Author. ടി. കൃഷ്ണൻ നായർ - ഒരു

Title [illegible]

12 史

x

# ഔഫ് വീഡെർസേഹൻ

(AUF WIEDERSEHEN)

കെ. ഭാസ്കരൻനായർ

22640
KOTTAYAM PUBLIC LIBRARY KOTTAYAM
X

മാതൃഭൂമി

പ്രസാധകന്മാർ:

മാതൃഭൂമി പ്രിൻടിംഗ് ആൻഡ് പബ്ലിഷിംഗ്
കമ്പനി ലിമിററഡ്, കോഴിക്കോട്.

NATIONAL BOOK STALL SPCS LTD. KOTTAYAM

1965 വില 2 ക.

ഒന്നാം പതിപ്പ് 1965

M910
Bha-A

*Copyright Reserved*

*Title: Auf Wiedersehen*

*Author: K. Bhaskaran Nair*

*Price: Rs. 2/-*

*Printed by Kurur Neelakandhan Namboodiripad*
*at Mathrubhumi Press, Kozhikode*

*Publishers:*
*The Mathrubhum Printing & Publishing Co., Ltd, Kozhikode-1*

*January 1965*

22640

# പ്രസ്താവന

ഈ ലഘുഗ്രന്ഥം കഴിഞ്ഞ വഷം പശ്ചിമ ജെമ്മനിയിൽ നടത്തിയ ഒരു പര്യടനത്തിന്റെ വിവരണമാണു്. 1964 ആരംഭത്തിൽ ഇതു് മാതൃഭൂമി ആഴ്ചപ്പതിപ്പിൽ തുടച്ചയായി പ്രസിദ്ധപ്പെടുത്തുകയുണ്ടായി. പ്രസ്തുത ലേഖനപരമ്പര വായനക്കാരിൽ പലക്കും ഇഷ്ടമായി എന്നു് അറിയുവാൻ കഴിഞ്ഞതിൽ എനിക്കു് കൃതാത്ഥതയുണ്ടു്. അതിന്റെ പുസ്തകരൂപത്തിലുള്ള ഈ പ്രസിദ്ധീകരണവും സഹൃദയലോകം സന്തോഷപൂവ്വം സ്വീകരിക്കുവാൻ ഇടയാകട്ടെ എന്നു പ്രാത്ഥിക്കുന്നു.

എന്നെ ജെമ്മനിയിലേക്കു് ക്ഷണിച്ച വിശിഷ്ടാതിഥിയായി സൽക്കരിച്ചതിനും, ഈ ഗ്രന്ഥത്തിൽ പറയുന്ന അനുഭവങ്ങൾ ലഭിക്കുവാൻ അവസരം നൽകിയതിനും, പശ്ചിമജെമ്മൻ ഗവണ്മെൻറിനോടും, ആ രാജ്യത്തെ ജനങ്ങളോടും ഞാൻ ഹൃദയപൂവ്വം നന്ദി പറയുന്നു. അവരുടെ ആത്മാത്ഥതയും ഔദാര്യവും എനിക്കു് മറക്കുവാൻ സാധിക്കുകയില്ല.

ഗ്രന്ഥത്തിൽ ചേർത്തിരിക്കുന്ന ചിത്രങ്ങളിൽ മൂന്നെണ്ണമൊഴിച്ചു് ബാക്കിയെല്ലാം മദ്രാസ്സിലെ ജെമ്മൻ കൺസലേററുകാർ വരുത്തിത്തന്നതാണു്. ചില ചിത്രങ്ങൾ ലഭിക്കുന്നതിന്നു് അവർ വളരെ ബുദ്ധിമുട്ടേണ്ടിവന്നു എന്നു് എനിക്കറിയാം. ഈ വിലയേറിയ സഹായത്തിന്നു് കൺസലേററിനോടു് ഞാൻ അത്യധികം കൃതജ്ഞനായിരിക്കുന്നു.

ഇതു് എന്റെ ഔദ്യോഗികമായ ചുമതലകളുമായി ബന്ധപ്പെട്ട ഒരു പ്രസിദ്ധീകരണമല്ല. ജെമ്മനിയിൽ പോകുവാൻ അനുവാദവും അവധിയും നൽകിയതിന്നു് കേരള ഗവണ്മെൻറിനോടു് ഞാൻ കൃതജ്ഞത പറഞ്ഞുകൊള്ളുന്നു.

തിരുവനന്തപുരം
25 ആഗസ്റ്റ് 1964

കെ. ഭാസ്കരൻനായർ

22640

# വിഷയ വിവരം


| | | |
|---|---|---|
| | | പുറം |
| | I | |
| 1 | യാത്ര | 1 |
| 2 | ഭൂപ്രകൃതി | 2 |
| 3 | സ്വാഗതം | 4 |
| 4 | ഇന്നത്തെ ജെർമ്മനി | 8 |
| 5 | അഭ്യുത്ഥാനം | 11 |
| 6 | ഇന്ത്യയിലെ കഥ | 16 |
| 7 | സാധനപാഠം | 18 |
| | II | |
| 8 | വിദ്യാഭ്യാസ സമ്പ്രദായം | 22 |
| 9 | സർവ്വകലാശാലകൾ | 26 |
| 10 | സംസ്കൃതം | 27 |
| 11 | തത്വജ്ഞാനം | 31 |
| 12 | ജന്തുശാസ്ത്രം | 35 |
| 13 | നാട്ടിൻപുറങ്ങൾ | 38 |
| | III | |
| 14 | ബെർളിൻ | 43 |
| 15 | ശുചിത്വഭ്രമം | 46 |
| 16 | കാഴ്ചബംഗ്ലാവ് | 49 |
| 17 | നാണക്കേടിന്റെ ഭിത്തി | 51 |
| 18 | ഹിറ്റ്ലർ സ്മരണ | 53 |
| 19 | കിഴവൻ കുറുനരി | 56 |
| 20 | സൽക്കാരം | 58 |
| | IV | |
| 21 | ജലജന്തുശാല | 62 |
| 22 | മൃഗശാല | 64 |
| 23 | ഫിലിപ്പ് മേലത്തേതിൽ | 67 |
| 24 | തൊഴിലും ആഭിജാത്യവും | 70 |
| 25 | ഒരു വിവാഹം | 74 |
| 26 | ബുദ്ധവിഹാരം | 76 |

| | | പുറം |
|---|---|---|
| | **V** | |
| 27 | മ്യൂണിക്ക് .... .... | 78 |
| 28 | ജെമ്മൻ ഓപ്പെറ .... .... | 79 |
| 29 | ഇലക്ട്ര .... .... | 81 |
| 30 | ബിയശ്ശാലകളും ചിത്രകലയും .... .... | 84 |
| 31 | ശാസ്ത്രീയഗവേഷണം .... .... | 86 |
| 32 | കണ്ണും ചെവിയും .... .... | 89 |
| 33 | അപ്പർ ബവേറിയ .... .... | 91 |
| 34 | ബറോക്ക് വാസ്തുശില്പം .... .... | 94 |
| | **VI** | |
| 35 | സ്റ്റട്ട് ഗാർട്ട് .... .... | 97 |
| 36 | ടൂബിങ്ഗൻ സർവ്വകലാശാല .... .... | 99 |
| 37 | ഇലക്ട്രോൺ മൈക്രോസ്കോപ്പ് .... .... | 101 |
| 38 | മെർസീഡിസ്—ബെൻസ് .... .... | 104 |
| 39 | ബ്ലാക്ക് ഫോറസ്റ്റ് .... .... | 106 |
| 40 | കെപ്പറും ഷില്ലറും .... .... | 109 |
| 41 | ഫുട്ട്ബാൾ കളി .... .... | 111 |
| 42 | ഉഗണ്ടക്കാരൻ .... .... | 113 |
| | **VII** | |
| 43 | ഉപസംഹാരം .... .... | 116 |

# ചിത്രങ്ങൾ


1 ജെമ്മനിയുടെ ദേശീയചിഹ്നം

*2 ടൂർലാക്കു്ദമ്പതികളും, മകരം ഹൈക്കേ ഇന്ദിരയും

*3 ഹന്നയും ട്രംപും

*4 ഡോക്ടർ മഹാദേവൻ

5 മാക്സു് പ്ലാങ്കു്

6 വെർണർ ഹൈസൻബെർഗ്

7 ഫോൺ ഫ്രിഷ്

8 എയർലിഫ്ററ് മെമ്മോറിയൽ—ബെർളിൻ

9 ജെമ്മൻ ഭൂപ്രകൃതിയും, മോട്ടോർ റോഡുകളും

10 കൈസർ വില്യം മെമ്മോറിയൽ ചർച്ച്—ബെർളിൻ

11 മെമ്മോറിയൽ ചർച്ചിലെ ക്രിസ്തു പ്രതിമ

12 ബയർ കുരിശു്—ലെവെർകൂസെൻ

13 നാട്ടിൻപുറത്തെ ഓടുമേഞ്ഞ വീട്

14 ടെംപൽഹോഫ് വിമാനത്താവളം—ബെർളിൻ

15 ബെർലിൻ ഭിത്തി

16 ബെർളിനിലെ വഴിവിളക്കുകൾ

17 മ്യൂണിക്കു് സർവ്വകലാശാല

18 മ്യൂണിക്കിലെ ബിയർശാല

19 സ്ററുട്ടു്ഗാർട്ടിലെ പുതിയ നാടകശാല

20 ഒരു ബറോക്കു് കൊട്ടാരം


---

* ഇവ ഒഴിച്ചുള്ള ചിത്രങ്ങൾക്കു് ഗ്രന്ഥകാരൻ മദ്രാസ്സിലെ ജെമ്മൻ കൺസലേററിനോടു് കടപ്പെട്ടിരിക്കുന്നു.

# ഔഫ് വിഡെർസേഹൻ*

## I

### 1. യാത്ര

1963 ആഗസ്റ്റ്മാസത്തിൽ രണ്ടാഴ്ചക്കാലം ഫെഡറൽ റിപ്പബ്ലിക്ക് ഗവൺമെൻറിൻെറ അതിഥിയായി പശ്ചിമജെർമ്മനിയിൽ ഒരു സന്ദർശനപര്യടനം നടത്തുവാൻ എനിക്ക് അവസരം ലഭിച്ചു. അന്യരാജ്യങ്ങളിൽനിന്നു് വിദ്യാഭ്യാസസാംസ്കാരികരംഗങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ആളുകളെ ഇങ്ങിനെ ജെർമ്മനിയിലേക്ക് ക്ഷണിക്കാറുണ്ടു്.

മദ്രാസ് സർവ്വകലാശാലയിൽ തത്വശാസ്ത്രപ്രൊഫസ്സറായ ഡോക്ടർ ടി. എം. പി. മഹാദേവനും ഞാനും ഒരുമിച്ചാണു് പോയതു്. ഞങ്ങൾ മുമ്പുതന്നെ പരിചയക്കാരാണു്. ലുഫ്ത്ഹൻസാ എന്ന ജെർമ്മൻ വിമാനസർവ്വീസ് വഴിയായിരുന്നു യാത്ര. അന്നു് അവരുടെ വിമാനങ്ങൾ ഇന്ത്യയ്ക്കകത്തു് കൽക്കത്തയിൽ മാത്രമേ ഇറങ്ങിയിരുന്നുള്ളു. അതുകൊണ്ടു് മദ്രാസ്സിൽനിന്നു് കൽക്കത്തയിലേക്കാണു് ഞങ്ങൾ ആദ്യം പോയതു്. അവിടെനിന്നു് ഒരു ഞായറാഴ്ച സന്ധ്യക്ക് യൂറോപ്പിലേക്കുള്ള യാത്ര ആരംഭിച്ചു. കറാച്ചി, കുവൈററു്, കെയ്റോ, റോം എന്നീ സ്ഥലങ്ങളിൽ മാത്രമെ ഇടയ്ക്കു് ഇറങ്ങിയുള്ളു. ബോയിങ്ങ് ജെററ്വിമാനംവഴിയുള്ള യാത്ര ശീഘ്രതരവും അത്രതന്നെ സുഖകരവും ആണു്. ഏകദേശം ഏഴു മൈൽ ഉയരത്തിലാണു് അതു പറക്കുന്നതു്.

ലുഫ്ത്ഹൻസാ മുക്തകണ്ഠമായ പ്രശംസയെ അർഹി

---

* Auf wiedersehen=വീണ്ടും കാണുവാൻ സംഗതിയാകട്ടെ. യാത്ര ചോദിക്കുമ്പോൾ ജെർമ്മൻകാർ പറയുന്ന ഉപചാരവാക്കു്.

ക്കുന്ന ഒരു വിമാനസർവീസാണ്. ഒന്നാംക്ലാസ്സ് യാത്രക്കാരെ രാജകീയമായ രീതിയിലാണ് അവർ പരിചരിക്കുന്നത്. വീതിയുള്ള ഇരിപ്പിടങ്ങളാണ്. കാലും നീട്ടി നല്ലതുപോലെ ചാരികിടക്കാം. ഭക്ഷണസാധനങ്ങളുടെയും പാനീയങ്ങളുടേയും തുടർച്ചയായുള്ള ഒരു ഘോഷയാത്രയാണ് അവർ നടത്തുന്നത്. ശാപ്പാട്ടുരാമൻമാർക്കും കുടിയന്മാർക്കും ഒരു ഉത്സവം തന്നെ ലഭിക്കുന്നു. ശുദ്ധജലം മാത്രമെ കിട്ടാതുള്ളു.

റോമിൽ എത്തുന്നതുവരെയുള്ള യാത്ര രാത്രിയിലായിരുന്നു. അവിടെനിന്നു് വടക്കോട്ടു കടന്നു് ആൽപ്സു പർവ്വതത്തിൻെറ മുകളിലെത്തിയപ്പോൾ നേരം പ്രകാശമായി. മേഘങ്ങൾ പാല്ക്കടലുപോലെ ദിങ്മുഖങ്ങൾ വരെ പരന്നു കിടക്കുന്നു. ഇടയ്ക്കിടയ്ക്കു് മഞ്ഞുമൂടിയ കൊടുമുടികൾ, വെണ്ണക്കല്ലിൽ കൊത്തിവെച്ചതുപോലെ, പൊങ്ങിനില്ക്കുന്നതു കണ്ടു. അവയിൽ പലതിൻെറയും പേരുകൾ ഉച്ചഭാഷണിയിൽക്കൂടി പറഞ്ഞുതരുകയുണ്ടായി. അതിമനോഹരമായ ഈ കാഴ്ച, അല്പനേരത്തേക്കേ ഉണ്ടായിരുന്നുള്ളു. അതുകഴിഞ്ഞ് ജെമ്മനിയുടെ ഭൂമുഖം ദൃശ്യമായി. മേഘങ്ങളുടെ മറവില്ലാതിരുന്നതുകൊണ്ടു് കുന്നുകളും പുഴകളും കൃഷിസ്ഥലങ്ങളും കാടുകളും എല്ലാം വ്യക്തമായി കാണുവാൻ സാധിച്ചു. വിമാനം പതുക്കെപ്പതുക്കെ താഴുവാനും തുടങ്ങി. ഇന്ത്യൻ സമയം 11 മണി ആയപ്പോൾ (ജെമ്മനിയിലെ സമയം കാലത്തു് 6.30) ഞങ്ങൾ ഫ്രാങ്കുഫർട്ടിൽ ഇറങ്ങി. അങ്ങിനെ 16 മണിക്കൂറുകൊണ്ടു് കൽക്കത്തയിൽനിന്നു് ജെമ്മനിയിലെത്തി.

## 2. ഭൂപ്രകൃതി

ആകാശത്തുനിന്നുകണ്ട ജെമ്മനിയുടെ ഭൂപ്രകൃതിയെപ്പററി ഒരു വാക്കു പറയട്ടെ. പൊതുവേ നോക്കിയാൽ ഉയൻന്ന പർവ്വതപങ്ക്തികളും ഇടുങ്ങിയ താഴ്വരകളും ഒന്നും കാണ്മാനില്ല. അധികം പൊക്കമില്ലാത്ത കുന്നിൻപുറങ്ങളാണ് മിക്കഭാഗത്തും ഉള്ളത്. ഇവയുടെ ഇടയ്ക്കു് നനവുള്ള നിലങ്ങളില്ല; അല്പം താണ തടങ്ങളേയുള്ളു. ഇത്തരം ഭൂപ്രകൃതി ഉത്തരമേഖലകളിൽ സാധാ

രണമാണ്. ഭൂമിയുടെ ചരിത്രത്തിലുണ്ടായ ഹിമപ്രളയത്തിൻെറ ഫലമായിട്ടാണ് വൻകരകൾ ഇങ്ങിനെ മിനുസപ്പെട്ടുപോകുന്നത്. ഒന്നും രണ്ടും മൈൽ കട്ടി (പൊക്കം)യുള്ള ഹിമനിരകൾ ഭൂമുഖത്തുകൂടി നിരങ്ങി നീങ്ങുന്നതുകൊണ്ടു് കൂർത്ത കൊടുമുടികൾ ഇടിഞ്ഞു് നിരന്നുപോവുകയും, താഴ്‌വരകൾ മണ്ണുവീണ് നികന്നുപോവുകയും ചെയ്യുന്നു.

കുന്നിൻചരിവുകളിലാണ് കൃഷിചെയ്യുന്നത്. കുഴിഞ്ഞ പ്രദേശങ്ങൾ എല്ലാംതന്നെ കാടുകൾ നിറഞ്ഞു് നീലനിറത്തിൽ കാണപ്പെടുന്നു. ഇതെല്ലാം മനുഷ്യൻ നട്ടുപിടിപ്പിച്ച കാടുകളാണ്. ഇക്കാര്യത്തിൽ ജെമ്മൻകാർ മററു രാജ്യക്കാൎക്ക് മാതൃകയാകേണ്ടതാണ്. വനങ്ങൾ വെച്ചു പിടിപ്പിക്കുന്നതിലും അവയെ ശുശ്രൂഷിക്കുന്നതിലും അവർ അങ്ങേയററത്തെ താൽപര്യം കാണിക്കുന്നു. തങ്ങളുടെ രാജ്യത്തിൻെറ ശീതോഷ്ണാവസ്ഥയെ സംരക്ഷിക്കുന്നതിന്നും, മണ്ണിലെ ജലാംശം നിലനിൎത്തുന്നതിന്നും വനതലങ്ങൾ അത്യന്താപേക്ഷിതമാണെന്ന് അവർ മനസ്സിലാക്കിയിട്ടുണ്ടു്. പിറക്കും തലമുറകളുടെ ഭാഗധേയത്തെക്കുറിച്ചുള്ള ചിന്തയും അവൎക്കുണ്ടു്. ജെമ്മനിയുടെ ഭൂവിസ്തൃതിയിൽ മൂന്നിൽ ഒരു ഭാഗം മനുഷ്യൻ നട്ടുപിടിപ്പിച്ച കാടുകൾകൊണ്ടു മൂടപ്പെട്ടിരിക്കുന്നു. ബെർളിൻനഗരത്തിൻെറ നടുവിൽ ഇരുപത്തേഴ ചതുരശ്രമൈൽ സ്ഥലം നല്ല ഒന്നാംതരം കാടാണ്. തൻെറ രാജ്യത്തെ കാടുകളെപ്പററി അതിമനോഹരമായ കവിതകളും കഥകളും എഴുതിയ ജോസഫ് ഫോൺ ഐക്കൻഡോർഫ് ജെമ്മൻകാൎക്ക് ഏററവും പ്രിയപ്പെട്ട കവിയാണ്.

നമുക്ക് കാടെന്നു പറഞ്ഞാൽ താമസഭാവത്തിൻെറയും തിന്മയുടെയും പ്രതീകമായി പ്രകൃതിയിൽനിന്നു ലഭിച്ചതും, മനുഷ്യന്നു് വെട്ടിത്തെളിച്ചും തീവെച്ചും നശിപ്പിക്കുവാനുള്ളതുമായ ഒരു നിഷിദ്ധവസ്തുവാണ്. പക്ഷെ യൂറോപ്പിലെ കഥ ഇതല്ല. അവൎക്ക് കാടിൻെറ നേൎക്ക് കാളിദാസൻെറ മനോഭാവമാണ് കാണുന്നതു്. അതിൻെറ

സ്മരണപോലും അവരെ രോമാഞ്ചംകൊള്ളിക്കുന്നു. ഒരു മരം വീഴുന്നതു് ഒരു മനുഷ്യൻ വീഴുന്നതുപോലെ അവരെ വേദനിപ്പിക്കുന്നു.

കൃഷിസ്ഥലങ്ങൾ ചതുഷ്കോണാകൃതികളാണു്. അവയുടെ അതിരുകളെല്ലാം നേർവരകളായിട്ടാണു് കാണപ്പെടുന്നതു്. ഇക്കാരണത്താൽ ആകാശത്തുനിന്നു നോക്കുമ്പോൾ ഭൂമിയുടെ ഉപരിതലത്തിൽ ജമുക്കാളം വിരിച്ചിരിക്കുന്നതുപോലെതോന്നും. മണ്ണിന്റെ നിറവും വിളകളുടെ വർണ്ണഭേദങ്ങളും വനതലങ്ങളുടെ നീലിമയും ഇടകലർന്നു് ക്ഷേത്രഗണിതരൂപങ്ങൾ നിർമ്മിച്ച് ഭൂമുഖത്തെ ആകർഷകമാക്കുന്നു. മനുഷ്യന്റെ യത്നം പ്രകൃതിസൗന്ദര്യത്തെ നശിപ്പിക്കുകയാണു് പതിവു്. പക്ഷെ ചിലപ്പോഴെങ്കിലും അവന്റെ അദ്ധ്വാനത്തിന്റെ ഫലമായി അതു് വർദ്ധിക്കുവാനും സാദ്ധ്യതയുണ്ടെന്നു പറയേണ്ടിയിരിക്കുന്നു.

വിമാനം താണുവന്നപ്പോൾ നാട്ടിൻപുറങ്ങളിലൂടെ നീണ്ടുപോകുന്ന സുപ്രസിദ്ധമായ ജെർമ്മൻ മോട്ടോർറോഡുകൾ (ആട്ടോബാൺ) ദൃശ്യമായി. അവയിലൂടെ തുരുതുരെ ഓടുന്ന വർണ്ണശബളങ്ങളായ വാഹനങ്ങളും. അമേരിക്കയിലെ അത്രയൊന്നും ഇല്ലെങ്കിലും, ജെർമ്മനിയും ധാരാളം കാറുകളുള്ള രാജ്യമാണു്. ഭൂരിപക്ഷവും ചെറിയ വാഹനങ്ങളാണെന്നേയുള്ളു. ചിലതു കണ്ടാൽ കളിപ്പാട്ടംപോലെയിരിക്കും. വലിയ ചങ്ങാടങ്ങൾപോലെ റോഡിന്റെ ഇരുവശവും മുട്ടി ഓടുന്ന വൻപിച്ച കാറുകൾ അമേരിക്കയുടെ സവിശേഷതയാണു്. അതിവിശാലമായ ആ രാജ്യത്തു് അതൊരു ആവശ്യമാണെന്നും തോന്നുന്നു.

## 3. സ്വാഗതം

ഫ്രാങ്ക്ഫർട്ട് വിമാനത്താവളത്തിലെ വിശ്രമശാലയിൽ പ്രവേശിച്ചപ്പോൾ രൂപവതിയായ ഒരു യുവതി അടുത്തുവന്നു്, പേരുപറഞ്ഞു് എന്നെ അഭിവാദനം ചെയ്തു. ''ഞാൻ ഹന്ന ആണു്; മാർലോയുടെ സഹോ

ദരി. നിങ്ങളെ ഞാൻ ജെമ്മനിയിലേക്കു് സ്വാഗതം ചെയ്യുന്നു. യാത്ര സുഖമായിരുന്നില്ലെ?''

തിരുവനന്തപുരത്തു്, സവ്കലാശാലയുടെ ആഭിമുഖ്യത്തിൽ, ജെമ്മൻഭാഷ പഠിപ്പിക്കുന്ന ജെമ്മൻ കാരനായ ഒരു പ്രൊഫസറുണ്ടു്—മിസ്റ്റർ മാൻഫ്രെഡു് ടുർലാക്കു്. അദ്ദേഹവും, ഭാര്യ മാർലോ ടുർലാക്കും ഞങ്ങളുടെ അടുത്ത മിത്രങ്ങളാണു്. മിസിസ്സു് ടുർലാക്കിൻെറ അനുജത്തിയാണു് ഹന്ന. ഞാൻ ചെല്ലുന്നതറിഞ്ഞു് താമസസ്ഥലത്തുനിന്നു് വെളുക്കുന്നതിനുമുമ്പു പുറപ്പെട്ടു് ഇരുനൂറിൽപ്പരം മൈൽ കാറോടിച്ചു്, എന്നെ സ്വീകരിക്കുവാൻ വന്നതാണു്. അവരുടെ സൗഹാർദ്ദത്തിനും ഔദാര്യത്തിനും ഞാൻ നന്ദി പറഞ്ഞു.

കൊളോണിലേക്കുള്ള വിമാനം പുറപ്പെടുന്നതിനു് മൂന്നു മണിക്കൂറോളം സമയം ഉണ്ടായിരുന്നതുകൊണ്ടു് ഞങ്ങൾക്കു് കാപ്പി കുടിക്കുവാനും ദീഘമായി സംഭാഷണം നടത്തുവാനും സൗകര്യം കിട്ടി. ഇന്ത്യയേയും, കേരളത്തെയും, തിരുവനന്തപുരത്തു് ടുർലാക്കു് ദമ്പതികളുടെ ജീവിതത്തെയും കുറിച്ചു് എനിക്കു് ഒരു നീണ്ട പ്രസംഗംതന്നെ ചെയ്യേണ്ടിവന്നു. അവർ മലയാളം പഠിക്കുന്ന കാര്യം പറഞ്ഞപ്പോൾ, ''മാർലോ തപാൽ വഴി എന്നെയും പഠിപ്പിക്കുവാൻ ശ്രമിക്കുകയാണു്'' എന്നു പറഞ്ഞു്, നമ്മുടെ അക്ഷരങ്ങളും അവയുടെ ഉച്ചാരണത്തിന്നുള്ള സൂചനകളും അടങ്ങിയ ഒരു കത്തു് ഹന്ന കാണിച്ചുതന്നു. ത, ഥ, ദ, ധ—ട, ഠ, ഡ, ഢ എന്നിവയുടെ ഉച്ചാരണമാണു് തന്നെ വിഷമിപ്പിക്കുന്നതെന്നും പറഞ്ഞു. അതെല്ലാം പറഞ്ഞുകൊടുത്തതു് ആ മുറിയിൽ ഇരുന്ന മററു യാത്രക്കാരുടെ വിനോദത്തിനു് വകനല്കി. ഏതായാലും മൂന്നു മണിക്കൂറുകൊണ്ടു് മലയാളം പഠിക്കുവാൻ സാധ്യമല്ലാത്തതുകൊണ്ടു്, കുറേക്കൂടി രസകരമായ കാര്യങ്ങൾ സംസാരിക്കാം എന്നു പറഞ്ഞു് ഞാൻ ''ട്രംപി''നെക്കുറിച്ചു ചോദിച്ചു. ട്രംപു് ഹന്നയെ വിവാഹം ചെയ്യുവാൻ കാത്തിരിക്കുന്ന ആളാണു്. കൂടെത്തന്നെ വന്നിട്ടുമുണ്ടായിരുന്നു. ''അതാ കണ്ടില്ലെ,

നിങ്ങളുടെ സ്നേഹിതനെ ബോറുചെയ്തു കൊല്ലുന്നതു്!'' എന്നായിരുന്നു അവളുടെ ഉത്തരം. ശരിയാണു്. ആ വിദ്വാൻ ഡോക്ടർ മഹാദേവനുമായി അദ്വൈതം, വിശിഷ്ടാദ്വൈതം, സാംഖ്യം, ഭഗവദ്ഗീത, ബ്രഹ്മസൂത്രം, എന്നിത്യാദി മഹാകാര്യങ്ങളെക്കുറിച്ചു് വളരെ ഗൗരവമായി ചർച്ച നടത്തുകയായിരുന്നു. ഞാൻ പറഞ്ഞു: ''നല്ല കാര്യങ്ങളാണു് പറയുന്നതു്. എങ്കിലും ഏകാഗ്രത പോര. നോട്ടം ഇങ്ങോട്ടുതന്നെയാണു്. ആ പാവത്തിനെ എത്രനാളിങ്ങിനെ നടത്തുവാനാണു് ഭാവം?'' ''ഇല്ല. ഡിസംബറിൽ എല്ലാം ശരിയാകും'' എന്നു് ഹന്ന ചിരിച്ചുകൊണ്ടു മറുപടി പറഞ്ഞു.

ഇന്നത്തെ ജെർമ്മനിയുടെ പ്രതിരൂപമെന്നപോലെയാണു് ആ മണ്ണിൽ കാലുകുത്തിയ അവസരത്തിൽ എന്നെ സ്വീകരിക്കുവാനെത്തിയ ഹന്ന എൻെറ സ്മരണയിൽ നില്ക്കുന്നതു്. അവൾ രണ്ടാം ലോകമഹായുദ്ധത്തിൻെറ തീജ്ജ്വാലകൾക്കു നടുവിൽ ജനിച്ചു. യുദ്ധം കഴിഞ്ഞുണ്ടായ കഠിനയാതനകൾ അനുഭവിച്ചു വളന്നു. പക്ഷെ ഇന്നു് അവൾ നിറഞ്ഞ ആത്മവിശ്വാസത്തോടുകൂടിയാണു് ലോകത്തിൻെറ മുൻപിൽ നില്ക്കുന്നതു്. ആ മഹാദുഃഖങ്ങളെല്ലാം അവൾ മിക്കവാറും മറന്നിരിക്കുന്നു. അദ്ധ്വാനശീലംകൊണ്ടു് ക്ഷേമവും ആഹ്ലാദവും കൈവരിച്ചു്, സ്നേഹവായ്പോടെ അവൾ നമ്മെ സ്വീകരിക്കുന്നു. അതിരററ വിജ്ഞാനതൃഷ്ണയോടെ അന്യരാജ്യങ്ങളെപ്പററി അറിയുവാൻ ശ്രമിക്കുന്നു. ബുദ്ധിമുട്ടുകൾ സഹിച്ചും സുഹൃത്തുക്കളെ സമ്പാദിക്കുന്നതിന്നു് അവൾ സന്നദ്ധയാണു്. സൗഭാഗ്യവതിയായ അവൾക്കു് സ്നേഹം നിറഞ്ഞ ശുഭാശംസകൾ. അവളുടെ അഭിലാഷങ്ങൾ സഫലീകൃതമാകട്ടെ.

ഫ്രാങ്ക്ഫുട്ടിൽനിന്നു് ഞങ്ങൾ ഫെഡറൽ റിപ്പബ്ലിക്കിൻെറ തലസ്ഥാനമായ ബോണിലേക്കു പോയി. തലസ്ഥാനമെന്ന പദവിയെയുള്ളു; അതിന്നു തക്ക വിഭവങ്ങളൊന്നുമില്ല. ഒരു സൗകര്യവുമില്ലാത്ത, ഉറക്കം തൂങ്ങിയ, ചെറുപട്ടണമെന്നാണു് ജെർമ്മൻകാർതന്നെ ബോണിനെപ്പററി പറയുന്നതു്. റൈൻനദിയുടെ തീരത്താണു്. മഹാ

സംഗീതജ്ഞനായ ബീഥോവൻ ജീവിച്ച സ്ഥലമാണെന്നും, പഴയ ഒരു സർവ്വകലാശാലയുണ്ടെന്നും മാത്രമെ അഭിമാനിക്കാനുള്ളു. താമസസൗകര്യങ്ങൾ കുറവായതുകൊണ്ടു് ഗവർമ്മെണ്ടുമായി ബന്ധപ്പെട്ട പലയാളുകളും ഇരുപതും മുപ്പതും മൈൽ അകലെയാണു് പാർക്കുന്നതു്. അവിടെ ഒരു വിമാനത്താവളംപോലുമില്ല. കൊളോൺ നഗരത്തിനു സമീപമുള്ള ഒരു താവളത്തിൽ ഇറങ്ങി ഇരുപതിൽപ്പരം മൈൽ കാറിൽ സഞ്ചരിച്ചാണു് ഞങ്ങൾ അവിടെ എത്തിയതു്. ഞങ്ങളെ സ്വീകരിക്കുവാൻ സമർത്ഥനായ ഒരു യുവ ദ്വിഭാഷി കാറുംകൊണ്ടു വിമാനത്താവളത്തിൽ വന്നിരുന്നു. റൈൻ നദിയുടെ കരയ്ക്കുള്ള മനോഹരമായ ഒരു ഹോട്ടലിൽ ആയിരുന്നു താമസത്തിന്നു് ഏർപ്പാടു ചെയ്തിരുന്നതു്. ആയിടയ്ക്കു് ബോൺ സന്ദർശിച്ച അഫ്ഘാനിസ്ഥാനിലെ രാജാവും അവിടെയാണു് താമസിച്ചതു്.

വിമാനത്താവളത്തിൽ വെച്ചുതന്നെ ദ്വിഭാഷി സന്ദർശന പരിപാടി ഞങ്ങളെ ഏല്പിച്ചു. അത്യന്തം ആകർഷകമായ ഒരു ഡയറിയിൽ, പുറത്തു് പേരും അച്ചടിച്ചു്, സന്ദർശനങ്ങളുടെയും സഞ്ചാരങ്ങളുടെയും മണിക്കണക്കിനുള്ള വിവരങ്ങൾ കാണിക്കുന്ന ഒരു നീണ്ട പട്ടികയായിരുന്നു അതു്. ഓരോ രാത്രിയിലും ഏഴെട്ടു മണിക്കൂർ ഉറങ്ങുവാനുള്ള സമയം ഒഴിച്ചു് ബാക്കിയുള്ളതെല്ലാം തുടരെയുള്ള പരിപാടികളായിരുന്നു. വിദ്യാഭ്യാസസ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, കാഴ്ചബംഗ്ലാവുകൾ, മൃഗശാലകൾ, സ്മാരകങ്ങൾ, ആധുനികഫാക്ടറികൾ എന്നിവ സന്ദർശിക്കുക, സംസ്ഥാനവിരുന്നുകളിൽ പങ്കെടുക്കുക, പ്രസിദ്ധരായ ശാസ്ത്രജ്ഞന്മാരെയും തത്ത്വജ്ഞാനികളെയും കണ്ടു സംസാരിക്കുക, ഗവേഷണത്തിൽ ഏർപ്പെട്ടിരുന്ന പണ്ഡിതന്മാരും വിദ്യാർത്ഥികളുമായി ചർച്ചകൾ നടത്തുക, പ്രകൃതിസൌന്ദര്യത്തിനു പേരുകേട്ട നാട്ടിടകളിലും പർവ്വതപ്രദേശങ്ങളിലും പര്യടനം നടത്തുക, എന്നിങ്ങനെ ആ പട്ടിക നീണ്ടുപോയി.

ബോൺ, മുൺസ്റ്റർ, ബെർളിൻ, മ്യൂണിക്കു്, ടൂബിങ്ഗൻ, സ്റ്റുട്ട്ഗാർട്ടു എന്നീ സ്ഥലങ്ങളായിരുന്നു പ്രധാന

താവളങ്ങൾ. ഓരോ ദിക്കിലും രണ്ടും മൂന്നും ദിവസത്തെ താമസമേ ഉണ്ടായിരുന്നുള്ളു. പക്ഷെ ഒന്നാംതരം യാത്രാ സൗകര്യങ്ങൾ ഏൎപ്പെടുത്തിയിരുന്നതുകൊണ്ടു് പരിപാടി യുടെ പുരോഗതിക്കു് വിഘ്നംവരാതെ സന്ദൎശനങ്ങൾ പൂൎത്തിയാക്കുവാൻ സാധിച്ചു. പ്രധാന നഗരങ്ങളിലെ ത്തുവാൻ വിമാനസൎവീസുകളുണ്ടു്. നഗരങ്ങൾക്കകത്തും പരിസരങ്ങളിലും പോകുവാൻ ഗതിവേഗമുള്ള കാറുകളും.

## 4. ഇന്നത്തെ ജെൎമ്മനി

ജെൎമ്മനി എന്നു കേൾക്കുമ്പോൾ അതു് ഭൂവിസ്തൃതി യിൽ ചെറുതായ ഒരു രാജ്യമാണെന്ന വസ്തുത നാം ഓൎമ്മി ക്കാറില്ല. ഈ നൂററാണ്ടിൽത്തന്നെ രണ്ടു പ്രാവശ്യം സമ രശക്തികൊണ്ടു് ലോകത്തെ മുഴുവനും വിറപ്പിച്ച രാഷ്ട്ര മാകയാൽ അതിൻെറ വലിപ്പത്തെക്കുറിച്ചു് തെററായ ധാരണയാണു് നമ്മുടെ മനസ്സിലുള്ളതു്. ഇന്നത്തെ ജെ ൎമ്മനി—പശ്ചിമജെൎമ്മനി—ആന്ധ്രപ്രദേശത്തെക്കാൾ ചെ റുതാണു്. തെക്കുവടക്കു് 500മൈൽ നീളവും കിഴക്കുപടി ഞ്ഞാറു് 200മൈൽ വീതിയുമുള്ള ഒരു ചെറിയ രാജ്യം. പശ്ചിമബെർളിൻ ഉൾപ്പെടെ ഫെഡറൽ റിപ്പബ്ലി ക്കിൻെറ വിസ്തൃതി 95,951 ചതുരശ്രമൈലാണു്. ജനസംഖ്യ 560 ലക്ഷവും. (ആന്ധ്രപ്രദേശം—വിസ്തൃ തി 110,250 ചതുരശ്രമൈൽ. ജനസംഖ്യ—322ലക്ഷം.)

അവിടത്തെ സാമ്പത്തികാഭിവൃദ്ധിയെക്കുറിച്ചു് അ നേകം വിവരങ്ങൾ വായിച്ചിരുന്നെങ്കിലും, രണ്ടു മഹാ യുദ്ധങ്ങളിൽ പരാജയമടഞ്ഞതും, രണ്ടാമത്തേതിൻെറ ഫലമായി രണ്ടു രാജ്യങ്ങളായി പിളൎന്നുപോയതുമായ ജെൎമ്മനിയിൽ യുദ്ധത്തിൻെറ ഭയാനകമായ കെടുതിക ളിൽ പലതും അവശേഷിക്കുന്നുണ്ടെന്നാണു് ഞാൻ പ്രതീ ക്ഷിച്ചതു്. ഐക്യകക്ഷികൾ രണ്ടുമൂന്നു കൊല്ലക്കാലം തുടൎച്ചയായി വൎഷിച്ച ബോംബുകളുടെ ആഘാതം ആ രാജ്യത്തുണ്ടായിരുന്ന സകലതും തകൎത്തു തരിപ്പണമാക്കി യതാണു്. ഒന്നുരണ്ടല്ല, 200 ലക്ഷം ജെൎമ്മൻകാരാണു് രണ്ടാം ലോകമഹായുദ്ധത്തിൽ മരിച്ചതു്. ഇതെല്ലാം കഴിഞ്ഞിട്ടു് പതിനെട്ടുവൎഷമേ ആയിട്ടുള്ളു. യുദ്ധാനന്തര

ദശയിൽ പരാജിതമായ ജെമ്മൻ ജനത ജഠരാഗ്നിയെ പ്പോലും ശമിപ്പിക്കുവാൻ നിവൃത്തിയില്ലാതെ നരകയാതനകൾ അനുഭവിച്ചതു് ഇന്നലത്തെ കഥപോലെയാണു് തോന്നുന്നതു്. 1948വരെ ജെമ്മൻ നാണയത്തിനു് ഒരു വിലയും ഇല്ലായിരുന്നു. അക്കൊല്ലമാണു് നാണയപരിഷ്കാരം ഏപ്പെടുത്തിയതു്. മാർഷൽപദ്ധതി നടപ്പിലാക്കി ഔദാര്യനിധിയായ അമേരിക്കൻ ഗവണ്മെൻറ് ജെമ്മനിക്കു് ധനസഹായം നല്കുവാൻ തുടങ്ങിയതും ആ വഷത്തിലാണു്. അങ്ങിനെ പതിനഞ്ചുകൊല്ലത്തെ ഉദ്ധാരണയത്നമേ ആ രാജ്യത്തു് ഉണ്ടായിട്ടുള്ളു. അതുതന്നെയും സമ്പൂണ്ണവിനാശത്തിൽ നിന്നു്. യുദ്ധത്തിനുശേഷം ജെമ്മനി സന്ദശിച്ച ചിലയാളുകൾ ബോംബേറിൻെറ പ്രധാനശരവ്യങ്ങളായിരുന്ന ചില വ്യവസായമേഖലകളിൽ കുന്നുകൂടിക്കിടക്കുന്ന കല്ലും കട്ടയും മററു് അവശിഷ്ടങ്ങളും വാരിക്കളയുന്നതിനു് നൂറുകൊല്ലം ശ്രമിച്ചാലും സാധ്യമാവുകയില്ലെന്നു് എഴുതിയിരുന്നതു് ഞാൻ ഓമ്മിക്കുന്നു.

ഈ വസ്തുതകൾ അറിഞ്ഞിരുന്നതുകൊണ്ടു്, അത്ഭുതകരമെന്നു പറയപ്പെടുന്ന ജെമ്മനിയുടെ യുദ്ധാനന്തരവികസനം നേരിട്ടുകാണുമ്പോൾ അത്ര വളരെയൊന്നും അത്ഭുതകരമാകുവാൻ ഇടയില്ല എന്നു് ഒരു ഇന്ത്യക്കാരൻെറ ശുദ്ധഗതിയും അനുഭവഗതിയും മൂലം ഞാൻ കരുതി. ഭാരതം സ്വതന്ത്രമായിട്ടു് പതിനാറുകൊല്ലമായി. നമ്മുടെ പുനരുദ്ധാരണയത്നങ്ങൾ തുടങ്ങിയിട്ടു് പന്ത്രണ്ടുവഷങ്ങളും കഴിഞ്ഞു. വിദേശസഹായങ്ങൾ നമുക്കും കിട്ടിയിട്ടുണ്ടു്. ഈ സാഹചര്യങ്ങളും ഇവിടത്തെ അനുഭവങ്ങളുമാണു് എൻെറ മനസ്സിൽ കിടന്നതു്. ജെമ്മനിയിൽ സംഭവിച്ചതായിപ്പറയുന്ന അത്ഭുതകരമായ പുനരുദ്ധാരണത്തിൻെറ കാര്യത്തിൽ ഞാൻ അല്പം സംശയാലുത്വമോ, അവിശ്വാസംതന്നെയോ, പ്രദശിപ്പിച്ചതു് ന്യായീകരിക്കാവുന്നതാണു്.

പക്ഷെ നേരിട്ടുകണ്ടപ്പോൾ അത്ഭുതം ശതഗുണീഭവിക്കുകയാണുണ്ടായതു്. കാണുന്നതെല്ലാം സത്യമാണോ

എന്നുപോലും സംശയിച്ചുപോയി. ഈ തലമുറയിലെ ന്നല്ല, നൂറുകൊല്ലം മുമ്പുപോലും അവിടെ ഒരു യുദ്ധമുണ്ടായതായിതോന്നിയില്ല. എന്തൊരു സമൃദ്ധിയാണ്? ഐശ്വര്യമാണ്? ബോംബുവീണു തകൎന്നുകിടക്കുന്ന കെട്ടിടങ്ങൾ കാണണമെങ്കിൽ മഷിയിട്ടു നോക്കണം. ക്ഷേമസുന്ദരമായ നാട്ടിൻപുറങ്ങളും മിന്നിത്തിളങ്ങുന്ന നഗരങ്ങളും മാത്രമെ കാണുന്നുള്ളു. ഉപരിതലത്തിനു് ഒരു ചുളിവുപോലുമില്ലാതെ, അതിമനോഹരമായ മോട്ടോർ റോഡുകൾ നോട്ടമെത്തുന്നതുവരെ നീണ്ടുപോയി ചക്രവാളസീമയിൽ ലയിക്കുന്നു. കണ്ണാടിയും കോൺക്രീററും കൊണ്ടു നിൎമ്മിച്ച മനോഹരസൗധങ്ങൾ അന്തരീക്ഷത്തിൽ ഉയൎന്നു നില്ക്കുന്നു. രാത്രികാലത്തു് നഗരവീഥികൾ വിവിധവൎണ്ണങ്ങളിലുള്ള നിയോൺ ദീപങ്ങളുടെ ഉത്സവരംഗങ്ങളായിമാറുന്നു. വഴിവിളക്കുകൾ ഇത്ര മനോഹരമായി വിന്യസിക്കുവാൻ മററൊരു രാജ്യക്കാൎക്കും കഴിഞ്ഞിട്ടുണ്ടെന്നു തോന്നുന്നില്ല. റൈൻനദിയുടെ പ്രാന്തങ്ങളിലുള്ള വ്യവസായമേഖലകളിലും ബെർളിൻനഗരത്തിലെ പച്ചക്കാടുകളുടെ അരികുപററിക്കിടക്കുന്ന രാജപാതയിലും വൈദ്യുതദീപങ്ങളുടെ വിന്യാസഭംഗി കണ്ടാൽ നോക്കിനിന്നുപോകും.

ഇതിൽനിന്നൊക്കെ വ്യത്യസ്തമായി, ബെർളിൻ നഗരത്തിൻെറ മദ്ധ്യത്തിൽ, കൈസർ വില്യം മെമ്മോറിയൽ ചൎച്ച് എന്ന പ്രസിദ്ധമായ ദേവാലയം മാത്രം യുദ്ധത്തിൻെറ ഭയങ്കരതയെ വിളംബരം ചെയ്തുകൊണ്ടുനില്ക്കുന്നുണ്ടു്. ഇടയ്ക്കുവെച്ചു് ഒടിഞ്ഞുപോയ മണിമാളികയോടുകൂടി ഇരുണ്ടു്, വികൃതമായി, എവിടെനിന്നുനോക്കിയാലും കാണത്തക്കനിലയിൽ അതങ്ങിനെ നിൎത്തിയിരിക്കയാണു്. പുതുക്കിപ്പണിയാൻ കഴിയാഞ്ഞല്ല—യുദ്ധത്തിൻെറ യാതനകൾക്കു് ഒരു സ്മാരകം വേണമെന്നു നിശ്ചയിച്ചതുകൊണ്ടു്. ജൎമ്മൻ ജനതയ്ക്കും മനുഷ്യരാശിക്കു മുഴുവൻ തന്നെയും അതു് എന്നും ഒരു ഭീകരസ്വപ്നത്തിൻെറ അനുഭൂതിയെ ജനിപ്പിക്കുമെന്നുള്ളതു നിശ്ചയമാണു്.

ഞങ്ങളുടെ വിമാനം ബെർളിനിലെ ടെംപെൽ ഹോഫ് താവളത്തിലേക്ക് താണുവന്ന അവസരത്തിൽ തന്നെ മൂർത്തിമത്തായ വിഷാദംപോലെ നില്ക്കുന്ന ഈ ദേവാലയം എൻെറ ദൃഷ്ടിയിൽ പെടുകയുണ്ടായി. അന്നു സായാഹ്നത്തിൽ തന്നെ ഡോക്ടർ മഹാദേവനും ഞാനും കൂടി അവിടം സന്ദർശിച്ചു. സ്മാരകമായി നിർത്തിയിരിക്കുന്ന പള്ളിക്കുതൊട്ടടുത്ത് അതിവിശാലമായ ഒരു പ്രാർത്ഥനശാല പുതുതായി നിർമ്മിച്ചിട്ടുണ്ട്. അതിൻെറ നാലുവശവും ഉയർന്ന കണ്ണാടിഭിത്തികളാണ്. അവയിൽ മുഴുവനും അതിമനോഹരമായ ചിത്രങ്ങളും. വെളിച്ചം ഉള്ളിലേക്കു കടന്നുവരുമ്പോൾ ഈ ചിത്രങ്ങൾ അനുഭവൈകവേദ്യമായ ഒരു ദിവ്യചൈതന്യത്തോടെ ശോഭിക്കുന്നു. ആ മണ്ഡപത്തിൽ ഗംഭീരമായ ഒരു ക്രിസ്തുവിഗ്രഹം സ്ഥാപിച്ചിട്ടുണ്ട്. കൈകൾ ഇരുവശത്തേയ്ക്കും നീട്ടിനില്ക്കുന്ന ഭീമാകാരമായ ആ വിഗ്രഹത്തിൻെറ കണ്ണുകളിൽനിന്നു് കദനവും വേദനയും ഇററിററു വീഴുന്നതുപോലെ തോന്നും. ആഴമററ മഹാദുഃഖവും അക്ഷയമായ കാരുണ്യവും സ്നേഹവായ്പും കലർന്ന ആ ദേവസന്നിധിയിൽ ആരും കരഞ്ഞുപോകും. ശോകമധുരമായ സംഗീതം അവിടെ സദാസമയവും മാറെറാലിക്കൊള്ളുന്നു. പ്രായമായ സ്ത്രീജനങ്ങൾ ആ മണ്ഡപത്തിലെ ഇരിപ്പിടങ്ങളിൽ തനിയേ ഇരുന്നു് വിങ്ങിവിങ്ങിക്കരയുന്നതു് ഞങ്ങൾ കണ്ടു.

## 5. അഭ്യുത്ഥാനം

ജെർമ്മനിയുടെ അത്യത്ഭുതകമായ ഈ അഭ്യുത്ഥാനത്തിൻെറയും ക്ഷണേനയുള്ള ഐശ്വര്യപ്രാപ്തിയുടേയും രഹസ്യമെന്താണ്? അമേരിക്ക മുക്തഹസ്തമായിച്ചെയ്ത ധനസഹായമാണെന്നു് പലരും—അമേരിക്കൻ ടൂറിസ്ററുകൾ വിശേഷിച്ചും—പറയാറുണ്ട്. ഇതിൻെറ പരമാർത്ഥം എന്തെന്നു നോക്കാം.

1945 മുതൽ 1959വരെ, മാർഷൽ പദ്ധതിപ്രകാര

മുള്ള സഹായം ഉൾപ്പെടെ 4000 മില്യൺ* (40,000 ലക്ഷം) ഡോളറാണ് അമേരിക്കയിൽനിന്ന് ജെമ്മനിക്കു ലഭിച്ചതെന്ന് കണക്കുകളിൽ നിന്നു കാണുന്നു. (ഇതു് ഏകദേശം 2000 കോടി രൂപയോളം വരും) പക്ഷെ അത്രയ്ക്കുള്ള വികസനഫലങ്ങളൊന്നുമല്ല ആ രാജ്യത്തു കാണുന്നതു്. 1960ൽ തന്നെ പശ്ചിമജെമ്മനിയുടെ മൊത്തമുള്ള ദേശീയവരുമാനം (സമ്പദ്‌വ്യവസ്ഥയുടെ എല്ലാ വിഭാഗങ്ങളിലും നിന്നുള്ളതു്) 26,000 കോടി രൂപയായി. ഇതു് 1950നെ അപേക്ഷിച്ച് 190 ശതമാനം അധികമാണെന്ന് കണക്കാക്കിയിരിക്കുന്നു. അവരുടെ സമ്പദ്‌വ്യവസ്ഥ 14 ശതമാനംവരെ വദ്ധിച്ച വഷങ്ങളുണ്ടു്.

ഇന്ത്യയിലെ കഥകൂടി ആലോചിച്ചാൽ മാത്രമേ ജെമ്മൻ വികസനത്തിൻെറ ഗരിമാവു് വ്യക്തമാവുകയുള്ളു. വെറും രണ്ടു ശതമാനം മാത്രമുള്ള വളച്ച്യ്ക്കുവേണ്ടിയാണ് നമ്മുടെ രാജ്യം പഞ്ചവത്സരപദ്ധതികളിലൂടെ പരിശ്രമിച്ചുകൊണ്ടിരിക്കുന്നതു്. നമുക്കും വളരെയധികം വിദേശസഹായം ലഭിക്കുകയുണ്ടായി. അതുകൊണ്ടൊന്നും വേണ്ടിടത്തോളമോ പ്രതീക്ഷിച്ചിടത്തോളമോ, ഫലമുണ്ടായിട്ടില്ലെന്നു മാത്രം. നമുക്ക് ഒരു മഹായുദ്ധത്തിൻെറ കേടുപാടുകൾ നീക്കേണ്ട ഭാരം ഇല്ലായിരുന്നു എന്ന വസ്തുതയും ഈ സന്ദർഭത്തിൽ ഓമ്മിക്കേണ്ടതുണ്ടു്.

വിദേശസഹായം മൂലമാണ് ജെമ്മനി വീണ്ടും ഐശ്വര്യം പ്രാപിച്ചതു് എന്നുള്ള വാദം സമ്മതിക്കുവാൻ സാധ്യമല്ല. പിന്നെ എന്താണ് അത്ഭുതകരമായ ഈ അഭ്യുത്ഥാനത്തിൻെറ രഹസ്യം? അതിൽ ഇന്ദ്രജാലമൊന്നും ഇല്ലെന്നുള്ളതു് തീച്ചയാണ്. മന്ത്രംകൊണ്ടു് മാങ്ങ വീഴുകയില്ലല്ലൊ. ജെമ്മൻകാരൻെറ ലോകപ്രസിദ്ധമായ അദ്ധ്വാനശീലം മാത്രമേ ഒരു കാരണമായി പറ

* പത്തുലക്ഷത്തിൻെറ സ്ഥാനത്തെ കുറിക്കുന്ന ഈ സാവ്ലൗകിക പദം നമ്മുടെ ഭാഷയിലും സ്വീകരിക്കാമെന്നു തോന്നുന്നു. മററു രാഷ്ട്രങ്ങളുടെ കണക്കുകളെല്ലാം ഈ തോതിലാണ്— ലക്ഷത്തിലും കോടിയിലുമല്ല.

യാനുള്ള. ''അദ്ധ്വാനമാണ് സമ്പത്ത്'' എന്ന മഹാവാക്യം മൂർത്തിമത്തായി തെളിയിച്ചിരിക്കുന്നതാണ് ആ രാജ്യത്ത് നാം കാണുന്ന മഹാത്ഭുതം. ജെർമ്മൻകാരനെ പണ്ടു മുതല്ലേ ''യൂറോപ്പിലെ പണിക്കുതിര'' എന്നാണ് വിളിച്ചുവരുന്നത്. പണിക്കുതിര പലപ്പോഴും പടക്കുതിരയും ആകുമെന്നുള്ളതും പരമാർത്ഥമാണ്. പക്ഷെ ഇങ്ങിനെ പണിയെടുക്കുവാൻ മടിയില്ലാത്ത ഒരു ജനത ലോകത്തിലില്ല.

ചരിത്രത്തിൻെറ ഗതിയിൽ ഐശ്വര്യം പ്രാപിച്ച പല രാജ്യക്കാരും അന്യരാജ്യക്കാരെ അടിമകളാക്കി പണിയെടുപ്പിച്ചാണ് മേന്മ നേടിയത്. ആറായിരം വർഷങ്ങൾക്കുമുമ്പ് ഈജിപ്ഷ്യൻ സാമ്രാജ്യത്തിൻെറ കാലം മുതല്ക്ക് ഇതു നാം കാണുന്നതാണ്. ഉദ്ബുദ്ധമെന്നു കരുതപ്പെടുന്ന അധുനാതനകാലത്ത് ഈ വസ്തുത കരതലാമലകംപോലെ വ്യക്തമായിട്ടുണ്ട്. 1518 മുതൽ 1865വരെ 15 മില്യൺ (150 ലക്ഷം) ആഫ്രിക്കക്കാർ തങ്ങളുടെ വീട്ടിലും നാട്ടിലും നിന്ന് ബലാൽക്കാരേണ ബന്ധനസ്ഥരാക്കപ്പെട്ട് അമേരിക്കൻ ഭൂഖണ്ഡത്തിൽ വില്ക്കപ്പെടുകയുണ്ടായി എന്നു കണക്കാക്കിയിരിക്കുന്നു. ആട്ടിൻപററങ്ങളെ കൊണ്ടുപോകുന്നതിലും കഷ്ടമായ രീതിയിൽ കപ്പലിൽ കയററി അററ്ലാൻറിക്ക് സമുദ്രത്തിൻെറ അക്കരെകടത്തിയ ഈ ''കറുത്ത ചരക്കി''ൻെറ വ്യാപരത്തിൽനിന്ന് പശ്ചിമയൂറോപ്പിലെ പല രാജ്യക്കാരും ഭീമമായ ലാഭമുണ്ടാക്കി. 1870നും 1880നും ഇടയ്ക്ക് 87 അടിമക്കപ്പലുകളുടെ ഉടമയായ ലിവർപൂളിലെ ഒരു കച്ചവടസംഘം പന്ത്രണ്ടുമാസത്തെ വ്യാപാരത്തിൽ നിന്നു മൂന്നുലക്ഷം പവൻ ലാഭമുണ്ടാക്കിയതായി കണക്കുണ്ട്. അക്കാലത്ത് വെറും ആറുപവൻകൊണ്ട് ഒരാൾക്ക് ഇംഗ്ലണ്ടിൽ ഒരു കൊല്ലത്തെ ജീവിതച്ചെലവു കഠം നടത്തുവാൻ കഴിഞ്ഞിരുന്നു എന്ന വസ്തുത ഈ സന്ദർഭത്തിൽ സ്മരിക്കുക!

ഈ വ്യാപാരം കണ്ണിൽചോരയില്ലാത്ത ക്രൂരതയുടെ കൂത്തരങ്ങായിരുന്നു. അടിമയ്ക്കു ദീനം പിടിച്ചാൽ

അവനെ അപ്പാടെ കടലിൽ തള്ളുകയായിരുന്നു പതിവ്. ചിലപ്പോഴൊക്കെ ജീവകാരുണ്യത്തിന്റെ പേരിൽ അധീശ ഗവണ്മെണ്ടുകൾ അടിമക്കപ്പലുകൾ പരിശോധിക്കാറുണ്ടായിരുന്നു. ആ സന്ദർഭത്തിൽ കണക്കിൽ കൂടുതലുള്ള ''ഉരു''ക്കളെ വരിവരിയായി തുടലിൽ തൊടുത്ത് കപ്പലിന്റെ പുറകിൽ കെട്ടിയിട്ട് തണുപ്പേറിയ കടൽ വെള്ളത്തിലൂടെ ബഹുദൂരം വലിച്ചുകൊണ്ടുപോയിരുന്നു. ഈ ഒളിച്ചുകടത്തലിനേയും അതിഭയങ്കരമായ ക്രൂരതകളെയും കുറിച്ച് മന:സാക്ഷിക്കുത്തുകൊണ്ട് കുററം പറഞ്ഞ മാന്യന്മാരെ ബൈബിളിലെ വാക്യങ്ങൾ ഉദ്ധരിച്ച് കച്ചവടക്കാർ സമാധാനിപ്പിക്കുവാൻ ശ്രമിക്കുകയുണ്ടായി. അടിമകളെ വിലയ്ക്കുവാങ്ങിയ അമേരിക്കയിലെ കുടിയേററക്കാരും അവരെ ദു:ഖവും വേദനയും ക്ഷീണവും ഒന്നുമില്ലാത്ത ജംഗമസാധനങ്ങളായിട്ടാണ് പരിഗണിച്ചത്. മടികാണിച്ചവരെ പച്ചജ്ജീവനോടുകൂടി അടിച്ചുകൊന്നാണ് മററുള്ളവരെ അദ്ധ്വാനിക്കുവാൻ പഠിപ്പിച്ചത്.

''ഈ കിരാതവാണിജ്യം ഈജിപ്തിലെ ഫേറോകളുടെ ക്രൂരതപോലെ അതിന്റെ സ്മാരകം അവശേഷിപ്പിച്ചു. വ്യവസായവിപ്ലവത്തെ മുന്നോട്ടുകുതിക്കുവാൻ സഹായിച്ച സഞ്ചിതമൂലധനമാണ് യൂറോപ്പിലുണ്ടായ സ്മാരകം. അമേരിക്കൻ ഐക്യനാടുകളിലെയും തെക്കേ അമേരിക്കയിലെയും സ്മാരകം ഒരു പുതിയ ഭൂഖണ്ഡത്തെ കെട്ടിപ്പടുക്കുവാൻ സഹായിച്ച തൊഴിലാളിവർഗ്ഗമായിരുന്നു. എന്നുവരികിലും അതോടൊപ്പം തന്നെ, അമേരിക്കൻ ഐക്യനാടുകളിലെങ്കിലും, അത് മറെറാരു നേട്ടവും അവശേഷിപ്പിച്ചു—കറുത്ത മനുഷ്യന്റെ വിരോധാഗ്നിയും വെള്ളക്കാരന്റെ അപരാധഭാരവും! ഇതുരണ്ടും അടുത്തകാലത്തെങ്ങും നീങ്ങുന്ന ലക്ഷണമില്ല.''*

ഐശ്വര്യത്തിന്റെ നിദാനം ഇതാണ്. മനുഷ്യൻ ചോരനീരാക്കി ചെയ്യുന്ന അദ്ധ്വാനത്തിൽനിന്നു മാത്രമെ സമ്പത്തുണ്ടാവുകയുള്ളു. യുദ്ധത്തിൽ തോല്ക്കുകയും, കോള

---

* Black Cargoes by Daniel P. Mannix with Malcolm Cowley. 1962

നികളും സാമ്രാജ്യവും ഒന്നും സമ്പാദിക്കുവാൻ കഴിവി ല്ലാതെ വരുകയും ചെയ്തതുകൊണ്ടു് ഇന്നത്തെ ജെമ്മൻകാരൻ സ്വയം അവൻെറ തന്നെ അടിമയായി മാറിയിരിക്കുകയാണു്. ആദ്യകാലത്തൊക്കെ അരവയറോടു കൂടിയാണു് അവൻ പണിയെടുത്തതു്. റോഡുകളും തീവണ്ടിപ്പാതകളും ദേവാലയങ്ങളും മററും പണിയുന്നതിനു് കൂലിയില്ലാത്ത വേലയും അവൻ ചെയ്യുകയുണ്ടായി. അഞ്ചുമണിവരെ മാത്രം ജോലിചെയ്യുവാൻ കടപ്പെട്ട തൊഴിലാളികൾ അഞ്ചരമണിവരെയും ആറു മണിവരെയും സ്വമേധയാ പണിയെടുത്തു. അധികം ചെയ്തതു് രാഷ്ട്രത്തിൻെറ പുനരുദ്ധാരണത്തിനുവേണ്ടിയുള്ള തൻെറ സംഭാവനയായിട്ടാണു് ഓരോ തൊഴിലാളിയും കരുതിയതു്. ആശാരിയും കൊല്ലനും കല്ലണിക്കാരനും, എന്നു വേണ്ട എല്ലാവരും, ജോലിചെയ്യുന്നതിൻെറ ഇടയിൽത്തന്നെയാണു് മദ്ധ്യാഹ്നഭക്ഷണം കഴിച്ചതു്. അതിനുവേണ്ടി വേല നിറുത്തുവാൻ അവക്കു സമ്മതമല്ലായിരുന്നു. ഇടത്തു കൈയ്യിൽ റൊട്ടിയും വലത്തു കൈയ്യിൽ കമ്മായക്കരണ്ടിയുമായി നിന്നു് ഇഷ്ടികപ്പണി ചെയ്ത കല്ലണിക്കാരുടെ കഥകൾ ഇന്നും കേൾക്കാവുന്നതാണു്. ഇങ്ങിനെ പണിയെടുത്തതിൻെറ ഫലമാണു് അവർ ഇന്നു് അനുഭവിച്ചുകൊണ്ടിരിക്കുന്നതു്.

കിഴക്കൻ ജെമ്മനിയിൽ നിന്നു വന്ന ലക്ഷക്കണക്കിലുള്ള അഭയാത്ഥികളും ഇങ്ങിനെ വേലചെയ്യുവാൻ കഴിവുള്ളവരായിരുന്നു. ശരീരശക്തിയുള്ള ഒരു ജെമ്മൻ തൊഴിലാളിയെ കിട്ടുന്നതു് 10,000 രൂപാ മൂലധനം ലഭിക്കുന്നതിനു തുല്യമാണെന്നു് പറയപ്പെടുന്നു. 1950വരെ 12 മില്യൺ (120 ലക്ഷം) അഭയാത്ഥികളെങ്കിലും റഷ്യൻ ആധിപത്യത്തിലുള്ള കിഴക്കൻ പ്രദേശങ്ങളിൽ നിന്നു് പശ്ചിമജെമ്മനിയിൽ എത്തിയിട്ടുണ്ടെന്നാണു് കണക്കു്. ഇവരിൽ 80 ലക്ഷമെങ്കിലും പണിയെടുക്കുവാൻ കഴിവുള്ളവരായിരുന്നു എന്നു് ഊഹിക്കാം. ആളൊന്നിനു് 10,000 രൂപാ എന്ന കണക്കിനു് ഈ വഴിക്കും

തങ്ങാംക്ക് വൻപിച്ച വിദേശസഹായം ലഭിക്കുകയുണ്ടാ യെന്നു് ജെമ്മൻകാർ ഫലിതം പറയാറുണ്ട്.

## 6. ഇന്ത്യയിലെ കഥ

പ്രയത്നംകൊണ്ടു് എന്തൊക്കെ സാധിക്കാമെന്നുള്ള തിനു് ജെമ്മനിയും, പ്രയത്നിക്കാത്തതുകൊണ്ടു് എന്തൊ ക്കെ സാധിക്കുകയില്ലെന്നുള്ളതിനു് നമ്മുടെ മാതൃഭൂമിയും ഉത്തമദൃഷ്ടാന്തങ്ങളാണു്. ഒരു ചെറിയ കാര്യം മാത്രം നോക്കാം. കല്ക്കത്തയിലും ഫ്രാങ്കു്ഫർട്ടിലും അന്തർദ്ദേ ശീയ വിമാനത്താവളങ്ങളുണ്ടു്. കല്ക്കത്തയിൽ വന്നു പോകുന്നതിൻെറ പത്തിരട്ടി യാത്രക്കാരുടെ സൗകര്യങ്ങ ളാണു് ഫ്രാങ്കു്ഫുർട്ടിലെ വിമാനത്താവളം സാധിച്ചുകൊ ടുക്കേണ്ടതു്. അവിടത്തെ കെട്ടിടങ്ങാം അത്രയ്ക്കു വലുതു മാണു്. എങ്കിലും ഇവിടെയുള്ളത്ര ശുചീകരണജോലി ക്കാരെ അവിടെയെങ്ങും കാണാനില്ല. കല്ക്കത്താതാവള ത്തിൽ എവിടെ നോക്കിയാലും ചൂലുംകൊണ്ടു നടക്കുന്ന ജോലിക്കാരെ കാണാം. ഒരു മണിക്കൂറിനിടയ്ക്കു് ഇരുപ ത്തിയഞ്ചു പേരെ എങ്കിലും ഞാൻ എണ്ണിയതോക്കുന്നു. പക്ഷെ അവരുടെ ജോലി ചൂലുംകൊണ്ടു് നടക്കുകയും, കുളിമുറികളുടെ വാതില്ക്കൽ കൂട്ടംകൂടി നിന്നു് ബീഡി വലിക്കുകയും, ഗതികേടുകൊണ്ടു് കുളിമുറിയിൽ കയറു വാൻ ഇടയാകുന്ന യാത്രക്കാരോടു് ''ബക്ഷീസ്'' ചോ ദിക്കുകയും, കൊടുത്തില്ലെങ്കിൽ ദഹിച്ചു പോകത്തക്ക വണ്ണം തുറിച്ചു നോക്കുകയും മാത്രമാണെന്നു് പറയേണ്ടി യിരിക്കുന്നു. രാഷ്ട്രപതിയോ പ്രധാനമന്ത്രിയോ വരുന്ന അവസരങ്ങളിൽ വിശ്രമമുറികളും ഇടനാഴികകളും അടിച്ചു വാരിയെങ്കിലായി. കുളിമുറികളുടെ അടുത്തെങ്ങും പോ കുവാൻ സാധ്യമല്ല. അത്രയ്ക്കു ഭയങ്കരമായ ദുർഗ്ഗന്ധമാണു്. കുഴൽമുഖങ്ങാം എപ്പോഴും ഒഴുകിക്കൊണ്ടിരിക്കുകയോ, തുറക്കാൻ കഴിയാത്തവണ്ണം അടഞ്ഞിരിക്കുകയോ ആയി രിക്കും. ചങ്ങലവലിച്ചാൽ വെള്ളം വീഴുകയില്ല. പല യിടത്തും ചങ്ങലതന്നെ ഉണ്ടാവില്ല.

നേരെമറിച്ചു് ഫ്രാങ്കു്ഫർട്ടു് വിമാനത്താവളത്തിൽ

ഏക്കർകണക്കിനു് വിസ്താരമുള്ള വിശ്രമമുറിയിൽ, നില ത്തുകിടന്നു് ഉരുണ്ടാൽപോലും വസ്ത്രത്തിൽ അഴുക്കു പററു കയില്ല. കുളിമുറികൾ അങ്ങേയററത്തെ ശുചിത്വമുള്ളവ യാണു്. (ഇതു് ജെർമ്മനിയിൽ പൊതുവേ കാണാവുന്ന ഒരു സവിശേഷതയാണു്.) ചുമതലപ്പെട്ടവർ ഈ രാജ്യത്തു് അവരുടെ ജോലിചെയ്യുകയില്ലെന്നും, അവിടെ അതു ചെയ്യുമെന്നും, മാത്രമേ, അതിഭയങ്കരവും ഓരോ ഇന്ത്യക്കാരനും ലജ്ജാവഹവുമായ ഈ വ്യത്യാസത്തിന്നു് ഒരു കാരണം പറയാനുള്ളു. കല്ലുത്ത വെള്ളമില്ലാത്ത ദിക്കല്ല. ജോലിക്കാരാണെങ്കിൽ ആവശ്യത്തിനു വേണ്ട തിൽ കൂടുതലുമുണ്ടു്. പക്ഷെ ബീഡിയും വലിച്ചു് കൈയും നീട്ടിനിന്നാൽ മാലിന്യം നീങ്ങുകയില്ലല്ലൊ. അതു നീങ്ങണമെങ്കിൽ അടിച്ചുവാരണം, കഴുകണം, തുട യ്ക്കണം. ചുരുക്കിപ്പറഞ്ഞാൽ പ്രയത്നിക്കണം.

കാലാവസ്ഥയുടെ കക്കശത്വം കൊണ്ടായിരിക്കുമോ നാമിങ്ങിനെ ജോലി ചെയ്യുന്നതിൽ വിമുഖന്മാരായതു്? അതും ഒരു കാരണമായിരിക്കാം. ഏതായാലും അതു കൊണ്ടു് മറെറാരു ഗുണമുണ്ടെന്നു് പറയേണ്ടിയിരിക്കുന്നു. ശുചിത്വത്തിൻെറ കാര്യത്തിലെങ്കിലും മനുഷ്യൻ ചെ യ്യാത്തതു് പ്രകൃതി ചെയ്യുന്നുണ്ടു്. ഇവിടുത്തെ ചൂടിൽ മാലിന്യങ്ങൾ അതിവേഗം ഉണങ്ങി നിർദ്ദോഷമായി ത്തീരുന്നു. അതൊരു മഹാനുഗ്രഹമാണു്.

രണ്ടാഴ്ചത്തെ താമസത്തിനിടയ്ക്കു് ഒരിക്കലെങ്കിലും മററു ജോലിയില്ലാതെ കുത്തിയിരുന്നു് പത്രം വായിച്ചു സമയം കളയുന്ന ഒരു ജെർമ്മൻകാരനെ കണ്ടതായി ഞാൻ ഓർമ്മിക്കുന്നില്ല. വീട്ടിലിരുന്നു് രാത്രിയിലോ അതി രാവിലെയോ വല്ലവരും വായിക്കുന്നുണ്ടാവണം. അല്ലെ ങ്കിൽ പത്രങ്ങൾ പ്രസിദ്ധപ്പെടുത്തുകയില്ലല്ലൊ. ഇംഗ്ല ണ്ടിലും അമേരിക്കയിലും ജനങ്ങൾ പത്രം വായിക്കുന്ന തിൽ ഉത്സുകരാണു്. ഇംഗ്ലണ്ടിൽ ''ടൈംസ്''പത്രം കൈയിൽ പിടിച്ചുകൊണ്ടു നടക്കുന്നതു് അന്തസ്സായി ട്ടാണു് കരുതപ്പെടുന്നതു്. അമേരിക്കക്കാരൻ, വായിച്ചി ല്ലെങ്കിലും, അഞ്ചുറാത്തൽ ഭാരമുള്ള ദിനപ്പത്രം വാങ്ങിക്കും.

അതു് എവിടെ കളയണമെന്നറിയാതെ വിഷമിക്കുന്നതും കാണാം. ജെമ്മൻകാരനു് ഇങ്ങിനെയുള്ള അഭിജ്ഞഭാവങ്ങളൊന്നുമില്ല. അത്രയും സമയംകൂടി പണിയെടുക്കുവാനാണു് അവൻ ഇഷ്ടപ്പെടുന്നതു്. അല്ലെങ്കിൽ ബീയർ കുടിക്കുവാൻ. അതു് ആരോഗ്യത്തിനു നല്ലതാണു്; ക്ഷീണവും മാറും!

## 7. സാധനപാഠം

ഇതുവരെ നല്കിയ വിവരണത്തിൽനിന്നു് പശ്ചിമ ജെമ്മനി ആധുനികലോകത്തിലെ ഏററവും ഐശ്വര്യസമ്പന്നമായ രാജ്യമാണെന്നു് വായനക്കാർ ധരിച്ചിരിക്കുമോ എന്നു സംശയിക്കുന്നു. അങ്ങിനെ ഒരു ധാരണ ജനിപ്പിക്കുവാൻ ഉദ്ദേശിച്ചിട്ടില്ല. ആ ബഹുമതി ഇന്നും, ഒരുപക്ഷെ എന്നും, അമേരിക്കൻ ഐക്യനാടുകൾക്കു് അവകാശപ്പെട്ടതാണു്. ആ രാജ്യത്തെ സമ്പൽസമൃദ്ധി നമ്മെ ഭയപ്പെടുത്തുന്ന തോതിലുള്ളതാണു്. അവരുടെ നഗരങ്ങളും സൌധങ്ങളും വ്യവസായശാലകളും യന്ത്രസാമഗ്രികളും ഗതാഗത സൗകര്യങ്ങളും മററു് ഭൗതിക വിഭവങ്ങളും ലോകത്തിൽ മറെറാരിടത്തും കാണുകയില്ല. ഈ വിഷയത്തിൽ അമേരിക്കയോടു കിടപിടിക്കുവാൻ ഏതെങ്കിലും രാജ്യത്തിനു് എന്നെങ്കിലും സാധിക്കുമോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. സോവിയററ് റഷ്യ അവരെ അതിശയിക്കുവാൻ വെമ്പുകയാണു്. പക്ഷെ മനസ്സു് എത്തുന്നിടത്തു് സമ്പദ്‌വ്യവസ്ഥ എത്തുന്നില്ല. സമനിലയെ പ്രാപിക്കുന്നതുപോലും ഒരു വിദൂരസ്വപ്നമായി ശേഷിക്കുന്നതേയുള്ളു.

ഇവിടെ ഒരു കാര്യം പ്രത്യേകം സ്മരിക്കേണ്ടതുണ്ടു്. അമേരിക്കൻ ഐക്യനാടുകൾക്കു് ഒരു ഭൂഖണ്ഡത്തിൻെറ വലിപ്പമുണ്ടു്. അതിൻെറ ഭൂവിസ്തൃതി ഇന്ത്യയുടെ മൂന്നിരട്ടിയാണു്. പ്രകൃതി എല്ലാ പ്രകാരത്തിലും ആ രാജ്യത്തെ അനുഗ്രഹിച്ചിരിക്കുന്നു. അവിടുത്തെ ഭൗതികവിഭവങ്ങൾ അക്ഷയമാണെന്നുതന്നെ പറയാം. ജനസംഖ്യയാണെങ്കിൽ ഇന്ത്യയുടേതിൽ പകുതിപോലുമില്ല. ഒഴിഞ്ഞു

കിട്ടിയ ഒരു ഭൂഖണ്ഡത്തെ ഈ നിലയിൽ വളത്തിയെടുത്തതിൻെറ മേന്മ തീച്ച്യയായും അവക്കുണ്ടു്. അതിൻെറ പിന്നിൽ ആദരണീയമായ ദീഘവീക്ഷണവും അടിയുറച്ച ദേശാഭിമാനവും അതിമഹത്തായ അദ്ധ്വാനവും ഉണ്ടെന്നുള്ളതു് അനിഷേധ്യമായ വസ്തുതയാണു്. എങ്കിലും ചിത്രത്തിൻെറ വൈപുല്യത്തിനു് ചുമരും സഹായകമായിരുന്നു. അതു കിട്ടിയതിലുള്ള മഹാഭാഗ്യം വിസ്മരിക്കാവുന്നതല്ല.

പശ്ചിമജെമ്മനി പതിനഞ്ചു കൊല്ലംകൊണ്ടു നേടിയ സമ്പൽസമൃദ്ധിയുടെ കാര്യത്തിൽ ഇങ്ങിനെയുള്ള പരിഗണനകൾക്കു സ്ഥാനമില്ല. ഭാഗ്യാതിരേകത്തിൽ നിന്നല്ല, ലോകം അറിഞ്ഞിട്ടുള്ളതിൽവെച്ചു് ഏററവും ദാരുണമായ ഒരു മഹാഭാഗ്യദോഷത്തിൽ നിന്നാണു് അതിൻെറ തുടക്കം. അവക്കുണ്ടായ അഭ്യുദയം അദ്ധ്വാനിക്കുവാൻ സന്നദ്ധരായ ഏതു രാജ്യക്കാക്കും കൈവരുത്താവുന്നതാണു്. ഈ സാഹചര്യങ്ങൾ ആലോചിക്കുമ്പോഴാണു് അവരുടെ നേക്കു് അങ്ങേയററത്തെ ബഹുമാനം തോന്നുന്നതു്. കൈസറുടെയും, ഹിററ്ലറുടേയും യഹൂദമദ്ദനത്തിൻെറയും കോൺസെൻട്രേഷൻ ക്യാമ്പുകളുടെയും പാപഭാരത്തിൽനിന്നു് ജെമ്മൻ ജനതക്കു് ഒരു കാലത്തും ഒഴിഞ്ഞുമാറുവാൻ സാധ്യമല്ലെങ്കിലും, കഴിഞ്ഞ പതിനഞ്ചു വഷത്തിനുള്ളിൽ സാമ്പത്തികരംഗത്തു് അവർ സാധിച്ച മഹാത്ഭുതം ആധുനികലോകത്തിൻെറ ചരിത്രത്തിൽ സുവണ്ണലിപികളിൽ പ്രകീത്തിക്കപ്പെടുമെന്നുള്ളതു തീച്ച്യയാണു്.

മനുഷ്യസമുദായത്തിൽ ഭൂരിഭാഗവും ഇന്നു് അവണ്ണനീയമായ ദാരിദ്ര്യത്തിലും മഹാദുഃഖത്തിലുമാണു് ദിനരാത്രങ്ങൾ തള്ളിനീക്കുന്നതു്. ശുദ്ധജലംപോലും കുടിക്കുവാൻ കിട്ടാതെ, ഒരു നേരത്തെ ആഹാരത്തിനുപോലും വഴിയില്ലാതെ, രോഗശാന്തിക്കു് ഉപായങ്ങളില്ലാതെ, കോടിക്കണക്കിലുള്ള ജനങ്ങൾ കഷ്ടപ്പെടുകയാണു്. ഇവക്കെല്ലാം ആധുനിക ജെമ്മനിയുടെ അത്ഭുതാവഹമായ അഭ്യുദയത്തിൽനിന്നു് വിലയേറിയ പാഠങ്ങൾ പഠിക്കു

വാനുണ്ടെന്നു് ഞാൻ വിശ്വസിക്കുന്നു. ഈ പാഠങ്ങൾ അമേരിക്കയിൽനിന്നോ റഷ്യയിൽനിന്നോ ലഭിക്കുകയില്ല. സ്വന്തം ശരീരത്തിൽനിന്നു് തീജ്ജ്വാലകളുണ്ടാക്കി കൂടോടുകൂടി കത്തിവീണു ദഹിക്കുകയും ആ അഗ്നികുണ്ഡത്തിൽനിന്നുതന്നെ വീണ്ടും ഉടലെടുക്കുകയും ചെയ്യുമെന്നു് വിശ്വസിച്ചുപോരുന്ന കറുത്തനിറമുള്ള ഈഗിൾ പക്ഷിയുടെ രൂപമാണു് ജെർമ്മൻ ജനത തങ്ങളുടെ കൊടിയടയാളമായി സ്വീകരിച്ചിരിക്കുന്നതു്. സ്വർണ്ണവർണ്ണമായ പശ്ചാത്തലത്തിനെതിരെ ശക്തിയേറിയ ചിറകുകൾ വിരിച്ചു് ആ കൃഷ്ണവിഹംഗമം നേരെ ഋക്കായി ആകാശവിതാനത്തിലേക്കു് ഉയരുന്നതായി ചിത്രീകരിച്ചിരിക്കുന്നു. പൗരാണികമായ പ്രസ്തുതസങ്കല്പത്തെ ദേശീയ ചിഹ്നമായി സ്വീകരിച്ചപ്പോൾ, ആ പക്ഷിപോലും അതിന്റെ ചിതാഭസ്മത്തിൽനിന്നു് ഇത്രവേഗം പറന്നുയന്നു് അംബരമണ്ഡലത്തെ അധിരോഹണം ചെയ്യുവാൻ ശക്തമാകുമെന്നു് ആരും പ്രതീക്ഷിച്ചിരിക്കുകയില്ല. എന്തൊരു പുനരുത്ഥാനമാണിതു്!

മുൺസ്റ്ററിലെ സർവ്വകലാശാല സന്ദർശിച്ചശേഷം ബോണിലേക്കു് മടങ്ങുന്നവഴി രസതന്ത്രവ്യവസായത്തിനു് പേരുകേട്ട ബയർ (Bayer) കമ്പനിയുടെ ആസ്ഥാനമായ ലെവർകുസെൻ നഗരത്തിന്റെ സമീപത്തുകൂടെ സഞ്ചരിക്കുവാനിടയായി. സമയം രാത്രിയായിരുന്നു. റൈൻ നദിയുടെ തീരത്തു് സ്ഥിതിചെയ്യുന്ന അതിവിശാലമായ ആ വ്യവസായ കേന്ദ്രം ഒരു ഗന്ധർവ്വനഗരം പോലെ മിന്നിത്തിളങ്ങുന്നതു് ഞാൻ കണ്ടു. 33 നിലകളുള്ള അവിടത്തെ അഡ്മിനിസ്ട്രേറ്റീവ് മന്ദിരമാണു് പശ്ചിമജെർമ്മനിയിലെ ഏറ്റവും ഉയരമുള്ള കെട്ടിടം. അതിനേക്കാൾ ഉയരത്തിൽ, അനേകം നാഴിക അകലെ നിന്നുപോലും കാണത്തക്കവിധത്തിൽ, വൈദ്യുതദീപത്താൽ വിരചിക്കപ്പെട്ട, ലോകപ്രസിദ്ധമായ ''ബയർ കുരിശ്ശ്'' ആകാശനീലിമയ്ക്കെതിരെ പ്രകാശിച്ചുകൊണ്ടിരുന്നു. Bayer എന്ന അക്ഷരങ്ങൾ ഇടത്തുനിന്നു വലത്തോട്ടും, മുകളിൽനിന്നു താഴോട്ടും, കുരിശിന്റെ ആകൃ

തിയിൽ എഴുതിയിട്ടുള്ളതാണ് പ്രസ്തുത കമ്പനിയുടെ ചിഹ്നം. തലവേദനയ്ക്കു് സിദ്ധൌഷധമായ ആസ്പിരിൻ ഗുളികയുടെ നിർമ്മാതാക്കളായിട്ടാണ് ഈ കമ്പനി അഞ്ചു് ഭൂഖണ്ഡങ്ങളിലും അറിയപ്പെടുന്നതു്. ലോകത്തിനു് പലപ്പോഴും തലവേദനയുണ്ടാക്കിയ ജെർമ്മനിയുടെ അന്തരീക്ഷത്തിൽ, ആ രാത്രിയിൽ പ്രസ്തുതചിഹ്നം പ്രകാശിക്കുന്നതു കണ്ടപ്പോഴും അതിൽ വിശേഷതരമായ ഒരു കാവ്യനീതിയുടെ സ്വാരസ്യം എനിക്കു് അനുഭവിക്കുവാൻ സാധിച്ചു.

II

# 8. വിദ്യാഭ്യാസ സമ്പ്രദായം

ബോൺ സർവ്വകലാശാലയിലെ പുതിയ ഗ്രന്ഥാലയമാണ് ഞങ്ങൾ ആദ്യം സന്ദർശിച്ച സ്ഥാപനം. അതിൻെറ പണി അടുത്തകാലത്ത് കഴിഞ്ഞതേയുള്ളൂ. അവിടെ 7,50,000 ഗ്രന്ഥങ്ങളുണ്ട്. ഇക്കൂട്ടത്തിൽ താളിയോലകളും മററു തരത്തിലുള്ള പ്രാചീനലിഖിതങ്ങളും ഉൾപ്പെടുന്നു. ആധുനികരീതിയിൽ സജ്ജീകൃതമായതുകൊണ്ട് ഈ സ്ഥാപനത്തിൽ വളരെക്കുറച്ചു ജോലിക്കാരെ ഉള്ളൂ. എന്നുവരികിലും ഏററവും സമർത്ഥമായ സേവനമാണ് തങ്ങൾ അനുഷ്ഠിക്കുന്നതെന്ന് ഗ്രന്ഥശാലാദ്ധ്യക്ഷൻ അഭിമാനത്തോടെ പറയുകയുണ്ടായി. സംസ്കൃതത്തിലും പാലിയിലും ഗുരുമുഖിയിലും എഴുതപ്പെട്ട അനേകം താളിയോലഗ്രന്ഥങ്ങൾ അദ്ദേഹം ഞങ്ങളെ കാണിച്ചു. അവിടുത്തെ ഇൻഡെക്സ് സമ്പ്രദായവും സാങ്കേതികമായ മററ് ഏർപ്പാടുകളും ഏററവും മികച്ച രീതിയിലുള്ളതാണെന്നും ഇന്ത്യക്കാരായ ഗ്രന്ഥശാലാപ്രവർത്തകരെ സ്വീകരിച്ച് പരിശീലനം നല്കുവാൻ തങ്ങൾ എപ്പോഴും സന്നദ്ധരാണെന്നും അദ്ദേഹം പറഞ്ഞു.

''ഇവിടെ ധാരാളമാളുകൾ വായിക്കുവാനും പുസ്തകമെടുക്കുവാനും വരുന്നുണ്ടല്ലോ. പുസ്തകങ്ങൾ നഷ്ടപ്പെടാറുണ്ടോ?'' എന്ന് ഡോക്ടർ മഹാദേവൻ ചോദിച്ചു. ''കാര്യമായ നഷ്ടമൊന്നും ഉണ്ടാകാറില്ല. കൊല്ലത്തിൽ പത്തോ ഇരുപതോ പുസ്തകങ്ങൾ കാണാതെ വന്നേക്കും. ഇത്ര വലിയൊരു ഗ്രന്ഥാലയത്തിൽ അതൊരു നഷ്ടമല്ല.'' എന്നായിരുന്നു ലൈബ്രേറിയൻെറ മറുപടി.

അതിനുശേഷം പശ്ചിമജെർമ്മൻ ഫെഡറേഷനിൽപെട്ട പതിനൊന്നു സംസ്ഥാനങ്ങളിലെയും സാംസ്കാരിക

വകുപ്പു മന്ത്രിമാരുടെ സംഘടനാകാര്യാലയത്തിലേക്കാണ് ഞങ്ങഠം പോയതു്. അവിടെവെച്ച് ജെമ്മനിയിലെ വിദ്യാഭ്യാസരീതിയെക്കുറിച്ച് വിശദമായ ഒരു വിവരണം ലഭിച്ചു. വിദ്യാഭ്യാസം ഇന്ത്യയിലെപ്പോലെ സംസ്ഥാനങ്ങളുടെ ചുമതലയിൽപ്പെട്ട വിഷയമാണ്. ഫെഡറൽ ഗവമ്മേണ്ടിനു് ഇക്കാര്യത്തിൽ ഇടപെടുവാൻ അധികാരമില്ല. ഭരണഘടനയുടെ സ്വഭാവം ഇതാകയാൽ ഓരോ സംസ്ഥാനത്തിനും, വേണമെങ്കിൽ, സ്വന്തം ഇഷ്ടം അനുസരിച്ചുള്ള വിദ്യാഭ്യാസ സമ്പ്രദായം ഏപ്പെടുത്താം. ഇതു് തടയുന്നതിന്നും, ഒരു ചെറിയ രാജ്യത്തിനുള്ളിൽ അന്യോന്യ ഭിന്നങ്ങളായ പതിനൊന്നു വിദ്യാഭ്യാസസമ്പ്രദായങ്ങഠം നിലവിൽവന്ന് സവ്വും കുഴപ്പത്തിലാകാതെ നോക്കുന്നതിന്നും വേണ്ടിയാണ് മന്ത്രിമാരുടെ സംഘടന ശ്രമിക്കുന്നതു്. സ്വയംഭരണസ്ഥാപനങ്ങളായ ജെമ്മൻ സവ്കലാശാലകഠംക്കും ഇങ്ങിനെ ഒരു സംഘടനയുണ്ടു്. (റെക്ടോറൻ കോൺഫെറൻസ്.) മന്ത്രിസംഘടനയുടെ നിദ്ദേശങ്ങളും ശുപാശ്കളും സംസ്ഥാന നിയമസഭകഠം അംഗീകരിച്ചാൽ മാത്രമേ നടപ്പിലാക്കാൻ സാധിക്കുകയുള്ളു. ഫെഡറൽ ഗവമ്മേൻറും വിദ്യാഭ്യാസത്തിനുവേണ്ടി പണം നല്കാറുണ്ടു്. പക്ഷെ അതുമുഴുവനും—സവ്കലാശാലകഠംക്കുള്ളതുപോലെ—സംസ്ഥാനഗവമ്മേണ്ടുകഠം മുഖേനെയാണ് വിതരണം ചെയ്യുന്നതു്.

എലിമെൻററി വിദ്യാഭ്യാസത്തിൻെറ കാലദൈഘ്യം നാലുവഷമാണ്. അതിന്നുമുകളിലുള്ള വിദ്യാലയങ്ങഠംക്കു് ''ഗിമ്നാസിയം'' അഥവാ ഗ്രാമർസ്കൂഠം എന്നു പേർ പറയുന്നു. അവിടത്തെ പഠിത്തം ഒൻപതുവഷമാണ്. ഈ പതിമ്മൂന്നു കൊല്ലവും സൗജന്യവിദ്യാഭ്യാസമാണ് നൽകപ്പെടുന്നതു്.

അതിന്നുശേഷമുള്ള വിദ്യാഭ്യാസസമ്പ്രദായം ഇന്ത്യക്കാരായ നമുക്കു് തീരെ പരിചയമില്ലാത്തതാണ്. സവ്കലാശാലാ വിദ്യാഭ്യാസമാണ് പിന്നെ വരുന്നതെങ്കിലും അതിൻെറ അതിപ്രധാനമായ ആദ്യത്തെ പരീക്ഷ

നടത്തുന്നതു് സംസ്ഥാനഗവണ്മെൻറാണു്. വിദ്യാൎത്ഥികൾക്കു് ഇഷ്ടമുള്ള ഏതു വിഷയവും തിരഞ്ഞെടുത്തു് ഏതു സൎവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ വേണമെങ്കിലും പഠിക്കാം. തത്വജ്ഞാനവും, രസതന്ത്രവും, പ്രാചീന ജൎമ്മൻഭാഷയും, ചിത്രകലയുടെ ചരിത്രവും, രാഷ്ട്രവിജ്ഞാനവും, എല്ലാം ഒരുമിച്ചു പഠിക്കാം. ഓരോ വിഷയവും കൊല്ലത്തിൽ രണ്ടു തവണ പഠിപ്പിക്കും. പകുതി ക്കൊല്ലം നീണ്ടുനില്ക്കുന്ന ഒരു പാഠപദ്ധതിക്കു് സെമെസ്റ്റർ എന്നു പറയുന്നു. വിദ്യാൎത്ഥികൾക്കു് ആദ്യത്തെ സെമെസ്റ്ററിലോ, രണ്ടാമത്തെ സെമെസ്റ്ററിലോ, തങ്ങളുടെ സൗകര്യമനുസരിച്ചു്, ചേരാം. ഒരേ കാലത്തു് എത്ര വിഷയങ്ങൾക്കു ചേരാമെന്നുള്ളതു് വിദ്യാൎത്ഥിയുടെ കഴിവും സൗകര്യവും അനുസരിച്ചും, പാഠപദ്ധതികളുടെ സമയക്രമമനുസരിച്ചും, തീൎച്ചപ്പെടുത്തേണ്ടതാണു്. സാധാരണയായി ഒരു വിഷയം പഠിക്കുവാൻ ആഴ്ചയിൽ രണ്ടു നാലു മണിക്കൂറിൽ കൂടുതൽ ചെലവാക്കേണ്ടിവരികയില്ല. ഏതായാലും നാലു്—നാലരക്കൊല്ലം (8–9 സെമെസ്റ്ററുകൾ) കഴിഞ്ഞതിനുശേഷമേ പരീക്ഷക്കു ചേരുവാൻ അനുവാദമുള്ളു. സംസ്ഥാനഗവണ്മെൻറു നിയമിക്കുന്ന ഒരു ബോൎഡാണു് പരീക്ഷകൾ നടത്തുന്നതു്, അതിൽ വിദ്യാൎത്ഥിയെ പഠിപ്പിച്ച അദ്ധ്യാപകന്മാർ ഉണ്ടെന്നും വരും, ഇല്ലെന്നും വരും. ഈ പരീക്ഷയിൽ ജയിച്ചാൽ ഗിമ്നാസിയം ഉൾപ്പെടെയുള്ള വിദ്യാലയങ്ങളിലെ അദ്ധ്യാപകവൃത്തി, ഉയൎന്ന സൎക്കാർജോലി, വ്യവസായരംഗത്തുള്ള ഉദ്യോഗങ്ങൾ എന്നിവ ലഭിക്കുന്നതിന്നു് ആവശ്യമായ യോഗ്യതയായി.

ഉന്നതവിദ്യാഭ്യാസരംഗത്തും ഗവേഷണത്തിലും പ്രവേശിക്കുവാനാണു് വിദ്യാൎത്ഥിയുടെ ആഗ്രഹമെങ്കിൽ ഇപ്പറഞ്ഞ സാംസ്ഥാനിക പരീക്ഷക്കു ചേരാതെ കുറെ കൊല്ലങ്ങൾ കൂടി ചെലവഴിച്ചു് ഡോക്ടർ ബിരുദത്തിനു പഠിക്കണം. ഇതിന്നും പരീക്ഷയുണ്ടു്. വിപുലമായ ഒരു ഗവേഷണപ്രബന്ധം തയ്യാറാക്കി സമൎപ്പിക്കുകയും വേണം. ഗിമ്നാസിയത്തിനു ശേഷം ആറുവൎഷമെങ്കിലും

KOTTAYAM PUBLIC LIBRARY 22640

(12 സെമെസ്റ്ററുകൾ) കഴിയാതെ ഇതു സാധിക്കുകയില്ല. പലപ്പോഴും ഇതിലും വളരെ അധികം സമയം വേണ്ടി വരും. ജെമ്മൻ വിദ്യാഭ്യാസപദ്ധതിയിൽ ഒരൊററ ഡിഗ്രിയേ ഉള്ളു—പിഎച്ച്. ഡി. ഈ ഡോക്ടർ ബിരുദം കിട്ടിയതുകൊണ്ട്, സവ്കലാശാലകളിലും ഗവേഷണമണ്ഡലത്തിലും ഉദ്യോഗം വഹിക്കുന്നതിനുള്ള യോഗ്യതമാത്രമേ ആകുന്നുള്ളു. മററു ജോലികളിൽ പ്രവേശിക്കണമെങ്കിൽ ഡോക്ടർ ബിരുദം ലഭിച്ചവരും സാംസ്ഥാനിക പരീക്ഷയിൽ ചേൎന്നു ജയിക്കണം.

ഈ സമ്പ്രദായത്തിൽ എന്തു പഠിക്കണമെന്നും ആരുടെ അടുക്കൽ പഠിക്കണമെന്നും നിശ്ചയിക്കുവാനുള്ള സ്വാതന്ത്ര്യം വിദ്യാൎത്ഥികൾക്കുണ്ട്. വിദ്യാൎത്ഥികൾ നല്കുന്ന ഫീസിൻെറ ഒരംശം സവ്കലാശാലയിലെ അദ്ധ്യാപകന്മാൎക്ക് അവകാശപ്പെട്ടതാണ്. ഒരു വിദ്യാൎത്ഥി ഒരു സെമെസ്റ്ററിൽ താൻ പഠിക്കുന്ന ഓരോ വിഷയത്തിന്നും, മണിക്കൂറൊന്നിന് രണ്ടരമാൎക്ക് (ജെമ്മൻ നാണയം. 100 മാൎക്ക്=117 രൂപാ.) ഫീസ്സ് കൊടുക്കണം. ഈ തുക പ്രസ്തുതവിഷയം പഠിപ്പിക്കുന്ന പ്രൊഫസ്സർമാൎക്ക് ശമ്പളത്തിനു പുറമെയുള്ള വേതനമായി നല്കപ്പെടുന്നു. പ്രസിദ്ധരായ പ്രൊഫസ്സർമാർ ധാരാളം വിദ്യാൎത്ഥികളെ ആകൎഷിക്കുകയും ഈയിനത്തിൽ വലിയ ആദായം നേടുകയും ചെയ്യുന്നു. ചിലപ്പോൾ പ്രൊഫസ്സർ പ്രസിദ്ധനാണെങ്കിലും വിഷയം അനാകൎഷകമായിരിക്കും. ഇങ്ങിനെ വരുമ്പോൾ വിദ്യാൎത്ഥികൾ ഉണ്ടായാലും ഇല്ലെങ്കിലും ഒരു നല്ല സംഖ്യ അദ്ദേഹത്തിന് ഫീസിനത്തിലുള്ള വേതനമായി നിശ്ചയിക്കാറുണ്ട്.

സവ്കലാശാലകൾ സ്വയംഭരണസ്ഥാപനങ്ങളാണെങ്കിലും അവിടുത്തെ പ്രൊഫസ്സർമാർ സംസ്ഥാനഗവണ്മെണ്ടിൻെറ ആയുഷ്കാലജീവനക്കാരാണെന്നുള്ളതാണ് ജെമ്മൻ സമ്പ്രദായത്തിലെ മറെറാരു സവിശേഷത. അവർ പെൻഷൻ പററുന്ന പതിവില്ല. എങ്കിലും 65 വയസ്സു കഴിഞ്ഞാൽ പിന്നെ പഠിപ്പിക്കുകയില്ല. ഗവേഷണത്തിൽ ഏൎപ്പെട്ടു സമയം കഴിക്കുകയേ ഉള്ളു. പ്രൊഫ

സ്സർമാക്കു് മാസത്തിൽ 1500 മാക്കു് മുതൽ 2400 മാക്കു് വരെ ശമ്പളം കിട്ടുന്നു. ഗിമ്നാസിയത്തിലെ അദ്ധ്യാപകന്മാരുടെ ശമ്പളം പ്രതിമാസം 1050-1500 മാക്കു് ആണു്. സർവ്വകലാശാലയ്ക്കു വെളിയിലുള്ളവരെയും ചിലപ്പോൾ പ്രൊഫസ്സർമാരായി അവരോധിക്കാറുണ്ടു്. അവക്കു് പ്രത്യേകം വൈദഗ്ദ്ധ്യമുള്ള വിഷയങ്ങൾ പഠിപ്പിക്കുകയും, അതിന്നു് വിദ്യാത്ഥികളുടെ ഫീസ്സ്‌വകയിൽ കിട്ടുന്ന വേതനം അവകാശപ്പെടുകയും ചെയ്യാം.

ജെമ്മൻ സമ്പ്രദായത്തിൽ വിദ്യാത്ഥികളുടെ ചുമതല വളരെ കൂടുതലാണു്. അദ്ധ്യാപകൻെറ ഉപദേശവും നിർദ്ദേശവും അനുസരിച്ചു് സ്വന്തം പ്രയത്നംകൊണ്ടു് ജ്ഞാനം സമ്പാദിക്കുകയും, ഓരോരോ വിഷയങ്ങളുടെ സാങ്കേതികഭാവങ്ങളിൽ ബുദ്ധിയെ വ്യാപരിപ്പിച്ചു് മാനസികവൈദഗ്ദ്ധ്യത്തെ പുഷ്ടിപ്പെടുത്തുകയും ആണു് അവരുടെ കത്തവ്യം. നമ്മുടെ രാജ്യത്തെ മട്ടിൽ അദ്ധ്യാപകൻ പറഞ്ഞുകൊടുക്കുന്നതുമാത്രം പഠിച്ചുകൊണ്ടു പരീക്ഷയ്ക്കുപോയാൽ അവർ തോററു തൊപ്പിയിടുകയേ ഉള്ളു. എന്തു പഠിക്കണമെന്നല്ല എങ്ങിനെ പഠിക്കണമെന്നാണു് അദ്ധ്യാപകൻ പറഞ്ഞുകൊടുക്കുന്നതു്.

## 9. സർവ്വകലാശാലകൾ

ജെമ്മനിയിൽ ആകെ പതിനെട്ടു സർവ്വകലാശാലകളുണ്ടു്. ഹൈഡെൽബെർഗ്ഗ്, ഗൊട്ടിങ്ഗൻ, മ്യൂണിക്കു്, ടൂബിങ്ഗൻ, തുടങ്ങിയവ ലോകപ്രസിദ്ധങ്ങളാണു്. മററുള്ളവയും ജ്ഞാനത്തിൻെറ പുരോഗതിയിൽ വളരെ അധികം പ്രാധാന്യം നേടിയവയാണു്. ഈ പതിനെട്ടു സർവ്വകലാശാലകൾക്കു പുറമെ അതേ പദവിയിലുള്ള പതിന്നാലു് ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങളുണ്ടു്. ഇതിൽ എട്ടെണ്ണം എഞ്ചിനീയറിങ്ങ് വിഷയങ്ങൾ പഠിപ്പിക്കുന്നവയും, ബാക്കി ആറെണ്ണം ഖനനം, വൈദ്യം, കൃഷി, മൃഗവൈദ്യം, സാമ്പത്തികശാസ്ത്രം, സാമൂഹികശാസ്ത്രം എന്നിവയ്ക്കുവേണ്ടിയുള്ള ഉന്നതവിദ്യാലയങ്ങളുമാണു്. വിദ്യാഭ്യാസമണ്ഡലത്തിൽ ഏററവും ഉയന്ന

പദവിയിൽ നില്ക്കുന്ന ഈ 32 സ്ഥാപനങ്ങളെയും ''ഹോക്ഷൂള്'' (Hochschule=ഹൈസ്കൂൾ) എന്നാണ് ജെർമ്മൻകാർ സാധാരണയായി വിളിക്കാറുള്ളത്. പതിനെട്ടുവയസ്സിൽ കൂടുതലുള്ള യുവജനങ്ങളെ പ്രവേശിപ്പിക്കുന്ന സ്ഥാപനങ്ങളെന്നേ ഈ വാക്കിന്ന് വിവക്ഷയുള്ളു. ഈ മുപ്പത്തിരണ്ടു സ്ഥാപനങ്ങളും ഡോക്ടർ ബിരുദം നല്കുവാൻ അധികാരം ലഭിച്ചിട്ടുള്ളവയാണ്. എങ്കിലും അവിടെ പഠിക്കുന്ന വിദ്യാർത്ഥികളിൽ ബഹുഭൂരിപക്ഷവും സാംസ്ഥാനികപരീക്ഷകളെ മാത്രമാണ് ലക്ഷ്യമാക്കുന്നത്.

അവിഭക്ത ജെർമ്മനിയുടെ തലസ്ഥാനമായിരുന്ന ബെർളിൻ നഗരത്തിലെ സർവ്വകലാശാല ഇന്ന് റഷ്യൻ വിഭാഗത്തിലാണ് സ്ഥിതിചെയ്യുന്നത്. ഫ്രെഡറിക് വില്യം യൂണിവേർസിററി എന്ന അതിൻെറ പഴയപേരും മാററിയിരിക്കുകയാണ്. ഇന്ന് അതു് അലക്സാണ്ടർ ഹുംബോൾട്ട് യൂണിവേർസിററി എന്ന പേരിൽ അറിയപ്പെടുന്നു. പഴയ സർവ്വകലാശാല സോവിയററ് വിഭാഗത്തിൽ പെട്ടുപോയതുകൊണ്ടു് പശ്ചിമബെർളിനിൽ പുതിയൊരു സർവ്വകലാശാല സ്ഥാപിച്ചിരിക്കുകയാണ്. 1948ലാണ് അതു് നിലവിൽ വന്നതു്. അതിന്നു് ഫ്രീയൂണിവേർസിററി എന്നു പേരിട്ടിരിക്കുന്നു. ഭരണകാര്യങ്ങളിൽ വിദ്യാർത്ഥികളെക്കൂടി ചുമതലക്കാരാക്കുന്നു എന്നുള്ളതു് ഈ സർവ്വകലാശാലയുടെ ഒരു സവിശേഷതയാണ്. അതിൻെറ ഉന്നതാധികാരസമിതിയിൽ മൂന്നു് വിദ്യാർത്ഥികൾ അംഗങ്ങളായുണ്ടു്. 1948ലാണ് സാർബ്രൂക്കൻ സർവ്വകലാശാലയും നിലവിൽവന്നതു്. അതു് സ്ഥിതിചെയ്യുന്ന സംസ്ഥാനം ഫെഡറൽ റിപ്പബ്ലിക്കിൽ ഉൾപ്പെടുത്തിയതാണ് ഇങ്ങിനെ മറെറാരു പുതിയ സർവ്വകലാശാലകൂടി സ്ഥാപിക്കുവാനുണ്ടായ കാരണം.

## 10. സംസ്കൃതം

പതിനെട്ടു സർവ്വകലാശാലകളുള്ളതിൽ പതിനഞ്ചെണ്ണത്തിൽ സംസ്കൃതവകുപ്പുകളും, പ്രസ്തുതഭാഷയിൽ പ്രശം

സനീയമായ പാണ്ഡിത്യം നേടിയ പ്രൊഫസർമാരുമുണ്ടു്. ഇതിനും പുറമെ ഭാരതീയവിജ്ഞാനം പഠിപ്പിക്കുന്ന ഇൻഡോളജിവിഭാഗവും ഉണ്ടു്. ജെമ്മൻകാർ ഭാരതീയ വിജ്ഞാനത്തോടും സംസ്കൃതഭാഷയോടും എന്തെന്നില്ലാത്ത ഭക്തിയുള്ളവരാണെന്നു് പറയേണ്ടതില്ലല്ലൊ. നമ്മുടെ സംസ്കാരത്തിനു വേണ്ടി അവർ ചെയ്തിട്ടുള്ള സേവനം ഭാരതവും ഭാരതീയരും ഉള്ളകാലത്തോളം കൃതജ്ഞത യോടെ സ്മരിക്കപ്പെടുമെന്നുള്ളതു തീർച്ചയാണു്. ആ പാരമ്പര്യം പുലർത്തിക്കൊണ്ടുപോകുവാൻ ഇന്നും അവർ ശ്രമിച്ചുകൊണ്ടിരിക്കുന്നു. വിദ്യാഭ്യാസരംഗത്തു് ആധു നികശാസ്ത്രങ്ങൾ അത്യധികമായ പ്രാധാന്യം കരസ്ഥമാ ക്കിയിരിക്കുന്ന കാലമായതുകൊണ്ടു് ഈ വകുപ്പുകൾക്കു് പണ്ടത്തെയത്ര പ്രശസ്തിനേടുവാൻ കഴിയുന്നില്ലെങ്കിലും പാണിനിയേയും പതഞ്ജലിയേയും നാഗാർജ്ജുനനേയും ഭർത്തൃഹരിയേയും മററും കുറിച്ചു് ധാരാളം ഗവേഷണ ങ്ങളും പഠനങ്ങളും നടക്കുന്നുണ്ടു്.

മ്യൂണിക്കിലെയും ടൂബിങ്ഗനിലെയും ഇൻഡോളജി വിഭാഗങ്ങൾ ഞങ്ങൾ സന്ദർശിക്കുകയുണ്ടായി. മ്യൂണി ക്കിൽ ബുദ്ധമതചിന്തയോടും പൂർവ്വേഷ്യയിലെ സംസ്കാര ങ്ങളുടെ ചരിത്രത്തോടും കൂടുതൽ ആഭിമുഖ്യം ഉള്ളതായി കണ്ടു. തിബത്തു്, നേപ്പാൾ, ജാവ, ബാലി, സയാം, ജപ്പാൻ എന്നീ രാജ്യങ്ങളിലെ സംസ്കാരങ്ങളെപ്പററി പഠനം നടത്തുവാൻ പ്രത്യേകം ഉപവകുപ്പുകളും പണ്ഡിത ന്മാരും ഉണ്ടു്.

ഞങ്ങൾ ആചാര്യന്മാരോ അഹ്തന്മാരോ, അവതാര പുരുഷന്മാർ തന്നെയോ, ആണു് എന്നമട്ടിലാണു് പ്രൊഫ സർ ഹെൽമുട്ട്ഹോഫ്മാനും സഹപ്രവർത്തകരും പെരു മാറിയതു്. തങ്ങളുടെ സംസ്കാരത്തെപ്പററി അഭിമാനമുള്ള ഭാരതീയരെ കണ്ടുമുട്ടുന്നതു് ഒരു മഹാഭാഗ്യമായിട്ടാണു് താൻ കരുതുന്നതു് എന്നു് അദ്ദേഹം പറഞ്ഞു. ബുദ്ധമതവും ഹിന്ദുമതവും തമ്മിലുള്ള ബന്ധത്തെയും, ചിന്തയുടെ ചരിത്രത്തിൽ ഗൗതമബുദ്ധൻെറ സ്ഥാനത്തെയും കുറിച്ചു് ഞങ്ങൾ വളരെ നേരം സംസാരിച്ചുകൊണ്ടിരുന്നു.

''വ്യക്തിത്വം, തിരിഞ്ഞുമ്പു ചുഴററുമ്പോഠം കാണുന്ന അലാതചക്രംപോലെയുള്ള തോന്നലാണെന്ന ബുദ്ധൻെറ ഉപദശ്നത്തിലേക്കു് (പ്രതീത്യ സമുത്പാദം), 2500 വഷ്ങ്ങഠംക്കശേഷം, പാശ്ചാത്യഭൗതികശാസ്ത്രവും അതിന്നുപുറകേ ആധുനികമന:ശാസ്ത്രവും ചെന്നെത്തിയിരിക്കുന്നതായിട്ടാണല്ലൊ കാണുന്നതു്'', എന്നു് ഞാൻ പറഞ്ഞു. തൃഷ്ണയും കമ്മവുമാണു് വ്യതിരിക്തങ്ങളായ ബോധപരമ്പരകളെ ബന്ധിപ്പിച്ചു് തുടച്ചയുടെ പ്രതീതി ജനിപ്പിക്കുന്നതു്. ഈ മായാബന്ധത്തിലാണു് ദു:ഖത്തിൻെറ ഉത്പത്തി. ശുദ്ധമായ ചിന്തയുടെ ചരിത്രത്തിൽ ഇതിന്നു തുല്യമായ ഒരു ഉപദശ്നം ഉണ്ടായിട്ടില്ല. തൃഷ്ണയുടെ വിനാശവും കമ്മത്തിൻെറ തിരോധാനവുമാണു് നിവ്വാണം. അതു് ശൂന്യതയാണെന്നും വെറും ഇരുട്ടാണെന്നും കരുതുന്നതു് അബദ്ധമാണു്. ''സൂര്യൻ ഉദിക്കുമ്പോഠം ദീപജ്വാല കുനിയുകയും, അത്യുജ്ജ്വലമായ ആ പ്രകാശധോരണിയിൽ അതു് വിലയം പ്രാപിക്കുകയും ചെയ്യുന്നു. ഇതാണു് നിവ്വാണം—ദീപം അണയുന്നതിൻെറ പ്രതിരൂപം. അതിൻെറ അത്ഥം ഇരുട്ടായി എന്നല്ല, നേരം വെളുത്തു എന്നാണു്.'' എന്ന ടാഗൂറിൻെറ നിവ്വചനം ഞാൻ ഉദ്ധരിച്ചപ്പോഠം മഹാനായ ആ ജെമ്മൻ പ്രൊഫസ്സർ തൻെറ പിൻവശത്തുള്ള ഭിത്തിയോടു ചേത്തു വെച്ചിരുന്ന മനോഹരമായ ബുദ്ധവിഗ്രഹത്തിലേക്കു് തിരിഞ്ഞുനോക്കുന്നതും, അദ്ദേഹത്തിൻെറ കണ്ണുകഠം ഭക്തിപാരവശ്യത്താൽ കൂമ്പുന്നതും ഞാൻ കണ്ടു.

ടൂബിങ്ഗൻ സവ്വകലാശാലയിൽ പാണിനിയെക്കുറിച്ചുള്ള പഠനങ്ങളാണു് നടക്കുന്നതു്. അവിടത്തെ സംസ്കൃതവകുപ്പിൻെറ അദ്ധ്യക്ഷനായ പ്രൊഫസർ പാഠം ഥീമെ ചെറുപ്പകാലത്തു് ഇന്ത്യയിൽ വന്നു് മൂന്നു വഷം അലഹാബാദിൽ താമസിച്ചു് സിദ്ധാന്തകൗമുദി പഠിച്ച ആളാണു്. അദ്ദേഹം ഏഴുകൊല്ലം അമേരിക്കയിലെ യേൽസവ്വകലാശാലയിൽ അദ്ധ്യാപകനായിരുന്നു. പാണിനിയെക്കുറിച്ചു് എന്തെങ്കിലും ഗവേഷണം ഇന്ത്യയിൽ നടക്കുന്നുണ്ടോ എന്നു് അദ്ദേഹം ചോദിച്ചു. ''ഉള്ള

തായി കേട്ടിട്ടില്ല.'' എന്നേ ഞങ്ങാക്ക പറയുവാൻ കഴിഞ്ഞുള്ളു. ''ഒന്നും നടക്കുന്നില്ലെന്നാണ്. എൻേറയും അറിവ്. അത് വലിയ കഷ്ടമാണ്'' എന്നു് അദ്ദേഹം ഖേദിച്ചു.

ആ സന്ദർഭത്തിൽ കേരളപാണിനി എന്ന പ്രഖ്യാതനായ ഏ. ആർ. രാജരാജവർമ്മയേയും അദ്ദേഹത്തിൻെറ ''ലഘുപാണിനീയം'' എന്ന സംസ്കൃതവ്യാകരണഗ്രന്ഥത്തേയും പററി ഞാൻ സൂചിപ്പിച്ചു. ലോകപ്രസിദ്ധിയർഹിക്കുന്ന ഒരു ഗ്രന്ഥമാണത്.

യോ വൈയാകരണാധിരാജ്യപദവീ–
  സിംഹാസനാധിഷ്ഠിതം
ദ്രഷ്ടും വാഞ്ഛതി പാണിനീം സ വിവിധാഃ
  കക്ഷ്യാഃ സമാരോഹതു;
സീവ്യന്തം ലഘു സൂത്രജാലമുടജേ
  വ്യാഘ്രാജിനാസീനമ–
പ്യേനം സേവിതുമുത്സുകാസ്തു വിശന്തു
  സ്വൈരം മദുക്താധ്വനാ.*

എന്ന അതിലെ സമാപ്തിശ്ലോകത്തിൽ കാണുന്ന വിനയവും ആത്മവിശ്വാസവും അത്ഭുതപ്രതിഭനായ ഒരു മഹാപണ്ഡിതൻെറ ലക്ഷണങ്ങളാണ്. ആ മഹാനുഭാവൻ മലയാളഭാഷയ്ക്കു ചെയ്ത നിസ്തുലസേവനങ്ങളെക്കുറിച്ചും ഞാൻ പറഞ്ഞു. ഇതു കേട്ടപ്പോൾ ഫ്രീമെയുടെ മറുപടി ഇതായിരുന്നു. ''ഞങ്ങളുടെ പാണ്ഡിത്യം വളരെ പരിമിതമാണ്. ആ ഗ്രന്ഥം കാണുവാൻ എനിക്കു സാധിച്ചിട്ടില്ല. നിങ്ങളുടെ വിവരണത്തിൽ നിന്നു് അദ്ദേഹം ഒരു വലിയ പ്രതിഭാശാലിയായിരുന്നു എന്നു് ഞാൻ

---

* വൈയാകരണന്മാരുടെ അധിരാജപദവിയിലുള്ള സിംഹാസനത്തിൽ വാണരുളുന്ന പാണിനിയെ കാണുവാൻ ആഗ്രഹിക്കുന്നവൻ ആ വ്യാകരണമഹാപ്രാസാദത്തിൻെറ വിവിധങ്ങളായ ഉൾത്തട്ടുകളെ സമാരോഹണം ചെയ്യട്ടെ. തൻെറ ആശ്രമത്തിൽ പുലിത്തോലിന്മേൽ ഇരുന്നു് അല്പാക്ഷരങ്ങളായ സൂത്രവാക്യങ്ങളെ തുന്നിച്ചേർക്കുന്ന പാണിനിമഹർഷിയെ സേവിക്കുവാൻ താല്പര്യമുള്ളവൻ ഞാൻ പറഞ്ഞ വഴിയേ സ്വൈരമായി അകത്തു കടക്കട്ടെ.

മനസ്സിലാക്കുന്നു. ഇവിടെ ഈ സർവ്വകലാശാലയിൽ എൻെറ പൂർവ്വഗാമിയായിരുന്ന പ്രൊഫസർ ഗ്ലാസനാപ്പ് അതുപോലെയുള്ള ഒരു മഹാനായിരുന്നു. അടുത്തകാലത്താണ് ഒരു കാറപകടത്തിൽ പെട്ട് അദ്ദേഹം മരിച്ചത്. സംസ്കൃതം മാത്രമല്ല പാലി, തിബത്തൻ, ബംഗാളി മുതലായ ഭാഷകളും അദ്ദേഹം പഠിച്ചിരുന്നു.'' അദ്ദേഹം തനിക്കു സുപരിചിതനാണെന്നും മദ്രാസ് സർവ്വകലാശാലയുടെ ശതാബ്ദ്യാഘോഷത്തിൽ ബഹുമതിബിരുദം സ്വീകരിക്കുവാൻ വന്ന അവസരത്തിലാണ് പരിചയപ്പെട്ടതെന്നും ഡോക്ടർ മഹാദേവൻ പറഞ്ഞു. ''ആ യാത്രയിൽ അദ്ദേഹം കാശിയിലും ഋഷീകേശത്തും പോയി എന്നും ജീവന്മുക്തന്മാരായ ചില മഹാത്മാക്കളെകണ്ടു എന്നും അവരുടെ മുമ്പിൽ സാഷ്ടാംഗപ്രണാമം ചെയ്തു എന്നും ആ മഹാനായ ആചാര്യൻ എന്നോടു പറഞ്ഞിട്ടുണ്ട്.'' എന്നു് പ്രൊഫസർ ഫ്രീമെ അനുസ്മരിച്ചു. അദ്ദേഹത്തിൻെറ മുറിയിലും ഒരു ബുദ്ധവിഗ്രഹം ഉണ്ടായിരുന്നു.

ഞങ്ങൾ യാത്ര ചോദിച്ചപ്പോൾ അദ്ദേഹം തൊഴുകൈയോടെ ''പുനർദർശനം'' ആശംസിച്ചു. ''അസ്തു പുനർദർശനാനന്ദലക്ഷ്മീഃ'' എന്നു് ഞാൻ മറുപടി പറഞ്ഞതു് അദ്ദേഹത്തെ കോരിത്തരിപ്പിച്ചതുപോലെ തോന്നി. ''നിങ്ങളുടെ നാട്ടുകാർ സംസ്കൃതം പറയുകയല്ല പാടുകയാണ് ചെയ്യുന്നതു്. ഞങ്ങൾ എത്ര ശ്രമിച്ചാലും അതു സാധിക്കുകയില്ല, ഹാ! എന്തൊരു മാധുര്യമാണ്!''

## 11. തത്ത്വജ്ഞാനം

ആഗസ്റ്റുമാസം ആരംഭം മുതൽ ജെർമ്മൻ സർവ്വകലാശാലകൾക്കു് അവധിക്കാലമാണ്. അവധിതുടങ്ങുന്നതിനുമുമ്പ് ഞങ്ങളുടെ സന്ദർശനപരിപാടി നടത്തണമെന്നായിരുന്നു ജെർമ്മൻ ഗവണ്മെണ്ടിൻെറ ആഗ്രഹമെങ്കിലും അവിടുത്തെ ഏർപ്പാടുകൾ പൂർത്തിയാകാത്തതുകൊണ്ടു് അതു സാധിച്ചില്ല. അതുകൊണ്ടു് വിദ്യാർത്ഥികളെ കാണുന്നതിനും അവരുമായി സംസാരിക്കുന്നതിനും തരപ്പെട്ടില്ല.

എങ്കിലും പല പ്രൊഫസർമാരെയും ഗവേഷകന്മാരെയും കാണുവാൻ സാധിച്ചു. മുൺസ്റ്റർ സർവ്വകലാശാലയിലെ തത്വശാസ്ത്രപ്രൊഫസറായ ഡോക്ടർ പീപ്പർ, ജന്തുശാസ്ത്ര പ്രൊഫസറായ ഡോക്ടർ റെഞ്ചെര് എന്നിവരെയാണ് ഞങ്ങൾ ആദ്യം സന്ദർശിച്ചതു്. പീപ്പർ കത്തോലിക്കാ മതസംബന്ധമായ വൈദികചിന്തയിലാണ് വ്യാപൃത നായിരിക്കുന്നതു്. അദ്ദേഹം മദ്രാസ് സർവ്വകലാശാല യിൽ വന്നു് പ്രസംഗങ്ങൾ നടത്തിയിട്ടുണ്ടു്. ''ഇന്ത്യൻ സർവ്വകലാശാലകൾ എന്താണ് ഹിന്ദു വൈദിക ചിന്ത (Theology)യിൽ പഠനങ്ങളും ഗവേഷണങ്ങളും നടത്താ ത്തതു്?'' എന്നു് അദ്ദേഹം ചോദിച്ചു. ഡോക്ടർ മഹാ ദേവൻ എപ്പോഴും അല്പംസമയമെടുത്തു് ആലോചിച്ചു്, വളരെ സാവധാനത്തിലേ വർത്തമാനം പറയാറുള്ളു. തത്വജ്ഞാനികളുടെ പതിവു് അതാണെന്നു തോന്നുന്നു. പക്ഷെ മണിക്കണക്കുവെച്ചുള്ള പരിപാടികളിൽ ഈ സമ്പ്രദായം കുഴപ്പമുണ്ടാക്കും. ഒരു മണിക്കൂർ സമയം കൊണ്ടു തീരേണ്ട പരിപാടി ചിലപ്പോൾ മൂന്നും നാലും മണിക്കൂറുകൾവരെ നീണ്ടുപോകാനിടയുണ്ടു്. ഈ ഭയം കൊണ്ടു് പലപ്പോഴും അദ്ദേഹത്തിനു വേണ്ടിക്കൂടി സംസാ രിക്കുക എന്ന അവിവേകത്തിനു് ഞാൻ മുതിരുകയു ണ്ടായി. ആ സന്ദർഭത്തിലും അങ്ങിനെ സംഭവിച്ചു. ''വൈദികചിന്തയുടെ ഉദ്ദേശവും പ്രയോജനവും എന്താണ്? അങ്ങയുടെ ഗവേഷണങ്ങളെപ്പററിത്തന്നെ കേൾക്കുവാൻ ആഗ്രഹിക്കുന്നു.'' എന്നു് ഞാൻ ഒരു മറു ചോദ്യം ചോദിച്ചു.

അദ്ദേഹത്തിൻെറ മറുപടി ഇതായിരുന്നു: ''വിജ്ഞാ നത്തിൻെറ ചക്രവാളങ്ങൾ അനുനിമിഷം വികസിച്ചു കൊണ്ടിരിക്കുന്ന ഒരു കാലത്താണ് നാം ജീവിക്കുന്നതു്. സയൻസിൻെറ പുരോഗതിതന്നെ നോക്കുക. എന്തെന്തു് പുതിയ വസ്തുതകളാണ് അതു വെളിപ്പെടുത്തിക്കൊണ്ടി രിക്കുന്നതു? മനുഷ്യൻെറ വിശ്വാസങ്ങളെയും സങ്കല്പങ്ങ ളെയും എല്ലാം അതു് കീഴ്മേൽ മറിക്കുന്നു. ഇങ്ങിനെ യുള്ള ചുററുപാടുകളിൽ മനുഷ്യൻെറ മതവിശ്വാസവും കട

പുഴങ്ങിവീഴുവാൻ ഇടയുണ്ട്. ഈ അത്യാഹിതത്തെ തടയുക എന്നതാണ് വൈദികചിന്തയുടെ കർത്തവ്യം. വേദപാഠങ്ങളെ ആധുനികവിജ്ഞാനത്തിന് സമ്മതമായ രീതിയിൽ വ്യാഖ്യാനിക്കുവാനാണ് ഞാൻ ശ്രമിക്കുന്നത്. ഇത് അത്യന്തം പ്രയാസമുള്ള ജോലിയാണ്. എങ്കിലും അതു് ആവശ്യമെന്നല്ല അനുപേക്ഷണീയവുമാണെന്ന് ഞാൻ കരുതുന്നു.''

ഇത്രയുമായപ്പോൾ ഡോക്ടർ മഹാദേവൻ പറഞ്ഞു: ''ഹിന്ദുമതത്തിൽ വേദവാക്യങ്ങൾക്കല്ല, അനുഭൂതിക്കാണ്, പ്രാധാന്യം. അതാണ് പ്രഥമവും പ്രധാനവുമായ പ്രമാണം. അതായിരിക്കണം വൈദികചിന്തയെപ്പററിയുള്ള ഗവേഷണത്തിനു് ആരും യത്നിക്കാത്തതിൻെറ കാരണം.''

''പക്ഷെ വേദം ശ്രുതിയാണെന്ന് രാധാകൃഷ്ണൻ പറയുന്നുണ്ടല്ലൊ. അതു ശരിയാണെങ്കിൽ വേദപാഠങ്ങളേയും പ്രധാനമായിത്തന്നെ കരുതണം. അവയെക്കുറിച്ച് ഗവേഷണങ്ങളും നടത്തണം. ഈ വഴിക്കുള്ള പ്രയത്നത്തിന്നു് ഇന്ത്യയിൽ പ്രസക്തി—ആവശ്യവും— ഉണ്ടെന്നാണ് എനിക്കു തോന്നുന്നതു്.'' എന്നു പീപ്പർ അഭിപ്രായപ്പെട്ടു.

ജെമ്മൻ തത്ത്വചിന്തയുടെ ഇന്നത്തെ നിലയെപ്പററിയും, ബെർഗ്സോൺ, ബെർട്രൻഡ് റസ്സൽ, വിററ്ഗെൻസ്റ്റൈൻ, തുടങ്ങിയ തത്ത്വജ്ഞാനികളുടെ ചിന്താപദ്ധതികളുടെ നേക്കു് ആ രാജ്യത്തുള്ള പ്രതികരണങ്ങളെക്കുറിച്ചും മററും ഞങ്ങൾ സംസാരിച്ചു. ഇടക്കാലത്തു് തത്ത്വചിന്തയുടെ മണ്ഡലത്തിൽ കോളിളക്കങ്ങളുണ്ടാക്കിയ പല വിപ്ലവങ്ങളുടെയും ശക്തി ക്ഷയിച്ചിരിക്കുകയാണെന്നും, നാമെല്ലാം പഠിച്ച തത്ത്വജ്ഞാനം മുഴുവനും മൂഢതയല്ലെന്നുള്ള വിശ്വാസം വീണ്ടും ഉറച്ചു വരുകയാണെന്നും ആണ് പീപ്പറുടെ അഭിപ്രായം.

ഞാൻ അദ്ദേഹത്തോട് സ്പെങ്ഗ്ലറെപ്പററി ചോദിച്ചു. പാശ്ചാത്യസംസ്കാരം നശിക്കാൻ പോവുകയാണെന്നു പ്രവചിച്ച ഒരു ജെമ്മൻ ചിന്തകനായിരുന്നുവല്ലൊ അദ്ദേ

ഹം. ''സ്പെങ്ഗ്ളറെ ഇന്നു് ആരും കാര്യമായി കരുതുന്നില്ല. അദ്ദേഹത്തിൻെറ കൃതി ആരെങ്കിലും വായിക്കുന്നുവോ എന്നുതന്നെ സംശയമാണു്. ഒരു കാലത്തു് ജെമ്മൻകാരെ അതു് എന്തെന്നില്ലാതെ ലഹരിപിടിപ്പിക്കുകയുണ്ടായി. പക്ഷെ പുതിയ ചരിത്ര വസ്തുതകറം വെളിപ്പെടുകയും, ലോകഗതിയെപ്പററി പുതിയ മനോഭാവങ്ങളും അഭിപ്രായങ്ങളും ആവിർഭവിക്കുകയും ചെയ്തതോടെ സ്പെങ്ഗ്ളറുടെ സിദ്ധാന്തങ്ങളിൽ ജനങ്ങറം സംശയാലുക്കളായി.''

''എന്നാലും ഇപ്പറഞ്ഞ കാലത്തുതന്നെയാണല്ലൊ മഹോദ്യമനായ ഒരു ഇംഗ്ലീഷുകാരൻ (ടോയൻബീ) സ്പെങ്ഗ്ളറെ വളരെ കാര്യമായി കരുതി, അതേരീതി പിടിച്ചു്, ആ വിഷയത്തെക്കുറിച്ചുതന്നെ, അതുപോലെയുള്ള ഒരു മഹാഗ്രന്ഥമെഴുതാൻ ഒരു ആയുഷ്ക്കാലം ചെലവഴിച്ചതു്. തത്വജ്ഞാനികളായ നിങ്ങളുടെ അഭിപ്രായം എന്തായാലും ഒരു കാര്യം പറഞ്ഞേപററു. ചരിത്രത്തിൻെറ ഗതിയെക്കുറിച്ചു് അത്യത്ഭുതകരമായ ഒരു ഉറംക്കാഴ്ച ലഭിച്ച ആളാണു് സ്പെങ്ഗ്ളർ എന്നു ഞാൻ കരുതുന്നു. റഷ്യയും ചൈനയുംതമ്മിൽ പിണങ്ങുമെന്നു് നാല്പതു വഷ്ഞ്ഞറംക്കുമുമ്പുതന്നെ അദ്ദേഹം പ്രവചിച്ചുവല്ലൊ. ചൈനയിൽ കമ്യൂണിസം വന്നപ്പോറം സ്പെങ്ഗ്ളർ വിഡ്ഢിയായയെന്നു് നാം വിചാരിച്ചതാണു്. പക്ഷെ ഇന്നത്തെ കഥയൊന്നു് ഓത്തുനോക്കുക!'' എന്നു പറഞ്ഞു് ഞാൻ ആ വിഷയം അവസാനിപ്പിച്ചു.

അദ്ദേഹത്തോടു് യാത്രചോദിച്ചപ്പോറം ഞാൻ ഇത്രയുംകൂടി പറഞ്ഞു: ''യുക്തിയുക്തമായ ചിന്ത മതത്തിൻെറ ശത്രുവാണെന്നാണു് ബെർട്രൻഡ് റസ്സൽ പറയുന്നതു്. ''ക്രിസ്തുമതത്തിൻെറ ഉത്ഭവവും ആദ്യകാലചരിത്രവും'' എന്ന ഗ്രന്ഥത്തിൽ എഡ്വാഡ് മയർ എന്ന ജെമ്മൻ ചിന്തകനും—മററൊരു വീക്ഷണകോടിയിൽ നിന്നാണെങ്കിലും—തത്വജ്ഞാനവും മതവിശ്വാസവും പരസ്പരം പൊരുത്തപ്പെടാത്ത പ്രതിഭാസങ്ങളാണെന്നു് വാദിച്ചിട്ടുണ്ടു്. അങ്ങയുമായി സംസാരിച്ചതിൽ ഇങ്ങി

നെയുള്ള വൈരുദ്ധ്യമൊന്നും ഞാൻ കണ്ടില്ല. തത്ത്വജ്ഞാനിയല്ലെങ്കിലും ഭാരതീയനായ എനിക്കു് ഇതോക്കെ ബോഴം അത്യധികം സന്തോഷം തോന്നുന്നു. നമസ്കാരം!''

## 12. ജന്തുശാസ്ത്രം

പ്രൊഫസ്സർ റെഞ്ചരിൻെറ അധ്യക്ഷതയിലുള്ള മൂൺസ്റ്ററിലെ ജന്തുശാസ്ത്രവകുപ്പു് പ്രസിദ്ധമായ ഒരു സ്ഥാപനമാണു്. പുതിയ കെട്ടിടവും ധാരാളം ഉപകരണങ്ങളുമുണ്ടു്. പീപ്പറുടെ വീട്ടിൽനിന്നു് ഫോൺ ചെയ്താണു് അറിയിച്ചതെങ്കിലും അദ്ദേഹം ഞങ്ങളെ സ്വീകരിക്കുവാൻ സന്തോഷം പ്രകടിപ്പിച്ചു.

ജന്തുക്കളുടെ ബുദ്ധിയെപ്പററിയാണു് അദ്ദേഹം ഗവേഷണം നടത്തുന്നതു്. അവയുടെ ചേഷ്ടകളിൽ ആലോചനയുടെയും ഉദ്ദേശത്തിൻെറയും അംശം എത്രമാത്രം ഉണ്ടെന്നു് പരീക്ഷണങ്ങളിലൂടെ കണ്ടുപിടിക്കുവാൻ അദ്ദേഹം ശ്രമിക്കുന്നു. അണുജീവികൾ മുതൽ ആൾക്കുരങ്ങുകൾവരെയുള്ള ജന്തുക്കളെ അവിടെ വളർത്തുന്നുണ്ടു്. തറനിരപ്പിനു താഴെയുള്ള ഒരു വലിയ മുറിയാണു് ഇതിനുവേണ്ടി ഉപയോഗിക്കുന്നതു്. അതിനുള്ളിലെ ചൂടും ഈർപ്പവും എല്ലാം നിയന്ത്രിച്ചു നിർത്തിയിരിക്കുകയാണു്. ആ മുറിയിൽ പ്രവേശിച്ചപ്പോൾ ഞങ്ങൾ ഒരു വിശേഷപ്പെട്ട കാഴ്ചകണ്ടു. അതിൻെറ ഭിത്തിയിൽ വലിയ റോമൻ അക്ഷരങ്ങളിൽ ''തത് ത്വം അസി'' എന്ന മഹാവാക്യം എഴുതിവെച്ചിരിക്കുന്നു. ഡോക്ടർ മഹാദേവനു് അതു കണ്ടപ്പോൾ രോമാഞ്ചം ഉണ്ടാകുന്നതുപോലെ തോന്നി. ജെ. ബി. എസ്. ഹാൾഡെയ്ൻ ആകാശവാണിയിലൂടെ പ്രക്ഷേപണം ചെയ്ത ഒരു പ്രസംഗത്തിൽ ഇക്കാര്യം പറഞ്ഞതു് ഞാൻ ഓർക്കുന്നുണ്ടായിരുന്നു.

ജന്തുക്കളെ വളർത്തുന്ന മുറിയിൽ പ്രസ്തുത വാക്യത്തിൻെറ പ്രസക്തിയെന്തെന്നു് മഹാദേവൻ റെഞ്ചരിനോടു ചോദിച്ചു. ''എൻെറ സഹപ്രവർത്തകരും വിദ്യാർത്ഥികളും ഈ ജന്തുക്കളെ തങ്ങളെപ്പോലെയുള്ള വസ്തുക്കളായി കരുതി അവയോടു പെരുമാറണം എന്നു് ഞാൻ

ആഗ്രഹിക്കുന്നു. അതിലേയ്ക്കു് ഏററവും പററിയ ഉപദേശം ഇതാണെന്നു് ഞാൻ വിശ്വസിക്കുന്നു.'' എന്നായിരുന്നു അദ്ദേഹത്തിൻെറ മറുപടി. വേദാന്തപണ്ഡിതനായ എൻെറ സ്നേഹിതന്നു് ഈ വ്യാഖ്യാനം അത്ര സമ്മതമായെന്നു് തോന്നിയില്ല. എന്നു വരികിലും ദൈനന്ദിന ജീവിതത്തിൽ, ധാമ്മികരംഗത്തു്, പ്രസ്തുതവാക്യത്തിനു നല്ലാവുന്ന ഏററവും നല്ല പ്രായോഗികരൂപം ഇതാണെന്നു പറയേണ്ടിയിരിക്കുന്നു.

ഒരു ഉത്തരേന്ത്യൻ കുരങ്ങിനെയും ഒരു ചിമ്പാൻസി (ആരംക്കുരങ്ങ്)യേയുംകൊണ്ടു് നടത്തിവരുന്ന പരീക്ഷണങ്ങളുടെ മാതൃകകളും കണ്ടു. പരീക്ഷകൻ ജന്തുക്കളുടെ ദൃഷ്ടിയിൽനിന്നു് മറഞ്ഞിരുന്നാണു് അവയുടെ പ്രതികരണങ്ങരം വീക്ഷിക്കുന്നതു്. ബട്ടൺ അമർത്തി ഓരോരോ നിറങ്ങളിലുള്ള പ്ലാസ്റ്റിക്കു വലയങ്ങരം എടുക്കുവാനും, അവയെ ഒരു ദ്വാരത്തിലിട്ടു് പല അളവുകളിലുള്ള ആഹാരപദാൎത്ഥം പുറത്തു ചാടിക്കുവാനും കുരങ്ങിനെ പരിശീലിപ്പിച്ചിട്ടുണ്ടു്. പച്ചവളയം ദ്വാരത്തിലിട്ടാൽ ഒരു പഴക്കഷണമേ കിട്ടുകയുള്ളു; മഞ്ഞയിട്ടാൽ രണ്ടു കഷണങ്ങരം കിട്ടും; ചുമപ്പിട്ടാൽ ആറു കഷണങ്ങരം. ഇമ്മാതിരിയുള്ള ചില പ്രയോഗങ്ങരംകൊണ്ടു് ഏതു വളയം എടുക്കണമെന്നും ഏതു ദ്വാരത്തിൽ ഇടണമെന്നും ആലോചിക്കുവാൻ കുരങ്ങിനെ പ്രേരിപ്പിക്കുകയാണു് ചെയ്യുന്നതു്.

ആരംക്കുരങ്ങിനെക്കൊണ്ടുള്ള പരീക്ഷണം കുറേക്കൂടി സങ്കീൎണ്ണമാണു്. ഒരു പെട്ടിക്കകത്തു വെച്ചിരിക്കുന്ന വാഴപ്പഴം എടുക്കുവാനാണു് അതിൻെറ പരിശ്രമം. പക്ഷെ വെറുതെ കൈനീട്ടിയാൽ കിട്ടുകയില്ല. ആദ്യം ഒരു തുടലിൽ പിടിച്ചു വലിക്കണം. അപ്പോരം ഒരു താക്കോലുകിട്ടും. അതുകൊണ്ടു് നീളമുള്ള ഒരു പെട്ടി തുറന്നു് അതിനകത്തു വെച്ചിരിക്കുന്ന ഇരുമ്പുകമ്പി എടുക്കണം. പിന്നെ കമ്പി ഒരു തുരങ്കത്തിലിട്ടു തള്ളി അതിനുള്ളിൽ കിടക്കുന്ന ഇരുമ്പുണ്ട എടുക്കണം. കമ്പിയ്ക്കു് വേണ്ടത്ര നീളമില്ലാത്തതുകൊണ്ടും ഉണ്ട ചെറുതായതുകൊണ്ടും അല്പം വൈദഗ്ദ്ധ്യം നേടിയാൽമാത്രമേ ഉണ്ട

തള്ളി വെളിയിൽ ചാടിക്കുവാൻ സാധിക്കുകയുള്ളു. ആംകരങ്ങ് അതിനുവേണ്ടി പരിശ്രമിക്കുന്നതു് കാണേണ്ട കാഴ്ചയാണു്. കമ്പികൊണ്ടു് ഉന്തുകയും, തുരങ്കത്തിൻെറ മറേറ അററത്തുള്ള ദ്വാരത്തിൽ വിരലിട്ടു് ചികഞ്ഞു നോക്കുകയും, കിട്ടാതെ വരുമ്പോം നിസ്സഹായമായി നാലുചുററും നോക്കുകയും, വീണ്ടും കമ്പിയിട്ടു് തള്ളുകയും, ദ്വാരത്തിനുള്ളിലേയ്ക്കു നോക്കുകയും മററും ചെയ്യുന്നതു കാണുമ്പോം മനുഷ്യശിശുക്കളുടെ ഏകാഗ്രമായ വിഫലശ്രമങ്ങളാണു് നാം ഓമ്മിച്ചുപോകുന്നതു്.

ഈ ഗവേഷണങ്ങം ഇവാൻ പെട്രോവിച്ചു് പാവു് ലോവു് എന്ന ലോകപ്രസിദ്ധനായ റഷ്യൻ ശാസ്ത്രജ്ഞൻ നായ്ക്കളിൽ പരീക്ഷണം നടത്തി കണ്ടു പിടിച്ച മസ്തിഷ്ക പ്രവത്തനതത്ത്വങ്ങളെക്കുറിച്ചുള്ള ഉപരിപഠനങ്ങളാണു്. അദ്ദേഹം ഈ നൂററാണ്ടിൻെറ ആരംഭകാലത്താണു് ജീവിച്ചിരുന്നതു്. ജന്തുക്കളുടെ മാനസിക പ്രവത്തനങ്ങളെക്കുറിച്ചുള്ള ഗവേഷണത്തിൽ ജെമ്മൻ ശാസ്ത്രജ്ഞന്മാർ സവിശേഷമായ താൽപര്യം കാണിക്കുന്നുണ്ടു്. മ്യൂണിക്കു് സവ്കലാശാലയിൽ ജന്തുശാസ്ത്ര വിഭാഗത്തിൻെറ അദ്ധ്യക്ഷനായിരുന്ന പ്രൊഫസർ ഫോൺ ഫ്രിഷ് തേനീച്ചയുടെ ഭാഷയെപ്പററി നടത്തിയ ഗവേഷണങ്ങളും തൽഫലമായുണ്ടായ കണ്ടുപിടുത്തങ്ങളും ആധുനികശാസ്ത്രത്തിൻെറ അത്ഭുതകരമായ നേട്ടങ്ങളായി കരുതപ്പെടുന്നു. കൂട്ടിൽ നിന്നു് പുറത്തുപോയി തിരിച്ചുവരുന്ന ഒരു തേനീച്ച ബാഹ്യലോകത്തെക്കുറിച്ചു് തനിക്കു കിട്ടിയ അറിവു് മററു തേനീച്ചകളെ അറിയിക്കാറുണ്ടെന്നും, അവയുടെ നടുക്കനിന്നു നൃത്തം ചവുട്ടിയും സവിശേഷമായ ചലനങ്ങളുണ്ടാക്കിയും ആണു് ഇതു സാധിക്കുന്നതെന്നും, പത്തുനാല്പതു കൊല്ലത്തെ നിരന്തര പരീക്ഷണങ്ങളുടെ ഫലമായി അദ്ദേഹം തെളിയിച്ചു. അദ്ദേഹത്തിൻെറ ഒരു ശിഷ്യൻ ഈ അടുത്തകാലത്തു് തേനീച്ചയുടെ ഭാഷയ്ക്കു് നൃത്തവും ചലനങ്ങളും മാത്രമല്ല ശബ്ദവും ഉണ്ടെന്നു് കണ്ടുപിടിക്കുകയുണ്ടായി. ഫോൺ ഫ്രിഷ് ശാസ്ത്രതത്ത്വങ്ങളെ സാമാന്യജനങ്ങംക്കു് മനസ്സിലാക്കിക്കൊടുക്കുന്ന

തിൽ വളരെ താൽപര്യവും വൈഭവവും ഉള്ള ആളാണു്. ഈ വഴിക്ക അദ്ദേഹം ചെയ്തിട്ടുള്ള വിശിഷ്ടസേവനങ്ങളെ മുൻനിർത്തിയാണു് അദ്ദേഹത്തിനു് ''കലിംഗസമ്മാനം'' എന്ന പ്രസിദ്ധമായ ബഹുമതി നല്കിയതു്. (ഒറീസയിലെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. പട്നായ്ക്ക് ഏർപ്പെടുത്തിയതും യുനെസ്കോ മുഖേന നല്കപ്പെടുന്നതുമാണു് ഈ സമ്മാനം.) ഫോൺ ഫ്രിഷ് ജന്തുക്കളുടെ വാസനാമാത്രങ്ങളായ ചേഷ്ടാവിശേഷങ്ങളെക്കുറിച്ചാണു് പഠനങ്ങൾ നടത്തിയതു്. പ്രൊഫസർ ബെർനാർഡ് റെഞ്ചിന്റെ ഗവേഷണരംഗം ഇതിൽനിന്നു ഭിന്നമാണു്. അദ്ദേഹം അവയുടെ ആലോചനാശക്തിയെയും ബുദ്ധിവ്യാപാരത്തെയും കുറിച്ചാണു് പഠിക്കുന്നതു്.

റെഞ്ചു് വേദാന്ത ചിന്തയിലും താൽപര്യമുള്ള ആളാണു്. ഗവേഷണശാലകളെല്ലാം കണ്ടതിനുശേഷം ഞങ്ങൾ അദ്ദേഹത്തിന്റെ മുറിയിലിരുന്നു് കുറച്ചുനേരം വേദാന്തവിഷയങ്ങളെക്കുറിച്ചു് സംസാരിച്ചു. ഗീതയും ഉപനിഷത്തുകളും ശാങ്കരഭാഷ്യവും മററും അദ്ദേഹം നോക്കിയിട്ടുണ്ടെന്നു് ഞങ്ങൾക്ക മനസ്സിലായി. ''സംസ്കൃതം വശമില്ലാത്തതുകൊണ്ടു് ഈ മഹാസൗധത്തിന്റെ ഉള്ളിലേയ്ക്കു കടക്കുവാൻ എനിക്ക കഴിഞ്ഞിട്ടില്ല. എങ്കിലും ശങ്കരന്റെ ലോകോത്തരമായ ബുദ്ധിവൈഭവം എന്നെ അത്ഭുത പരതന്ത്രനാക്കിയിട്ടുണ്ടു്.'' എന്നു് അദ്ദേഹം ഞങ്ങളോടു പറഞ്ഞു. പോരുവാൻ തുടങ്ങിയപ്പോൾ ഡോക്ടർ മഹാദേവൻ തന്റെ ഒരു ഗ്രന്ഥം അദ്ദേഹത്തിനു സമ്മാനിച്ചു. ഞങ്ങളെ ഗേററുവരെ അനുയാത്ര ചെയ്തു കാറിൽ കയററിയിട്ടാണു് അദ്ദേഹം പോയതു്.

## 13. നാട്ടിൻപുറങ്ങൾ

മൂൺസ്റ്ററിലേക്കുള്ള യാത്ര നാട്ടിൻപുറങ്ങളിലൂടെ ആയിരുന്നു. ജെമ്മനിയിലെ ഏററവുമധികം വ്യവസായവൽകൃതമായ പ്രദേശത്തെ സ്പർശിച്ചുകൊണ്ടാണു് ഞങ്ങൾ സഞ്ചരിച്ച മോട്ടോർറോഡു് ബോണിൽനിന്നു് വടക്കോട്ടു നീണ്ടു കിടക്കുന്നതു്. മനോഹരമായ കൃഷിസ്ഥലങ്ങളും

അനേകം ചെറിയ ഗ്രാമങ്ങളും ഞങ്ങൾ കാണുകയുണ്ടായി. വീടുകൾ ഓടുമേഞ്ഞ മേൽക്കൂരയോടുകൂടിയവയാണ്. ഓട്ട് എന്നു പറഞ്ഞാൽ ശരിയായ മംഗലാപുരം ഓടു തന്നെ. വാസ്തവത്തിൽ മംഗലാപുരം ഓടെന്നല്ല ജെമ്മൻ ഓടെന്നുതന്നെയാണ് അതിനു പേർ പറയേണ്ടത്. മംഗലാപുരത്തുവന്ന ജെമ്മൻ മിഷനറിമാരാണ് ഈ രാജ്യത്ത് പുര മേയുന്നതിനുള്ള ഓട്ട് ആദ്യം ഉണ്ടാക്കിയത്. അവർ നടപ്പിലാക്കിയ മേച്ചിൽ ഓടിൻെറ ആകൃതിയും വലുപ്പവും ഇന്നും നിലവിലിരിക്കുന്നു. ഓടുമാത്രമല്ല മുണ്ടു നെയ്യുന്നതിനുള്ള പുതിയതരം കൈത്തറിയും അവരാണ് നടപ്പിലാക്കിയതെന്നു കേട്ടിട്ടുണ്ട്. അതിനു് ''മഗ്ഗം'' എന്നാണത്രെ പണ്ടൊക്കെ പേർ പറഞ്ഞിരുന്നത്. ഈ വാക്ക് കന്നടത്തിൽനിന്നു വന്നതാണ്.

നമ്മുടെ രാജ്യത്തെ നാടൻ വ്യവസായങ്ങളുടെയും കുടിൽ വ്യവസായങ്ങളുടെയും ചരിത്രം ഏററവും രസകരമാണ്. പക്ഷെ അവയെക്കുറിച്ച് ആരും വലിയ അന്വേഷണങ്ങളൊന്നും നടത്തിയിട്ടുള്ളതായി കാണുന്നില്ല. സ്ഥിതിവിവരക്കണക്കുകൾ പലരും ശേഖരിച്ചിട്ടുണ്ട്. പക്ഷെ സാങ്കേതികവശങ്ങളെക്കുറിച്ച് വളരെ അധികം വസ്തുതകൾ അറിയേണ്ടതായിട്ടാണിരിക്കുന്നത്. പ്രസ്തുത വ്യവസായങ്ങൾ അതിശീഘ്രം നശിച്ചുവരികയാണ്. തീരെ ഇല്ലാതാവുന്നതിനു മുമ്പ് ചരിത്ര വസ്തുതകൾ ശേഖരിച്ചുവെയ്ക്കേണ്ടതാണ്. ''ഈ രാജ്യത്ത് ഗവേഷണം നടത്തുവാൻ വളരെ പ്രയാസമാണ്. ഏതു വിഷയമാണ് തിരഞ്ഞെടുക്കുക? അമ്പതുകൊല്ലം മുമ്പു നടന്ന സംഭവങ്ങൾക്കുപോലും രേഖയില്ല. അതുകൊണ്ടാണ് അമേരിക്കയിലോ ഇംഗ്ലണ്ടിലോ പോയി പിഎച്ച്. ഡി. ബിരുദം സമ്പാദിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നത്'' എന്ന് ഒരു ചരിത്രവിദ്യാൎത്ഥി എന്നോട്ട് ഒരിക്കൽ പറയുകയുണ്ടായി. ''ഈ രേഖകൾക്കെല്ലാം അടിസ്ഥാനമായ അച്ചടിയെക്കുറിച്ചുതന്നെ, ഈ കേരളത്തിൽ തന്നെ, ഗവേഷണത്തിന് വേണ്ടുവോളം വകയുണ്ടല്ലൊ, അതേക്കുറിച്ച് ഒരു പിഎച്ച്. ഡി. പ്രബന്ധം എഴുതിക്കൂടെ?'' എന്നാണ് ആ വിദ്യാൎത്ഥി

യോട്ട് ഞാൻ ചോദിച്ചത്. ചരിത്രഗവേഷണം രാജാക്കന്മാരെയും ഭരണാധികാരികളെയും യുദ്ധങ്ങളെയും സ്വാതന്ത്ര്യസമരങ്ങളെയും കുറിച്ചു മാത്രമേ ആകാവൂ എന്ന് ആരും പറഞ്ഞിട്ടില്ല. ഈ വിഷയങ്ങളിലുള്ള ഗവേഷണം പലപ്പോഴും പക്ഷപാതകലുഷിതവും, അതു നടത്തുന്ന കാലത്തെ പരിത:സ്ഥിതികളുടെ സമ്മർദ്ദത്താൽ അസ്വതന്ത്രവും ആവുക സാധാരണമാണ്. രാഷ്ട്രീയ വികാരങ്ങൾ അന്തർഭവിക്കാത്ത വിഷയങ്ങൾ തിരഞ്ഞെടുത്താൽ ഈ ആപത്തില്ല. ആധുനികകാലത്ത് പാശ്ചാത്യലോകത്തു പ്രസിദ്ധീകരിച്ച ഏററവും വിഖ്യാതമായ ചരിത്രഗവേഷണഗ്രന്ഥം ജോസഫ് നീഡ്ഹാമിൻെറ ''ചൈനയിൽ സയൻസിൻെറയും സംസ്കാരത്തിൻെറയും ചരിത്രം'' എന്ന കൃതിയാണ്. അതിൻെറ ആദ്യ വാല്യങ്ങളേ പുറത്തുവന്നിട്ടുള്ളു. എന്നുവരികിലും, ഇതിനകം തന്നെ അത്യന്തം രസകരങ്ങളായ എന്തെന്തു വസ്തുതകളാണ് പ്രസ്തുത ഗ്രന്ഥം വെളിപ്പെടുത്തിയിരിക്കുന്നത്! ഒരു ഉദാഹരണം പറയാം. ചീനക്കാരുടെ ഭക്ഷണസാധനങ്ങളുടെ കൂട്ടത്തിൽ ക്ഷീരവും ക്ഷീരോൽപന്നങ്ങളും പണ്ടുമുതല്ക്കേ ഉൾപ്പെട്ടിരുന്നില്ല എന്നും, അവരുടെ സാഹിത്യത്തിലും സംസ്കാരത്തിലും കാലിമേയ്ച്ചു കഴിയുന്ന ഗ്രാമീണജീവിതത്തെ പരാമർശിക്കുന്ന ആശയങ്ങളും രൂപകങ്ങളും കാണ്മാനില്ല എന്നും അതിൽ ചൂണ്ടിക്കാണിച്ചിരിക്കുന്നു. ഈ ഗ്രന്ഥകാരൻ ലോകപ്രസിദ്ധനായ ഒരു ബയോകെമിസ്റ്റാണെന്നു കൂടി ഇവിടെ പറഞ്ഞുകൊള്ളട്ടെ.

ജെർമ്മനിയിലെ വീടുകളുടെ ഓടുമേഞ്ഞ മേൽക്കൂരകൾ ഇരുവശത്തേയ്ക്കും നല്ലതുപോലെ ചരിച്ചാണ് പണിഞ്ഞിരിക്കുന്നത്. ഹേമന്തകാലത്ത് പുരപ്പുറത്തു വീഴുന്ന മഞ്ഞ് അവിടെ തങ്ങിനില്ക്കാതിരിക്കുന്നതിനുവേണ്ടിയുള്ള മുൻകരുതലാണിത്. മഴവെള്ളം വീണാലും വേഗം ഒലിച്ചുപോകും. വീടിൻെറ കുറിയ വശങ്ങളിൽ, രൂക്കായി മോന്തായംവരെ എത്തുന്ന ഭിത്തിയാണ്. മേൽക്കൂരയ്ക്ക് ചരിഞ്ഞ രണ്ടു പാളികളേ ഉള്ളു എന്നർത്ഥം.

നമ്മുടെ നാട്ടിൽ, നാലു പാളികളും മൂലക്കുഴക്കോലുകളും ഉണ്ടല്ലൊ. ചില ഗ്രാമങ്ങളിൽ കെട്ടിടങ്ങളുടെ ഭിത്തി മരത്തിലുള്ള ചട്ടങ്ങൾകൊണ്ടു് ബലപ്പെടുത്തിയിരിക്കു ന്നതു കണ്ടു. നെടുകെയും കുറുകെയും കോണോടുകോണും നിർത്തിയ തുലാങ്ങളുടെ ഇടയ്ക്കാണു് ഇഷ്ടികപ്പണി ചെയ്തി രിക്കുന്നതു്. ഇഷ്ടികപ്പുറത്തു് വെള്ളതേച്ചാലും തുലാങ്ങൾ വെളിയിൽ കാണും.

വീടുകൾക്കു ചുററും മതിലില്ല. നമ്മുടെ നാട്ടിൽ മതിലാണല്ലൊ ആദ്യം കെട്ടുന്നതു്. എന്നാലും ഇവിടെ അതിർത്തിത്തക്കങ്ങൾക്കു് അറുതിയില്ല. വാസ്തവത്തിൽ പുരയിടങ്ങൾക്കു് മതിലുകെട്ടുവാൻ ഈ രാജ്യത്തു ചെല വാകുന്ന പണത്തിന്റെ കണക്കെടുത്താൽ അമ്പരന്നു പോകും. പാശ്ചാത്യരാജ്യക്കാർക്കു് ഈ ചെലവില്ല. അവിടെ ഇതുപോലെയുള്ള അതിർത്തിത്തക്കങ്ങളുമില്ല. ഇങ്ങിനെ അലഞ്ഞുനടക്കുന്ന കന്നുകാലികളുമില്ല എന്നു കൂടി പറഞ്ഞുകൊള്ളട്ടെ. പൊതുസ്ഥാപനങ്ങളിലെ ഉദ്യാനങ്ങളും പുൽത്തകിടികളും അഴിച്ചുവിട്ടിരിക്കുന്ന പശുക്കൾക്കു് അവകാശപ്പെട്ടതാണെന്നാണു് ഇവിടുത്തെ സങ്കല്പം. ഗേററു തുറക്കുന്ന മാത്രയിൽ അകത്തുകടക്കുവാൻ അവയെ പരിശീലിപ്പിച്ചിട്ടുമുണ്ടു്. നഗരവീഥികളിൽ ഇങ്ങിനെ നാഥനില്ലാത്തതുപോലെ നടക്കുന്ന (നടത്തി ക്കുന്ന!) പശുക്കളെക്കണ്ടാണു് ഈ രാജ്യത്തു് അവ വിശു ദ്ധമൃഗങ്ങളായി കരുതപ്പെടുന്നു എന്നു് വിദേശസഞ്ചാരി കൾ വിശ്വസിച്ചുപോകുന്നതു്. പക്ഷെ, അതോടൊപ്പം തന്നെ, വണ്ടിക്കാളകളുടെ വാലിന്മേൽ കാണുന്ന മുഴകൾ, ഭാരവും വലിച്ചുകൊണ്ടു് നടക്കുവാൻ കഴിയാത്ത ആ മിണ്ടാപ്രാണികളെ ഓടിക്കുന്നതിനുവേണ്ടി, ബുദ്ധഭഗ വാന്റെ നാട്ടുകാരനായ വണ്ടിക്കാരൻ ചെയ്യാറുള്ള ക്രൂര പ്രയോഗത്തിന്റെ ഫലമാണെന്നും അവരിൽ സൂക്ഷ്മദൃക്കു കളായുള്ളവർ മനസ്സിലാക്കിയിട്ടുണ്ടു്!

ജെമ്മനി ജനപ്പെരുപ്പമുള്ള രാജ്യമാണെന്നാണു് നാം ധരിച്ചിട്ടുള്ളതു്. പക്ഷെ നഗരപ്രാന്തങ്ങളിൽ നിന്നു് പുറത്തേയ്ക്കു കടന്നാൽ നാട്ടുവഴികളിലോ കൃഷിഭൂമിക

ളിലോ നാലുപേരെ ഒരുമിച്ചു കാണുന്നതു് അപൂർവ്വമാണു്. റോഡിൻെറ അററകുററപ്പണികറ് ചെയ്യുകൊണ്ടിരിക്കുന്ന തൊഴിലാളികളെ വല്ലപ്പോഴും കണ്ടു എന്നുവരാം. പക്ഷെ അതും ജനപ്പെരുപ്പത്തെ സൂചിപ്പിക്കുന്ന തോതി ലൊന്നുമില്ല. ഗ്രാമങ്ങളുടെ സമീപത്തു് സൈക്കളിൽ പോകുന്ന രണ്ടും മൂന്നും കുട്ടികളെ കാണാം. എന്താണു് ഈ വിജനതയുടെ രഹസ്യമെന്നും, ആരാണു്, എങ്ങിനെ യാണു്, എപ്പോഴാണു, ഈ ഭൂമിയെല്ലാം കൃഷിചെയ്യു ന്നതെന്നും എനിക്കു മനസ്സിലായില്ല. മ്യൂണിക്കിൽ ഞങ്ങളുടെ ദ്വിഭാഷിയായിരുന്ന മിസ്സിസ് റൈനോർട്ട് സിനോട്ടു് ഞാൻ ഇതേപ്പററി ചോദിക്കുകയുണ്ടായി. ദുസ്സഹമായ ജനപ്പെരുപ്പം മൂലം ജീവിക്കുവാനുള്ള ഭൂമി നേടുന്നതിനു വേണ്ടിയാണു് അഡോൾഫ് ഹിററ്ലർ രണ്ടാംലോകമഹായുദ്ധം അഴിച്ചുവിട്ടതെന്നു് എനിക്കു വിശ്വസിക്കുവാൻ സാധിക്കുന്നില്ല എന്നു പറഞ്ഞു. അവരുടെ ഉത്തരം ഇതായിരുന്നു: ‘‘അതിൽ എന്താണു് ഇത്ര അത്ഭുതം? ഞാൻ ഇന്ത്യയിൽ വന്നിട്ടുണ്ടു്. വടക്കെ ഇന്ത്യയിൽ നൂറും ഇരുനൂറും മൈൽ സഞ്ചരിച്ചാലും ഒരു മനുഷ്യജീവിയെ കാണുകയില്ലെന്നാണു് എൻെറ അനു ഭവം. ഇവിടെ നിങ്ങറ് കാറിൽ പോകുന്ന ആളുകളെ യെങ്കിലും കാണുന്നുണ്ടല്ലൊ!’’

‘‘ഞാൻ വടക്കെ ഇന്ത്യയിൽ നിന്നല്ല, തെക്കേ അററ ത്തുള്ള കേരളത്തിൽനിന്നാണു് വരുന്നതു്. അവിടുത്തെ ഓർമ്മവെച്ചു പറഞ്ഞുപോയതാണു്. അവിടെ ഏതു വഴിയേ എപ്പോറ് സഞ്ചരിച്ചാലും ജനപ്പെരുപ്പംകാണാം. എവിടെനോക്കിയാലും ഒരു ഉത്സവംനടക്കുന്ന പ്രതീതി യാണു് ഉണ്ടാകുന്നതു്. വയനാട്ടിലെ ചുരത്തിൽ കാറു നിറുത്തിയാലും രണ്ടുമൂന്നു പേരെങ്കിലും അടുത്തമാത്രയിൽ അവിടെ എത്തും. കാറുകയറി ഒരു കോഴി ചത്താൽ പോലും ബഹളമായി. ഇക്കണക്കിനു് ഇരുപത്തിയഞ്ചു കൊല്ലം കൂടി കഴിയുമ്പോറ് ഞങ്ങളുടെ നാട്ടിൽ വിമാന ത്തിലല്ലാതെ നിലത്തോടുന്ന ഒരു വാഹനത്തിലും സഞ്ച രിക്കാൻ നിവൃത്തിയില്ലാതാകുമെന്നാണു് എൻെറ ദീർഘ ദർശനം’’ എന്നു് ഞാൻ അവരോടു് സമാധാനം പറഞ്ഞു.

## 14. ബെർളിൻ

ബോണിൽനിന്നു് ഞങ്ങൾ ബെർളിനിലേക്കാണു് പോയതു്. രണ്ടാം ലോകമഹായുദ്ധത്തിനുമുമ്പു് ജെർമ്മനിയുടെ തലസ്ഥാനമായിരുന്ന ഈ മനോഹരനഗരം ഇന്നു് റഷ്യൻ അധീനതയിലുള്ള പ്രദേശങ്ങളാൽ ചുററപ്പെട്ടു്, പശ്ചിമജെർമ്മനിയിൽനിന്നു വേർപെട്ടു കിടക്കുന്നു. ലുഫ്ത്ഹൻസാ വിമാനങ്ങൾക്കു് അങ്ങോട്ടുപോകുവാൻ അനുവാദമില്ലാത്തതുകൊണ്ടു് പാൻ അമേരിക്കൻ സർവീസ് വഴിയാണു് ഞങ്ങൾ അവിടെ എത്തിയതു്. ഒന്നരമണിക്കൂർ നേരത്തെ യാത്രയേ ഉണ്ടായിരുന്നുള്ളു. ടെംപെൽഹോഫ് വിമാനത്താവളം നഗരത്തിന്റെ നടുക്കുതന്നെയാണു്. ഇങ്ങിനെയൊരു സൗകര്യം മററൊരു വൻനഗരത്തിലും ഉണ്ടെന്നു തോന്നുന്നില്ല. അവിടുത്തെ ആഫീസ് കെട്ടിടം, പെൻറഗൺ എന്നു പറയുന്ന അമേരിക്കൻ യുദ്ധകാര്യാലയം കഴിഞ്ഞാൽ പിന്നെ ലോകത്തിലേക്കു് ഏററവും വലിപ്പംകൂടിയ എടുപ്പാണെന്നു് പറയപ്പെടുന്നു. പുറമെനോക്കിയാൽ അതു് മോടിപിടിപ്പിക്കുന്നതിനുള്ള യത്നമൊന്നും ഈയ്യിടെയെങ്ങും നടത്തിയിട്ടുള്ളതായി തോന്നുകയില്ല. ഭാരിച്ച ചെലവുവരുന്ന പണിയായതുകൊണ്ടായിരിക്കാം. ആകപ്പാടെ കണ്ടാൽ ഒരു പുകപിടിച്ചമട്ടുണ്ടു്. അർദ്ധചന്ദ്രാകൃതിയിൽ നീണ്ടു കിടക്കുന്ന ഉയൎന്ന മേൽക്കൂരയുടെ കീഴിലാണു് വിമാനങ്ങൾ വന്നുനില്ക്കുന്നതു്. അതുകൊണ്ടു് മഴനനയാതെ വിമാനത്തിൽ കയറുകയും ഇറങ്ങുകയും ചെയ്യാം. ഒന്നിനു പുറകിൽ ഒന്നായി എട്ടുപത്തു വിമാനങ്ങൾക്കു് നിരന്നു നില്ക്കുവാൻ സൗകര്യമുണ്ടു്. വിശ്രമമുറിയിൽ നിന്നു് ഒരു ഇടനാഴി കടന്നു് പടിയിറങ്ങിയാൽ വിമാനത്തിൽ കയറാം. ഈ സൗകര്യം മററു താവളങ്ങളിൽ കണ്ടിട്ടില്ല.

വിമാനത്തിൽനിന്നിറങ്ങുന്ന ചവിട്ടുപടിയുടെ ചുവട്ടിൽത്തന്നെ ബെർളിൻ ഗവമ്മേണ്ടിലെ പ്രോട്ടോക്കോം ആഫീസിൽനിന്നു വന്ന ഒരു ഉദ്യോഗസ്ഥ കാത്തുനില്ക്കുന്നുണ്ടായിരുന്നു. വെള്ളക്കാരുടെ കൂട്ടത്തിൽനിന്നു് ഞങ്ങളെ തിരിച്ചറിയുവാൻ പ്രയാസമില്ല. എങ്കിലും ഓരോരുത്തരെയും പേരുപറഞ്ഞു് സ്വാഗതം ചെയ്യുവാൻ അവൾക്കു സാധിച്ചതു് ഞങ്ങളെ അത്ഭുതപ്പെടുത്താതിരുന്നില്ല. നീളവും വണ്ണവും ആകൃതിയും എല്ലാം അവരെ അറിയിച്ചിരിക്കാം. ഒരു പക്ഷെ വെറും ഊഹവുമായിരിക്കാം. ഞങ്ങൾ കുശലപ്രശ്നങ്ങൾ ചെയ്തു് വിശ്രമമുറിയിൽ എത്തിയപ്പോഴേക്കു് പെട്ടികളും വന്നുതുടങ്ങി. പതുക്കെ നീങ്ങിക്കൊണ്ടിരിക്കുന്ന ഒരു തട്ടിന്മേൽ യാത്രക്കാരുടെ പെട്ടിയും പ്രമാണവും ഒന്നിനുപുറകേ ഒന്നായി പ്രത്യക്ഷപ്പെടുന്നു. ഉടമസ്ഥർ നിരന്നുനിന്നു് കൈനീട്ടി എടുക്കുകയേ വേണ്ടു. ടിക്കററു പരിശോധനയും എണ്ണം തിട്ടപ്പെടുത്തലും ഒന്നുമില്ല. സാമാനങ്ങൾ കിട്ടാതെ വരുമ്പോൾ മാത്രമേ ടിക്കററിൻെറ ആവശ്യമുള്ളു. വിമാനത്തിൽ കയററുകയും ഇറക്കുകയും ചെയ്യുന്നതിനിടയ്ക്കു് പെട്ടിയുടെ പൂട്ടും പിടിയും കോണും മൂലയും ഇളകിപ്പോവുകയും നഷ്ടപ്പെടുകയും ചെയ്യുന്നതു സാധാരണമാണു്. ഈ നഷ്ടങ്ങളെല്ലാം സഹിക്കുകയല്ലാതെ നിവൃത്തിയില്ല.

വിമാനത്താവളത്തിൽ നിന്നു പുറത്തേയ്ക്കുവരുമ്പോൾ ആദ്യം കാണുന്നതു് 1951ൽ സ്ഥാപിച്ച വിചിത്രമായ ഒരു സ്മാരകമാണു്. റഷ്യൻ സൈനികാധികൃതർ ബെർളിനിലേയ്ക്കുള്ള ഗതാഗതം നിരോധിച്ചു് ആ നഗരത്തിലെ ജനങ്ങളെ കഷ്ടപ്പെടുത്തിയപ്പോൾ അവർക്കു് ആവശ്യമുള്ള സകലസാധനങ്ങളും സഖ്യകക്ഷികൾ വിമാനംവഴി എത്തിച്ചുകൊടുത്തതിൻെറ ഉപകാരസ്മരണയാണു് അതിൽ പ്രതിഫലിപ്പിച്ചിരിക്കുന്നതു്. അഭയമുദ്രയുടെയും അനുഗ്രഹക്രിയയുടെയും പ്രതീതി ജനിപ്പിച്ചുകൊണ്ടു് ആകാശത്തിലേക്കു് ഉയന്നു നില്ക്കുന്ന മൂന്നു വിരലുകളുള്ള ഒരു കൈത്തലത്തിൻെറ ഭാവമാണു് ഈ സ്മാരകത്തിൽ കാണുന്നതു്. അമേരിക്കയേയും ഇംഗ്ലണ്ടിനെയും

ഫ്രാൻസിനെയും അതിൽ കൃതജ്ഞതയോടെ അനുസ്മരിച്ചിരിക്കുന്നു.

ബ്രിസ്റ്റൽ—കെമ്പിൻസ്കി എന്ന പ്രസിദ്ധമായ ഹോട്ടലിലാണ് ഞങ്ങൾക്ക് താമസത്തിനുള്ള ഏർപ്പാടുകൾ ചെയ്തിരുന്നതു്. അവിടത്തെ താമസവും ഭക്ഷണവും എനിക്ക് വളരെ ഇഷ്ടപ്പെട്ടു. പക്ഷെ സസ്യഭുക്കായ ഡോക്ടർ മഹാദേവന് കുറച്ചൊക്കെ പ്രയാസപ്പെടേണ്ടി വന്നു. മധുരപദാൎത്ഥങ്ങളും അദ്ദേഹത്തിനു് അഹിതമാകയാൽ പഴങ്ങളുടെ നീരുപോലും വജ്ജിക്കുകയാണ് പതിവു്. "അപ്പോളിനാരിസ്" എന്ന മനോഹരമായ പേരുള്ള ഒരുതരം ധാതുജലവും (സോഡപോലെയിരിക്കും) പുഴുങ്ങിയ പച്ചക്കറികളും കഴിച്ച് രണ്ടാഴ്ചക്കാലം അദ്ദേഹം ജീവിച്ചു. ചിലപ്പോഴൊക്കെ എന്റെ നിബ്ബന്ധത്തിനു വഴങ്ങി പുഴുങ്ങിയ മുട്ട കഴിക്കുവാൻ സമ്മതിച്ചു. അദ്ദേഹത്തിനു് ക്ഷീണം ബാധിക്കുന്നതു കണ്ടിട്ടാണ് ഞാനിങ്ങനെ നിർബന്ധം പ്രയോഗിച്ചതു്. ഹോട്ടലിലെ പരിചാരകന്മാർ അദ്ദേഹത്തിന്റെ നേക്കു് അനുകമ്പയോടെ നോക്കുന്നതു് കൗതുകകരമായ കാഴ്ചയായിരുന്നു. തത്വജ്ഞാനിയുടെ സമചിത്തതകലൎന്ന ചെറുപുഞ്ചിരിയോടെ അദ്ദേഹം അതെല്ലാം വിഗണിക്കുകയും "മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല ജീവിക്കുന്നതു്" എന്ന ആപ്തവാക്യം എനിക്കു് പ്രത്യക്ഷമാക്കിത്തരുകയും ചെയ്തു.

ജെമ്മൻകാർ നല്ല ശാപ്പാട്ടുരാമൻമാരാണ്. അവിടുത്തെ ആളുകളുടെ കണക്കനുസരിച്ച് നമ്മുടെ മുമ്പിൽ കൊണ്ടുവെയ്ക്കുന്ന ഭക്ഷണസാധനങ്ങളിൽ കാൽഭാഗം പോലും തിന്നുതീക്കുവാൻ എനിക്കു് പലപ്പോഴും കഴിയാതെ വന്നു. ഭക്ഷണം ബാക്കിവെച്ചിട്ടുപോകുന്നതു് മര്യാദകേടാകയാൽ, പലപ്പോഴും പരിചാരകരോടു് "ഏററവും ചെറിയ കഷണം കൊണ്ടുവരണം" എന്നു കൂടി ഞാൻ പറയാറുണ്ടായിരുന്നു. ഇതുകേട്ടു് കൂടെയിരുന്ന ദ്വിഭാഷി ഒരിക്കൽ ഇങ്ങനെ പറഞ്ഞു: "പറയാറില്ലെങ്കിലും ഞങ്ങൾ പ്രതീക്ഷിക്കുന്നതു് നേരെമറിച്ചാണ്—

ഏററവും വലിയ കഷണം കൊണ്ടുവരട്ടെ എന്നു്!''

അമിതമായ ഈ ആഹാരപ്രിയത്വംമൂലം ജെമ്മനിയിലെ ജനങ്ങരം തടിയന്മാരായിത്തീരുകയാണെന്നു് നിരീക്ഷകന്മാർ പറയുന്നു. തടിച്ചു കൊഴുത്തു് ഇരട്ടത്താടിയും, ഗോളാകൃതിയായ ശരീരവും ഉള്ള പുരുഷന്മാരെയും സ്ത്രീകളെയും ധാരാളമായി കാണാം. ''ഇരട്ടത്താടി'' ജെമ്മനിയിലെ ഒരു പകച്ചവ്യാധിയായിരിക്കുകയാണെന്നു് ''ടൈം'' എന്ന അമേരിക്കൻ വാരിക ഫലിതം പറഞ്ഞതോക്കുന്നു. യുദ്ധാനന്തരദശയിൽ പട്ടിണി കിടന്നു് കഷ്ടപ്പെട്ടതുമൂലം ഉണ്ടാകുന്ന ഒരു ആഭ്യന്തരപ്രതികരണത്തിൻെറ ഫലമാണു് ആ രാജ്യത്തു് സാവ്ത്രികമായി കാണുന്ന ഈ വൃകോദരത്വമെന്നും അമേരിക്കൻ നിരീക്ഷകന്മാർ വ്യാഖ്യാനിക്കുന്നുണ്ടു്. ഏതായാലും കെമ്പിൻസ്കി ഹോട്ടലിലെ ഭോജനശാലയിൽ കൂടാറുണ്ടായിരുന്ന ജെമ്മൻകാരും അവിടത്തെ വിളമ്പുകാരും, ആഹാരഭീരുക്കളായ രണ്ടു വിചിത്രജീവികളാണു് ഞങ്ങളെന്നു് കരുതിയിരിക്കണം. ഞങ്ങരംപോയ ഹോട്ടലുകളിലെല്ലാം ധാരാളം ജപ്പാൻകാരെ കാണുവാനിടയായി. വ്യവസായവും വ്യാപാരവും സംബന്ധിച്ചു് വന്നവരാണെന്നാണു് തോന്നിയതു്. അവക്കു് കാപ്പിയും ചായയും അല്ല പാലാണു് പ്രധാനപാനീയം. ജെമ്മനിയിൽ ഇതു സുലഭമല്ല. അമേരിക്കൻ സമ്പ്രദായമാണു് ജപ്പാൻകാർ ശീലിച്ചിരിക്കുന്നതു്. പാലു് കുറുക്കിയുണ്ടാക്കുന്ന ക്രീം ജെമ്മൻകാക്കു് വളരെ പ്രിയതരമാണു്. അതും, ഗാലൺ കണക്കിനു കുടിക്കുന്ന ബിയറുമാണത്രെ ഇരട്ടത്താടിക്കും കുടവയറിനും മുഖ്യകാരണം.

## 15 ശുചിത്വഭ്രമം

കെമ്പിൻസ്കി ഹോട്ടലിലെ കുളിമുറികളാണു് എന്നെ ഏററവും കൂടുതൽ ആകഷിച്ചതു്. അവയുടെ ശുചിത്വവും സജ്ജീകരണങ്ങളും നിസ്തുലമെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. പോഴ്സിലൈൻ (ചീനക്കളിമണ്ണു്) വ്യവസായത്തിൽ ജെമ്മനി പണ്ടുതന്നെ പേരെടുത്ത

രാജ്യമാണു്. അതിന്റെകൂടെ, കറപിടിക്കുകയും തുരുമ്പിക്കുകയും ചെയ്യാത്ത സ്റ്റെയിൻലെസ് സ്റ്റീലുംകൂടി ആകുമ്പോൾ കുളിമുറിയിലെ സജ്ജീകരണങ്ങളുടെ കാര്യം ഭദ്രമായി. മുറിക്കകത്തെ വായു പുറത്തേക്കു വലിച്ചെടുക്കുവാനും പകരം ശുദ്ധവായു കടത്തി വിടുവാനും ഏർപ്പാടുകളുണ്ടു്. ഈ പ്രക്രിയ തുടർച്ചയായി നടന്നുകൊണ്ടിരിക്കുകയാണു്. അതുകൊണ്ടു് മലിനവായു മാത്രമല്ല ജലമയംപോലും മുറിയിൽ തങ്ങിനില്ക്കുകയില്ല. നാം മേശപ്പുറത്തു വെയ്ക്കുന്ന അലങ്കാരസാധനങ്ങൾ തുടച്ചു മിനുക്കുന്നതുപോലെയാണു് കുളിമുറികൾ വൃത്തിയാക്കുന്നതു്. ഈ ജോലിയുടെ ചുമതലക്കാരായ സ്ത്രീകൾ അങ്ങേയററത്തെ പ്രശംസയർഹിക്കുന്നു. കുളിത്തൊട്ടിയും കുഴൽമുഖങ്ങളും ചുമരുകൾപോലും വൃത്തിയായിരുന്നാൽ മാത്രം പോരാ, തിളങ്ങണമെന്നുകൂടി അവക്കു നിർബന്ധമുണ്ടു്. മേൽനോട്ടക്കാരുടെ അശ്രദ്ധയാണു് വൃത്തികേടിനു കാരണമെന്നുള്ള സമാധാനം സാധാരണ കേൾക്കാറുള്ളതാണു്. ഇതിൽ വലിയ അത്ഥമൊന്നുമില്ല. എത്ര ശ്രദ്ധിച്ചു് മേൽനോട്ടം നടത്തിയാലും ജോലിചെയ്യുന്നവക്കു് ശുഷ്കാന്തിയില്ലെങ്കിൽ ഒരിക്കലും വേണ്ടത്ര ഫലം ഉണ്ടാവുകയില്ല. തൊഴിലാളികൾക്കു് തങ്ങൾ ചെയ്യുന്ന ജോലിയുടെ മേന്മയെക്കുറിച്ചുള്ള നിർബന്ധമുണ്ടാകണം. അതിൽ അഭിമാനം തോന്നണം. മോശമായ ജോലി ചെയ്യുകയില്ലെന്നു് ദൃഢവ്രതമെടുക്കണം.

കുളി ശുചികരം മാത്രമല്ല, പാപഹരംകൂടിയാണെന്നാണു് മിക്ക സംസ്കാരങ്ങളും കരുതിയിട്ടുള്ളതു്. ഗംഗാസ്നാനം, ജ്ഞാനസ്നാനം എന്നിത്യാദി മതസങ്കല്പങ്ങളുടെ പിന്നിലുള്ള സങ്കല്പം ഇതാണല്ലൊ. നമ്മുടെ പ്രസിദ്ധങ്ങളായ മഹാനദികൾ പുണ്യതീത്ഥങ്ങളായി ആരാധിക്കപ്പെടുന്നു. ഗംഗയേയും നമ്മദയെയുംപററി ശങ്കരാചാര്യസ്വാമികൾ ആവേശപൂണ്ണങ്ങളും അതിമനോഹരങ്ങളുമായ സ്തോത്രങ്ങൾ എഴുതിയിട്ടുണ്ടു്:

ആദാവാദി പിതാമഹസ്യ നിയമ വ്യാപാരപാത്രേ ജലം
പശ്ചാൽ പന്നഗശായിനോ ഭഗവതഃ പാദോദകം പാവനം

ഭൂയഃ ശംഭുജടാവിഭൂഷണമണിർജ്ജഹ്നോർമഹർഷേരിയം
കന്ന്യാ കല്മഷനാശിനീ ഭഗവതീ ഭാഗീരഥീ ദൃശ്യതേ.

എന്നിങ്ങിനെയുള്ള സ്തുതിഗീതങ്ങാം ആരെയാണ് കോാം മയിർ കൊള്ളിച്ചിട്ടില്ലാത്തതു്? പക്ഷെ ജനസംഖ്യയും വ്യവസായങ്ങളും വളരെയധികം വർദ്ധിച്ചിട്ടുള്ള ഇന്നത്തെ കാലത്തു് പുരാണപ്രഥിതങ്ങളായ മഹാനദികളെപ്പോലും ഇങ്ങിനെ വാഴ്ത്തുന്നതു്, മനസ്സിനു പിടിക്കാത്ത കാര്യമായിത്തീൎന്നിരിക്കുന്നു. അവ വൻനഗരങ്ങളുടെയും വ്യവസായ കേന്ദ്രങ്ങളുടെയും അഴുക്കുചാലുകളായി മാറിയിരിക്കുകയാണു്. ഈ വസ്തുത പരിഗണിക്കുമ്പോാം ഓരോ ഭവനത്തിലും ഒരു പുണ്യതീൎത്ഥത്തെ പ്രവഹിപ്പിക്കുവാനുള്ള സൗകര്യമാണു് പാശ്ചാത്യശാസ്ത്രം മനുഷ്യനു നല്കിയിരിക്കുന്നതെന്നു പറയേണ്ടിയിരിക്കുന്നു. ശുദ്ധജലത്തെ കുഴലുകാംവഴി കുളിമുറിയിലൂടെ ഒഴുക്കുന്നതിൻെറ അൎത്ഥം ഫലംകൊണ്ടുനോക്കിയാൽ ഇതാണല്ലൊ. ചൂടോ തണുപ്പോ ഇഷ്ടംപോലെ നിശ്ചയിച്ച്, മുങ്ങിക്കുളിക്കുന്നതിനോ ധാരയിൽ കുളിക്കുന്നതിനോ ഉള്ള സൗകര്യങ്ങളോടുകൂടിയ, വെടിപ്പും ഭംഗിയും തികഞ്ഞ കുളിമുറികാം കണ്ടപ്പോാം എനിക്കു് ഇതാണു് തോന്നിയതു്. വളരെ എളുപ്പം നനച്ചു്, ഇസ്തിരിയിടേണ്ട ആവശ്യമില്ലാതെ, ധരിക്കാവുന്ന വസ്ത്രങ്ങളുംകൂടി ഉപയോഗത്തിൽ വന്നിട്ടുള്ളതുകൊണ്ടു് ദേഹശുദ്ധിയുടെ കാര്യത്തിൽ ഇന്നു് യാതൊരു വിഷമവുമില്ല. ദിവസവും രണ്ടുനേരം, ബാല്യകാലത്തു് പമ്പയാററിൽ കുളിച്ചതിനേക്കാാം സുഖമായി മുങ്ങിക്കുളിക്കുന്നതിനും, അടിയുടുപ്പുകാം അന്നന്നു് നനച്ചെടുക്കുന്നതിനും, എല്ലാദിക്കിലും സൗകര്യം ലഭിച്ചതുകൊണ്ടു് ജെൎമ്മനിയിലെ താമസത്തിൽ എനിക്കു് സവിശേഷമായ സന്തോഷം തോന്നി.

ലിൻ യുട്ടാങ്ങ് എന്ന പ്രസിദ്ധനായ ചൈനീസ് ഗ്രന്ഥകാരൻ പാശ്ചാത്യരുടെ കുളിമുറിഭ്രാന്തു് കുറെ കൂടിപ്പോയി എന്നു് ഖേദിക്കുകയുണ്ടായി. ആധുനികരീതിയിൽ ദേഹശുദ്ധി വരുത്തിയ ഒരു പട്ടിയെപ്പോലും കുളിയിൽ ശ്രദ്ധയില്ലാത്തവനെങ്കിലും പരിപക്വമതിയായി

ജീവിക്കുവാൻ ശീലിച്ച ചൈനക്കാരനേക്കാൾ മാഹാത്മ്യമുള്ള ജീവിയായി അവർ കരുതുന്നു എന്നായിരുന്നു അദ്ദേഹത്തിൻെറ പരാതി. ചൈനയിലെ കഥ എന്തായാലും പരിപക്വമതിത്വവും ശരീരശുദ്ധിയും പരസ്പരം പൊരുത്തപ്പെടുമെന്നുതന്നെയാണ് ഭാരതീയരായ നാം പഠിച്ചിട്ടുള്ളതു്. അതുകൊണ്ടു് കെമ്പിൻസ്കി ഹോട്ടലിലെ താമസം എനിക്കു് ഇഷ്ടപ്പെട്ടു.

ഞങ്ങളുടെ ദ്വിഭാഷിയായി വന്നതു് ഇംഗ്ലണ്ടിൽ താമസിച്ചു് ഇംഗ്ലീഷ്ഭാഷ പഠിച്ച ഒരു യുവതിയാണു്. ഞങ്ങളുടെ സന്ദർശത്തിനു മുമ്പു് അവരുടെ ചുമതലയിൽ കിട്ടിയ വിശിഷ്ടാതിഥി പ്രൊഫസർ ഹുമയൂൺ കബീറായിരുന്നു എന്നും, പ്രൊഫസർമാരുടെയും ഗ്രന്ഥകാരന്മാരുടെയുംകൂടെ ദ്വിഭാഷിയായി പോകുന്നതു് പ്രയാസമുള്ള ജോലിയാണെങ്കിലും തനിക്കു അതൊരു ബഹുമതിയാണെന്നും അവർ മുഖവുര പറഞ്ഞു. ''പക്ഷെ ഞങ്ങൾ മന്ത്രിമാരല്ല'' എന്ന വസ്തുത ഞാൻ അനുസ്മരിപ്പിച്ചപ്പോൾ, ''മിസ്റ്റർ കബീർ മന്ത്രിയുടെ മട്ടിലല്ല പെരുമാറിയതു്. വളരെ വിനയമുള്ള നല്ല മനുഷ്യൻ.'' എന്നു് അവർ പറഞ്ഞു. അറുപതു് വയസ്സായ മിസ്റ്റർ ഷ്മിഡ്ററായിരുന്നു സ്റ്റേററ്കാറിൻെറ ഡ്രൈവർ. അയാൾക്കു് ഇംഗ്ലീഷ് വശമില്ലായിരുന്നു എങ്കിലും എൻെറ ആംഗ്യഭാഷ മനസ്സിലാക്കുവാൻ വിഷമമുണ്ടായില്ല. ഞങ്ങൾ തമ്മിൽ ശബ്ദമില്ലാതെ സാമാന്യം ദീർഘമായി സംഭാഷണം ചെയ്യുന്നതു് ഡോക്ടർ മഹാദേവനും ദ്വിഭാഷിക്കും വളരെ വിനോദത്തിനു വകനല്കി. അയാളുടെ വസ്ത്രങ്ങൾ ഞങ്ങൾ ധരിച്ചിരുന്നതിനേക്കാൾ മെച്ചപ്പെട്ടതായിരുന്നു. താൻ ജെമ്മൻ പ്രസിഡെൻറു് ഡോക്ടർ ലൂബ്കെയെയും കൊണ്ടു കാറോടിച്ചു പോയതിൻെറ ചിത്രം അഭിമാനത്തോടെ അയാൾ ഞങ്ങളെ കാണിച്ചു.

## 16. കാഴ്ചബംഗ്ലാവ്

ഏഷ്യയിലെ കലാവസ്തുക്കൾ പ്രദർശിപ്പിച്ചിരിക്കുന്ന കാഴ്ചബംഗ്ലാവിലേക്കാണു് ഞങ്ങൾ ആദ്യം പോയതു്.

അവിടത്തെ ഡയറക്ടറായ ഡോക്ടർ ഹെർട്ടൽ പ്രാചീന കാലത്തെ പൗരസ്ത്യകലയെപ്പററി ആധികാരികമായി സംസാരിക്കുവാൻ കഴിവുള്ള ഒരു വലിയ പണ്ഡിതനാണു്. ഒരു കാലു് നഷ്ടപ്പെട്ടുപോയി. എങ്കിലും കാറോടിക്കുകയും വടിയൂന്നി നടക്കുകയും ചെയ്യും. പഴയ ഒരു വലിയ കെട്ടിടത്തിലാണു് മ്യൂസിയം സ്ഥാപിച്ചിരിക്കുന്നതെങ്കിലും തൻെറ കൈവശമുള്ള കലാസമ്പത്തിൻെറ പത്തിലൊരംശംപോലും പ്രദർശിപ്പിക്കുവാൻ അവിടെ സ്ഥലം മതിയാകുന്നില്ല എന്നാണു് അദ്ദേഹം പറഞ്ഞതു്. കലവറയ്ക്കുള്ളിൽകൊണ്ടുപോയി അതിൽ കുറെയൊക്കെ ഞങ്ങളെ കാണിക്കുകയും ചെയ്തു. അദ്ദേഹത്തിനു് സംസ്കൃതത്തിലും പാലിയിലും നല്ല പാണ്ഡിത്യമുണ്ടു്. പ്രദക്ഷിണപഥം, പത്മപാണി, ബോധിസത്വാപദാന കല്പലത, അർദ്ധനാരീശ്വരൻ, തുടങ്ങിയ പദങ്ങൾ വ്യക്തമായിത്തന്നെ ഉച്ചരിച്ചു. അവിടെയുള്ള ഓരോ വിഗ്രഹവും ചിത്രവും അദ്ദേഹത്തിനു സുപരിചിതമാണു്. ഓരോന്നിനോടും അങ്ങേയററത്തെ പ്രണയവുമാണു്. ഘോരമായ തപസ്സുകൊണ്ടു് മൃതപ്രായനായ സിദ്ധാർത്ഥൻെറ കൃഷ്ണശിലയിലുള്ള ഒരു വിഗ്രഹം അദ്ദേഹം ഞങ്ങളെ കാണിച്ചു. ആ കാഴ്ച ഇന്നും എനിക്കു ദുഃസ്വപ്നം ഉണ്ടാക്കാറുണ്ടു്. ഇത്രയ്ക്കു ഭയജനകമായ ഒരു കലാശില്പം വേറെയുണ്ടോ എന്നു സംശയമാണു്. "ഇതു് നിർമ്മിച്ച അജ്ഞാതനായ ആ പ്രാചീനശില്പിയുടെ മുമ്പിൽ ആധുനികകാലത്തെ ഏററവും മഹാന്മാരായ കലാകാരന്മാർപോലും നിഷ്പ്രഭരാണു്. ഇതാണു് ആരാധന." എന്നു് ഹെർട്ടൽ പറഞ്ഞു. ഹൈന്ദവകലാവസ്തുക്കളും അനവധിയുണ്ടു്. തെക്കെ ഇന്ത്യയിൽനിന്നു കിട്ടിയ വെങ്കലപ്രതിമകളും കാണുകയുണ്ടായി.

അടുത്ത ദിവസം കാലത്തുള്ള പരിപാടി ബെർളിൻ നഗരത്തിൻെറ വിവിധഭാഗങ്ങളിലൂടെ നടത്തിയ സുദീർഘമായ ഒരു സവാരിയായിരുന്നു. ഏകദേശം മൂന്നു മണിക്കൂറോളം സഞ്ചരിച്ചു. യുദ്ധത്തിനുശേഷം പണികഴിച്ചിട്ടുള്ള പുതിയ കെട്ടിടങ്ങൾക്കു കണക്കില്ല. ഇക്കൂട്ടത്തിൽ ടെലെഫുംകൻ, ഏ. ഈ. ജി., സീമെൻസ്,

തുടങ്ങിയ വ്യവസായസംഘടനകളുടെ ഗംഭീരങ്ങളായ ആഫീസ് മന്ദിരങ്ങളും അനേകശതം കുടുംബങ്ങൾക്ക് താമസിക്കാവുന്ന വമ്പിച്ച വാടകക്കെട്ടിടങ്ങളും ഉൾപ്പെടുന്നു. ഹൻസാ ഡിസ്ട്രിക്ട് എന്നു വിളിക്കുന്ന നഗരപ്രാന്തത്തിൽ രണ്ടാമതു പറഞ്ഞ ജാതിയിൽപെട്ട അതിമനോഹരങ്ങളായ എത്രയോ പുതിയ ഹർമ്മ്യങ്ങൾ കാണുകയുണ്ടായി. ഇവ ഭിന്നരാജ്യക്കാരായ വാസ്തുശില്പികൾ വിഭാവനം ചെയ്തതാണ്. തന്മൂലം അവയ്ക്കു കിട്ടിയിരിക്കുന്ന വൈവിദ്ധ്യം അത്യധികം ആകർഷകമായിരിക്കുന്നു. ചുററിനും പൂന്തോട്ടങ്ങളും കുട്ടികളുടെ കളിസ്ഥലങ്ങളും വൃദ്ധജനങ്ങൾക്ക് ഇരുന്നു കാററുകൊള്ളാനുള്ള വിശ്രമസ്ഥാനങ്ങളും എല്ലാമുണ്ട്.

## 17. നാണക്കേടിൻെറ ഭിത്തി

ബെർളിൻ ധാരാളം സ്ഥലസൗകര്യമുള്ള നഗരമാണ്. വളരെ വർഷങ്ങൾക്കുമുമ്പ് നിർമ്മിച്ച വീഥികൾക്കുപോലും വേണ്ടുവോളം വീതിയുണ്ട്. നഗരത്തിൻെറ നടുവിലുള്ള വനതലത്തെപ്പററി നേരത്തെ പറഞ്ഞതാണല്ലൊ. ബെർളിൻ നഗരത്തിൻെറ ആകെ വിസ്തൃതി 341 ചതുരശ്രമൈലാണ്. ജനസംഖ്യ 32 ലക്ഷം. ഇതിൽ 10 ലക്ഷം ജനങ്ങളുള്ള 156 ചതുരശ്രമൈൽ സ്ഥലം റഷ്യൻ അധീനത്തിലാണ്—പൂർവ്വബെർളിൻ. ഈ ഭാഗത്തെ വേർതിരിച്ചുകൊണ്ടാണ് 1961ൽ റഷ്യൻ അധികാരികൾ കുപ്രസിദ്ധമായ ''ബെർളിൻ ഭിത്തി'' കെട്ടിയതു്. മുപ്പതിൽപ്പരം മൈൽ നീളമുള്ള ഈ കന്മതിൽ മനോഹരമായ ആ നഗരത്തിൻെറ നടുവിലൂടെ വളഞ്ഞുപുളഞ്ഞു പോകുന്നു. അയൽപക്കങ്ങളെയും ബന്ധുക്കളെയും മിത്രങ്ങളെയും നിർദ്ദയം വേർപെടുത്തിയ ഈ നികൃഷ്ടനിബന്ധത്തിനു് ''നാണക്കേടിൻെറ ഭിത്തി'' എന്നാണ് പശ്ചിമബെർളിനിലെ ജനങ്ങൾ പേരിട്ടിരിക്കുന്നതു്. തങ്ങളുടെ പ്രിയപ്പെട്ട നഗരത്തിൻെറ പകുതിയോളം ഭാഗം കമ്മ്യൂണിസ്റ്റു ഭരണത്തിൽ പെട്ടുപോയതിനെക്കാളും, അതിനെ ഇങ്ങിനെ മതിലുകെട്ടി രണ്ടായി പിളർന്നതാണ് അവർക്കു് കൂടുതൽ ദുസ്സഹം. അതിൻെറ പേരിലുണ്ടായിട്ടുള്ള

പ്രതിഷേധങ്ങളും രോഷപ്രകടനങ്ങളും വിലാപങ്ങളും പരിദേവനങ്ങളും ധീരസാഹസങ്ങളും എത്രയെന്നു പറഞ്ഞാൽ ഒടുങ്ങുകയില്ല. തങ്ങളോടു ചെയ്ത ഈ ഘോരമായ അപരാധത്തെക്കുറിച്ച് കൊച്ചുകുട്ടികൾ വരച്ച ചിത്രങ്ങൾ സമാഹരിച്ച് ഒരു പുസ്തകം തന്നെ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഒരു മുള്ളുവേലിയുടെ ഒരുവശത്ത് തള്ളക്കോഴിയേയും മറുവശത്ത് നിസ്സഹായരായി നില്ക്കുന്ന കോഴിക്കുഞ്ഞുങ്ങളെയും വരച്ചിട്ടുള്ള ഒരു ചിത്രം ഇക്കൂട്ടത്തിൽ എനിക്ക് ഏററവും ഹൃദയഭേദകമായിത്തോന്നി.

ഈ ഭിത്തി വലിയ കോട്ടമതിലൊന്നുമല്ല. അഞ്ചോ ആറോ അടിയേ പൊക്കമുള്ളു. ഇഷ്ടികയും കരിങ്കല്ലും കോൺക്രീററും എല്ലാം ഉപയോഗിച്ചിട്ടുണ്ട്. അതിശീഘ്രം നിർമ്മിച്ചതാണ്. കല്ക്കെട്ടിനു മുകളിൽ ഒന്നു രണ്ടടി പൊക്കത്തിൽ മുള്ളുകമ്പിയിട്ടിട്ടുണ്ട്. ഭിത്തിയുടെ അടുത്തു നില്ക്കുന്ന കിഴക്കുഭാഗത്തെ കെട്ടിടങ്ങളിൽ ആരും പാർപ്പില്ല. അവയുടെ ജനലും വാതിലും എല്ലാം കല്ലുകെട്ടി അടച്ചിരിക്കുകയാണ്. ഭിത്തിയിൽ നെടുനീളെ റഷ്യൻ പട്ടാളത്തിന്റെ മേൽനോട്ടമുണ്ട്. അപൂർവ്വം ചില സ്ഥാനങ്ങളിൽ മാത്രമേ ഗേററുകളുള്ളു. അവിടെ വലിയ ബന്തവസ്സാണ്. അപ്പുറത്തേക്കു പോകുവാൻ ഇച്ഛിക്കുന്നവരെ പരിശോധിക്കുന്നതിനും മററും കർശനമായ ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. അങ്ങിനെ പോകുന്നവരിൽ ഭൂരിപക്ഷവും വിദേശീയ സന്ദർശകരാണ്. പശ്ചിമബെർളിൻകാർക്ക് പോകുവാൻ അനുവാദം ഇല്ലെന്നാണ് തോന്നുന്നതു്. ഭിത്തിയുടെ പടിഞ്ഞാറുഭാഗത്ത് ആളുകൾക്കു കയറിനിന്നുനോക്കുവാൻ വേണ്ടി തട്ടുപടികൾ കെട്ടിയിട്ടുണ്ട്. ഞാൻ അതിൽ കയറി നോക്കി. പ്രായേണ വിജനമായ റോഡുകളും വീടുകളും മാത്രമേ കണ്ടുള്ളു. ഭിത്തിയുടെ പരിസരത്തിൽ, ആകപ്പാടെ ഒരു സുഖം തോന്നാത്ത നിശ്ചലത അനുഭവപ്പെടുന്നു. തുടലുപൊട്ടിച്ച ഹിംസ്രമൃഗങ്ങളോ പേപ്പട്ടികളോ ഉള്ളതുപോലെ. കിഴക്കുവശത്തേയ്ക്കു പോകുവാൻ സാധിക്കുമായിരുന്നെങ്കിലും ഞങ്ങൾക്ക് അതിൽ വലിയ താൽപര്യം തോന്നിയില്ല.

ഭിത്തിയുടെ പടിഞ്ഞാറുഭാഗത്തുകൂടി ഞങ്ങൾ വളരെ

ദൂരം കാറോടിച്ചുപോയി. പല സ്ഥലങ്ങളിലും ഇപ്പുറത്തേയ്ക്കു കടക്കുവാനുള്ള ശ്രമത്തിൽ വെടിയേററും അപകടം പററിയും മരിച്ച പൂർവ്വബെർളിൻകാരുടെ സ്മരണയ്ക്കായി സ്ഥാപിച്ച മരക്കുരിശുകറം കണ്ടു. ഓരോന്നിൻെറയും പിന്നിൽ വിശ്വസിക്കാൻ സാധിക്കാത്ത മഹാസാഹസത്തിൻെറ കഥകളുണ്ടു്. സുപ്രസിദ്ധമായ ബ്രാൻഡൻബൂർഗ്ഗ്ഗേററ് ഭിത്തിയുടെ കിഴക്കുവശത്താണു്. എങ്കിലും വലിയ എടുപ്പായതുകൊണ്ടു് ഇപ്പുറത്തുനിന്നാലും കാണാം. അതിന്നു് അഭിമുഖമായി കിടക്കുന്നതും ഭിത്തിയിൽ ചെന്നു മുട്ടുന്നതുമായ റോഡിൻെറ ഇടത്തുഭാഗത്തു് (പശ്ചിമബെർളിൻ അതിർത്തിക്കകത്തു്) കുറച്ചു സ്ഥലം റഷ്യൻ അധീനതയിലുണ്ടു്. അവിടെ ഒരു റഷ്യൻ ഭടൻെറ വലിയ പ്രതിമ സ്ഥാപിച്ചിരിക്കുന്നു. ഒരു മനുഷ്യൻെറ മൂന്നോ നാലോ ഇരട്ടി വലിപ്പം കാണും. വളരെ ഉയരത്തിലാണു് നില്ക്കുന്നതും. ഉരുക്കു തൊപ്പിയും സമരോപകരണങ്ങളും ധരിച്ച രൂപമാണു്. ആ സ്ഥലത്തും റഷ്യൻ പട്ടാളക്കാരുണ്ടു്.

## 18. ഹിററ്ലർ സ്മരണ

ഹിററ്ലറുടെ മന്ത്രിസഭാ മന്ദിരം നിന്ന സ്ഥലം ഭിത്തിയുടെ മറുവശത്താണു്. അല്പം ഉയൎന്ന ഒരു കുന്നാണതു്. ശൂന്യമായിക്കിടക്കുന്നു. ഭൂമിയ്ക്കടിയിൽ അനേകം നിലകളിലുള്ള മുറികളുണ്ടു്. യുദ്ധകാലത്തു് അവിടെയാണു് ഹിററ്ലർ താമസിച്ചതു്. ശത്രുക്കളുടെ സൈന്യം സമീപത്തെത്തിയെന്നും, മന്ത്രിസഭാ മന്ദിരത്തിൻെറ മുമ്പിൽതന്നെ യുദ്ധം നടക്കുന്നു എന്നും അറിഞ്ഞപ്പോറം അദ്ദേഹം ആത്മഹത്യചെയ്തു. വിഷംതിന്നു മരിച്ചു എന്നാണു് ആയിടയ്ക്കു കേട്ടിരുന്നതു്. അങ്ങിനെ മരിച്ചതു് അദ്ദേഹത്തിൻെറ ഭാര്യയായ ഈവാ ബ്രൗൺ ആണെന്നും, ഹിററ്ലർ സ്വന്തം വായിലേക്കു് വെടി വെയ്ക്കുകയാണു് ചെയ്തതെന്നും ദ്വിഭാഷി ഞങ്ങളോടു പറഞ്ഞു. മൃതദേഹങ്ങറം പരിചാരകന്മാർ പെട്രോളൊഴിച്ചു് ദഹിപ്പിച്ചുകളഞ്ഞു. ഭൂമിക്കടിയിലുള്ള മന്ത്രശാലകളും പാൎപ്പിടങ്ങളും ബോംബിട്ടു പൊളിക്കുവാൻ റഷ്യൻ

സൈന്യം ശ്രമിച്ചുവെങ്കിലും സാധിച്ചില്ല. അതുകൊണ്ടു് വെള്ളംകയററി മൂടുകയാണു ചെയ്തതു്. അതൊരു കാഴ്ച സ്ഥലമായിവെച്ചിരുന്നെങ്കിൽ പൂവ്ബെർളിൻ അധികാരികാംക്കു് ഇന്നു് നല്ല ആദായം ഉണ്ടാക്കുവാൻ കഴിയുമായിരുന്നു എന്നു ദ്വിഭാഷി അഭിപ്രായപ്പെട്ടു.

ഹിററു്ലറുടെ രംഗപ്രവേശവും അതേത്തുടന്നു് യൂറോപ്പിലുണ്ടായ രാഷ്ട്രീയകലാപങ്ങളും 1939ലെ യുദ്ധപ്രഖ്യാപനവും ആ മഹാവിപത്തിൻെറ ഭയങ്കരപരിപാടികളും ഇന്നലെ നടന്നതുപോലെ ഞാൻ ഓമ്മിക്കുന്നു. 1936—ൽ ജന്തുശാസ്ത്രഗവേഷണത്തിൻെറ ആവശ്യത്തിനായി ജെമ്മനിയിൽ നിന്നു് എഴുതി അയച്ചുവരുത്തിയ ഒരു പ്രബന്ധത്തിൻെറ കൂടെ ഹിററു്ലറുടെ പ്രസിദ്ധമായ ഒരു പ്രസംഗത്തിൻെറ പരിഭാഷയും അടക്കംചെയ്തിരുന്നു. ആ പ്രസംഗത്തിലാണു് അദ്ദേഹം വെഴ്സായ് ഉടമ്പടിയിൽ ജെമ്മനിരേഖപ്പെടുത്തിയ ഒപ്പു് പിൻവലിക്കുന്നതായി പ്രഖ്യാപിച്ചതു്. ജെമ്മൻ സൈന്യം ആസ്ത്രിയ പിടിച്ചടക്കിയതും, ചെക്കോസ്ലോവാക്കിയയെ കുമ്പിടുവിച്ചതും, ബ്രിട്ടീഷ് പ്രധാനമന്ത്രിയായിരുന്ന ചേംബർലെയിനുമായി സന്ധിസംഭാഷണം നടത്തിയതും, യുദ്ധം പ്രഖ്യാപിച്ചു് മൂന്നാഴ്ചകൊണ്ടു് പോളണ്ടിനെ കീഴടക്കിയതും, എതിർവശത്തേയ്ക്കുതിരിഞ്ഞു് ഫ്രാൻസ്, ബെൽജിയം, ഹോളണ്ടു്, ഡെന്മാക്കു്, നോർവേ എന്നീ രാജ്യങ്ങളെയെല്ലാം ഒന്നിനുപുറകെ ഒന്നായി പരാജയപ്പെടുത്തി ആധിപത്യം സ്ഥാപിച്ചതും, ലോകമേധാവിത്വം തന്നെ നേടിക്കളയുമെന്ന നിലയിൽ എത്തിയതും എല്ലാം ആ മന്ത്രിസഭാമന്ദിരം നിന്ന മണ്ണുകണ്ടപ്പോഠം എൻെറ മനസ്സിലൂടെ പാഞ്ഞുപോയി. അക്കാലത്തു്, ഇന്ത്യയുടെ ഭരണാധികാരികളായിരുന്ന ബ്രിട്ടീഷുകാരോടുള്ള വിരോധംമൂലം, ഹിററു്ലറുടെ ദിഗ്‌വിജയം ഭാരതീയരെ ആഹ്ലാദിപ്പിച്ചിരുന്നു. അദ്ദേഹം ഒരു അത്ഭുതപുരുഷനാണെന്നുപോലും പലരും വിശ്വസിച്ചു. ജെമ്മൻ പ്രചാരണവകുപ്പിൻെറ മേധാവിയായിരുന്ന ഡോക്ടർ ഗോയ്ബെത്സിൻെറ അതിസമത്ഥമായ പ്രക്ഷേപണപരിപാടികളും ഈ പ്രതീതി ജനിപ്പിക്കുവാൻ സഹായിച്ചു. ഹിററു്ലറുടെ

സേനാനായകന്മാരുടേയും യുദ്ധവിമാനങ്ങളുടെയും ടാങ്കുകളുടെയും പേരുകാംപോലും പലക്കും സുപരിചിതമായിരുന്നു. ടെലെഫുംകൻ എന്ന ജെമ്മൻ റേഡിയോ വകുപ്പിൻെറ ഇംഗ്ലീഷിലുള്ള പ്രക്ഷേപണങ്ങരം അക്കാലത്തു് ഞാൻ കൂടെക്കൂടെ കേരംക്കാറുണ്ടായിരുന്നു. ''ലോഡ് ഹാഹാ'' എന്ന പരിഹാസപ്പേരിൽ അറിയപ്പെട്ടിരുന്ന ഒരു ഇംഗ്ലീഷ്കാരൻെറ പ്രസംഗങ്ങളും സമരവിവരണങ്ങളുമാണു് ഇക്കൂട്ടത്തിൽ ഏററവും രസകരങ്ങളായിരുന്നതു്.

സാമാന്യം മോശമായ ജെമ്മൻഭാഷയിൽ അങ്കക്കലി കൊണ്ടു്, അറുകൊലതുള്ളി, രാഷ്ട്രീയപ്രസംഗങ്ങരം ചെയ്യുവാനല്ലാതെ മറെറാന്നിനും ഹിററ്ലക്ക് കഴിവില്ലായിരുന്നു എന്നാണു് പറയുന്നതു്. അദ്ദേഹത്തിനു പറയത്തക്ക വിദ്യാഭ്യാസംപോലും ലഭിച്ചിരുന്നില്ല. ഇങ്ങിനെയുള്ള ഒരു മനുഷ്യൻ അധികാരം പിടിച്ചെടുത്തതും, ആറേഴവഷം കൊണ്ടു് ലോകത്തെ മുഴുവൻ വിറപ്പിക്കത്തക്കനിലയിൽ എത്തിച്ചേന്നതും ആധുനികകാലത്തെ മഹാത്ഭുതങ്ങളിൽ ഒന്നാണു്. അതിൻെറ രഹസ്യങ്ങരം മനസ്സിലാക്കുന്നതിനുവേണ്ടി ജെമ്മൻ ചരിത്രാധ്യാപകന്മാർ ഇപ്പോഴും പഠനങ്ങരം നടത്തിക്കൊണ്ടിരിക്കുകയാണു്. ജെമ്മനിയിൽപോലും ഇക്കൂട്ടക്ക് മാത്രമെ പ്രസ്തുത വിഷയത്തിൽ വല്ല താത്പര്യവും കാണുന്നുള്ളു എന്നുകൂടി പറയേണ്ടിയിരിക്കുന്നു. കഴിഞ്ഞതെല്ലാം കഴിഞ്ഞു; അതിനുള്ള പ്രായശ്ചിത്തവും ചെയ്തു.. ഇനിയുമെന്തിനു് അതേക്കുറിച്ചു ചിന്തിച്ചു് മനസ്സു് പുണ്ണാക്കുന്നു? പാപത്തിൻെറ കൂലി മരണമാണു്. ജെമ്മനി അതും പലിശയും, പലിശക്കു പലിശയും, കൊടുത്തുതീത്തു. മാന്യന്മാരെപ്പോലെ ജീവിക്കുവാൻ കഴിയുമോ എന്നാണു് ഇപ്പോരം നോക്കാനുള്ളതു്. ഇതാണു് ആ രാജ്യക്കാരുടെ ഇന്നത്തെ മനോഭാവം.

ഒരു മഹായുദ്ധത്തിൻെറ മനഃക്ഷോഭങ്ങരം ഇത്രവേഗം നീങ്ങുമെന്നു് വിചാരിക്കുവാൻ തന്നെ പ്രയാസമായിരിക്കുന്നു. ജെമ്മൻ ജനതക്കു് ഇതെങ്ങിനെ സാധിച്ചു എന്നു മനസ്സിലാകുന്നില്ല. ഇന്നു ജീവിച്ചിരിക്കുന്ന

ജെമ്മൻകാരിൽ ഒരു വലിയ വിഭാഗത്തിൻെറ ബന്ധുമിത്രാദികൾ ദുമ്മരണത്തിനു് ഇരയാവുകയും, വീടും കുടിയും എന്നല്ല സവ്സ്വവും നശിക്കുകയും ചെയ്തിട്ടുണ്ടാവണം. വ്യക്തിഗതങ്ങളായ ഈ മഹാദുഃഖങ്ങളേയും തീവ്രവേദനകളെയും അടക്കുന്നതിനും മറക്കുന്നതിനും അമാനുഷമായ മനശ്ശക്തി വേണം. ഇന്നത്തെ ജെമ്മൻകാരൻ ഉരുക്കിനെ ജയിക്കുന്ന ഈ ധീരധീത്വം സമാജ്ജിച്ചിരിക്കുന്നതായിട്ടാണു് കാണുന്നതു്. അവിടത്തെ വൃദ്ധസ്ത്രീകൾപോലും ഹിററു്ലറുണ്ടാക്കിയ ദുരിതാനുഭവങ്ങൾ വിസ്തരിച്ചു് ഗാന്ധാരീവിലാപത്തിനു തുനിയുന്നില്ല. അത്യന്ത കക്കശമായ സൈനികശിക്ഷണത്തിൽ അധിഷ്ഠിതമായിരുന്ന പഴയ പ്രഷ്യൻ സംസ്കാരത്തിൻെറ പാരമ്പര്യമാണു് ഇതെന്നു തോന്നുന്നു. ക്ഷുദ്രങ്ങളായ ഹൃദയദൗബ്ബല്യങ്ങൾക്കു് അടിപെട്ടു് വിഷാദമൂത്തികളായിത്തീരാതെ ക്ഷത്രധമ്മത്തെ ഏററവും വലിയ ജീവിതമൂല്യമായി കരുതണമെന്നാണു് ആ പാരമ്പര്യം പഠിപ്പിച്ചതു്. താപത്രയത്തെ ജയിക്കുവാനുള്ള മനക്കരുത്തുണ്ടെങ്കിൽ എല്ലാ പുരുഷാത്ഥങ്ങളും നേടാമെന്നും ജെമ്മൻ ജനത വിശ്വസിക്കുന്നു.

## 19 "കിഴവൻ കുറുനരി"

ഈ വരികൾ എഴുതുന്ന സമയത്താണു് ഡോക്ടർ കോൺറാർഡു് അഡെനോവർ പശ്ചിമജെമ്മനിയുടെ പ്രധാനമന്ത്രിസ്ഥാനം ഒഴിഞ്ഞിരിക്കുന്നു എന്ന വാത്ത വന്നതു്. 87 വയസ്സുള്ള ഈ രാജ്യതന്ത്രജ്ഞൻ ജെമ്മൻ ജനതയുടെ ആത്മവിശ്വാസത്തിൻെറ പ്രതീകമാണെന്നു് പറയേണ്ടിയിരിക്കുന്നു. വിപത്സന്ധികളിലാണല്ലോ രാഷ്ട്രീയനേതാക്കന്മാരുടെ യഥാത്ഥമഹത്വം വെളിപ്പെടുന്നതു്. യുദ്ധത്തിൽ തോററു് സമ്പൂണ്ണമായി നശിച്ചു് നിലംപതിച്ച ജെമ്മനിയുടെ ഭരണഭാരമാണു് അദ്ദേഹം ഏറെറടുത്തതു്. തൻെറ ജനങ്ങളുടെ അപരാധങ്ങളെ അദ്ദേഹം ലഘൂകരിച്ചില്ല. പക്ഷെ അവർ എക്കാലവും നാശഗത്തത്തിൽ കിടക്കണമെന്നു് സമ്മതിക്കുവാൻ അദ്ദേഹം തയ്യാറില്ലായിരുന്നു. അവരെ ലോകരാഷ്ട്രങ്ങളുടെ ഇടയിലേക്കു് അന്തസ്സോടുകൂടിത്തന്നെ ആനയിക്കു

വാനാണു് അദ്ദേഹം യത്നിച്ചതു്. ഈ മഹോദ്യമം എല്ലാവരുടെയും പ്രതീക്ഷയിൽ കവിഞ്ഞു് വിജയിച്ചതു കണ്ടിട്ടേ അദ്ദേഹം വിരമിച്ചുള്ളൂ. ജെമ്മനിയുടെ ജേതാക്കളിൽ പലക്കും തങ്ങളുടെ രാജ്യത്തു് ഇനിയും പരിഹരിക്കുവാൻ കഴിഞ്ഞിട്ടില്ലാത്ത വിഷമമേറിയ പല പ്രശ്നങ്ങളും ഈ "കിഴവൻ കുറുനരി"യുടെ നേതൃത്വത്തിൽ അദ്ദേഹത്തിന്റെ രാഷ്ട്രം സമത്ഥമായി പരിഹരിച്ചു. ജെമ്മനി യുദ്ധത്തിൽ പരാജയപ്പെട്ടു എങ്കിലും സമാധാനത്തിൽ വിജയിക്കുകയാണു് ചെയ്തതു്. "ബിസ്മാക്കിനുശേഷമുണ്ടായ ഏറ്ററവും മഹാനായ രാജ്യതന്ത്രജ്ഞൻ" എന്നു് വിൻസ്റ്റൺ ചച്ചിൽ അഡെനോവറെ പ്രശംസിച്ചതു് തികച്ചും അത്ഥവത്താണു്. ബിസ്മാക്കിനുപോലും തന്റെ പിതൃഭൂമിയെ സമ്പൂണ്ണവിനാശത്തിൽനിന്നു് ഉയിത്തെഴുന്നേല്പിക്കേണ്ട ഭാരം ഉണ്ടായില്ല.

ബെർളിൻ ഭിത്തിയുടെ സമീപത്തു് ഒരു കൂടാരം കെട്ടി അതിനുള്ളിൽ ഒരാഴ്ചത്തെ സത്യഗ്രഹം അനുഷ്ഠിക്കുന്ന ഗോരഖ്പൂർകാരനായ സുക്കി എന്ന ഇന്ത്യക്കാരനെ ഞങ്ങൾ സന്ദശിച്ചു. റഷ്യൻ അധികാരികൾ ഇങ്ങിനെ ഒരു മതിലു കെട്ടിയതിൽ പ്രതിഷേധിക്കുന്നതിനും, അതു് ഉടനെ നീക്കം ചെയ്യേണ്ടതിന്റെ ആവശ്യം ലോകത്തെ മനസ്സിലാക്കുന്നതിനുംവേണ്ടി, ഗാന്ധിമാഗ്ഗം സാവ്വലൌകിക പ്രശ്നങ്ങളുടെ പരിഹാരത്തിനായി വിനിയോഗിക്കുന്നതിന്റെ ആദ്യത്തെ പടിയായി, താൻ നിരാഹാരവ്രതം സ്വീകരിക്കുകയാണെന്നു് അദ്ദേഹം ഞങ്ങളോടു പറഞ്ഞു. സഹായത്തിനായി ഒന്നുരണ്ടു ചെറുപ്പക്കാരും കൂടെയുണ്ടു്—ജെമ്മൻകാർ. വ്രതം തുടങ്ങിയിട്ടു് മൂന്നോ നാലോ ദിവസം ആയിരുന്നെങ്കിലും ആളിനു് വലിയ ക്ഷീണമൊന്നും കണ്ടില്ല. സത്യഗ്രഹം, എനിക്കെങ്കിലും, അത്ര വലിയ പുതുമയൊന്നും അല്ലായിരുന്നതുകൊണ്ടു് സുക്കിക്കു് വിജയം ആശംസിച്ചിട്ടു് ഞങ്ങൾ വേഗം മടങ്ങിപ്പോന്നു. ഡോക്ടർ മഹാദേവന്റെ മുഖത്തു് തത്വജ്ഞാനിയുടെ മന്ദഹാസം സ്ഫുരിച്ചു. ദ്വിഭാഷി കൂടെത്തന്നെ ഉണ്ടായിരുന്നതുകൊണ്ടു്, എന്തോ നാക്കിൽ ഉദിച്ചു എങ്കിലും, ഞാൻ മിണ്ടിയില്ല. തമി

ഴിൽ പറയാമെന്നുവെച്ചാൽപ്പോലും സ്വരംകൊണ്ടു് അഭിപ്രായഗതി ഊഹിക്കുവാൻ കഴിയുമല്ലൊ.

അതിനുശേഷം ബെർളിനിലെ ഫ്രീ യൂനിവേർസിററിയിൽ ഞങ്ങരം കുറച്ചുസമയം ചെലവഴിച്ചു. പ്രൊഫസർമാർ ആരും ഇല്ലായിരുന്നു. പബ്ലിക്ക് റിലേഷൻസ് വകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ ദ്വിഭാഷിയുടെ സഹായത്തോടെ സർവ്വകലാശാലയുടെ ചരിത്രവും, ഭരണഘടനയും, വേണ്ടത്ര സ്ഥലസൗകര്യമില്ലാത്തതുകൊണ്ടുള്ള പ്രയാസങ്ങളും, എല്ലാം വിവരിച്ചുതന്നു. അവരുടെ ഏററവും നല്ല കെട്ടിടം അമേരിക്കയിലെ ഫോർഡ് ഫൗണ്ടേഷൻ നല്കിയ ഉദാരമായ സംഭാവനകൊണ്ടു് അടുത്ത കാലത്തു നിർമ്മിച്ചതാണു്. അതിൽ ഗ്രന്ഥാലയവും വലിയ പ്രസംഗശാലകളുമാണു് സ്ഥാപിച്ചിരിക്കുന്നതു്. പ്രസിഡൻറു കെന്നഡി ബെർളിനിൽ ചെന്നപ്പോരം ഈ സർവ്വകലാശാല സന്ദർശിക്കുകയുണ്ടായി.

അമേരിക്കൻ സൈന്യത്തിൻെറ ആവശ്യത്തിനായി നഗരത്തിൻെറ ഒരു നല്ല ഭാഗം വിട്ടുകൊടുത്തിട്ടുണ്ടു്. അവിടെ അവർ വീടുകളും ഓഫീസ് കെട്ടിടങ്ങളും സ്കൂളുകളും സിനിമാശാലകളും നീന്തൽക്കുളങ്ങളും എല്ലാം പുതുതായി നിർമ്മിച്ചിരിക്കുന്നു. അതു് നഗരത്തിനുള്ളിലെ ഒരു ചെറുനഗരമാണെന്നു പറയാം. ലൂഷ്യസ് ക്ലേ എന്ന അമേരിക്കൻ സേനാനായകൻെറ പേരിലാണു് ഈ പുതിയ നഗരവിഭാഗം അറിയപ്പെടുന്നതു്. അമേരിക്കൻ തലസ്ഥാനമായ വാഷിങ്ടണുമായി നേരിട്ടു സംസാരിക്കുവാൻ സഹായിക്കുന്ന അത്യുന്നതമായ ഒരു റേഡിയോസ്തൂപം അവിടെ സ്ഥാപിച്ചിട്ടുണ്ടു്.

## 20. സൽക്കാരം

ബെർളിൻ സംസ്ഥാനഗവണ്മെൻറിലെ വാർത്താ വിതരണവകുപ്പിൻെറ അദ്ധ്യക്ഷനായ ഡോക്ടർ ഹാർട്ടു്മാൻ, ഈജിപ്തുകാരനായ ഒരു സ്ഥാനപതിയെയും ഞങ്ങളെയും ഉദ്ദേശിച്ചു് സുപ്രസിദ്ധമായ ഗെഹർഹസ് ഹോട്ടലിൽവെച്ചു് ഒരു മദ്ധ്യാഹ്ന വിരുന്നുസല്ക്കാരം നടത്തി.

സാധാരണ രീതിയിലുള്ള ഒരു സംഘസദ്യയായിരിക്കുമെന്നാണ് ഞാൻ വിചാരിച്ചത്. പക്ഷെ അവിടെ ചെന്നപ്പോൾ കണ്ടതു് ഔപചാരികവും ഔദ്യോഗികവും ആയ ഒരു ചടങ്ങാണ്. രണ്ടു മണിക്കൂറോളം സമയമെടുത്തു. പ്രത്യേകക്ഷണമനുസരിച്ച് ഡോക്ടർ ഹെർട്ടലും മററു ചില അതിഥികളും സന്നിഹിതരായിരുന്നു. ഈജിപ്തുകാരൻ ഒരു ചരിത്ര പ്രൊഫസ്സറായിരുന്ന ആളാണ്. അദ്ദേഹം ആർനോൾഡ് ടോയൻബിയുടെ ''എ സ്റ്റഡി ഓഫ് ഹിസ്റ്ററി'' എന്ന ഗ്രന്ഥത്തിനു് സൊമ്മർവെൽ എഴുതിയ സംഗ്രഹം അറബിഭാഷയിലേയ്ക്കു് തർജ്ജമ ചെയ്തിട്ടുണ്ടു്. അതുകൊണ്ടു് സംഭാഷണം ആകപ്പാടെ രസകരമായിരുന്നു. ഭക്ഷണം കഴിക്കുവാൻ ഇരുന്നപ്പോൾ ആതിഥേയനായ ഡോക്ടർ ഹാർട്ട്മാൻ നല്ല ഇംഗ്ലീഷ് ശൈലിയിൽ പ്രൗഢമായ ഒരു പാനോപചാരപ്രസംഗം നടത്തി. അതിനുള്ള മറുപടിപ്രസംഗം ഞാൻ ചെയ്യണമെന്നു് ഡോക്ടർ മഹാദേവൻ ആംഗ്യഭാഷയിൽ നിർദ്ദേശിച്ചു. (അദ്ദേഹം അല്പം അകലെയാണ് ഇരുന്നതു്.) ഞാൻ എഴുന്നേല്ക്കുന്നതു കണ്ടപ്പോൾ ഈജിപ്തുകാർ, തനിക്കു വേണ്ടിക്കൂടി രണ്ടു വാക്കു പറയണമെന്നുള്ള നിശ്ശബ്ദപ്രാർത്ഥനചെയ്തു. അങ്ങിനെ ഇന്ത്യയ്ക്കും യുണൈററഡ് ആരബ് റിപ്പബ്ലിക്കിനുംവേണ്ടി ഞാൻ മറുപടി പറഞ്ഞു. കുപ്രസിദ്ധിയാർജ്ജിച്ച ബെർളിൻ ഭിത്തിയെപ്പററി കേട്ടിട്ടുണ്ടായിരുന്നെങ്കിലും അന്നു കാലത്താണ് അതു് എത്ര ആസുരമായ ഒരു വൈകൃതമാണെന്നു മനസ്സിലായതു് എന്നുള്ള എൻെറ പ്രസ്താവന അവർക്കു് വളരെ ബോധിച്ചു. അതു് ബെർളിൻകാരിലും ജെർമ്മൻ ജനതയിലും ഉളവാക്കിയിട്ടുള്ള മനഃക്ഷോഭം ഞങ്ങൾക്കു് അല്പമൊക്കെ അനുഭവിച്ചറിയുവാനും സാധിച്ചു എന്നു പറഞ്ഞപ്പോൾ ഡോക്ടർ ഹാർട്ട്മാൻെറ മുഖം ജ്വലിക്കുന്നതുപോലെ തോന്നി.

ഷോപ്പൻഹവർക്കു് ഉപനിഷത്തുകളിലും ഗോയ്ഥേയ്ക്കു് ശാകുന്തളത്തിലും ഉണ്ടായ അഭിനിവേശത്തെപ്പററിയും, മാക്സ്മുള്ളർ ഇന്ത്യയിൽ വരാതെതന്നെ ആ പുരാതനസംസ്കാരത്തിൻെറ ആദ്ധ്യാത്മികാന്തരീക്ഷത്തിൽ ജീവിച്ചതിനെക്കുറിച്ചും, കാൻറു്, ഹേഗൽ, സ്പെ

ങ്ഗ്ളർ തുടങ്ങിയ ജെർമ്മൻ ചിന്തകന്മാരുടെ തത്വജ്ഞാനത്തെപ്പററിയും എല്ലാം ഞങ്ങരം സംസാരിച്ചു. ഷോപ്പൻഹവർ ഉപനിഷത്തുകരം പഠിച്ചത് ലത്തീൻ ഭാഷയിലുള്ള തജ്ജമകരം മുഖേനയാണെന്നും, അദ്ദേഹം സംസ്കൃതം പഠിക്കാഞ്ഞത് കഷ്ടമായിപ്പോയെന്നും ഡോക്ടർ ഹെട്ടൽ പറഞ്ഞു. ഇന്ത്യയിലെ ഭാഷാവൈവിദ്ധ്യം വിദ്യാഭ്യാസവിഷയത്തിൽ ഒരു ദൗഘടമല്ലേ എന്ന് ഈജിപ്തുകാരൻ ചോദിച്ചു. ''ദൗഘടമാണെന്നു വിചാരിക്കുകയും പറയുകയും ചെയ്തുകൊണ്ടിരുന്നാൽ ദുർഘടംതന്നെ ആകും. ഇന്ത്യയെ ജെർമ്മനിയോടോ ഈജിപ്തിനോടോ താരതമ്യപ്പെടുത്താതെ യൂറോപ്പിനോടു താരതമ്യപ്പെടുത്തിയാൽ ഭാഷാവൈവിദ്ധ്യം അത്രയൊന്നും അസാധാരണമല്ലെന്നും, അതൊരു മഹത്തായ പാരമ്പര്യസമ്പത്താണെന്നും കാണാവുന്നതാണ്.'' എന്നായിരുന്നു എൻെറ മറുപടി.

ഇതുകേട്ട് ഡോക്ടർ ഹാർട്ട്മാൻ ''ജെർമ്മൻകാരെല്ലാം ഒരേഒരു ഭാഷയാണ് സംസാരിക്കുന്നതെന്നുള്ള അഭിപ്രായം ശരിയല്ല. കുറച്ചുകാലം മുമ്പ് ഞാൻ കൊളോണിൽ താമസിക്കുകയുണ്ടായി. ഭാഷയുടെ കാര്യം നോക്കിയാൽ ചൈനക്കാരുടെ ഇടയ്ക്ക് ജീവിയ്ക്കുന്നതുപോലെയാണ് എനിക്കു തോന്നിയത്.'' എന്നു പ്രസ്താവിച്ചപ്പോരം എല്ലാവരും ചിരിച്ചുപോയി. ''അങ്ങ് കളി പറയുകയാണോ?'' എന്ന് ഞാൻ ചോദിച്ചു. ''അല്ല, സത്യമാണ്. എൻെറ കുട്ടികരം സ്കൂളിൽനിന്നു പഠിച്ചു കൊണ്ടുവന്ന സാധാരണ വാക്കുകളിൽ പകുതിപോലും എനിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞിരുന്നില്ല.'' എന്നായിരുന്നു അദ്ദേഹത്തിൻെറ മറുപടി. എന്നിട്ട് ഹെട്ടലിനെ നോക്കി കുറെ ഉദാഹരണങ്ങളും പറഞ്ഞു.

ഏററവും ഹൃദ്യമായ ആ സൽക്കാരത്തിനുശേഷം ഞങ്ങരം താമസസ്ഥലത്തേക്കു പോയി. അന്നു രാത്രി അടുത്തുതന്നെയുള്ള ഒരു നാടകശാലയിൽ പോകുന്നതിനു ടിക്കററു കിട്ടിയിരുന്നു. ബെർനാഡ്ഷായുടെ ''പിഗ്മേലിയൻ'' ആയിരുന്നു കഥ. പക്ഷെ ജെർമ്മൻ ഭാഷയിലായിരുന്നതുകൊണ്ട് സംഭാഷണഭംഗികരം മനസ്സി

ലാക്കവാൻ സാധിച്ചില്ല. എങ്കിലും അഭിനയം പൊടി പൊടിച്ചു. രംഗസജ്ജീകരണങ്ങരം കേമമായിരുന്നു. കറങ്ങുന്ന അരങ്ങാണു്. ഒരു രംഗം നടക്കുമ്പോരംത്തന്നെ അടുത്തതിനുള്ള ഒരുക്കങ്ങരം അങ്ങേപ്പുറത്തു് ചെയ്യുന്നുണ്ടാവും. പിന്നെ അതിങ്ങോട്ടു തിരിക്കുകയേവേണ്ടൂ. കോണിപ്പടികളും ഇരുനില മാളികകളും സ്വീകരണമുറിയും വായനശാലയും എല്ലാം സജ്ജമാക്കിയിരിക്കും.

## IV

### 21. ജലജന്തുശാല

ബെർളിനിലെ പേരുകേട്ട ജലജന്തുശാലയും മൃഗശാലയും ഞങ്ങരം കണ്ടു. രണ്ടും സ്വകാര്യസ്ഥാപനങ്ങളാണു്. ഗവണ്മെൻറുവക സ്ഥലം ദീർഘകാലത്തെ പാട്ടത്തിനു് എടുത്തിട്ടുണ്ടെന്നേയുള്ളു. ജലജന്തുശാല വലിപ്പത്തിൽ ലോകത്തിൽവെച്ചു് രണ്ടാംസ്ഥാനം അർഹിക്കുന്നതാണു്. (ഒന്നാംസ്ഥാനം അമേരിക്കയിൽ ഫ്ലോറിഡ എന്ന സ്ഥലത്തുള്ള സ്ഥാപനത്തിനാണു് കിട്ടിയിരിക്കുന്നതു്.) അതു കണ്ടിട്ടു് എനിക്കു് മതിവന്നില്ലെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. ഭിന്നജാതികളിൽപെട്ട രണ്ടുമൂവായിരം ജലജന്തുക്കരം അവിടെ ജീവിക്കുന്നുണ്ടു്— ലോകത്തിൻെറ പല ഭാഗങ്ങളിലുംനിന്നു വന്നവ. എല്ലാം അത്യുത്സാഹത്തോടെ നീന്തിക്കളിക്കുന്നു. തെക്കെ ഇന്ത്യയിലെ മത്സ്യങ്ങളും ഉണ്ടു്. ജലജന്തുക്കളുടെ ആകൃതിവിശേഷവും വർണ്ണഭംഗിയും ജീവിതരീതിയുടെ സവിശേഷതകളും കാണിക്കുവാനാണു് യത്നിച്ചിട്ടുള്ളതു്. ആഫ്രിക്ക, ആസ്ത്രേലിയ, തെക്കെ അമേരിക്ക എന്നീ ഭൂഖണ്ഡങ്ങളിൽ മാത്രം കാണപ്പെടുന്ന, ശ്വാസകോശങ്ങളുള്ള, ഒരു കൂട്ടം വിചിത്രമത്സ്യങ്ങളുണ്ടു്. ജന്തുശാസ്ത്രത്തിൽ വളരെയധികം പ്രാധാന്യം കല്പിച്ചിട്ടുള്ള ജീവികളാണിവ. ജന്തുക്കരം ജലജീവിതം ഉപേക്ഷിച്ചു് അന്തരീക്ഷവായു നേരിട്ടു ശ്വസിക്കുവാൻ കഴിവു നേടിയ പരിണാമസന്ധിയിലാണു് അവ ഇന്നും ജീവിക്കുന്നതു്. ഈ മത്സ്യങ്ങളെ കൊന്നു് കുപ്പിയിലിട്ട രൂപത്തിൽ മാത്രമെ അതിന്നുമുമ്പു് ഞാൻ കണ്ടിട്ടുണ്ടായിരുന്നുള്ളു. ഈ മത്സ്യവർഗ്ഗത്തിൽ മൂന്നു ഭിന്നജാതികളുണ്ടു്. മൂന്നും സജീവമായി അവിടെ പ്രദർശിപ്പിക്കപ്പെട്ടിരിക്കുന്നു. എന്നു മാത്രമല്ല, രണ്ടു ജാതിയിൽ പെട്ട പിറവിപ്പാണ്ടുള്ള വ്യക്തികളെയും

കണ്ടു. ഇത്തരം ധവളരൂപങ്ങാം വളരെ അപൂവ്മാണ്—ഏകദേശം മനുഷ്യരുടെ ഇടയ്ക്കുള്ളതുപോലെതന്നെ.

മത്സ്യങ്ങാം മാത്രമല്ല, ആമയും പാമ്പും ചീങ്കണ്ണിയും എല്ലാമുണ്ടു്. ''ലോകത്തിൽ ഇന്നുള്ള മുതലവഗ്ഗത്തിൽ പെട്ട എല്ലാ ജാതികളെയും ഞാൻ ഇവിടെ വളത്തുന്നുണ്ടു്'' എന്നു് ഡയറക്ടർ ഷ്റോഡർ അഭിമാനപൂവ്ം എന്നോടു പറഞ്ഞു. കേരളത്തിൽ കാണുന്ന ചീങ്കണ്ണിയും മുതലയും, ഗംഗാനദിയിലെ മെലിഞ്ഞു നീണ്ട മുഖമുള്ള മീൻമുതലയും, നൈൽനദിയിലെയും ആമസോൺനദിയിലെയും ഭിന്നജാതികളും അക്കൂട്ടത്തിലുണ്ടു്.

''ഏറെത്താമസിയാതെ ചീങ്കണ്ണിയെയും മുതലയെയും കാണണമെങ്കിൽ എൻെറ നാട്ടുകാക്കു് ഇവിടെ വരേണ്ടിവരും. അത്ര വേഗമാണു് അവയെ കൊന്നൊടുക്കുന്നതു്—തോലിനുവേണ്ടി!'' എന്നു് ഞാൻ പറഞ്ഞു.

''ഈ മഹാപാപത്തിനു് ഞങ്ങളുടെ സ്ത്രീകളെയാണു് കുററം പറയേണ്ടതു്. അവരാണല്ലൊ ഈ തോലിൻെറ ആവശ്യക്കാർ!'' എന്നു് ഷ്റോഡർ അല്പം അരിശത്തോടെ മറുപടി പറഞ്ഞു.

അദ്ദേഹം ഡോക്ടർ മഹാദേവൻെറകൂടെ നടന്നു് അല്പം അകലെയായപ്പോാം ദ്വിഭാഷിയായ യുവതി, ശബ്ദം ഉയത്താതെ, എന്നോടു പറഞ്ഞു: ''അതുകൊണ്ടായിരിക്കണം അദ്ദേഹം ഇത്ര പ്രായമായിട്ടും വിവാഹം കഴിക്കാത്തതു് !''

അവിടെയുള്ളതിൽ പകുതിയോളം സമുദ്രജന്തുക്കളാണു്. കടൽവെള്ളത്തിനു് എന്തു ചെയ്യുമെന്നു ചോദിച്ചപ്പോാം, ''അതു ഞങ്ങാം കൃത്രിമമായി ഉണ്ടാക്കുകയാണു് ചെയ്യുന്നതു്.'' എന്നായിരുന്നു ഉത്തരം. കുഴൽവെള്ളത്തിൽ കുറെ ഉപ്പുകാം കണക്കനുസരിച്ചു് കലക്കുകയേ വേണ്ടു. കടലിൽ ജീവിക്കുന്ന ഏതു ജന്തുവിനെയും അതിൽ വളത്താം. ചിലവ കൂടുതൽ ആരോഗ്യത്തോടെ വളരുകയും പെരുകുകയും ചെയ്യും. കടൽപ്പൂക്കാം എന്നു പറയുന്ന ഒരുതരം മൃദുലശരീരികളായ ജന്തുക്കാം കണക്കി

ല്ലാതെ പെരുകി ഒരു മത്സ്യക്കുളത്തിൽ തിങ്ങിനിറഞ്ഞു നില്ക്കുന്നതു് അദ്ദേഹം കാണിച്ചുതന്നു.

നമ്മുടെ രാജ്യത്തു് കടൽക്കരെയിൽതന്നെയാണു് ജലജന്തുശാലകറം സ്ഥാപിച്ചിരിക്കുന്നതു്. മിക്കതിലും കടലിൽനിന്നു് വെള്ളം നേരിട്ടു് പമ്പുചെയ്യെടുക്കുവാനും സൗകര്യമുണ്ടു്. എന്നിട്ടും സമുദ്രജന്തുക്കളെ ഏറെക്കാലമൊന്നും വളൎത്തുവാൻ സാധിക്കുന്നില്ല. ചിലതു് 24 മണിക്കൂർനേരംപോലും ജീവിക്കാറില്ല. എന്തു കഥയോ; ആരറിഞ്ഞു?

## 22. മൃഗശാല

മൃഗശാല തൊട്ടടുത്താണു്. ധാരാളം ജന്തുക്കളുണ്ടു്. പ്രകൃതിയിൽ മിക്കവാറും നാമാവശേഷമായ ചില മൃഗങ്ങളെ ശ്രദ്ധയോടെ വളൎത്തി എണ്ണം പെരുകുവാൻ അനുവദിക്കുകയും, മററു മൃഗശാലകളിലേയ്ക്കു് അയച്ചുകൊടുക്കുകയും ചെയ്യുന്നു. യൂറോപ്യൻ ബൈസൺ ഇക്കൂട്ടത്തിൽ പെട്ട ഒരു ജന്തുവാണു്. മുഖത്തും കഴുത്തിലും സടകളുള്ള ഈ കാട്ടുപോത്തു് ഇപ്പോറം കാഴ്ചബംഗ്ലാവുകളിൽ മാത്രമെ കാണപ്പെടുന്നുള്ളു. പ്രസിദ്ധനായ ഒരു ജെൎമ്മൻ മൃഗശാലാവിദഗ്ദ്ധൻെറ ആയുഷ്കാല പരിശ്രമത്തിൻെറ ഫലമായിട്ടാണു് ഈ മട്ടിലെങ്കിലും അതു് അവശേഷിക്കുന്നതു്. പ്രസിദ്ധമായ അമേരിക്കൻ ബൈസൺ ഇതിൻെറ അടുത്ത ബന്ധുവാണു്. ലക്ഷക്കണക്കിൽ അംഗങ്ങളുള്ള വലിയ പററങ്ങളായി, ഒരു കാലത്തു് അമേരിക്കൻ ഭൂഖണ്ഡത്തിൽ അതു് ജീവിച്ചിരുന്നു. വെള്ളക്കാരൻെറ വരവും തോക്കിൻെറ ഉപയോഗവും തുടങ്ങിയപ്പോറം പ്രസ്തുത ജന്തുവിൻെറ ദുഷ്കാലവും ആരംഭിച്ചു. മനുഷ്യൻെറ എണ്ണം പെരുകുകയും പോത്തിൻെറ എണ്ണം ചുരുങ്ങുകയും ചെയ്തു. അവിടെയും ഈ ജന്തു അതിശീഘ്രം അസ്തവംശമായിത്തീരുകയാണു്.

ഉഷ്ണമേഖലയിൽനിന്നു് കൊണ്ടുവരുന്ന ജന്തുക്കളെ വളൎത്തുവാൻ യൂറോപ്പിലെ മൃഗശാലാധികൃതൎക്കു് വളരെ പ്രയാസമുണ്ടു്. മഞ്ഞുകാലത്തു് അവയുടെ കൂട്ടകറം ചൂടു

പിടിപ്പിക്കണം. ഇതു് ചെലവുള്ള ജോലിയാണു്. ജന്തുക്കറംക്കു മാത്രമല്ല ചെടികറംക്കും ഈ പ്രയോഗം ചെയ്യാറുണ്ടു്. സ്റ്ററുട്ട്ഗാട്ടിലെ കാഴ്ചബംഗ്ലാവിൽ ഒരു വലിയ കുളം ഇങ്ങിനെ ചൂടാക്കിവെച്ചാണു് താമരയും ആമ്പലും ഒരു കുടയോളം വലിപ്പമുള്ള ഇലയോടുകൂടിയ വിക്ടോറിയാ ആമ്പലും വളത്തുന്നതു്.

ഇത്ര വളരെ പ്രയാസവും ചെലവും ഉണ്ടായിട്ടും ഈ സ്ഥാപനങ്ങളെല്ലാം വളരെ നല്ല നിലയിൽതന്നെ നടന്നുവരുന്നു. പ്രവേശനടിക്കററിൽനിന്നാണു് അവയുടെ ആദായം മുഴുവനും ലഭിക്കുന്നതു്. ആയിരക്കണക്കിനു് സന്ദശ്കർ വരാറുണ്ടു്. ഏതെങ്കിലും ഒരു ജന്തു പ്രസവിച്ചു എന്നോ, മരം പൂത്തു എന്നോ അറിഞ്ഞാൽ ആയിരം പതിനായിരമാകും. ഈ മൃഗശാലകളും ജലജന്തുശാലകളും എല്ലാം യുദ്ധകാലത്തു് നിശ്ശൂന്യമായിരുന്നു. ഹിംസ്രമൃഗങ്ങളെയെല്ലാം അധികൃതർതന്നെ വെടിവെച്ചു കൊല്ലുകയാണു് ചെയ്തതു്. ബോംബു വീണു് കൂടു തകന്നു് അവ രക്ഷപ്പെട്ടാൽ ആപത്താണല്ലൊ. പുതിയ ജന്തുക്കളെ വീണ്ടും ശേഖരിക്കുന്നതിനും പ്രസ്തുത സ്ഥാപനങ്ങളെ ഇന്നു കാണുന്ന നിലയിൽ വളത്തിക്കൊണ്ടുവരുന്നതിനുംവേണ്ടി ചെയ്തിട്ടുള്ള അദ്ധ്വാനം എത്രയെന്നു പറഞ്ഞറിയിക്കുവാൻ പ്രയാസമാണു്. ലോകപ്രസിദ്ധരായ ഡയറക്ടർമാരുടെ വൈദഗ്ദ്ധ്യവും നിസ്തന്ദ്രമായ പരിശ്രമവുമാണു് ഈ വിജയത്തിനു കാരണം. മ്യൂണിക്കിലെ മൃഗശാലയിൽ അശ്വവർഗ്ഗത്തിൽപെട്ട എല്ലാ ജാതി മൃഗങ്ങളെയും കാണാം. ഒരു ചെറിയ ആടിൻെറ അത്ര വലിപ്പം മാത്രമുള്ള പോണികറം മുതൽ വലിയ കൂററൻ കുതിരകറംവരെ. കാട്ടുകുതിര, സീബ്രാജാതികറം, പലതരം കഴുതകറം എന്നിവയുമുണ്ടു്. സ്റ്ററുട്ട്ഗാട്ട്മൃഗശാലയിൽ കുതിരയെയും സീബ്രയെയും ഇണചേത്തുണ്ടാക്കിയ ഒരു സങ്കരജന്തുവിനെ കാണുകയുണ്ടായി. തവിട്ടുനിറത്തിലുള്ള ശരീരത്തിൽ ഇളംകറുപ്പായ വരകളാണു് അതിനുള്ളതു്. ഈ ജന്തുവിനെ ഒരു വിധത്തിലും മെരുക്കുവാൻ സാധിക്കുന്നില്ലെന്നാണു് അധികൃതർ പറഞ്ഞതു്. ശല്യം

സഹിക്കാതെ വരുകയാൽ ആൺമൃഗത്തെ കൊല്ലേണ്ടി വന്നു. പെണ്ണുമാത്രമെ ഇപ്പോഴുള്ളു.

ആറുകരങ്ങുകളെ ഇടുങ്ങിയ കൂടുകളിൽ അല്ല പ്രദ ശിപ്പിച്ചിട്ടുള്ളതു്. ഓടിച്ചാടി നടക്കുന്നതിനും കുസൃതി കാണിക്കുന്നതിനും വേണ്ടുവോളം സൗകര്യം കൊടുത്തി ട്ടുണ്ടു്. ചിലതിനെ കന്നംതിരിവും പഠിപ്പിച്ചിട്ടുണ്ടെന്നു മനസ്സിലായി. കൂടിന്റെ പരിസരങ്ങളിൽ ധാരാളം ആളുകളെ കണ്ടപ്പോൾ ഒരു ചിമ്പാൻസി തറയിലും ചുമ രിലും ആഞ്ഞടിച്ചു് വലിയ ശബ്ദമുണ്ടാക്കി. കാഴ്ചക്കാർ ഓടിയെത്തിയപ്പോൾ അതു് കമ്പികളിൽ തൂങ്ങിയും കരണം മറിഞ്ഞും ഒന്നാംതരം സർക്കസ്സ്കളികൾ കാണി ച്ചുതുടങ്ങി. എല്ലാവരും അത്ഭുതപ്പെട്ടു് വായും പൊളിച്ചു നില്ക്കുന്നതു കണ്ടപ്പോൾ പെട്ടെന്നു് പ്രകടനം നിറുത്തി, കൈ നിറയെ തുപ്പലെടുത്തു് അവരുടെ മുഖത്തേയ്ക്കു് എറി ഞ്ഞിട്ടു് ക്ഷണേന അപ്രത്യക്ഷനായി!

ബെർളിൻ മൃഗശാലയിൽ പക്ഷികളെ വളത്തുവാൻ ഒരു പുതിയ ഏപ്പാടു് ചെയ്തിരിക്കുന്നതു കണ്ടു. വളരെ പൊക്കവും വിസ്താരവുമുള്ള ഒരു കെട്ടിടത്തിനകത്തു് ചെ ടികളും മരങ്ങളും നട്ടു പിടിപ്പിച്ചു് പക്ഷികളെ വിട്ടിരി ക്കുകയാണു്. സന്ദർശകക്കു് ആ കെട്ടിടത്തിനകത്തുകൂടി നടന്നു് അവയെ കാണാൻ സൗകര്യപ്പെടുത്തിയിരിക്കുന്നു. ഇതു് പക്ഷികൾക്കും അവയെ സ്നേഹിക്കുന്ന മനുഷ്യക്കും ഹിതകരമായ ഒരു സമ്പ്രദായമാണു്.

ഈ കാഴ്ചസ്ഥലങ്ങളിൽ ധാരാളം സമയം ചെലവഴി ച്ചാൽകൊള്ളാമെന്നു് എനിക്കു് ആഗ്രഹം തോന്നി. പക്ഷെ പരിപാടികളുടെ തിരക്കുകൊണ്ടും മഹാദേവനെ മുഷിപ്പിക്കുമോ എന്ന ഭയംകൊണ്ടും ഓട്ടപ്രദക്ഷിണം നട ത്തുവാൻ മാത്രമെ തരപ്പെട്ടുള്ളു. അദ്ദേഹത്തിന്റെ അഭി പ്രായത്തിൽ ഇതെല്ലാം കുട്ടികൾക്കുള്ള പരിപാടികളാ ണു്. ശ്വാസകോശമുള്ള മത്സ്യമായാലും ''സീബ്രാശ്വ'' മായാലും അദ്ദേഹത്തിന്നു് തുല്യംതന്നെ. എല്ലാം മായ, വെറും മായ! ഒന്നുരണ്ടു പ്രാവശ്യം ഞാൻ സ്വല്പം ജന്തു ശാസ്ത്രം പഠിപ്പിക്കാൻ നോക്കി, സാധിച്ചില്ല. അതി

ന്നും ഒരു പ്രായമൊക്കെ ഉണ്ടല്ലൊ. ജീവജാലം ജലജീവിതത്തിൻെറ പരാധീനതകളിൽനിന്നു മോചനം നേടി കരയിലേക്കു കയറിയ അത്യത്ഭുതകരമായ ആ മഹാപരിവത്തനത്തെക്കുറിച്ച് ഞാൻ ഒരു ഗംഭീരമായ പ്രസംഗം നടത്തി. ഒരു ഫലവും ഉണ്ടായില്ല! അദ്ദേഹത്തിൻെറ മുഖത്ത് ആ മന്ദഹാസം മാത്രം ശേഷിച്ചു.

അതിൻെറ ഭാഷ്യം ഇതാണെന്നാണ് എൻെറ അഭിപ്രായം: ജലജീവിതത്തിൻെറ പരാധീനത! ജലം പഞ്ചഭൂതങ്ങളിൽ ഒന്നുമാത്രമല്ലെ? ബാക്കിയുള്ളതിൻെറ കാര്യം എന്താണ് വിസ്മരിക്കുന്നതു്? അവയും പരിപാവനമായ ഈ ജീവാത്മാവിനെ ബന്ധിക്കുന്നില്ലെ? ക്ഷുദ്രമായ ഈ ചങ്ങലക്കെട്ടുകളെല്ലാം പൊട്ടിച്ച് സാക്ഷാൽ സ്വാതന്ത്ര്യം നേടുന്നതു് എങ്ങനെയെന്നു പറയുക. കേരംക്കാം. അല്ലെങ്കിൽ ഞാൻ പറഞ്ഞുതരാം. കേരംക്കാൻ തയാറുണ്ടോ?

## 23. ഫിലിപ്പ് മേലത്തേതിൽ

ബെർളിൻ സവ്കലാശാലയിലെ വിദ്യാത്ഥിമന്ദിരങ്ങരം കാണുവാനുള്ള ഒരു ക്ഷണം ഞങ്ങരംക്കു കിട്ടി. ക്ഷണിച്ചതു് അവയുടെ ഭരണസമിതിയിലെ അംഗവും ഇന്ത്യക്കാരനുമായ ഒരാളാണെന്നും, അദ്ദേഹത്തിൻെറ പേരിൻെറ ആദ്യഭാഗം ഫിലിപ്പ് എന്നാണെന്നും ബാക്കിഭാഗം ''ഞങ്ങരംക്ക് ഉച്ചരിക്കാൻ വളരെ പ്രയാസമുള്ളതാണെ'' ന്നും ദ്വിഭാഷി ഞങ്ങളെ അറിയിച്ചു. ''എന്നാലതു് ഒരു മലയാളിയാണ്, തീച്ച. പുത്തൻ പുരയ്ക്കൽ, താഴത്തു വീട്ടിൽ, മേലേപ്പറമ്പിൽ, എന്നിങ്ങനെയുള്ള ഏതോ പേരായിരിക്കണം. അതാണ് ജെമ്മൻകാക്കു ഉച്ചരിക്കാൻ പ്രയാസം. നമുക്കു നോക്കാം.'' എന്നു പറഞ്ഞു് ഞാൻ ക്ഷണം സ്വീകരിച്ചു. കുറച്ചുദൂരം സഞ്ചരിച്ച് ഹോസ്റ്റൽ വളപ്പിലെത്തി. വിദ്യാത്ഥിഗ്രാമം (Student Village) എന്നാണ് അതിനു് അവിടെ പറയുന്ന പേർ. അടുത്തടുത്തു നില്ക്കുന്ന പല കെട്ടിടങ്ങളിലാണ് വിദ്യാത്ഥികരം പാക്കുന്നതു്. എല്ലാം പുതിയ കെട്ടിടങ്ങളാണ്. അവയുടെ പുറംചുമരിൽ ചായപ്പണികൊണ്ടു ഒരു പുതിയ

വിദ്യ പ്രയോഗിച്ചിട്ടുണ്ട്. കറുപ്പും വെള്ളയും ഇടവിട്ട് തേച്ചിരിക്കുന്നതുമൂലം, പ്രത്യേകം പ്രത്യേകം നില്ക്കുന്ന കെട്ടിടങ്ങളാണെങ്കിലും, എല്ലാംകൂടി ഒരു വലിയ എടുപ്പിൻെറ പ്രതീതി ജനിപ്പിക്കുന്നു. പ്രസിദ്ധനായ ഒരു ജെമ്മൻ വാസ്തുവിദ്യാവിദഗ്ദ്ധൻെറ ആശയമാണത്രെ ഇതു്. വിദ്യാത്ഥികൾക്ക് തന്നത്താൻ ഭക്ഷണം പാകം ചെയ്യുന്നതിനും വസ്ത്രങ്ങൾ അലക്കുന്നതിനും സൗകര്യം ചെയ്തുകൊടുത്തിട്ടുണ്ട്. അവർ തിരഞ്ഞെടുത്ത ഒരു പ്രതിനിധിസംഘമാണ് ഭരണത്തിൻെറ ചുമതല വഹിക്കുന്നതു്.

ഞങ്ങൾ അവിടെ എത്തിയ ഉടൻതന്നെ മിസ്റ്റർ ഫിലിപ്പ് പ്രത്യക്ഷപ്പെട്ടു. ഫ്രെഞ്ചുകാരുടെ മട്ടിലുള്ള ഒരു പരിഷ്കാരത്താടി ഉണ്ടെങ്കിലും മലയാളിയാണെന്നു മനസ്സിലാക്കുവാൻ എനിക്കു പ്രയാസമുണ്ടായില്ല. ''എന്താ ഫിലിപ്പേ എവിടെയാണ് വീട്''' എന്നു മലയാളത്തിൽ ചോദിച്ചതിനു് ''പുളിക്കീഴാ.'' എന്നു ഉത്തരം കിട്ടി. ''മുഴുവൻ പേരു്?'' ''ഫിലിപ്പ് മേലത്തേതിൽ!''

ആ യുവാവു് രാഷ്ട്രവിജ്ഞാനം പഠിക്കുകയാണ്. ബെർളിനിൽ വന്നിട്ടു് മൂന്നു വഷമായി. സവ്കലാശാലയിൽ ഒരു അസിസ്റ്റൻറായി ജോലിചെയ്യുകയും പിഎച്ച്. ഡി. ബിരുദത്തിനു വേണ്ടിയുള്ള ഗവേഷണം നടത്തുകയുമാണ്. അദ്ദേഹം അതിസുന്ദരിയായ ഒരു ജെമ്മൻ യുവതിയെ അടുത്തകാലത്തു വിവാഹം കഴിച്ചു. അവർ രണ്ടു പേരും ഹോസ്റ്റലിൽതന്നെയാണ് താമസം. സ്നേഹസമ്പന്നരായ ആ ദമ്പതികൾ രുചികരമായ മദ്ധ്യാഹ്നഭക്ഷണം നല്കി ഞങ്ങളെ സൽക്കരിച്ചു. മിസ്സിസ് ഫിലിപ്പ് ഇംഗ്ലണ്ടിലും ക്യാനഡയിലും താമസിച്ചിട്ടുണ്ട്. ഭംഗിയായി ഇംഗ്ലീഷ് സംസാരിക്കും. കേരളത്തെപ്പററി കേൾക്കുവാൻ ആ കുട്ടി വളരെ ആഗ്രഹം പ്രകടിപ്പിച്ചു. ഫിലിപ്പിനെപ്പോലെ ഞാനും പമ്പാനദിയുടെ തീരത്തു് ജനിച്ച ആളായതുകൊണ്ട് ഞാൻ മുഖവുരയായി ഇങ്ങിനെ പറഞ്ഞു: ''നിൻെറ ജീവിതമാകുന്ന തേനരുവി ഞങ്ങളുടെ അമ്മയായ പമ്പാ സരിത്തിൻെറ പോഷകനദിയായിത്തീരട്ടെ എന്നാണ് ദൈവം നിശ്ചയിച്ചിരി

ക്കുന്നതു്. അതിൽ തീർച്ചയായും സന്തോഷിക്കാം. പുളിയുടെ കീഴെന്നാണ് പേരെങ്കിലും ഫിലിപ്പിൻെറ ജന്മദേശം ഇന്നു് പഞ്ചസാരയുടെ മുകളിലാണു് നില്ക്കുന്നതു്. (അവിടെ ഒരു പഞ്ചസാരഫാക്ടറിയുണ്ടു്.) പമ്പാനദി വളരെ അധികം പ്രാധാന്യം നേടുവാൻ പോവുകയാണു്. അതിൻെറ ഉൽപത്തിസ്ഥാനത്തു് വലിയ ഒരു അണക്കെട്ടിൻെറയും വിദ്യുച്ഛക്തികേന്ദ്രത്തിൻെറയും പണി നടന്നുവരുന്നു. നാടിൻെറ നന്മയ്ക്കും പുരോഗതിക്കും ഉതകുന്ന ഇത്തരം കേന്ദ്രങ്ങളെ പുതിയ പുണ്യതീർത്ഥങ്ങളായി കരുതണമെന്നാണ് മഹാനായ പ്രധാനമന്ത്രി ജവാഹർലാൽ നെഹ്റു നിർദ്ദേശിച്ചിട്ടുള്ളതു്. പമ്പയുടെ ഉൽപത്തിസ്ഥാനം പണ്ടേതന്നെ പവിത്രമാണു്. ശബരിമല അയ്യപ്പൻെറ പൂങ്കാവനമാണതു്. ലക്ഷക്കണക്കിലുള്ള തീർത്ഥാടകരുടെ വ്രതസംശുദ്ധമായ പാദപാംസുക്കരം എത്രയോ തലമുറകളായി അവിടെ വീണുകൊണ്ടിരിക്കുകയാണു്. ഇങ്ങിനെ ദ്വേധാ പരിപൂതമായ വനഭൂമിയിൽ നിന്നു വരുന്ന നദീജലത്താൽ പ്രക്ഷാളിതവും അതി മനോഹരവുമായ ഒരു ഭൂവിഭാഗത്തേക്കാണു് നിനക്കു പോകേണ്ടതു്. സുന്ദരിയായ ഒരു സ്നുഷയെ കിട്ടിയിട്ടുണ്ടെന്നു ഞാൻ അവിടെ ചെന്നു് അമ്മയോടു പറയാം.''

അതിനുശേഷം കേരളത്തിലെ ജീവിതരീതി, ആചാരവിശേഷങ്ങരം, പള്ളികരം, ക്ഷേത്രങ്ങരം, കഥകളി, ജനങ്ങളുടെ വസ്ത്രധാരണ സമ്പ്രദായം, പള്ളിയിലെ ആരാധനാക്രമങ്ങരം എന്നിവയെല്ലാം വർണ്ണിച്ചു കേരംപ്പിച്ചു. സുറിയാനി ഭാഷയിലുള്ള കർബാനയും ക്രിസ്ത്യാനി സ്ത്രീകളുടെ വേഷഭൂഷകളും (പഴയരീതിയിലുള്ളവ) ആ കുട്ടിയെ വളരെ രസിപ്പിച്ചു. ഫിലിപ്പു് ഇക്കാര്യങ്ങളൊന്നും അവരംക്കു് പറഞ്ഞുകൊടുത്തിട്ടില്ലെന്നാണു് തോന്നിയതു്. അവരുടെ ലോകവും താൽപര്യങ്ങളും ആ രണ്ടു് ആത്മാക്കളിൽ മാത്രം ഒതുങ്ങി നില്ക്കുന്നതേയുള്ളു. നവദമ്പതികളാണല്ലോ.

ഹോട്ടലിൽ മടങ്ങിച്ചെന്നപ്പോരം മിസ്റ്റർ കൃഷ്ണൻ നായരും അവിടെ എത്തി. അദ്ദേഹം തിരുവനന്തപുരത്തു

ഫിസിക്കൽ എഡ്യുക്കേഷൻ കോളേജിലെ അദ്ധ്യാപകനും ജെമ്മൻ ഗവണ്മെൻറിൻെറ സ്കോളർഷിപ്പോടുകൂടി കൊളോണിൽ ഉപരിപഠനം നടത്തിക്കൊണ്ടിരുന്ന ആളമാണ്. സൗകര്യമുള്ളപക്ഷം ബോണിൽ വന്നു കാണണമെന്നു് ഞാൻ എഴുതിയിരുന്നു. പക്ഷെ കത്തു് സമയത്തിനു കിട്ടിയില്ല. തപാൽക്കുഴപ്പം ജെമ്മനിയിലുമുണ്ട്. അതുകൊണ്ടു് ഞങ്ങളുടെ യാത്രാപരിപാടി അന്വേഷിച്ചറിഞ്ഞു് ബെർളിനിലേയ്ക്കു വന്നതാണ്. അവക്ക് അവധിക്കാലമായിരുന്നതുകൊണ്ട് ബെർളിൻ നഗരം കാണുന്നതിനും ആ അവസരം ഉപയോഗപ്പെടുത്തി. ജെമ്മനിയിലെ കായികവിദ്യാദ്യാസപരിപാടികളെയും വിദ്യാത്ഥിജീവിതത്തെയും പററി ഞങ്ങൾ വളരെനേരം സംസാരിച്ചു. അദ്ദേഹത്തിനു് നാട്ടിലെ വിശേഷങ്ങളും കേൾക്കുവാൻ സാധിച്ചു.

## 24. തൊഴിലും ആഭിജാത്യവും

ജെമ്മനിയിൽ ആ സമയത്തു് മൂവായിരം ഇന്ത്യൻ വിദ്യാത്ഥികൾ ഉണ്ടായിരുന്നു. അവരിൽ ഭൂരിപക്ഷവും സ്കോളർഷിപ്പിൻെറ സഹായത്തോടുകൂടി പഠിക്കുന്നവരാണ്. വളരെപ്പേർ ഒഴിവു സമയത്തു് ജോലിചെയ്തു് ചെലവിനുള്ള പണം സമ്പാദിക്കുന്നു. വെക്കേഷൻകാലത്തു് മിക്ക വിദ്യാത്ഥികളും ഓരോരോ തൊഴിലുകളിൽ പ്രവേശിക്കും. മണിക്കൂർ കണക്കിനു് ജോലിചെയ്താൽ മതി. ഇങ്ങിനെ പണമുണ്ടാക്കിയാണു് അവർ അന്യസ്ഥലങ്ങൾ കാണുവാൻ പോകുന്നതും, ക്യാമെറ മുതലായ ഉപകരണങ്ങൾ വാങ്ങുന്നതും. ജെമ്മനിയിൽ ജോലിക്കു് ആളുകളെ കിട്ടാൻ വളരെ പ്രയാസമായിരിക്കുകയാണ്. തൊഴിലില്ലായ്മയല്ല, ആളില്ലായ്മയാണു് അവിടുത്തെ പ്രശ്നം. വൻകിട വ്യവസായസ്ഥാപനങ്ങൾ സ്പെയിൻ, ഇററലി, ഗ്രീസ് തുടങ്ങിയ രാജ്യങ്ങളിൽ നിന്നു് തൊഴിലാളികളെ ക്ഷണിച്ചു കൊണ്ടുവരുവാൻ ഏപ്പാടു ചെയ്തിട്ടുണ്ട്. ഇങ്ങിനെ വരുന്നവക്കു് ആകഷകമായ വേതനവും ജീവിതസൌകര്യങ്ങളും ലഭിച്ചുവരുന്നു. രണ്ടു കൈയും രണ്ടു കാലും ഉണ്ടെങ്കിൽ ജെമ്മനിയിൽ ജീവിക്കുവാൻ

ഒരു പ്രയാസവുമില്ലെന്നാണ് കൃഷ്ണൻനായർ പറഞ്ഞതു്. ജെമ്മൻ ഭാഷ വശമില്ലെങ്കിലും കഴിഞ്ഞുകൂടാം. പക്ഷെ, സിഗററും വലിച്ച് കൂട്ടം കൂടിയിരുന്നു് മററുള്ളവരുടെ അ ററകുററങ്ങൾ ചച്ചചെയ്യുന്നതു് ഒരു തൊഴിലായി ആ രാജ്യത്തു് ആരും കരുതിയിട്ടില്ല.

പേരിൻെറ മുമ്പിൽ കൗണ്ടു്, ഫോൺ, പ്രിൻസ് തുടങ്ങിയ പദങ്ങൾ ഉപയോഗിച്ചു് ഒപ്പിടുന്നവരും ഫാക്ടറിയിൽ കട്ട മുറുക്കാനും ഇരുമ്പ് മുറിക്കാനും പോകാറുണ്ടു്. ഇതു് ജെമ്മനിയിൽ ആധുനികകാലത്തുണ്ടായ ഒരു പരിവത്തനമാണ്. ഫ്യൂഡൽ വ്യവസ്ഥിതിയുടെ പൊങ്ങച്ചങ്ങളും ദുരഭിമാനങ്ങളും ഉച്ചനീചത്വങ്ങളും വളരെ ആഴത്തിൽ വേരുറച്ചിട്ടുള്ള ഒരു രാജ്യമാണതു്. പക്ഷെ രണ്ടു മഹായുദ്ധങ്ങളിലെ പരാജയവും, വ്യവസായയുഗത്തിൻെറ ആവിർഭാവവും മൂലം പഴയ ശീലങ്ങൾ പാടേ മാറിപ്പോയിരിക്കുന്നു. എന്നാലും പേരെഴുതുമ്പോഴെങ്കിലും പഴയ പ്രാഭവത്തിൻെറ സൂചനകൾ നൽകണമെന്നു് ജെമ്മൻകാക്കു് നിർബന്ധമുണ്ടു്. ഇതു കാണുമ്പോൾ മനുഷ്യസ്വഭാവം എന്നെങ്കിലും പൂണ്ണമായി മാറുമോ എന്നു് സംശയിച്ചുപോകുന്നു. മദ്ധ്യയൂറോപ്പിലെ നാമാവശേഷമായ ഒരു സാമന്ത രാജകുടുംബത്തിലെ തൊണ്ണൂറാം കൂറായ ഒരു മനുഷ്യൻ, ഒരു ഗതിയും പരഗതിയും ഇല്ലാതെ കൽക്കരി വെട്ടി കാലക്ഷേപം കഴിക്കുകയും, ആ നിലയിൽ നിന്നു് പതുക്കെപ്പതുക്കെ ഉയന്നു്, രാഷ്ട്രീയ പ്രാതിനിദ്ധ്യം നേടി ജെമ്മനിയിലെ പ്രധാനമന്ത്രിയായിത്തീരുകയും ചെയ്താൽ പണ്ടത്തെ വാലും തൊങ്ങലും എല്ലാം വീണ്ടും അണിഞ്ഞു, രാജാവെന്നു പറയാൻ മടിച്ചാലും, രാജകീയമായ ആഭാടങ്ങൾ പ്രദശിപ്പിക്കുവാനും, അതു പ്രദശിപ്പിക്കുന്ന മററാളുകളെ കൂടുതൽ മാനിക്കുവാനും, തുനിയുകയില്ലെന്നു് തീത്തു പറയുവാൻ സാധ്യമല്ല. ചരിത്രത്തിലെ രാജാധിരാജന്മാരിൽ പലരും ഇങ്ങിനെ വേഷംകെട്ടി അരങ്ങേറിയവരാണു്. ഇംഗ്ലണ്ടിൽ തൊഴിലാളികളുടെ പ്രതിനിധിയായി പ്രധാനമന്ത്രിപദത്തിൽ അവരോധിക്കപ്പെട്ട റാംസേ മാക്ഡൊണാൾഡ്, ''നാളെ ഈ നാട്ടിലെ പ്രഭു

പത്നിമാർ എന്നെ ചുംബിക്കു''മെന്നു് പുളകിതഗാത്രനായി പ്രസ്താവിച്ച എന്നു രേഖയുണ്ടു്.

ആഭിജാത്യവും കുലമഹിമയും പ്രഭുത്വവും പ്രതാപവും അനാദികാലം മുതൽ മനുഷ്യനെ വശീകരിച്ചിട്ടുള്ള ശക്തികളാണു്. ഇതെല്ലാം പുല്ലാണെന്നു കരുതുകയും പുരപ്പുറത്തു കയറിനിന്നു ഉദ്ഘോഷിക്കുകയും ചെയ്യുന്ന ഒരു ജനതയാണു് അമേരിക്കർ. അവരുടെ ഇടയ്ക്കുപോലും കാററു് മാറി വീശിത്തുടങ്ങിയതിൻെറ ലക്ഷണം കാണുന്നു എന്ന ആരോപണമുണ്ടു്. ''സാധാരണ അമേരിക്കക്കാര''ൻെറ കാലം കഴിഞ്ഞു എന്നും, ഇപ്പോഠം നിലവിലിരിക്കുന്നതു് ''സാധാരണ അമേരിക്കൻ കോടീശ്വര''ൻെറ കാലമാണെന്നും പറയപ്പെടുന്നു. പ്രസിഡണ്ടു് കെന്നഡിയും ഭാര്യയും അമേരിക്കയിലെ രാജാവും രാജ്ഞിയും ആണെന്നും അവരുടെ ചുററുപാടും ഉള്ള അന്തരീക്ഷവും ബന്ധുക്കളുടെ ഭാവവും കൊട്ടാരക്കെട്ടുകളെ അനുസ്മരിക്കുന്നതാണെന്നും, മാൽക്കോം മഗ്ഗറിഡ്ജ് എന്ന പ്രസിദ്ധ ലേഖകൻ അന്നൊരിക്കൽ എഴുതിയിരുന്നു. കെന്നഡി സ്ഥാനാരോഹണം ചെയ്യുന്നതിനു മുമ്പുതന്നെയും സമുദായത്തിൽ സ്ഥാനം ലഭിക്കണമെങ്കിൽ ധനം വേണം എന്ന തത്വം ആ രാജ്യത്തു എല്ലാവരും അംഗീകരിച്ചിരുന്നതാണു്. അതു പക്ഷെ പരമ്പരാഗതമാകുന്നതു് അവക്കു് ഇഷ്ടമല്ലായിരുന്നു. ഇപ്പോഠം ആ ഇഷ്ടക്കേടും മാറിയെന്നാണു് പറയുന്നതു്.

ജീവിതത്തിൻെറ ചുററുപാടുകഠംക്കു് വ്യത്യാസം വരുമ്പോഠം ആചാരശീലാദികഠംക്കുണ്ടാകുന്ന മാററത്തെപ്പററി സമുദായ ശാസ്ത്രജ്ഞന്മാർ ധാരാളം ഗവേഷണം നടത്തിയിട്ടുണ്ടു്. മാർഗററു് മീഡ് എന്ന ഗ്രന്ഥകത്രിയുടെ പുസ്തകങ്ങഠം ഈ വിഷയത്തിൽ വളരെ പ്രശസ്തിയാർജ്ജിച്ചിട്ടുള്ളവയാണു്. ദക്ഷിണ പസിഫിക്കു് സമുദ്രത്തിൽ ന്യൂഗിനിയ്ക്കു സമീപം സ്ഥിതിചെയ്യുന്ന ഒരു ദ്വീപിലെ ജനങ്ങഠംക്കു് 1928-നും 1953-നും മദ്ധ്യേ സംഭവിച്ച വിസ്മയാവഹമായ പരിവത്തനത്തെക്കുറിച്ചു അവർ പഠി

ക്കുകയുണ്ടായി*. വെറും ശിലായുഗ നിലയിലുള്ള നിഷാദജീവിതത്തിൽ നിന്നു് 25 കൊല്ലം കൊണ്ടു് പ്രസ്തുത ജനങ്ങൾ ഇരുപതാം നൂററാണ്ടിലെ അമേരിക്കൻ പരിഷ്ക്കാരത്തിൽ എത്തിച്ചേർന്ന ഏററവും രസകരമായ കഥയാണു് അവർ വിവരിച്ചിരിക്കുന്നതു്. മററു രാജ്യങ്ങളിൽ അനേകായിരം വർഷങ്ങളിലായി വ്യാപിച്ചുകിടക്കുന്ന ചരിത്രഗതിയെ ഈ ജനങ്ങൾ കാൽനൂററാണ്ടിനുള്ളിൽ ഒതുക്കിയിരിക്കുന്നതായി കാണുന്നു. രണ്ടാം ലോകമഹായുദ്ധത്തിൻെറ കൊടുംകാററുകൾ ദക്ഷിണ പസിഫിക്കിലും ആഞ്ഞുവീശിയതാണു് വൻപിച്ച ഈ പരിവർത്തനത്തിൻെറ കാരണം. പത്തുമുപ്പതു കൊല്ലം മുമ്പ് നഗ്നരായി, സംസ്കാരം എന്നാൽ എന്തെന്നറിയാതെ, ആധുനിക മനുഷ്യനു് മനസ്സിലാക്കുവാൻപോലും കഴിയാത്ത ക്ഷുദ്രാചാരങ്ങളിലും സാമൂഹിക ബന്ധങ്ങളിലും അകപ്പെട്ടു് കടൽപ്പശുക്കളെപ്പോലെ ജീവിച്ച ബാലന്മാർ സൂട്ടും ഹാററും ധരിച്ചു, അമേരിക്കൻ ഇംഗ്ലീഷും സംസാരിച്ചു് നടക്കുന്നതും സമർത്ഥന്മാരായ ഉദ്യോഗസ്ഥന്മാരുടെ പദവിയിലിരുന്നു ജോലിചെയ്യുന്നതും കാണിക്കുന്ന ചിത്രങ്ങൾ ഗ്രന്ഥകർത്രി പുസ്തകത്തിൽ ചേർത്തിട്ടുണ്ടു്. അതു കണ്ടാൽ നാം വിശ്വസിക്കുകയില്ല. വെറും കാടന്മാരായ ആ കുട്ടികളാണോ ഈ നിലയിൽ എത്തിയതു് എന്നു വിസ്മയിച്ചുപോകും. അത്രയ്ക്കു സമൂലമായ പരിവർത്തനമാണു് അവക്കു സംഭവിച്ചതു്. ഇതിൽ ഏററവും ശ്രദ്ധേയമായിട്ടുള്ള സംഗതി പ്രസ്തുത ജനങ്ങളിൽ ഈ മാററത്തിൻെറ ഫലമായി യാതൊരുവിധമായ വ്യാകുലതകളും മനശ്ചാഞ്ചല്യങ്ങളും അവശേഷിച്ചിട്ടില്ല എന്നുള്ളതാണു്. സുഖസുന്ദരമായ ഒരു പരിവർത്തനം. ഇതിൻെറ രഹസ്യമെന്തെന്നു് മാർഗററു് മീഡ് സുദീർഘമായി പരിചിന്തിച്ചിട്ടുണ്ടു്.

ആ ദ്വീപിൽ ജീവിച്ച ജനസമുദായം ഒററക്കെട്ടായി—പിതാമഹനും, മാതാപിതാക്കളും, പുത്രപൗത്രാദികളും എല്ലാം കൂടി—സമൂലപരിവർത്തനത്തിനു വിധേയമായതുകൊണ്ടാണു് ഇത്രയ്ക്കു ഹൃദ്യവും തൃപ്തികരവുമായ പരിണതി

---

* MARGARET MEAD: Cultural Transformation—Manus 1928—1953, William Marrow & Co., New York, 1956.

ലഭ്യമായതെന്നു് അവർ പറയുന്നു. പഴയതു മുഴുവനും—അലകും പിടിയും—പരിത്യജിച്ചിട്ടാണു് അവർ പുതിയതു സ്വീകരിച്ചതു്. അഥവാ, അവൎക്കു പരിത്യജിക്കുവാൻ കാര്യമായി ഒന്നും ഇല്ലായിരുന്നു എന്നും പറയാവുന്നതാണു്. സ്വന്തമായ സംസ്കാരങ്ങളിലും സവിശേഷമായ സാമൂഹികബന്ധങ്ങളിലും പരിചയിച്ചവരും, അവയെ മേൽത്തരമെന്നു കരുതുന്നവരുമായ ജനസമുദായങ്ങളുടെ കഥ ഇതല്ല. അവിടെ സമൂലപരിവൎത്തനം സംഭവിക്കുകയില്ല. സാദ്ധ്യമാണോ എന്നും സംശയമാണു്. ഏച്ചുകെട്ടലും ഒട്ടിച്ചു ചേൎക്കലും ആണു് നടക്കുന്നതു്. പുതിയതും പഴയതും ഇടകലൎന്നു കിടക്കുന്ന പരിണാമം. ഇവയുടെ ബലപരീക്ഷ ദീർഘകാലം നിലനില്ക്കും. തൽഫലമായ വ്യാകുലതകൾക്കും അറുതിയില്ല. അടിയിൽ പൂണൂലും പുറമെ ററവീഡ്സൂട്ടും, അന്തരംഗത്തിൽ പുനൎജ്ജന്മ വിശ്വാസവും പെരുമാററത്തിൽ അമേരിക്കൻ ഭൗതിക വാദവും, അതല്ലെങ്കിൽ ഉള്ളിൽ കൺഫൂഷ്യൻ തത്ത്വസംഹിതയും വെളിയിൽ മാർക്സിയൻ സമത്വവാദവും, പേറിക്കൊണ്ടു നടക്കുന്നതിൻെറ പൊരുത്തക്കേടുകൾ നമുക്കു് അറിവുള്ളതാണല്ലൊ.

## 25. ഒരു വിവാഹം

ബെർളിനിൽ നിന്നു പോരുന്നതിൻെറ തലേന്നാൾ രാത്രി ഞങ്ങൾ ഒരു വിവാഹ സൽക്കാരത്തിൽ പങ്കെടുത്തു. ഡോക്ടർ മഹാദേവനു് പരിചയമുള്ള ഒരു പെൺകുട്ടി അവിടുത്തെ സൎവ്വകലാശാലയിൽ ജന്തുശാസ്ത്രം പഠിക്കുന്നുണ്ടു്. അവളുടെ സ്നേഹിതൻെറ വിവാഹമായിരുന്നു. സ്ഥലം കണ്ടുപിടിക്കുവാൻ അല്പം പ്രയാസപ്പെട്ടു. പുറത്തെങ്ങും ഒരു ലക്ഷണവും കണ്ടില്ല. അനേകം കുടുംബങ്ങൾ താമസിക്കുന്ന ഒരു വലിയ കെട്ടിടത്തിനുള്ളിൽ രണ്ടു ചെറിയ മുറികളിൽ വെച്ചായിരുന്നു സൽക്കാരം. കെട്ടിടത്തിൻെറ നമ്പർ മാത്രമെ ഞങ്ങൾക്കു കിട്ടിയിരുന്നുള്ളു. അതിൻെറ വാതില്ക്കൽനിന്നു്, വഴിയേപോയ ചിലയാളുകളെ പിടിച്ചു നിറുത്തി. സിഗററും കൊടുത്തു്, ഒന്നുരണ്ടു വട്ടം രുക്മിണീസ്വയംവരം ആടിക്കാണിച്ചു

പ്പോഠം അവക്കു കാര്യം മനസ്സിലായി. അവർ ആ കെട്ടിടത്തിൻെറ മേൽനോട്ടക്കാരനെ ഫോണിൽ വിളിച്ചു വരുത്തി, ഞങ്ങളെ ലിഫ്ററിൽ കയററി, ചില ഇടനാഴികളിലൂടെ നടത്തി, ആളുകഠം തിങ്ങിനില്ക്കുന്ന രണ്ടു കൊച്ചു മുറികളിൽ എത്തിച്ചു. കുറെ പ്രൊഫസ്സർമാരും അവരുടെ ഭാര്യമാരും, വിദ്യാത്ഥീവിദ്യാത്ഥിനികളും ആയിരുന്നു അതിഥികഠം. ആക്കും ഇരിക്കാൻ സ്ഥലം കിട്ടിയില്ല. തിന്നാനും കുടിക്കാനും ഉള്ള സാധനങ്ങഠം നിരത്തിവെച്ച മേശകഠം സ്ഥലമെല്ലാം അപഹരിച്ചിരുന്നു. സിഗററിൻെറ പുകയും പലതരം പാനീയങ്ങളുടെ ആവിയും മുറിക്കകത്തെ വായുവിൽ തിങ്ങിനിന്നു. മദ്രാസുകാരിയായ യുവതിയെ അവിടെയെങ്ങും കണ്ടതുമില്ല.

അതിഥികളിൽ പലക്കും ഇംഗ്ലീഷ് അറിയാമായിരുന്നതുകൊണ്ടു് ഞങ്ങഠംക്കു് പ്രയാസമുണ്ടായില്ല. പ്രായമുള്ള ഒരു പ്രൊഫസ്സറോടു ചോദിച്ചു് വരൻ ആരെന്നു മനസ്സിലാക്കി, അയാഠംക്കു അനുമോദനങ്ങളും ശുഭാശംസകളും നല്കി. വധുവിനെക്കുറിച്ചു അന്വേഷിച്ചപ്പോഠം ആ സൗഭാഗ്യവതി അടുക്കളപ്പണിയിൽ മുഴുകിയിരിക്കുകയാണെന്നു മനസ്സിലായി. അല്പനേരം കഴിഞ്ഞപ്പോഠം അവഠം പ്രത്യക്ഷപ്പെട്ടു. വാടിത്തളന്നു, വിയത്തൊലിച്ചു് വന്ന ആ സാധു യുവതിയെക്കണ്ടപ്പോഠം ഞങ്ങഠംക്കു് എന്തെന്നില്ലാത്ത സങ്കടമാണു് തോന്നിയതു്. തൻെറ വിവാഹദിവസംപോലും അവഠംക്കു് വിശ്രമം ലഭിച്ചില്ല. നല്ല വസ്ത്രങ്ങഠം ധരിച്ചുകൊണ്ടു് അടുക്കളപ്പണി ചെയ്യുന്നതു് കൂടുതൽ ശ്രമകരവുമാണു്. ഞങ്ങളുടെ ആശംസകഠം സ്വീകരിച്ചശേഷം അവഠം വീണ്ടും അടുക്കളയിലേക്കു് ഓടി. ഇരുപതിൽപരം അതിഥികളുണ്ടു്—നല്ലതുപോലെ തിന്നാൻ കഴിവുള്ള ജെമ്മൻകാർ! അവക്കു വേണ്ടത്ര ആഹാരം കൊടുക്കേണ്ടതു് അവളുടെ ചുമതലയാണു്. അന്നു് ഒരു ദിവസത്തേയ്ക്കെങ്കിലും അവഠംക്കു് വിശ്രമവും സന്തോഷവും നല്കുവാൻ സ്വന്തക്കാരും ബന്ധുക്കളും ആരുമില്ലേ എന്നു ചോദിക്കുവാൻ തോന്നി. പക്ഷെ നമ്മുടെ നാടൻരീതിയിലുള്ള ഇത്തരം ചോദ്യങ്ങഠം അവി

ടെ അപ്രസക്തവും അനുചിതവും അപമര്യാദയും ആയേക്കു മെന്നു ഭയപ്പെട്ട് ചോദിച്ചില്ല. എത്രയും വേഗം പോരു വാൻ നിശ്ചയിച്ച് ഞങ്ങളെ അവിടേയ്ക്ക് ക്ഷണിച്ച മീനാ ക്ഷിയെ അന്വേഷിച്ചു. ''ഇവിടെ ഉണ്ടായിരുന്നല്ലോ'' എന്നു പറഞ്ഞ് വരൻ അന്വേഷണം തുടങ്ങി. അല്പ സമയത്തിനുള്ളിൽ മീനാക്ഷി ആഗതയായി. മദ്യപി ച്ചു കണ്ണുകലങ്ങി, നേരെ നില്ക്കുവാൻപോലും കഴിവി ല്ലാതെ, പുകവലിച്ചുകൊണ്ട്, വരൻ സായിപ്പിൻെറ കൈയിൽ തൂങ്ങിനില്ക്കുന്ന ആ ബ്രാഹ്മണബാലികയെ കണ്ടമാത്രയിൽ തന്നെ യാത്രപറഞ്ഞ് ഞങ്ങൾ തിരിച്ചു പോന്നു. ബെർളിൻ യൂണിവേഴ്സിററിയിലെ ജന്തു ശാസ്ത്ര പഠനത്തെക്കുറിച്ച് അവളിൽ നിന്നു് വല്ലതും മനസ്സിലാക്കാമെന്ന് ഞാൻ പ്രതീക്ഷിച്ചിരുന്നു. പക്ഷെ, നോട്ടമെത്താത്ത ദൂരരാജ്യങ്ങളിൽ പെൺകുട്ടികളെ പഠി ക്കാനയയ്ക്കുന്നതിൻെറ ഭവിഷ്യത്തുകളാണ് മനസ്സിലാക്കി യതു്. ''വിപുലമായ അർത്ഥത്തിൽ അതും ജന്തുശാസ്ത്രം തന്നെ'' എന്ന് ഡോക്ടർ മഹാദേവൻ പറഞ്ഞു.

## 26. ബുദ്ധവിഹാരം

അടുത്ത ദിവസം കാലത്തു് ബെർളിൻ നഗരത്തിൻെറ പ്രാന്തത്തിലുള്ള ഒരു ബുദ്ധവിഹാരം കാണുവാൻ പോയി. ആ സ്ഥാപനത്തെപ്പോലെതന്നെ അവിടേയ്ക്കുള്ള യാത്രയും എന്നെ ആകർഷിച്ചു. ബെർളിനിലെ വനതലത്തിലൂടെ യാണ് പോയതു്. കാട്ടിനകത്തുള്ള റോഡുകളും ടാറിട്ടു മിനുസപ്പെടുത്തിയവയാണ്. അവിടവിടെ വൃക്ഷങ്ങ ളാൽ മറയ്ക്കപ്പെട്ട മനോഹരങ്ങളായ നാടൻ വീടുകളുണ്ട്. ഒരു മഹാനഗരത്തിൻെറ മദ്ധ്യത്തിലും ഇങ്ങിനെ ഋഷി വാടംപോലെയുള്ള ശാന്തികുടീരങ്ങൾ കണ്ടപ്പോൾ എനി ക്കു രോമാഞ്ചമുണ്ടായി. അന്ന് ഞായറാഴ്ചയായിരുന്നതു കൊണ്ട് രാവിലെതന്നെ പല ആളുകളും ആഹാരഭാണ്ഡ ങ്ങളും പേറി വനവിശ്രമത്തിനു പുറപ്പെട്ടിരിക്കുന്നതുകണ്ടു. റോഡിൻെറ പല ഭാഗത്തും കാറുകൾ നിറുത്തിയിട്ടുണ്ടാ യിരുന്നു.

ബുദ്ധക്ഷേത്രം ഒരു ചെറുകുന്നിൻെറ മുകളിലാണ്.

സിലോൺകാരായ ഭിക്ഷുക്കളാണ് അതിൻെറ ചുമതല വഹിക്കുന്നതു്. അവരുടെ കുലപതി ഞങ്ങളെ സ്വീകരിക്കുകയും സ്വൎണ്ണവൎണ്ണമായ വലിയ ബുദ്ധവിഗ്രഹവും അവിടുത്തെ ഗ്രന്ഥശാലയും കാണിച്ചുതരുകയും ചെയ്തു. അദ്ദേഹത്തിനും അന്തേവാസികൾക്കും ഇംഗ്ലീഷ് അത്ര വശമില്ലായിരുന്നു. സിലോൺകാരാണെങ്കിലും തമിഴും അറിഞ്ഞുകൂടാ. എല്ലാവരും ജെൎമ്മൻഭാഷ പഠിച്ചുകൊണ്ടിരിക്കുകയാണ്. ഒരു കൊല്ലത്തിനുമേൽ ആയെങ്കിലും ഒരക്ഷരവും സംസാരിക്കുവാൻ കഴിയുന്നില്ല എന്നു് അവർ ഖേദിച്ചു. ക്ഷേത്രത്തിൻെറ മുററവും അകത്തെ മുറികളും വളരെ വൃത്തിയായി സൂക്ഷിച്ചിട്ടുണ്ടെങ്കിലും വിശാലമായ പറമ്പു് കാടുകയറിക്കിടക്കുകയാണ്. ''ഈ രാജ്യത്ത് ഇതൊക്കെ വൃത്തിയാക്കി വെയ്ക്കുണമെങ്കിൽ വളരെ അധികം പണച്ചെലവുണ്ടു്. ഇവിടുത്തെ വേലക്കൂലി ഭയങ്കരമാണ്'' എന്നു് കുലപതിയായ ഭിക്ഷു വിലപിക്കുകയുണ്ടായി.

ഈ സന്ദൎശനത്തോടുകൂടി ഞങ്ങളുടെ ബെൎളിൻ പരിപാടി അവസാനിച്ചു. ബെൎളിൻ ഭിത്തി കണ്ടിട്ടു തിരിച്ചെത്തിയ കൃഷ്ണൻനായരോടു് യാത്രപറഞ്ഞു, 12 മണിക്കു് ഞങ്ങൾ കെംപിൻസ്കി ഹോട്ടലിൽ നിന്നു് വിമാനത്താവളത്തിലേക്കു പോയി. ദ്വിഭാഷിയായ ഷോണെവില്ലെ എന്ന യുവതിയും ഡ്രൈവർ ഷ്മിഡ്ററും ഞങ്ങൾക്കു് സുഖയാത്ര ആശംസിച്ചു. അവരുടെ സേവനങ്ങൾക്കു നന്ദി പറഞ്ഞു് കൈകൂപ്പിയപ്പോൾ, രണ്ടുപേരും ഒരുമിച്ചു്, സ്നേഹപൂൎണ്ണമായ സ്വരത്തിൽ പറഞ്ഞു: ''ഔഫ് വീഡെർ സേഹൻ!''

## V

### 27. മ്യൂണിക്ക്

ബെർളിനിൽ നിന്നു് രണ്ടു മണിക്കൂർ നേരത്തെ വിമാനയാത്രയ്ക്കു ശേഷം ഞങ്ങൾ മ്യൂണിക്കിലെത്തി. ദ്വിഭാഷിയായ മിസ്സിസ് റൈനാർട്സ് ''നമസ്തേ'' പറഞ്ഞാണു് ഞങ്ങളെ സ്വീകരിച്ചതു്. മുമ്പു് ഇന്ത്യയിൽ വന്നതിൻെറ ഫലമായി അവർ മൂന്നുനാലു ഹിന്ദി വാക്കുകൾ പഠിച്ചിട്ടുണ്ടു്. അവർ ഞങ്ങൾക്കുവേണ്ടി തയ്യാറാക്കിയ പരിപാടിയിൽ അഞ്ചു മിനിട്ടുനേരത്തെ ഇളവു പോലും ഇല്ലായിരുന്നു. ഇന്ത്യക്കാർ അലസന്മാരാണെന്നും അവരെ വെറുതെ വിടരുതെന്നും അവക്കു് വാശിയുള്ളതു പോലെ തോന്നി.

മ്യൂണിക്കിനു് ജെമ്മൻ ഭാഷയിലുള്ള പേരു് മ്യൂഞ്ചെൻ എന്നാണു്. സന്യാസികളുടെ സ്ഥലം എന്നാണു് അത്ഥം. ബവേറിയ എന്ന സംസ്ഥാനത്തിൻെറ തലസ്ഥാനമാണതു്. ആ പ്രദേശത്തെ ജനങ്ങളിൽ ഭൂരിപക്ഷവും കത്തോലിക്കരാണു്. പഴയ പള്ളികൾക്കും, സന്യാസിമഠങ്ങളിൽ നിമ്മിക്കുന്ന വീഞ്ഞു്, ബിയർ എന്നീ പാനീയങ്ങൾക്കും ബവേറിയ പ്രസിദ്ധമാണു്. ആൽപ്പ് പവ്വതത്തോടു് അടുത്തു കിടക്കുന്നതുകൊണ്ടു് പ്രകൃതിസൗന്ദര്യത്തിനു പേരുകേട്ട പല സ്ഥലങ്ങളും അവിടെയുണ്ടു്.

ഞങ്ങൾ അവിടെ എത്തിയതു് ബവേറിയൻ സ്റ്റേററു് ഓപ്പെറയുടെ ഉദ്ഘാടനദിവസമായിരുന്നു. അതു് കണ്ടേ തീരൂ എന്നു് ഞാൻ ശാഠ്യം പിടിച്ചു. ''നിങ്ങൾ ഗവണ്മെൻറിൻെറ അതിഥികളായതുകൊണ്ടു് ഈ ആഗ്രഹം സാധിക്കുമെന്നാണു് എൻെറ പ്രതീക്ഷ. മൂന്നും നാലും മാസങ്ങൾക്കു മുമ്പു് അമേരിക്കയിൽ നിന്നുപോലും ടിക്കററിനു് അപേക്ഷകൾ വരുന്നതുകൊണ്ടു് മററുള്ളവക്കു്

ചിന്തിക്കുവാൻപോലും സാധ്യമല്ലാത്ത സംഗതിയാണിതു്. ഞാൻ പ്രോട്ടോക്കോാം ആഫീസിൽ പോയിട്ട സന്ധ്യയ്ക്കു വരാം. കറുത്ത സൂട്ടു ധരിച്ചു തയ്യാറായിരിക്കണം'' എന്നു പറഞ്ഞു് ദ്വിഭാഷി പോയി. അരമണിക്കൂറിനകം ടിക്കററു കിട്ടിയതായി അവർ ഫോൺചെയ്തു.

## 28. ജെർമ്മൻ ഓപ്പെറ

പ്രിൻസ് റീജെണ്ടൻ തിയേററർ എന്ന പ്രസിദ്ധമായ നാടകശാലയിലായിരുന്നു ഉദ്ഘാടനം നടന്നതു്. കഥ സോഫോക്ലിസ്സിൻെറ ഇലക്ട്ര. റിച്ചാഡ് സ്ട്രൗസ് എന്ന ലോകപ്രസിദ്ധനായ സംഗീതജ്ഞൻ ചിട്ടപ്പെടുത്തിയ രൂപമാണു് ആവിഷ്കരിച്ചതു്. അതിഗംഭീരമായ ആ നാടകശാലയിലെ ആയിരത്തിൽപരം ഇരിപ്പിടങ്ങളിൽ നിറയെ ആളുണ്ടായിരുന്നു. ''മ്യൂണിക്കിലെയും പശ്ചിമ ജെർമ്മനിയിലെയും പ്രമാണികളായ ആളുകളെല്ലാം ഇവിടെയുണ്ടു്. നാലഞ്ചു അംബസിഡർമാരെയും കാണുന്നു.'' എന്നു് ദ്വിഭാഷി പറഞ്ഞു. മൂന്നാമത്തെ വരിയിൽ ഇരിപ്പിടം കിട്ടിയതുകൊണ്ടു് ഞങ്ങാംക്കു് എല്ലാം വളരെ അടുത്തു് കാണുവാനും കോംക്കുവാനും സാധിച്ചു. ഒരിക്കലും മറക്കാത്ത അനുഭവമായിരുന്നു അതു്.

അരങ്ങിൻെറ തൊട്ടു മുമ്പിൽ 120 അംഗങ്ങളുള്ളവാദ്യഗോഷ്ഠി (ഓർക്കെസ്ട്ര) സ്ഥാനം ഉറപ്പിച്ചിരുന്നു. അത്രയും വാദ്യോപകരണങ്ങളും ഉണ്ടെന്നു പറയേണ്ടതില്ലല്ലോ. അവരുടെ നായകൻ അരങ്ങിൻെറ നേർക്കു് മുഖംതിരിച്ചാണു് നില്ക്കുന്നതു്. യവനിക നീങ്ങുന്നതിനു് അല്പം മുമ്പു് അദ്ദേഹം സംഗീതപ്രകടനം ആരംഭിച്ചു. സദസ്സു് നിശ്ചലവും നിശ്ശബ്ദവും ആയി. അരങ്ങിൻെറ മുകാം തട്ടിനു് മുപ്പതടിയോളം പൊക്കം കാണും. അതിനുതക്ക വിസ്താരവും ഉണ്ടു്. അതി ഗംഭീരമായ ഒരു കൊട്ടാര മുഖപ്പാണു് പശ്ചാത്തലമായി കാണിച്ചിരുന്നതു്. സങ്കീർണ്ണമായ ചിത്രപ്പണികളോടു കൂടി, ഓടുകൊണ്ടു വാർത്തെടുത്തതുപോലെ തോന്നുന്ന വൻപിച്ച കതകുകളായിരുന്നു അതിൻെറ പ്രധാനഭാഗം. രംഗസംവിധാനത്തിൻെറ

നിസ്തുലഭംഗിയെക്കുറിച്ച് എല്ലാ പത്രങ്ങളും വളരെ പ്രശംസിച്ചു എന്നു് അടുത്തദിവസം ദ്വിഭാഷി ഞങ്ങളോടു പറഞ്ഞു. ജെർമ്മനിയിൽ മുഴുവനും പേരുകേട്ട ഒരു കലാകാരനായിരുന്നുവത്രെ അതിൻെറ നിർമ്മാതാവു്. കഥയുടെ ദുരന്തസ്വഭാവത്തെ ദ്യോതിപ്പിക്കുന്ന ഭീകരമായ ഒരു കാളിമ അദ്ദേഹം അഭിനയവേദിയിൽ വ്യാപിപ്പിച്ചിരുന്നു. നരമേധങ്ങളുടെയും ദുസ്സഹവേദനയുടെയും തീക്ഷ്ണമായ പ്രതികാരതൃഷ്ണയുടെയും അനുഭൂതി ജനിപ്പിക്കുന്ന ഈ തമോവലയത്തിൽ കഥാപാത്രങ്ങൾ നിസ്സഹായരായ പാവകളെപ്പോലെയാണു് കാണപ്പെട്ടതു്.

അസ്ത്രീഡ് വാർണേയ് എന്ന നടിയാണു് ഇലക്ട്രയുടെ ഭാഗം അഭിനയിച്ചതു്. പാടുവാനുള്ള കഴിവിനെ മുൻനിർത്തിയാണു് ഓപ്പെറയിലെ നടീനടന്മാരെ തിരഞ്ഞെടുക്കുന്നതു്. സൌന്ദര്യമോ, വേഷസൌഭാഗ്യമോ, അഭിനയപാടവം പോലുമോ അത്രത്തോളം പ്രധാനമല്ല. പറയാനുള്ളതു മുഴുവനും പാട്ടായിട്ടാണല്ലോ പ്രകടിപ്പിക്കേണ്ടതു്. പാശ്ചാത്യസംഗീതത്തിൻെറ സ്വഭാവവിശേഷംമൂലം വായ്പാട്ടു്—അതും നാടകവേദിയിലുള്ളതു്—അത്യന്തം ആയാസകരമായ ഒരു കലയാണു്. വാദ്യഗോഷ്ഠിയുടെ പ്രചണ്ഡമായ ആരവത്തെയും അതിവർത്തിച്ചു പുറകിലെ അററത്തിരിക്കുന്ന ആളുകൾക്കുപോലും കേൾക്കത്തക്ക വിധത്തിൽ, അത്യത്ഭുതകരമായ ആരോഹണാവരോഹണങ്ങളോടും ശബ്ദവൈവിദ്ധ്യത്തോടുംകൂടി പാടുന്നതിനു അസാമാന്യമായ കായികശക്തിതന്നെ ആവശ്യമുണ്ടു്. ഇക്കാരണത്താൽ സ്ത്രീവേഷക്കാർ പോലും കാഴ്ചയിൽ ഗുസ്തിക്കാരാണെന്നു തോന്നും. പക്ഷെ എന്തൊരു ശാരീരമാണു്! എത്ര വിസ്മയാവഹമായ സാധകമാണു്! പാതാളഗർത്തങ്ങളിൽനിന്നു പുറപ്പെട്ടു് സ്വർഗ്ഗലോകത്തിൻെറ തുംഗശൃംഗങ്ങൾ വരെ ഉയരുവാൻ ആ നടീനടന്മാരുടെ ശബ്ദത്തിനു കഴിവുണ്ടു്. ജെർമ്മൻഭാഷ സ്വതേതന്നെ ഖരാതിഖരഘോഷ പ്രകൃതിയാണു്. കണ്ഠനാളത്തിൻെറ താഴത്തെ അററംകൊണ്ടാണു് അതു ഉച്ചരിക്കുന്നതെന്നു പറയാറുണ്ടു്. കുതിരയുടെ ഭാഷ എന്നു് ആക്ഷേപിക്കാറുമുണ്ടു്. അതിൽ എല്ലാ അക്ഷരങ്ങളും ഉറപ്പിച്ചുതന്നെ ഉച്ച

രിക്കണം. ഒന്നും വിട്ടുകളയാനും പാടില്ല. ഇങ്ങിനെയുള്ള ഭാഷയിൽ നിബന്ധിച്ച ഗീതങ്ങൾ ഉച്ചസ്ഥായിയിൽ സ്തോഭാനുസാരിയായ വൈവിദ്ധ്യത്തോടുകൂടി ആലാപിച്ചു ഫലിപ്പിക്കുന്നതു് കലാവിദ്യയെന്നതുപോലെ ഒരു കായികാഭ്യാസം കൂടിയാണു്. പാശ്ചാത്യ സംഗീതത്തിൻെറ സാങ്കേതികഭാവങ്ങളെക്കുറിച്ചു് അല്പജ്ഞാനം പോലും ഇല്ലായിരുന്നു എങ്കിലും എനിക്കു് ആ ഗാനനാടകത്തിൻെറ അഗാധരസാനുഭൂതിയിൽ ആറാടി രമിക്കുവാൻ സാധിച്ചു. കഥ അറിയാവുന്നതാണു്. പക്ഷെ ഭാഷ നിശ്ചയമില്ലാത്തതുകൊണ്ടു് അഭിനയത്തിൻെറ വിശദാംശങ്ങൾ ഊഹിച്ചറിയേണ്ടിവന്നു. ദ്വിഭാഷിക്കും വലിയ വിവരമൊന്നും ഉണ്ടെന്നു തോന്നിയില്ല. ഉണ്ടെങ്കിലും അവിടെവെച്ചു് ഒന്നും സംസാരിക്കുവാൻ സാധ്യമല്ല. സദസ്സു് അത്രയ്ക്കു നിശ്ശബ്ദമാണു്.

ഗ്രീക്കു നാടകങ്ങളുടെ വശീകരണശക്തി അന്നാണു് എനിക്കു് മനസ്സിലായതു്. അളക്കുവാൻ കഴിയാത്ത ഭാവഗഹനതകളെ അവ പ്രതിബിംബിപ്പിയ്ക്കുന്നു. ദുരൂഹഭീകരമായ ദുർവിധിയുടെ പ്രതീതി ജനിപ്പിക്കുന്നു. തീക്ഷ്ണവികാരങ്ങളെക്കൊണ്ടു് മഹാസമുദ്രങ്ങൾ സൃഷ്ടിക്കുന്നു. അവ അഗ്നിസമുദ്രങ്ങളോ എന്നു നാം സംഭ്രമിച്ചുപോകുന്നു.

## 29. ഇലക്ട്ര

ആഗമെമ്നൺ എന്ന മൈസീനിയയിലെ രാജാവിനെ അദ്ദേഹത്തിൻെറ ഭാര്യ ക്ലൈത്തീമ്നെസ്ത്രയും അവളുടെ ജാരനായ ഈജിസ്തസ്സും കൂടി ഗൂഢാലോചനചെയ്തു് വധിക്കുന്നു. അതിനുശേഷമുള്ള കഥയാണു് സോഫോക്ലിസ്സിൻെറ ഈ നാടകത്തിലെ പ്രതിപാദ്യം. മരിച്ചുപോയ രാജാവിനു് ക്ലൈത്തീമ്നെസ്ത്രയിൽ മൂന്നു സന്താനങ്ങളുണ്ടു്—ഒറെസ്റ്റസ്സു് എന്ന പുത്രനും ഇലക്ട്ര, ക്രൈസോഥെമിസ് എന്ന പുത്രിമാരും. ഒറെസ്റ്റസ്സിനെ രാജ്ഞി നാടുകടത്തി. പെൺമക്കൾ കൊട്ടാരത്തിൽതന്നെ പാർത്തു. ഇലക്ട്ര അമ്മയോടുള്ള വിരോധം മറയ്ക്കാതിരുന്നതുകൊണ്ടു് രാജ്ഞിയിൽനിന്നു് വളരെ ദ്രോഹം അനുഭവിക്കേണ്ടിവന്നു. തൻെറ സഹോദരൻ തിരിച്ചുവരുമെന്നും, അവരുടെ പ്രിയപിതാ

വിൻെറ വധത്തിനു് പ്രതികാരം ചെയ്യുമെന്നും വിശ്വസിച്ചു് അകംനീറി, ദിവസങ്ങളെണ്ണി, അവൾ ജീവിക്കുന്നു. ഒന്നുകൊണ്ടും ശമിക്കാത്ത ദുഃഖത്തിൻെറയും, പകവീട്ടാതെ അടങ്ങാത്ത ധർമ്മരോഷത്തിൻെറയും പ്രതീകമാണു് അവൾ. പ്രതികാരതൃഷ്ണകൊണ്ടു് അവൾ കത്തിജ്വലിക്കുന്നതുപോലെ തോന്നിപ്പോകും. ആ ജ്വാലാകലാപം അവൾക്കു് അഭൗമമായ ഒരു സൗന്ദര്യവും നല്കുന്നു. അവളുടെ തോഴികൾ ഗായകസംഘമായി കൂടക്കൂടെ കഥാഗതിയിൽ പ്രത്യക്ഷപ്പെട്ടു് ഈ ഭയങ്കരസംഭവങ്ങളുടെ നീതിസാരം പ്രകീർത്തിക്കുന്നു.

''അല്ലയോ നഗരമേ, ദുർവ്വിധിഗ്രസ്തമായ വംശമേ, നാളുകൾ ചെല്ലുംതോറും നാശോന്മുഖമായിത്തീരണമെന്ന മഹാശാപം നിങ്ങളെ ബാധിച്ചിരിക്കുന്നു.'' എന്നും.

ഒറെസ്റ്റസ്സ് തിരിച്ചുവന്നു് പെററമ്മയായ ക്ലൈത്തീമ്നെസ്ത്രയേയും ജാരനായ ഈജിസ്റ്റസ്സിനെയും ഇലക്ട്രയുടെ അട്ടഹാസത്തിലുള്ള നിയോഗമനുസരിച്ചു് വധിക്കുമ്പോൾ,

''ശാപം ഇതാ ഫലിച്ചിരിക്കുന്നു. വളരെക്കാലം മുമ്പു് കൊല്ലപ്പെട്ടു് പട്ടടക്കുഴിയിൽ വീണുകിടക്കുന്നവർ ജീവിക്കും; ഒടുവിൽ തങ്ങളെ കൊന്നവരുടെ ചോര കുടിച്ചു പകരം വീട്ടുകയും ചെയ്യും.'' എന്നും

അവസാനരംഗത്തിൽ പാടുന്നതു് ഈ ഗായകസംഘ (കോറസ്സ്)മാണു്.

ഏറെക്കുറെ ഭാരതയുദ്ധത്തിൻെറ ഭയവിഹ്വലമായ അന്തരീക്ഷമാണു് ഇലക്ട്രയെപ്പോലെ ദുരന്തദന്തുരമായ ഗ്രീക്കു നാടകങ്ങളിൽ കാണുന്നതു്—''കുലക്ഷയ കൃതം ദോഷം മിത്രദ്രോഹേ ച പാതകം.'' കാമക്രോധങ്ങളും ലോഭമോഹങ്ങളും കൊട്ടംപിരികൊണ്ടു നില്ക്കുന്നതായും, നിണപ്പുഴകൾ ഭൂമുഖത്തെ മൂടിക്കളയുന്നതായും, പ്രതികാര സാഹസങ്ങളും കൊലപാതകങ്ങളും ധർമ്മാധർമ്മങ്ങളുടെ ബലപരീക്ഷകളും, പ്രപഞ്ചവ്യാപകമായ തോതിൽ സംഭവിക്കുന്നതായും നമുക്കു തോന്നിപ്പോകും. അത്ഭുതപ്രതിഭന്മാരായ അന്നത്തെ നാടകകൃത്തുക്കൾ ദുഃഖത്തിൻെറയും

ദോഷത്തിൻെറയും ഏററവും വലിയ ആഴങ്ങളിലേക്ക് ധീരധീരം ഇറങ്ങിച്ചെല്ലുന്നു. മനുഷ്യജീവിതത്തിൻെറ അടിസ്ഥാനഭൂതമായ പ്രചോദനങ്ങളെ ആവിഷ്കരിക്കുവാൻ മഹായത്നം ചെയ്യുന്നു. നാടകം കാണുകയോ രസിക്കുകയോ അല്ല, ആദ്യന്തവിഹീനവും അപ്രമേയവുമായ ഈ പ്രപഞ്ചനാടകം അനുഭവിക്കുകയാണ് നാം ചെയ്യുന്നതു്.

ലോകചരിത്രകാരനായ ടോയൻബീ ഗ്രീസിലെ മറെറാരു നാടകകൃത്തായ ഈസ്കിലസ്സിനെ ശ്രീബുദ്ധനോടുതന്നെ താരതമ്യപ്പെടുത്തിയിട്ടുണ്ടു്. അവർ സമകാലീനരായിരുന്നു എന്ന വസ്തുതയും അദ്ദേഹം എടുത്തു പറയുന്നു. ദുഃഖത്തിൻെറയും വേദനയുടെയും ഉൽപത്തിയെക്കുറിച്ചുള്ള നിസ്തുലമായ ഉൾക്കാഴ്ചയുടെ ഫലമായി, മനുഷ്യചേതനസ്സ് അവയുടെ ആശ്ലേഷത്തിൽ നിന്നു മോചനം നല്കുവാനുള്ള മാർഗ്ഗമാണ് ബുദ്ധൻ ഉപദേശിച്ചതു്. ഈ മാർഗ്ഗം നിർവ്വാണത്തിലേക്കു നയിക്കുന്നു. പക്ഷെ നിർവ്വാണം നിശ്ചേതനമാണ്. ആത്മാവിൻെറ അന്തർദ്ധാനമാണ്. രോഗത്തോടൊപ്പം രോഗിയേയും അതു നിർവീര്യമാക്കുന്നു; നിർമ്മാർജ്ജനം ചെയ്യുന്നു. ഈസ്കിലസ്സിൻെറ ഉപദർശനം ഇതിൽനിന്നു ഭിന്നമാണ്. മനുഷ്യാത്മാവിനു് ദുഃഖം ജ്ഞാനോപായമാണെന്നു് അദ്ദേഹം കാണുന്നു. ആദ്ധ്യാത്മികമായ നൂതനമണ്ഡലങ്ങളെ കണ്ടെത്തുന്നതിനുള്ള മാർഗ്ഗം. ചേതനയുടെ വ്യാപാരപരിധിയെ അതു് വിപുലീകരിക്കുന്നു; അനുഭൂതിക്കു അജ്ഞാതമായിരുന്ന ലോകങ്ങളെ തുറന്നുകൊടുക്കുന്നു; ബോധത്തിൻെറ ദീപനാളത്തെ ആളിക്കത്തിക്കുന്നു; മനുഷ്യനെ ആവരണംചെയ്യുന്ന കൂരിരുട്ടിനെ അകററിക്കളയുന്നു. യവനസംസ്കാരത്തിൻെറ സുവർണ്ണദശയിൽ ഈസ്കിലസ്സിൻെറ പ്രതിഭയ്ക്കു് കൈവന്ന ഈ ഉൾക്കാഴ്ചയ്ക്കു് മറെറാരു വശം കൂടി ഉണ്ടെന്നും, ദുഃഖം ഈശ്വരാനുഗ്രഹത്തിനു് മനുഷ്യാത്മാവിനെ അർഹമാക്കുന്നു എന്ന ഈ പുതിയ ആദ്ധ്യാത്മിക തത്വമാണ് ക്രിസ്തുമതത്തിൻെറ സംഭാവനയെന്നും, ടോയൻബീ പറയുന്നു. ബുദ്ധൻെറ ഉപദർശനത്തെയും ഉപദേശത്തെയും പററിയുള്ള അദ്ദേഹത്തിൻെറ അഭിപ്രായവും

നിവ്വാണത്തിൻെറ സ്വഭാവത്തെക്കുറിച്ചുള്ള സങ്കല്പവും ശരിയാണോ എന്ന കാര്യം നില്ക്കട്ടെ. ഗ്രീക്കു നാടകത്തിന്നു് സംസ്കാരത്തിൻെറ ചരിത്രത്തിൽ അദ്ദേഹം കല്പിക്കുന്ന പ്രാധാന്യം മാത്രമെ നമുക്കു തൽക്കാലം പരിഗണിക്കേണ്ടതുള്ളു. അനശ്വര യശസ്വികളായ ആ പ്രാചീന നാടകകൃത്തുകൾ ലോകമതസ്ഥാപകന്മാക്കു സമശീഷ്രായി, സവ്വസമാരാദ്ധ്യരായി ഉയന്നുനില്ക്കുന്ന കാഴ്ച, ആരെയാണു് കോരിത്തരിപ്പിക്കാത്തതു്?

## 30. ബിയർശാലകളും ചിത്രകലയും

മ്യൂണിക്കു് ഒരു പഴയ നഗരമാണു്. അതിൻെറ മദ്ധ്യഭാഗത്തുള്ള വീഥികൾക്കു് തീരെ വീതിയില്ല. ഏതു സമയത്തും വാഹനങ്ങളുടെയും കാൽനടക്കാരുടെയും തിരക്കുണ്ടു്. വളരെ പഴയ കെട്ടിടങ്ങളും ധാരാളം കാണാം. ഇക്കൂട്ടത്തിൽ ഒരു വലിയ പള്ളിക്കു് ''പീററർ'' എന്ന ഓമനപ്പേരാണു് നല്കിയിരിക്കുന്നതു്. അതിൻെറ മണിമാളിക വളരെ പൊക്കമുള്ളതാണു്. ''കിഴവൻ പീററർ നില്ക്കുന്ന കാലത്തോളം മ്യൂണിക്കു് ജീവിക്കും'' എന്നാണു് ചൊല്ലു്. രണ്ടാം ലോകമഹായുദ്ധത്തിൽ ഈ പള്ളിക്കു് കേടുപററിയില്ല എന്ന വസ്തുത മ്യൂണിക്കിലെ ജനങ്ങൾ അഭിമാനപൂവ്വം സ്മരിക്കാറുണ്ടു്.

അവിടത്തെ ബിയർശാലകൾ വളരെ പ്രസിദ്ധമാണു്. അവയിൽ ഒന്നിൽവെച്ചാണു് ഹിററ്ലർ തൻെറ ആദ്യത്തെ രാഷ്ട്രീയവിജയം നേടിയതു്. അനേകശതം ആളുകൾക്കു് ഒരുമിച്ചിരുന്നു ബിയർ കുടിക്കുവാനുള്ള സൗകര്യമുണ്ടു്. സായാഹ്നമായാൽ അവിടെ വലിയ തിരക്കാണു്. പണ്ടത്തെ മുപ്പത്താറു കെട്ടായ വീടുകൾപോലെ വിസ്തൃതമായ ഈ അഴകുപിടിച്ച കെട്ടിടങ്ങളുടെ മുറികളിലും ഇടനാഴികളിലും തിണ്ണയിലും കല്ലുപാകിയ മുററത്തും പൃഥുലഗാത്രരായ ജെമ്മൻകാർ തിങ്ങിയിരുന്നു് പറക്കണക്കിന്നു് ബിയർ കുടിക്കുന്നതും പുകവലിക്കുന്നതും കാണേണ്ട കാഴ്ചയാണു്. ഓരോരുത്തരുടേയും മുമ്പിൽ ഇടങ്ങഴി കൊള്ളുന്ന ഓരോ പോഴ്സ്ലെയിൻ പാത്രമുണ്ടു്. പിടിയുള്ള ഭരണിപോലെയിരിക്കും. മണവും

പുകയും കൊണ്ടു് അധികനേരം അവിടെ നില്ക്കുവാൻ കഴിയാഞ്ഞതിനാൽ, ഓരോരുത്തരും എത്രതവണ ഇത്ര നിറയെ ബിയർ അകത്താക്കുമെന്നു മനസ്സിലാക്കുവാൻ കഴിഞ്ഞില്ല. മൂന്നും നാലും മണിക്കൂർ ഒരേ ഇരുപ്പിൽ ഇരുന്നു് തുടച്ച്യായി ഈ പാനീയം സേവിക്കുന്നവർ ധാരാളമുണ്ടെന്നാണു് ദ്വിഭാഷി പറഞ്ഞതു്. അധികവും തൊഴിലാളികളും താണവരുമാനക്കാരുമാണു്. കുടിക്കാൻ വന്നിരിക്കുന്നവരെക്കാൾ തടിയുള്ളവരാണു് പരിചാരികകൾ. അവർ ഓരോ കൈയിലും രണ്ടും മൂന്നും ഭരണികൾ പിടിച്ചുകൊണ്ടു് ആൾത്തിരക്കിനിടക്കൂടി വരുന്ന വരവു കാണുവാൻ കൗതുകമുണ്ടു്. മ്യൂണിക്കിൽ വരുന്ന സഞ്ചാരികൾ പതിവായി ഫോട്ടോ എടുക്കുന്ന സവിശേഷമായ കാഴ്ചയാണിതു്.

ഈ കാഴ്ച കണ്ടു മടങ്ങുന്ന വഴിക്കു് പ്രധാനപ്പെട്ട ഒരു തെരുവീഥിയുടെ ഇരുവശത്തും വലിയ ആൾക്കൂട്ടം കണ്ടു. അതും മ്യൂണിക്കിന്റെ ഒരു സവിശേഷതയാണെന്നു് ദ്വിഭാഷി പറയുകയാൽ ഞങ്ങൾ അവിടെ കുറച്ചുനേരം ഇറങ്ങി നടന്നു. ഇരുവശത്തുമുള്ള നടപ്പാതയുടെ അരികിൽ നില്ക്കുന്ന മരത്തിലും വേലിയിലും വിളക്കുതൂണിലും വരിവരിയായി ചിത്രങ്ങൾ തൂക്കിയിരിക്കുന്നതു കണ്ടു. ചിത്രമെഴുത്തു പഠിക്കുന്ന വിദ്യാർത്ഥികളുടെ പതിവായുള്ള കലാപ്രദർശനമാണതു. നേരം ഇരുട്ടിയതുകൊണ്ടു് മെഴുകുതിരികൾ കൊളുത്തിവെച്ചിരുന്നു. ഏതെല്ലാം തരത്തിലുള്ള ചിത്രങ്ങളാണെന്നു പറഞ്ഞാൽ തീരുകയില്ല. ഒട്ടുമിക്കതും കണ്ടാൽ ഒന്നും മനസ്സിലാവുകയുമില്ല. അർത്ഥമോ പോകട്ടെ; ഭംഗിയെങ്കിലും വേണ്ടേ? ഇന്നത്തെ ചിത്രകലയ്ക്കു അതും ആവശ്യമില്ലെന്നാണു് വന്നിരിക്കുന്നതു്! പരാതി പറയാനും ഭയം തോന്നുന്നു. പിക്കാസ്സോയുടെയും ടാഗൂർ തുടങ്ങിയുള്ള മററനേകം മഹാന്മാരുടെയും പേരുകൾ പറഞ്ഞുകൊണ്ടു കലാനിരൂപകന്മാർ യുദ്ധത്തിനുവരും. യുദ്ധം പിന്നെയും സഹിക്കാമെന്നുണ്ടു്. ചിത്രങ്ങളുടെ ഇല്ലാത്ത അർത്ഥവും സൗന്ദര്യവും വിവരിച്ചു കേൾപ്പിക്കുന്നതാണു് സഹിക്കാൻ വിഷമം! ഒരു ''ബുൾസ് ഐ'' (പൊരിച്ച

മുട്ട)യുടെ ചിത്രം വരച്ചിട്ട് അതു ചിത്രകാരൻെറ പ്രേയസിയുടെ മുഖമാണെന്നു പറഞ്ഞാൽ എങ്ങിനെയാണ് സഹിക്കുക?

## 31. ശാസ്ത്രീയ ഗവേഷണം

മ്യൂണിക്ക് സർവ്വകലാശാല ശാസ്ത്രീയ ഗവേഷണത്തിൽ ലോകപ്രസിദ്ധി നേടിയ ഒരു വിദ്യാകേന്ദ്രമാണ്. അവിടത്തെ ജന്തുശാസ്ത്ര വകുപ്പിൽ ഞാൻ വളരെസമയം ചെലവഴിച്ചു. ചെറുപ്പക്കാരനായ ഒരു അദ്ധ്യാപകനും നാലഞ്ചു ഗവേഷണ വിദ്യാർത്ഥികളും മാത്രമെ സ്ഥലത്തുണ്ടായിരുന്നുള്ളു. ബാക്കിയുള്ളവരെല്ലാം, അവധിക്കാലമായതുകൊണ്ട്, വിശ്രമത്തിനും വിനോദത്തിനും പോയിരിക്കയാണെന്നു പറഞ്ഞു. തേനീച്ചയുടെ ഭാഷയെപ്പററി ഗവേഷണം നടത്തിയ പ്രൊഫസ്സർ ഫോൺ ഫ്രിഷ് 1959—ൽ അടുത്തൂൺ പററി. എങ്കിലും അദ്ദേഹം ഇപ്പോഴും ഗവേഷണത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. കൂടക്കൂടെ അവിടെ വരാറുമുണ്ട്. അദ്ദേഹത്തെക്കണ്ടു സംസാരിക്കണമെന്നുള്ള എൻെറ ആഗ്രഹം സഫലമായില്ല.

ഇതുതന്നെയാണ് പ്രൊഫസ്സർ ഹൈസൻബെർഗ്ഗിൻെറ കാര്യത്തിലും സംഭവിച്ചതു്. ഇന്നു ലോകത്തിൽ ജീവിച്ചിരിക്കുന്ന ഭൗതികശാസ്ത്രജ്ഞന്മാരിൽവെച്ച് ഏററവും മഹാനായ ആളാണ് അദ്ദേഹം. പദാർത്ഥത്തിൻെറ പരമസ്വരൂപത്തെയും പരമാണുക്കളുടെ പ്രതിഭാസങ്ങളെയും കുറിച്ചുള്ള അദ്ദേഹത്തിൻെറ ഉപദർശനങ്ങൾ ഇന്നത്തെ ഭൗതികശാസ്ത്രത്തിൻെറ അടിസ്ഥാനതത്വങ്ങളായിത്തീർന്നിട്ടുണ്ടെന്നു പറയാം. ഈ ശാസ്ത്രജ്ഞൻ സർവ്വകലാശാലയിലല്ല ഇപ്പോൾ ജോലിചെയ്യുന്നതു്. മാക്സ് പ്ലാങ്ക് ഇൻസ്റ്റിററ്യൂട്ട് എന്നു പറയുന്ന സ്ഥാപനത്തിലാണ്. ഉന്നത ഗവേഷണത്തിനുവേണ്ടി മാക്സ് പ്ലാങ്ക് ഗെസെൽഷാഫ്ട് എന്ന പേരിൽ ഒരു സംഘടന ജെർമ്മനിയിൽ പ്രവർത്തനം നടത്തുന്നുണ്ട്. ഇതിൻെറ ആഭിമുഖ്യത്തിൽ നാല്പതിൽപരം ഗവേഷണസ്ഥാപനങ്ങൾ നിലവിലിരിക്കുന്നു. ആധുനിക ശാസ്ത്രത്തിൻെറ എല്ലാ ശാഖകൾക്കും ഈ സ്ഥാപനങ്ങളിൽ പ്രാതിനിധ്യം ലഭിച്ചിട്ടുണ്ട്. ശാസ്ത്രം എന്ന

വിഭാഗത്തിൽ സാധാരണ ഉൾപ്പെടാത്ത വിഷയങ്ങളിലും (ഉദാ: നിയമം) ഗവേഷണം നടക്കുന്നുണ്ട്. 1945–ന് ശേഷമാണ് ഈ ഗവേഷണസംഘടന സ്ഥാപിക്കപ്പെട്ടതു്. മഹായുദ്ധത്തിനു മുമ്പ് നിലവിലിരുന്ന കൈസർ വില്യം ഇൻസ്റ്റിററ്യൂട്ട് എന്ന സ്ഥാപനവും 1945-നു ശേഷം ഈ സംഘടനയിൽ ലയിച്ചു.

ക്വാണ്ടം തിയറി എന്ന ഭൗതികശാസ്ത്ര തത്വത്തിൻെറ ഉപജ്ഞാതാവാണ് മാക്സ് പ്ലാങ്ക് (1858---1947). ആൽബെർട്ട് ഐൻസ്റ്റൈൻെറ സമശീഷ്നായ ഒരു മഹാശാസ്ത്രജ്ഞനായിരുന്നു അദ്ദേഹം. ഹിററ്ലറുടെ ഭരണകാലത്തു് അദ്ദേഹം എന്തെന്നില്ലാത്ത യാതന അനുഭവിക്കുകയുണ്ടായി. രണ്ടു പുത്രന്മാർ യുദ്ധത്തിൽ മരിച്ചു. ശേഷിച്ച ഒരു പുത്രൻ രാഷ്ട്രീയമായ ചില കുഴപ്പങ്ങളിൽ വീഴുകയാൽ ബന്ധനസ്ഥനാക്കപ്പെട്ടു. ഭരണാധികാരികളുടെ നയങ്ങളെ പ്രകീർത്തിച്ചുകൊണ്ടു് ഒരു പ്രസ്താവന പ്രസിദ്ധപ്പെടുത്തിയാൽ മകനെ മോചിപ്പിയ്ക്കാമെന്ന് അവർ മാക്സ് പ്ലാങ്കിനോടു പറഞ്ഞു. അല്ലെങ്കിൽ വധശിക്ഷ നല്കാതെ നിവൃത്തിയില്ലെന്നും അറിയിച്ചു. മഹാനായ ആ ശാസ്ത്രജ്ഞൻ തൻെറ ആദർശങ്ങളിലും അഭിപ്രായങ്ങളിലും ഉറച്ചുനില്ക്കുവാൻ തന്നെ നിശ്ചയിക്കുകയും അദ്ദേഹത്തിൻെറ പുത്രൻ വധിക്കപ്പെടുകയും ചെയ്തു. അവർണ്ണനീയമായ ഈ ധർമ്മസങ്കടത്തിനുശേഷം അദ്ദേഹം അധികം നാൾ ജീവിച്ചില്ല.* പക്ഷെ അതിനിടയ്ക്കുതന്നെ ഹിററ്ലറും നാത്സികളും ഒന്നോടെ നശിക്കുന്നതു് അദ്ദേഹം കണ്ടു.

പ്രൊഫസ്സർ ഹൈസൻബെർഗ്ഗ് വളരെ ജോലിത്തിരക്കുള്ള ആളാണെന്നും അദ്ദേഹത്തെ കണ്ടു സംസാരിക്കണമെങ്കിൽ മൂന്നു മാസം മുമ്പെങ്കിലും എഴുതി അയച്ച് സമയം നിശ്ചയിക്കണമെന്നും ആണ് ദ്വിഭാഷിയുടെ അന്വേഷണത്തിൽ മനസ്സിലായതു്. യൂറോപ്പിലെ ഏകീകൃതമായ ആററംശക്തി ഗവേഷണത്തിൽ അദ്ദേഹത്തിനു് അതിപ്രധാനമായ ചുമതലകളുണ്ടു്.

മ്യൂണിക്ക് സർവ്വകലാശാലയിലെ ജന്തുശാസ്ത്ര വകു

* മരണം 1947 ഒക്ടോബർ 4

പ്പിൽ കയറി നടന്നപ്പോഠം അവിടെ വിദ്യുച്ഛക്തിയെക്കുറിച്ചുള്ള ഗവേഷണങ്ങളാണോ നടക്കുന്നതെന്നു ഞാൻ സംശയിച്ചുപോയി. എല്ലാ മുറികളിലും അത്തരം ശാസ്ത്രീയോപകരണങ്ങളുണ്ട് കണ്ടതു്. കമ്പികളും വലയങ്ങളും വിളക്കുകളും ഓസിലോഗ്രാഫുകളും മററും. ജന്തുക്കളുടെ മസ്തിഷ്കപ്രവൎത്തനങ്ങളെയും നാഡീപടല ചേഷ്ടകളെയും പററിയുള്ള പഠനത്തിനു് ഇതൊക്കെ ആവശ്യമാണു്. ഒരു വിദ്യാൎത്ഥിനി തേനീച്ചയുടെ കണ്ണിൻെറ പ്രവൎത്തനരഹസ്യങ്ങഠം മനസ്സിലാക്കുന്നതിനു് ഒരു മുറി നിറയെ ഗവേഷണോപകരണങ്ങഠം ഒരുക്കിവെച്ചിരിക്കുന്നതു കണ്ടു. അതിനിടയ്ക്കുനിന്നു് ഇറങ്ങിവന്നു ഞങ്ങളെ സ്വീകരിക്കുവാൻ അവഠം വളരെ പ്രയാസപ്പെട്ടു. ജീവനുള്ള ഒരു മടിയൻ തേനീച്ചയെ സൂക്ഷ്മദൎശിനിയുടെ അടിയിൽ ബന്ധിച്ചുവെച്ചു് അതിൻെറ കണ്ണിലേയ്ക്കു് അതിസൂക്ഷ്മങ്ങളായ കമ്പികളും മററും ഘടിപ്പിച്ചശേഷം, പലനിറത്തിലുള്ള വെളിച്ചം പായിച്ചു്, തന്മൂലമുണ്ടാകുന്ന വൈദ്യുതക്ഷോഭങ്ങഠം അളന്നുനോക്കുവാനാണു് താൻ ശ്രമിക്കുന്നതെന്നു ആ വിദ്യാൎത്ഥിനി പറഞ്ഞു. അടുത്ത മുറിയിൽ ഒരു അമേരിക്കൻ വിദ്യാൎത്ഥി പാററ (ക്രൂറ)യുടെ സ്പൎശിനികഠംക്കു് ചൂടും തണുപ്പും തിരിച്ചറിയാനുള്ള കഴിവിനെപ്പററിയാണു് ഗവേഷണം നടത്തിക്കൊണ്ടിരുന്നതു്. മറെറാരിടത്തു് തേളിൻെറ അടിവശത്തു് മുടിചീകുന്ന ചീപ്പിൻെറ ആകൃതിയിൽ കാണുന്ന ഒരു ജോടി അവയവങ്ങളുടെ ഉപയോഗമെന്തെന്നു് പരീക്ഷിച്ചു നോക്കുന്നു. ഈച്ചയും തേളുമല്ലാതെ മററു ജന്തുക്കളെയും കാണുകയുണ്ടായി. മഡഗാസ്കറിലെ വനങ്ങളിൽ ജീവിക്കുന്ന തോമാങ്കിനെപ്പോലെയുള്ള ഒരു ചെറിയ ജന്തു കുററാക്കുററിരുട്ടത്തു് ലക്ഷ്യംതെററാതെ മരക്കൊമ്പുകളിൽ ചാടിനടക്കുന്നതു് എങ്ങിനെ എന്നറിയുവാൻ ഒരു വിദ്യാൎത്ഥി ശ്രമിച്ചുവരുന്നു. ഒരു രശ്മിപോലും കടക്കാതെ ഇരുട്ടാക്കിയ ഒരു മുറിയിൽ പല അകലത്തിൽ സ്ഥാപിച്ചിരിക്കുന്ന തട്ടുകളിൽ അതിനെ ചാടിക്കുന്നതു കണ്ടു—അല്ല, കേട്ടു.

ജന്തുശരീരത്തിലെ രാസപ്രവൎത്തനങ്ങളെപ്പോലെ

തന്നെ വിചിത്രമാണ് അതിലെ വൈദ്യുത പ്രതിഭാസ ങ്ങളും. എൻജിനീയർമാർ എത്രയോ ടൺ ഭാരമുള്ള യന്ത്ര സാമഗ്രികൾകൊണ്ടു സാധിക്കുന്ന വൈദ്യുത പ്രക്രിയകൾ ചില ചെറിയ ജന്തുക്കളുടെ നാഡീപടലം നിർവ്വഹിക്കു ന്നതു കാണാം. മിന്നാമിനുങ്ങിൻെറ ചൂടില്ലാത്ത വെളി ച്ചം മനുഷ്യനു് നിർമ്മിക്കുവാൻ കഴിയുന്നില്ല. "ഒരു ജന്തു വിനും ആകാശ വിമാനമോ റേഡാർ ഉപകരണങ്ങളോ നിർമ്മിക്കുവാൻ കഴിഞ്ഞിട്ടില്ല. പക്ഷെ, വ്യോമയാന ത്തിനുള്ള കീർത്തിമുദ്ര, കാന്തസൂചിയും ഭൂപടവുമില്ലാതെ, അററ്ലാൻറിക് സമുദ്രത്തെ തരണംചെയ്യുന്ന ഷീയർവാട്ടർ എന്ന പക്ഷിക്കുതന്നെയാണ് നല്കേണ്ടതു്. റേഡാർ ഉപ കരണങ്ങളുടെ അതിസമർത്ഥമായ ഒരു പൂർവ്വമാതൃക വാവ ലിൻെറ ശബ്ദതന്ത്രികളിലും കണ്ണുകളിലും കാണുവാൻ സാധിക്കും. തങ്ങളുടെ ശരീരത്തിനു ചുററും ഒരു വൈദ്യു തമണ്ഡലം സൃഷ്ടിച്ച് ചില മത്സ്യങ്ങൾക്കു് (ഉദാ: ഗിമ്നാ ക്സ്സ്) പരിപൂർണ്ണമായ അന്ധകാരത്തിൽ വെള്ളത്തിൽ കിടക്കുന്ന അന്യ പദാർത്ഥങ്ങളെക്കുറിച്ചു അതിസൂക്ഷ്മമായ അറിവു നേടുവാൻ സാധിക്കുന്നു. ഇതിൽ അന്തർഭവിച്ചിരി ക്കുന്ന അവയവങ്ങളുടെ തൂക്കം—പ്രസ്തുത മത്സ്യത്തിൻെറ തലച്ചോറുൾപ്പെടെ—ഏതാനും ഗ്രാം മാത്രമാണ്. ഇതി നോടു് ഏകദേശം തുല്യമായ കാര്യക്ഷമതയോടെ പ്രവ ർത്തിക്കുന്ന ഇലക്ട്രോണിക്കു് ഉപകരണം മനുഷ്യൻ നിർമ്മി ക്കുകയാണെങ്കിൽ അതിനു് ഒരു ടൺ എങ്കിലും ഭാരമു ണ്ടാകും. ലാഘവത്തിലും സൂക്ഷ്മതയിലും മനുഷ്യൻെറ ഉപകരണങ്ങൾ പ്രകൃതി സൃഷ്ടിച്ചിട്ടുള്ളവയോടു കിടപിടി ക്കുന്നില്ല" എന്നാണ് സർ ജെയിംസ് ഗ്രേ എന്ന ശാസ്ത്ര ജ്ഞൻ പറയുന്നതു്.

## 32. കണ്ണും ചെവിയും

നമ്മുടെ കണ്ണിൻെറയും ചെവിയുടെയും ശക്തിയെ പ്പററി ചിന്തിച്ചുനോക്കിയാൽ വിസ്മയകരമായ ഈ വസ്തു ത വെളിപ്പെടുന്നതാണ്. പ്രകാശരശ്മികൾ കണ്ണിനുള്ളിൽ കടന്നു് അവിടെയുള്ള തൃതീയപടലത്തിൽ തട്ടുന്നതുകൊ ണ്ടാണല്ലൊ കാഴ്ച എന്ന അനുഭൂതി ഉണ്ടാകുന്നതു്. ഈ

പ്രക്രിയയിൽ ആദ്യം നടക്കുന്നതു് ഒരു രാസപരിവർത്തനമാണു്. തൃതീയപടലത്തിൻെറ അതിസൂക്ഷ്മമായ ഘടകങ്ങളിൽ റൊഡോപ്പിൻ എന്നൊരു നിറമുള്ള വസ്തുവുണ്ടു്. വെളിച്ചം തട്ടിയാൽ ഈ പദാർത്ഥത്തിൻെറ നിറം മാറും. ഈ മാററമാണു് ദർശനാനുഭൂതിയുടെ ആസ്പദം. വെളിച്ചം ശക്തിയുടെ ഒരു രൂപമാണല്ലൊ. ശക്തിയുടെ ഏററവും ചെറിയ മാത്രയ്ക്കു് ക്വാണ്ടം എന്നു പറയുന്നു. അതിലും ചെറിയ തോതിൽ അതു പ്രവർത്തിക്കുന്നില്ല. അറിയപ്പെടുന്നുമില്ല. (ഇടയ്ക്കു പറയട്ടെ, ഈ തത്ത്വമാണു് മാക്സ്‌പ്ലാങ്കു് കണ്ടുപിടിച്ചതു്.) ഇതുപോലെ, ഏതു സങ്കീർണ്ണപദാർത്ഥത്തെയും ഒരു അതിർത്തിവരെ മാത്രമെ ഭാഗിക്കുവാൻ സാധിക്കുകയുള്ളു. സങ്കീർണ്ണപദാർത്ഥങ്ങളുടെ ഏററവും ചെറിയ ഈ മാത്രയ്ക്കു് മോളിക്യൂൾ എന്നു പറയുന്നു. കാഴ്ചയുടെ ആസ്പദം ഒരു സങ്കീർണ്ണപദാർത്ഥമായ റൊഡോപ്പിനും, ശക്തിയുടെ ഒരു രൂപമായ വെളിച്ചവും തമ്മിലുള്ള ആഘാതമാണെന്നു പറഞ്ഞുവല്ലൊ. ശാസ്ത്രജ്ഞന്മാർ നടത്തിയ പരീക്ഷണങ്ങളിൽ നിന്നു തെളിയുന്നതു്, ഒരു ക്വാണ്ടം വെളിച്ചം ഒരു മോളിക്യൂൾ റൊഡോപ്പിനിൽ തട്ടുകയാണെങ്കിൽപോലും നമ്മുടെ തലച്ചോറിൽ ദർശനാനുഭൂതി ഉണ്ടാകുമെന്നാണു്! ഇതിൻെറ അർത്ഥം, കാര്യക്ഷമതയുടെ കാര്യത്തിൽ മനുഷ്യനേത്രം പരമകോടിയെ പ്രാപിച്ചിരിക്കുന്നു എന്നല്ലാതെ മറെറാന്നുമല്ല. ഈ നിഗമനത്തിൽ പറയുന്ന അളവുകളുടെ അത്യന്തസൂക്ഷ്മമായ സ്വഭാവം മനസ്സിലാക്കുന്നതിനു് മറെറാരു ഉദാഹരണംകൂടി പറയട്ടെ. ഒരു പയറിൻമണി ഒരിഞ്ചു ഉയർത്തുന്നതിനു് വിനിയോഗിക്കേണ്ട ശക്തി അഥവാ ഊർജ്ജം എത്രയെന്നു് ഊഹിക്കുക. ഈ ഊർജ്ജം വെളിച്ചമായി രൂപാന്തരപ്പെടുത്തിയാൽ അതുകൊണ്ടു ഭൂമുഖത്തു് ഉണ്ടായിട്ടുള്ള (ഇപ്പോൾ ജീവിച്ചിരിക്കുന്നവർ മാത്രമല്ല!) മനുഷ്യർക്കു മുഴുവനും ''എന്തോ കണ്ടു'' എന്ന ബോധം ജനിപ്പിക്കുവാൻ സാധിക്കും—8700 കോടി മനുഷ്യരാണു് ഭൂമിയിൽ ഇതുവരെ ഉണ്ടായിട്ടുള്ളതെന്നു് പറയപ്പെടുന്നു!

ചെവിയുടെ കാര്യക്ഷമതയും ഇത്രത്തോളംതന്നെ വി

സുഖകരമാണ്. ഉൾച്ചെവിയുടെ ഉള്ളിൽ കാണുന്ന അതിസൂക്ഷ്മങ്ങളായ ചില തന്തുക്കൾക്ക് ചലനം ഉണ്ടാകുന്നതിൻെറ ഫലമായിട്ടാണ് ശ്രവണബോധം ജനിക്കുന്നത്. വായുവിൽക്കൂടി വന്നെത്തുന്ന സ്പന്ദനങ്ങൾ ചെവിയിൽ തട്ടുമ്പോൾ അവ ചലിക്കും. ഈ തന്തുക്കൾക്ക് ഒരു ഹൈഡ്രജൻ ആററത്തിൻെറ വ്യാസത്തോളം മാത്രമുള്ള ചലനം ഉണ്ടായാലും തൽഫലമായി ശ്രവണബോധം ജനിക്കുമെന്നു തെളിഞ്ഞിട്ടുണ്ട്. ഹൈഡ്രജൻ ആററത്തിൻെറ വ്യാസം എന്നു പറഞ്ഞാൽ ശാസ്ത്രജ്ഞന്മാർക്കുപോലും സങ്കല്പിക്കാവുന്നവയിൽവെച്ച് ഏററവും ചെറിയ ഒരളവാണ്. മനുഷ്യനിർമ്മിതമായ ഒരു ഉപകരണത്തിനും ഇത്ര സൂക്ഷ്മമായ, പരമാണുപ്രായമായ, പരിധികൾക്കുള്ളിൽ പ്രവർത്തിക്കുവാൻ സാധ്യമല്ല.

തേനീച്ചയേയും പാററയേയും കുറിച്ചുള്ള ഗവേഷണം എന്നു കേൾക്കുമ്പോൾ ചന്ദ്രമണ്ഡലറോക്കററുകളുടെ ഈ യുഗത്തിൽ പലർക്കും ചിരിക്കുവാൻ തോന്നുമെങ്കിലും, ഏററവും ചെറിയ ജീവികളെക്കുറിച്ചുപോലും നമുക്ക് ഇനിയും വളരെ വളരെ കാര്യങ്ങൾ മനസ്സിലാക്കുവാനുണ്ടെന്നുള്ളതാണ് പരമാർത്ഥം. ജെർമ്മനിയിലെ ജന്തുശാസ്ത്രജ്ഞന്മാരിൽ പലരും ഈ വഴിക്കു തിരിഞ്ഞിരിക്കുകയാണ്.

## 33. അപ്പർ ബവേറിയ

ബവേറിയൻ പർവ്വതപ്രദേശത്ത് ഒരു ദിവസം മുഴുവൻ നീണ്ടുനിന്ന ഒരു ഉല്ലാസയാത്ര ഞങ്ങൾക്കുവേണ്ടി ഏർപ്പാടുചെയ്യുകയുണ്ടായി. പ്രകൃതിസൗന്ദര്യത്തിനു പേരുകേട്ട ഒരു ഭൂവിഭാഗമാണിത്. ഗിരി തടാകങ്ങളുടെ തീരങ്ങളിലൂടെയും വനതലങ്ങളുടെ നടുവിലൂടെയും വളഞ്ഞു പുളഞ്ഞു പോകുന്ന അനേകം റോഡുകളുണ്ട്. എല്ലാം ടാറിട്ടതാണ്. ഇടയ്ക്കിടയ്ക്കു കാണുന്ന ഗ്രാമങ്ങളിൽ വൃത്തിയുള്ള ചെറിയ ഹോട്ടലുകളുണ്ട്. ഗ്രാമങ്ങളിൽ എവിടെ നോക്കിയാലും പുഷ്പങ്ങളുടെ പ്രളയമാണ്. ഏതു ചെറിയ വീടിൻെറയും ജന്നൽപ്പടികളിൽ ചുമപ്പും വെളുപ്പും മഞ്ഞയുമായ പുഷ്പങ്ങൾ തിങ്ങിനില്ക്കുന്നതു കാണാം. ഹോട്ടലു

കളുടെ നാലുചുററും പൂങ്കാവനങ്ങളാണ്. ഈ പുഷ്പസമൃദ്ധി കൈവരുത്തുവാൻ ആ പ്രദേശത്തെ ജനങ്ങരം വളരെയധികം അദ്ധ്വാനിക്കുന്നുണ്ടാവണം. അവിടെ വലിയ കൃഷിയൊന്നുമില്ല. തടിവ്യവസായം ധാരാളമുണ്ട്. സന്ദർശകരിൽനിന്നുള്ള ആദായം ആ ദിക്കിലെ സമ്പദ് വ്യവസ്ഥയുടെ ഒരു മുഖ്യ ഘടകമാണെന്നു തോന്നുന്നു. അവക്കു വേനല്ക്കാലത്ത് തടാകങ്ങളിൽ വഞ്ചികളിക്കാനും ഹേമന്തത്തിൽ മലഞ്ചരിവുകളിൽ മഞ്ഞുനിരക്കം (സ്കീയിങ്ങ്) നടത്തുവാനും ഉള്ള സൗകര്യങ്ങരം ചെയ്തിട്ടുണ്ട്. പാവകളും ദേവതാ വിഗ്രഹങ്ങളും കരകൗശല വസ്തുക്കളും അവിടെ ധാരാളമായി നിമ്മിച്ചുവരുന്നു.

ഒബെറമ്മഗ്ഗാവു എന്ന ഗ്രാമത്തിലാണ് ഞങ്ങരം മദ്ധ്യാഹ്നഭക്ഷണം കഴിച്ചതു്. ഈ സ്ഥലം ലോകപ്രസിദ്ധമാണ്. അവിടെ പത്തുകൊല്ലത്തിലൊരിക്കൽ ''പാഷൻ പ്ലേ'' എന്നു പറയുന്ന മതപരമായ നാടകങ്ങരം നടത്തപ്പെടുന്നു. ഓരോ തവണയും പത്തുലക്ഷം ജനങ്ങളെങ്കിലും ഈ നാടകാഭിനയം കാണുവാൻ വേണ്ടി ആ ഗ്രാമത്തിൽ വരാറുണ്ടത്രെ. ക്രിസ്തുവിൻെറ ജീവിതത്തിലെ അവസാന ദിവസങ്ങളിൽ നടന്ന സംഭവങ്ങളാണ് നാടകത്തിലെ ഇതിവൃത്തം. 600 മുതൽ 700 വരെ ആളുകരം ഈ കലാപ്രദശ്നത്തിൽ പങ്കെടുക്കുന്നു. അതിൽ 50 പേർ വാദ്യഗോഷ്ഠിയിലും 40 പേർ ഗായകസംഘത്തിലും ഉരംപ്പെട്ടവരാണ്. ഓരോ ദിവസത്തെയും നാടകം കാലത്ത് എട്ടുമണിക്കു് ആരംഭിച്ച് എട്ടുമണിക്കൂർ നേരം നീണ്ടുനില്ക്കുന്നു. ആകെ 18 അങ്കങ്ങളുണ്ട്. പത്തുകൊല്ലത്തെ ശിക്ഷണത്തിൻെറയും പരിശീലനത്തിൻെറയും ആസൂത്രണത്തിൻെറയും ഫലമായ ഈ നാടകാഭിനയം സാങ്കേതികമായ പൂണ്ണതയെ പ്രാപിക്കാറുണ്ടെന്നാണ് പറയുന്നതു്. ക്രിസ്തുവിൻെറ ഭാഗം അഭിനയിക്കുന്ന നടൻ പത്തുകൊല്ലം മതസാധനകരം അനുഷ്ഠിച്ച്, ആദ്ധ്യാത്മികജീവിതം നയിച്ച്, കഥാപാത്രവുമായി താദാത്മ്യം പ്രാപിക്കുവാൻ ശ്രമിക്കുന്നു. സംശയരഹിതമായ സ്വഭാവശുദ്ധിയുള്ളവരെ മാത്രമെ നടന്മാരായി തിരഞ്ഞെടുക്കാറുള്ളു. വേഷ

ക്കാക്കും ഉടുത്തുകെട്ടല്ലാതെ ചുട്ടികുത്തൽ (മേക്കപ്പ്) പതിവില്ല. താടിയും മീശയുമെല്ലാം പ്രകൃത്യാ ഉള്ളതുതന്നെ ആയിരിക്കും.

ഏകദേശം നമ്മുടെ കൂടിയാട്ടംപോലെയുള്ള ഈ നാടകാഭിനയം വളരെ പഴക്കമുള്ളതാണ്. ക്രിസ്തുവർഷം 1633–ൽ ബവേറിയയിൽ പ്ലേഗ് രോഗം പടർന്നുപിടിച്ചു എന്നും, ഒബറമ്മർഗാവുവിലെ ജനങ്ങൾ മാത്രം അതിൽനിന്നു രക്ഷപ്പെടുകയാൽ അവർ കൃതജ്ഞതാ സൂചകമായി ഇങ്ങിനെ പത്തുകൊല്ലത്തിലൊരിക്കൽ മതപരമായ ഒരു നാടകം നടത്തിക്കൊള്ളാമെന്നു് നിശ്ചയിച്ചു എന്നുമാണ് അതേക്കുറിച്ചുള്ള ഐതിഹ്യം. ആദ്യത്തെ അഭിനയം 1634–ൽ നടന്നു. അതിനുശേഷം ഇന്നുവരെ വലിയ മുടക്കമൊന്നും കൂടാതെ ആ ഗ്രാമത്തിലെ ജനങ്ങൾ ഈ വ്രതം അനുഷ്ഠിച്ചുവരുന്നു. മഹായുദ്ധങ്ങളും മററും ഉണ്ടാകുമ്പോൾ മാത്രമെ അവർക്കു പ്രയാസം ഉണ്ടായിട്ടുള്ളു. ഈ പ്രദർശനങ്ങളിൽ നിന്നു കിട്ടുന്ന ആദായം അവിടുത്തെ പള്ളിക്കാരും ഗ്രാമീണരും നടന്മാരും പങ്കിട്ടെടുക്കുന്നു. ഒരു തവണ അൻപതും അറുപതും ആവൃത്തി അഭിനയം നടക്കാറുണ്ടു്. അടുത്ത ഊഴം 1970–ലാണ്.

സിനിമയുടേയും ടെലിവിഷൻെറയും കാലമായ ഇന്നും പഴയമട്ടിൽ, ഗ്രാമീണ പാരമ്പര്യത്തിൽ തന്നെ, ഇങ്ങിനെയൊരു നാടകരൂപം നിലനില്ക്കുന്നതും, അതു് ലോകത്തിൻെറ നാനാഭാഗങ്ങളിൽനിന്നും ലക്ഷക്കണക്കിനു് പ്രേക്ഷകരെ ആകർഷിക്കുന്നതും ആശ്ചര്യകരമായിരിക്കുന്നു. ഈ അടുത്തകാലത്തു് പ്രാചീന നാടകരൂപങ്ങളെപ്പററി ഗവേഷണം നടത്തുന്ന പോളണ്ടുകാരനായ ഒരു യുവാവു് കേരളത്തിൽ വരികയും നമ്മുടെ കൂടിയാട്ടം ഒന്നു കണ്ടാൽ കൊള്ളാമെന്നു് ആഗ്രഹം പ്രകടിപ്പിക്കുകയും ചെയ്തു. എവിടെച്ചെന്നു കാണാനാണ്? രണ്ടായിരം വർഷത്തെ പഴക്കമുള്ള അതിസങ്കീർണ്ണമായ ഒരു നാടകരൂപം! ഓരോ കഥയും പത്തുദിവസംകൊണ്ടു് ആടിത്തീർക്കേണ്ടതു്! മദ്ധ്യകേരളത്തിലെ ചില ക്ഷേത്രങ്ങളിൽ അതിന്നു് ഉപയോഗിച്ചിരുന്ന മിഴാവുമാത്രം ശേഷി

ച്ചിട്ടുണ്ട്. അതി പ്രാചീനമായ ഈ കലാവിശേഷത്തിൻെറ ഒരു സ്ഥാലീപുലാകമെങ്കിലും കാണുന്നതിനുവേണ്ടി ആ വിദേശീയവിദ്യാൎത്ഥി എത്രമാത്രം പാടുപെട്ടു എന്ന് എനിക്കറിയാം. ഒടുവിൽ വൃദ്ധനായ ഒരു ചാക്യാരെ കണ്ടുപിടിച്ച്, സ്വന്തം കൈയിൽനിന്നു വളരെ പണവും ചെലവുചെയ്ത്, സുഭദ്രാധനഞ്ജയത്തിലെയോ നാഗാനന്ദത്തിലെയോ ഒരങ്കത്തിൽ ഒരംശം കഷ്ടിപിഷ്ടിയായി ആടിച്ച്, ക്യാമെറയിലും സ്വനഗ്രാഹിയിലും പകൎത്തിയെടുത്തുകൊണ്ടു അയാരം പോയി. ആയിരം വൎഷങ്ങരംക്കു മുമ്പ് തിരുവഞ്ചിക്കളത്തും തൃക്കണാമതിലകത്തും നടന്നിരുന്നതുപോലെയുള്ള കൂടിയാട്ടം ഇനി ആരുവിചാരിച്ചാലും നടത്തുവാൻ സാധിക്കുകയില്ല.

ഉത്തുംഗ ഘോണമുരുകന്ധര മുന്നതാംസം
അംസാവലംബിമണികുണ്ഡലിക കൎണ്ണപൂരം
ആജാനുലംബിഭുജമഞ്ചിത കാഞ്ചനാഭം
ആയാമി യസ്യ വപുരാൎത്തിഹരം പ്രജാനാം

എന്നു വൎണ്ണിക്കപ്പെട്ടിട്ടുള്ള കുലശേഖരൻ താൻതന്നെ കൂടിയാട്ടത്തിൽ വേഷംകെട്ടിയിരുന്നു എന്നാണ് ഐതിഹ്യം. ഇന്ന് രാജാക്കന്മാർ നാടകത്തിൽ വേഷംകെട്ടാറില്ലെങ്കിലും സിനിമാതാരങ്ങരം എന്നു പറയുന്ന ആട്ടക്കാൎക്ക് രാജകീയമായ പദവിയും ഐശ്വര്യവും കൈവന്നിട്ടുണ്ടെന്നു സമാധാനിക്കാം.

## 34. ബരോക്ക് വാസ്തുശില്പം

ബവേറിയയിൽ ബരോക്കു് രീതിയിൽ നിൎമ്മിച്ചിട്ടുള്ള ദേവാലയങ്ങളും രാജകൊട്ടാരങ്ങളും ധാരാളമുണ്ട്. 17-ാംനൂററാണ്ടിൽ ദക്ഷിണയൂറോപ്പിൽ പ്രചരിച്ച വാസ്തുശില്പസമ്പ്രദായത്തിനാണ് ബരോക്കു് എന്നു പറയുന്നത്. ഉയൎന്ന കുംഭഗോപുരങ്ങളും അത്യധികമായ കൊത്തുപണികളും അതിൻെറ പ്രത്യേകതകളാണ്. ചുമരും തൂണും മട്ടുപ്പാവും എല്ലാം ലതകളും പ്രതിമകളും കൊണ്ട് നിറച്ചിരിക്കും. പ്രതിമാശില്പികരം ഉണ്ടാക്കിയ ഒരു പ്രസ്ഥാനമാണ് ഇതെന്നും, മൈക്കലാഞ്ജലോവിന്നും അതിൽ ഒരു കൈയുണ്ടെന്നും, റോമിലെ ലോകപ്രസിദ്ധമായ

സെയ്ൻറ് പീറേറഴ്സ് ദേവാലയത്തിൻെറ നിർമ്മാണത്തിലും ബരോക്ക് രീതിയുടെ സങ്കലനം ഉണ്ടെന്നും പറയാറുണ്ട്. 1918വരെ ബവേറിയ ഭരിച്ചിരുന്ന വിററൽസ്ബാഖ് രാജവംശത്തിൽപെട്ട ലുഡ്വിഗ്ഗ് രണ്ടാമൻ എന്ന രാജാവ് നായാട്ടിനും വിശ്രമത്തിനും മററുമായി ആൽപ്പ്പർവ്വതനിരയുടെ ഒരു ഒഴിഞ്ഞ കോണിൽ നിർമ്മിച്ച അതിമനോഹരമായ ഒരു കൊട്ടാരം ഞങ്ങൾ കണ്ടു. അതിൻെറ ഭിത്തിയുടെ ഉൾവശം മുഴുവനും സ്വർണ്ണവർണ്ണത്തിലുള്ള ലതാശില്പങ്ങൾകൊണ്ട് മൂടിയിരിക്കുന്നു. അവിടെയുള്ള കസേരകളും മേശകളും യവനികകളും, എന്നു വേണ്ട, തീകൂട്ടുവാനുള്ള അടുപ്പുപോലും ഈ രീതിയിലാണ് നിർമ്മിച്ചിരിക്കുന്നതു്. പിൻവശത്തെ മലയിൽനിന്നു് ഉത്ഭവിക്കുന്ന ഒരു കാട്ടരുവി അണകെട്ടി കൊട്ടാരത്തിൻെറ സമീപത്തുകൂടി തിരിച്ചുവിട്ടിരിക്കുന്നു. അതു് മുൻവശത്തു വരുമ്പോൾ ആകാശത്തിൻെറ നേക്ക് കുതിച്ചുയരുന്ന ഒരു ജലനിർഝരമായി മാറുന്നു. ലുഡ്വിഗ്ഗ്‌രാജാവു് ഭ്രാന്തുപിടിച്ചു് വെള്ളത്തിൽ ചാടി മരിക്കുകയാണത്രെ ചെയ്തതു്. ഏകാന്ത ജീവിതത്തിനുവേണ്ടി നിർമ്മിച്ച കൊട്ടാരമാണെങ്കിലും ഞങ്ങൾ ചെന്ന സമയത്തു അവിടെ മണ്ണു നുള്ളിയിട്ടാൽ താഴാത്തതുപോലെയുള്ള ആൾക്കൂട്ടമുണ്ടായിരുന്നു. എല്ലാം കാഴ്ചക്കാരാണു്; യൂറോപ്പിൻെറ പല ഭാഗങ്ങളിലും അമേരിക്കയിലും നിന്നു് വന്നവർ. ഗേററിനു വെളിയിൽ കാറുകളുടെ തിരക്കും ഭയങ്കരമായിരുന്നു, വേനല്ക്കാലമായാൽ ഇങ്ങിനെയുള്ള വിനോദയാത്രയ്ക്കു പോയില്ലെങ്കിൽ പാശ്ചാത്യരാജ്യത്തെ ജനങ്ങൾക്കു് ഉറക്കം വരുകയില്ല. ''ബരോക്ക് രീതിയെന്നോ, ലുഡ്വിഗ്ഗ് രണ്ടാമനെന്നോ കേട്ടാൽ അങ്ങാടിമരുന്നോ പച്ചമരുന്നോ എന്നു് നിശ്ചയമില്ലാത്തവരാണു് ഇവരിൽ ഭൂരിപക്ഷവും.'' എന്നു ഞങ്ങളുടെ ദ്വിഭാഷി പറഞ്ഞതോർക്കുന്നു. ''എൻെറ വീട്ടിലെ തൂപ്പുകാരിയും ഇക്കൂട്ടത്തിൽ ഉണ്ടായിരിക്കാം. അവർ മൂന്നോ നാലോ പേർ കൂട്ടുചേർന്നു് ഒരു പഴയകാറും വാങ്ങി രണ്ടാഴ്ചത്തെ അവധിയും എടുത്തു് വിനോദയാത്രയ്ക്കു പോയിരിക്കുകയാണു്. ഇററലിയിലും പോയശേഷമേ മടങ്ങുക

യുള്ള എന്നാണ് പറഞ്ഞത്. അവരുടെ എന്തു മനസ്സിലാകുമെന്ന് ദൈവത്തിനുമാത്രം അറിയാം. ഇതു് ഒരുതരം പകച്ചവ്യാധിയാണ്—ഐശ്വര്യമുണ്ടാകുമ്പോൾ പൊട്ടിപ്പുറപ്പെടുന്നതു!'' എന്നും അവർ പറയുകയുണ്ടായി.

മടക്കയാത്രയിൽ ഒന്നു രണ്ടു അഭയാൎത്ഥികേന്ദ്രങ്ങൾ കാണുവാൻ ഞങ്ങൾക്കു സാധിച്ചു. മോശമായ കാട്ടുപ്രദേശങ്ങളിലാണ് അവരെ പാൎപ്പിച്ചിരിക്കുന്നതു്. അവിടെയെല്ലാം രാവും പകലും ജോലിനടക്കുകയാണ്. വീടുകളും പള്ളികളും പീടികകളും പൊങ്ങിവരുന്നതു കണ്ടു. ഹിററ്ലർ യുദ്ധസാമഗ്രികൾ നിൎമ്മിക്കുന്നതിനുള്ള പല വ്യവസായശാലകളും കാട്ടിടകളിൽ സ്ഥാപിച്ചിരുന്നു. അവയെല്ലാം സഖ്യകക്ഷികൾ കണ്ടുപിടിച്ച് ബോംബിട്ടു നശിപ്പിച്ചു. അങ്ങിനെയുള്ള പ്രദേശങ്ങളിലും അഭയാൎത്ഥികളെ കുടിപാൎപ്പിച്ചിട്ടുണ്ടു്. ഭൂമികൊടുത്തും ഉദാരമായ രീതിയിൽ വാൎയ്പകൊടുത്തും ഗവൺമെൻറു് ഈ ഹതഭാഗ്യരെ സഹായിച്ചുവരുന്നു. പശ്ചിമജെൎമ്മൻ ഗവൺമെൻറിനു് നേരിടേണ്ടിവന്ന ഏററവും പ്രയാസമുള്ള പ്രശ്നമാണിതു്. ഇന്നതു് ഏറിയകുറും പരിഹരിക്കപ്പെട്ടു കഴിഞ്ഞു എന്നാണ് പറയുന്നതു്. ചിരപരിചിതമായ ചുററുപാടുകളിൽ നിന്നു് യുദ്ധാനന്തരകാലത്തു് കുടിപുറപ്പെട്ടുപോന്ന എത്രയോ ലക്ഷം ജനങ്ങളുടെ ഇരുട്ടുമൂടിയ ജീവിതത്തിൽ വീണ്ടും സൂൎയ്യപ്രകാശം വീശിത്തുടങ്ങിയിരിക്കുന്നു. ഇന്ത്യാ പാക്കിസ്ഥാൻ വിഭജനത്തിനു ശേഷം സിക്കു ജനങ്ങൾ പ്രദൎശിപ്പിച്ച വിപദിധൈൎയ്യവും സ്വാശ്രയശീലവുമാണ് കിഴക്കൻ ജെൎമ്മനിയിൽനിന്നു വന്ന ഈ അഭയാൎത്ഥികളിൽ കാണുന്നതു്. ഭിക്ഷയാചിക്കുവാനോ അന്യരുടെ കാരുണ്യത്തെ ആശ്രയിച്ച് ആയുശ്ശേഷം നയിക്കുവാനോ അവർ സന്നദ്ധരായില്ല. ഓരോ ദിവസവും അവിടത്തെ ഭൂമുഖം മാറുകയാണ്. അതോടൊപ്പം അവരുടെ മുഖങ്ങളും.

പ്രൊഫസ്സർ ഹോഫ്മാൻെറ നേതൃത്വത്തിലുള്ള ഇൻഡോളജി ഇൻസ്റ്റിററ്യൂട്ട് സന്ദൎശിക്കുകയായിരുന്നു മ്യൂണിക്കിലെ ഞങ്ങളുടെ ഒടുവിലത്തെ പരിപാടി. അതു കഴിഞ്ഞ് ഞങ്ങൾ സ്റ്റട്ട്ഗാട്ടിലേക്കു പോയി.

VI

## 35. സ്ററുട്ട്ഗാട്ട്

വനഭൂമിയുടെയും മുന്തിരിത്തോട്ടങ്ങളുടെയും ഇടയ്ക്കുള്ള നഗരമാണു് സ്റ്റുട്ടഗാട്ട്. അതു വൂർട്ടെംബെഗ്ഗ് സംസ്ഥാനത്തിൻെറ തലസ്ഥാനമാണു്. അവിടെ എത്തിയതു് വൈകുന്നേരം എട്ടുമണിക്കാണെങ്കിലും അപ്പോഴും നേരം ഇരുട്ടിയിരുന്നില്ല. ശീതമേഖലയിൽ വേനല്ക്കാലത്തു് രാത്രി ഹ്രസ്വമാണു്. കാലത്തു് നാലുമണിക്കുമുമ്പായി നേരം വെളുക്കും. വൈകിട്ടു് ഒൻപതുമണികഴിഞ്ഞേ ഇരുട്ടുകയുള്ളു. സുമുഖനും സമത്ഥനുമായ ഒരു സവ്കലാശാലാ വിദ്യാത്ഥിയാണു് ദ്വിഭാഷിയായി വിമാനത്താവളത്തിൽവന്നു് ഞങ്ങളെ സ്വീകരിച്ചതു്. ''കുറച്ചു നാഠം മുമ്പു് ഇന്ത്യയിൽ നിന്നു വന്ന ഒരു മഹാരാജാവായിരുന്നു എൻെറ അതിഥി. അദ്ദേഹത്തിൻെറ പേരു് ഉച്ചരിക്കുവാൻ അന്നു മുതൽ ഞാൻ ശ്രമിക്കുകയാണു്. പററുന്നില്ല. നിങ്ങളുടെ പേരുകഠം അത്ര പ്രയാസമുള്ളവയല്ലെന്നതു് വലിയ ഭാഗ്യമായി—നയിർ, മഹഡെവാൻ —ശരിയല്ലെ?'' എന്നു് അയാഠം മുഖവുര പറഞ്ഞു.

ഇത്രയ്ക്കു പ്രയാസമേറിയ പേരോടുകൂടിയ മഹാരാജാവു് ആരാണെന്നറിയാൻ എനിക്കു കൗതുകം തോന്നി. കാറിൽ കയറിയശേഷം ആ പേരൊന്നു് പറയുവാൻ ശ്രമിക്കുമോ എന്നു് ഞാൻ ചോദിച്ചു. ''അതു് പറയാനും എഴുതാനും ഒരുപോലെ പ്രയാസമാണു്. ഡി എന്ന അക്ഷരംകൊണ്ടാണു് തുടങ്ങുന്നതു്. ഐ എന്ന അക്ഷരത്തിൽ അവസാനിക്കുന്നു. ഇടയ്ക്കു് ഒരു കിലോമീററർ നീളത്തിൽ മററു് അക്ഷരങ്ങളുടെ ഒരു ശൃംഖലയും!'' അദ്ദേഹത്തിൻെറ ആകൃതിയെയും പ്രകൃതിയെയും വിനോദങ്ങളെയും പററി പറഞ്ഞാൽ ആഠം ആരെന്നു്

മനസ്സിലാക്കാമെന്നായി ഞാൻ. ''വന്യമൃഗങ്ങളെയും പക്ഷികളെയും വളരെ സ്നേഹിക്കുന്ന ആളാണ്'' എന്ന മറുപടി കിട്ടിയപ്പോഴം തന്നെ, ''ഓഹോ! ധർമ്മകുമാര സിങ്ങ്ജി! ഇതാണോ ഇത്ര പ്രയാസം?'' എന്ന് ഞാൻ ആശ്ചര്യത്തോടെ മറുപടി പറഞ്ഞു. എന്തോ ഒരു മഹാത്ഭുതം സംഭവിച്ചതുപോലെ ആ യുവവിദ്യാർത്ഥി കണ്ണു മിഴിച്ചു. മൈസൂർ മഹാരാജാവാണെന്നായിരുന്നു എൻെറ ആദ്യത്തെ ഊഹം. അതുകൊണ്ടാണ് ആകൃതിയെപ്പററി ചോദിച്ചത്. അദ്ദേഹത്തിൻെറ പേരും സാമാന്യം നീളമുള്ളതാണല്ലോ.

ഗുജറാത്ത് സംസ്ഥാനത്തിൽ ലയിച്ച ഒരു നാട്ടുരാജ്യത്തിലെ രണ്ടാം മുറക്കാരനായ ധർമ്മകുമാർസിങ്ങ്ജി പ്രസിദ്ധനായ ഒരു ജന്തുശാസ്ത്രജ്ഞനാണ്. ചോദിക്കാനും പറയാനും ആളില്ലാത്തതുകൊണ്ട് അതിശീഘ്രം കൊന്നൊടുക്കപ്പെടുന്ന ഇന്ത്യയിലെ കാട്ടുജന്തുക്കളുടെ സംരക്ഷണത്തിനു വേണ്ടി ശബ്ദമുയർത്തിക്കൊണ്ടിരിക്കുന്ന ഒരു യഥാർത്ഥ രാജ്യസ്നേഹി. ആസ്സാമിലെ കാണ്ടാമൃഗത്തിൻെറയും ഗിർവനങ്ങളിലെ സിംഹത്തിൻെറയും വംശനാശം ഇനിയും പൂർണ്ണമായിട്ടില്ലെങ്കിൽ അതിനുകാരണം അദ്ദേഹത്തിൻെറ ഭൂതദയാപ്രേരിതമായ യത്നമാണ്. പക്ഷെ ഒരാൾ മാത്രം യത്നിച്ചതുകൊണ്ട് ആയില്ലല്ലൊ. വനമഹോത്സവംകൊണ്ടാടുകയും, വന്യമൃഗസംരക്ഷണവാരത്തിൽ വിദ്യാർത്ഥികളെക്കൊണ്ട് പ്രതിജ്ഞ ഉരുവിടുവിക്കുകയും ചെയ്താൽ ഈ വിഷയത്തിൽ പിന്നെ ക്ലേശിക്കേണ്ടതില്ല എന്നാണ് നാം വ്യാമോഹിക്കുന്നത്. എന്നാൽ ഈശ്വരസൃഷ്ടിയിൽ ഒന്നു മാത്രമായ മനുഷ്യൻ മററുള്ളതിനെയെല്ലാം കൊന്നൊടുക്കാതെ അടങ്ങുകയില്ല എന്ന നിലയാണ് വന്നിരിക്കുന്നത്. അവൻെറ എണ്ണം കണക്കില്ലാതെ പെരുകുന്നതുകൊണ്ട് അവയുടെ എണ്ണം ചുരുങ്ങേണ്ടതു് ആവശ്യവും ആയിരിക്കാം. ആകപ്പാടെ ഭൂമുഖത്ത് ഠ–വട്ടത്തിലുള്ള സ്ഥലമല്ലെയുള്ളു! ഏതായാലും നമ്മുടെ മക്കളുടെ മക്കൾക്ക് കാട്ടാനയെയും കാട്ടുപോത്തിനേയും കാണുവാൻ ഭാഗ്യമുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നില്ല.

മുപ്പതു മില്യൺ (300 ലക്ഷം) മാർക്ക് ചെലവാക്കി നിർമ്മിച്ച ഒരു പുതിയ നാടകശാലയുടെയും റെയിൽവേ സ്റ്റേഷൻെറയും ഇടയ്ക്കു സ്ഥിതി ചെയ്യുന്ന ഷ്ലോസ്ഗാട്ടൻ ഹോട്ടലിലാണ് ഞങ്ങൾ താമസിച്ചതു്. മെർസീഡിസ് ബെൻസ് കാറിൻെറ അടയാളമായ ഒരു വലിയ മൂന്നു മുന നക്ഷത്രം റെയിൽവേ സ്റ്റേഷൻെറ മുകളിൽ സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത കമ്പനിയുടെ ആസ്ഥാനവും പ്രധാന ഫാക്ടറിയും സ്റ്റുട്ട്ഗാട്ടിലാണ്. കുന്നും കുഴിയും കലർന്ന ഭൂപ്രകൃതിയാണ് നഗരത്തിൽ കാണുന്നതു്. കുന്നിൻചെരിവുകൾ മുഴുവനും കെട്ടിടങ്ങൾ കൊണ്ടു നിറഞ്ഞിരിക്കുന്നു. പ്രധാനപ്പെട്ട ഒരു രാജപാത ഒരു മൈലോളം നീളമുള്ള തുരങ്കത്തിലൂടെയാണ് നിർമ്മിച്ചിരിക്കുന്നതു്. വ്യവസായപ്രധാനമായ നഗരമാകയാൽ അവിടെ ധനാഢ്യന്മാർ ധാരാളമുണ്ടെന്നു് പറയുന്നു.

## 36. ടൂബിങ്ഗൻ സർവ്വകലാശാല

അടുത്ത ദിവസം ഞങ്ങൾ ടൂബിങ്ഗൺ സർവ്വകലാശാല സന്ദർശിച്ചു. സ്റ്റുട്ട്ഗാട്ടിൽനിന്നു് 25മൈൽ അകലെയാണതു്. കുന്നു പിടിച്ച ആ ഗ്രാമം ഒരു സർവ്വകലാശാല സ്ഥാപിക്കുവാൻ പററിയതല്ലെന്നു് പ്രസിദ്ധ തത്വജ്ഞാനിയായ ലൈബ്നിത്സ് പറയുകയുണ്ടായത്രെ. അക്കാലത്തു് ഈ അഭിപ്രായം പലരെയും കോപാകുലരാക്കിയെങ്കിലും ഇന്നു് അതു ശരിയാണെന്നു് സർവ്വകലാശാലക്കാർതന്നെ സമ്മതിക്കുന്നു. സ്ഥലമില്ലാത്തതുകൊണ്ടു് അവർ വളരെ ഞെരുങ്ങുകയാണ്. ചുററുമുള്ള കാടു് കുറെയൊക്കെ വെട്ടിത്തെളിച്ചു് പുതിയ കെട്ടിടങ്ങൾക്കു് സ്ഥലമുണ്ടാക്കിയിട്ടുണ്ടെങ്കിലും ഭൂപ്രകൃതി തീരെ പററിയതല്ലെന്നാണ് പൊതുവെയുള്ള അഭിപ്രായം. അത്ര വലിയ കുന്നും കുഴിയുമുള്ള സ്ഥലമാണതു്. പക്ഷെ, സ്ഥലസൌകര്യങ്ങൾ കുറവാണെങ്കിലും ഒരു വിജ്ഞാനകേന്ദ്രം എന്ന നിലയിൽ ഈ സർവ്വകലാശാല വളരെ പ്രസിദ്ധമാണ്. ഇരുപതിനായിരത്തിൽപരം വിദ്യാർത്ഥികൾ അവിടെ പഠിക്കുന്നുണ്ടു്. ഇതു് ആ പട്ടണത്തിലെ ജനസംഖ്യയിൽ പകുതിയോളം

വരും. അവിടുത്തെ ഇടുങ്ങിയ വഴികളും ഇരുണ്ടു ജീർണ്ണി ച്ച കെട്ടിടങ്ങളും കണ്ടപ്പോൾ ഏകദേശം ഓക്സ്ഫോഡിലെ ചുററുപാടുകളാണു് ഓർമ്മവന്നതു്. ഇംഗ്ലണ്ടിലെ ആ പഴയ വിദ്യാകേന്ദ്രത്തിൽ പലരും വാഴ്ത്തിയിട്ടുള്ള ''ഉറക്കം തൂങ്ങുന്ന'' പള്ളികളുടെ ഭംഗിയെങ്കിലുമുണ്ടു്. ഇവിടെ മ്ലാനതയെ കാണാനുള്ളു.

ടൂബിങ്ഗനിലെ പൗരസ്ത്യ ഭാഷാവകുപ്പിനെയും പാണിനിയെപ്പററി ഗവേഷണം നടത്തുന്ന പ്രൊഫസ്സർ ഥീമെ എന്ന പണ്ഡിതനെയും കുറിച്ചു് നേരത്തെ പറഞ്ഞുവല്ലൊ. അദ്ദേഹവുമായുള്ള സംഭാഷണത്തിനുശേഷം ഞങ്ങൾ തത്ത്വജ്ഞാന വിഭാഗത്തിലേക്കാണു് പോയതു്. അവിടുത്തെ പഴഞ്ചൻ കെട്ടിടവും ഒരു സൗകര്യവുമില്ലാത്ത മുറികളും കണ്ടപ്പോൾ സങ്കടം തോന്നി. തത്ത്വജ്ഞാനത്തിൻെറ സ്ഥിതി ഇത്ര കഷ്ടത്തിലായല്ലൊ എന്നു് ഞങ്ങൾ പരിതപിച്ചു. പക്ഷെ സൗകര്യങ്ങൾ കുറവാണെങ്കിലും വിദ്യാർത്ഥികൾ ധാരാളമുണ്ടെന്നാണു് അദ്ധ്യാപകന്മാർ പറഞ്ഞതു്. ചില കൊല്ലങ്ങളിൽ ആയിരവും രണ്ടായിരവും വിദ്യാർത്ഥികൾ ഈ വിഷയം പഠിക്കുവാൻ വരാറുണ്ടത്രെ. ''ഇന്ത്യയിലെക്കാൾ എത്രയോ ഭേദം'' എന്നു്, ഡോക്ടർ മഹാദേവൻ കൂടെയുള്ള കാര്യം ഓർമ്മിക്കാതെ, ഞാൻ പറഞ്ഞുപോയി. അദ്ദേഹത്തിന്നും അറിവുള്ള വസ്തുതയാണിതു്. ഇന്നു് കോളേജു ക്ലാസ്സുകളിൽ തത്ത്വജ്ഞാനം, സംസ്കൃതം, തുടങ്ങിയ വിഷയങ്ങൾ പഠിക്കുവാൻ വിദ്യാർത്ഥികളെ കിട്ടുന്നതു് വളരെ പ്രയാസമായിരിക്കുകയാണു്. പല ദിക്കിലും ഒന്നും രണ്ടും വിദ്യാർത്ഥികൾക്കുവേണ്ടിയാണു് ഈ വകുപ്പുകൾ നടത്തിവരുന്നതു്. എല്ലാവക്കും ശാസ്ത്രവിഷയങ്ങളേ വേണ്ടു. അവയ്ക്കു മാത്രമേ ഉദ്യോഗക്കമ്പോളത്തിൽ വിലയുള്ളു. ഇക്കാരണത്താൽ തത്ത്വജ്ഞാനവകുപ്പുകളെ മനശ്ശാസ്ത്രവകുപ്പുകളായി മാററാനുള്ള ഒരു ശ്രമവും ഇപ്പോൾ നടക്കുന്നുണ്ടു്.

ജെർമ്മനിയിലെ കഥയും ഏറക്കുറെ ഇതുതന്നെയാണു്. തത്ത്വജ്ഞാനം ഒരു ഉപവിഷയമായി മാത്ര

മാണ് ഭൂരിപക്ഷം വിദ്യാത്ഥികളും പഠിക്കുന്നത്. പ്രധാന വിഷയങ്ങൾ ശാസ്ത്രീയ സാങ്കേതിക ശാഖകളിൽ പെട്ടവയായിരിക്കും. ഗണിതവും ഭൗതികശാസ്ത്രവും രസതന്ത്രവും പഠിച്ച് തല പുകയുമ്പോൾ അല്പം തത്ത്വജ്ഞാനം അകത്തു ചെല്ലുന്നത് ആരോഗ്യത്തിന് നല്ലതാണെന്ന് ഒരു അദ്ധ്യാപകൻ പറയുകയുണ്ടായി. ''ജെമ്മനിയുടെ പാരമ്പര്യം അതല്ലെന്നാണ് ഞാൻ ധരിച്ചിട്ടുള്ളത്. ഇന്നത്തെ തത്ത്വജ്ഞാനം അത്ര ഉദാസീനമായി പഠിക്കാവുന്നതാണെന്നും തോന്നുന്നില്ല.'' എന്ന് ഞാൻ അദ്ദേഹത്തോട്ട് പറഞ്ഞപ്പോൾ, ''ശരിയാണ്. അതു ഞാനും സമ്മതിക്കുന്നു. ഇതു് ഹേഗൽ പഠിച്ച സ്ഥലമാണ്. അദ്ദേഹം താമസിച്ച വീട് ഇപ്പോഴും ഉണ്ട്. പോകുന്ന വഴിക്കു കാണാം. എന്നാലും ഇതു് സയൻസിൻെറ യുഗമല്ലെ?'' എന്നായിരുന്നു മറുപടി.

## 37. ഇലക്ട്രോൺ മൈക്രോസ്കോപ്പ്

ടൂബിങ്ഗനിലെ ജന്തുശാസ്ത്രവകുപ്പും ഞങ്ങൾ സന്ദശിച്ചു. സമുദ്രത്തിൽ ജീവിക്കുന്ന അണുജീവികളെക്കുറിച്ചുള്ള ഗവേഷണങ്ങളാണ് അധികവും കണ്ടതു്. അവയെ വളത്തുന്നതിന് ആവശ്യമായ സമുദ്രജലം അഞ്ഞൂറു നാഴിക അകലെനിന്ന് ട്രെയിൻമാഗ്ഗം കൊണ്ടുവരേണ്ടിയിരിക്കുന്നു. ഈ ജന്തുക്കളുടെ സവിശേഷലക്ഷണങ്ങൾ ഒരു തലമുറയിൽനിന്ന് അനന്തര പരമ്പരകളിലേക്കു് സംക്രമിക്കുന്നതിൻെറ രഹസ്യങ്ങളും, അവയുടെ ശരീരചേഷ്ടകൾക്കു് ആധാരമായ രാസയോഗങ്ങളും അനേകം ഗവേഷകന്മാരുടെ പരീക്ഷണങ്ങൾക്കു് വിധേയമായിരിക്കുന്നു. അവരുടെ കൂട്ടത്തിൽ ഒരാളായ ഡോക്ടർ റൂട്ട്മാൻ ഇലക്ട്രോൺ മൈക്രോസ്കോപ്പ് ഉപയോഗിച്ച് അണുജീവികളുടെ ശരീരത്തിൻെറ സൂക്ഷ്മഘടന മനസ്സിലാക്കുവാൻ ശ്രമിക്കുന്നതു് ഞങ്ങൾ കണ്ടു. അദ്ദേഹത്തിൻെറ ഉപകരണം സൂക്ഷ്മവസ്തുക്കളെ രണ്ടു ലക്ഷം ഇരട്ടി വലുതാക്കി ചിത്രമെടുക്കാൻ കഴിവുള്ളതാണ്. വെളിച്ചത്തിൻെറ സഹായത്തോടെ പ്രവത്തിക്കുന്ന സൂക്ഷ്മദശിനികൾക്ക് മൂവായിരം ഇരട്ടിയിൽ കൂടുതലായ ബൃഹത്

കരണം സാധ്യമല്ല. വെളിച്ചത്തിൻെറ ഘടനമൂലം ഉണ്ടാകുന്ന ഒരു പരിമിതിയാണിതു്. ഇതിലും കൂടിയ ബൃഹത്കരണം ലഭിക്കുന്നതിനു് വെളിച്ചത്തിനു പകരം പദാൎത്ഥത്തിൻെറ പരമാണുഘടകങ്ങളായ ഇലക്ട്രോണുകളുടെ ഒരു ധാരയെ ഉപയോഗിക്കുന്നു. ഇതും പ്രകാശരശ്മികളെപ്പോലെ, നേൎത്ത വസ്തുക്കളുടെ ഉള്ളിലൂടെ കടന്നു വരുമ്പോരം അവയുടെ ആന്തരഘടനയെ വെളിപ്പെടുത്തുന്നു.

ഇലക്ട്രോൺ മൈക്രോസ്കോപ്പിൽവെച്ചു പരിശോധിക്കുന്നതിനു് ജന്തുശരീരത്തിൻെറ ഭാഗങ്ങരം നേൎമ്മയേറിയ ഫലകങ്ങളായി മുറിച്ചെടുക്കണം. ഇതാണു് ഇമ്മാതിരി ഗവേഷണത്തിലെ ഏററവും പ്രയാസമുള്ള ജോലി. അണുജീവികളുടെ ശരീരത്തിൽനിന്നു് മില്ലിമീററിൻെറ രണ്ടു ലക്ഷത്തിലൊരംശം മാത്രം കട്ടിയുള്ള ഫലകങ്ങരം മുറിച്ചെടുക്കുന്നതു് ഡോക്ടർ റുട്ട്മാൻ കാണിച്ചുതന്നു. കണ്ണാടികൊണ്ടുള്ള കത്തിയാണു് ഇതിന്നു് ഉപയോഗിക്കുന്നതു്. അതു് ഓരോ പ്രാവശ്യവും അദ്ദേഹംതന്നെ ഉണ്ടാക്കുകയാണു്. അദ്ദേഹത്തിൻെറ ഗവേഷണശാലയിൽ സ്വീഡനിലും ജപ്പാനിലുംനിന്നു് വരുത്തിയ ഉപകരണങ്ങരം കാണുകയുണ്ടായി. പക്ഷെ മൈക്രോസ്കോപ്പു് സീമെൻസ് എന്ന പ്രസിദ്ധമായ ജെൎമ്മൻ കമ്പനിക്കാർ നിൎമ്മിച്ചതാണു്. വളരെ സങ്കീൎണ്ണമായ യന്ത്രസാമഗ്രികളായതുകൊണ്ടു് അദ്ദേഹംതന്നെയാണു് അവയെ കൈകാര്യം ചെയ്യുന്നതു്. അത്യധികമായ വോരംട്ടേജിൽ വിദ്യുച്ഛക്തി ഉപയോഗിക്കേണ്ടതുകൊണ്ടു്, യന്ത്രനിൎമ്മാതാക്കരം ഏൎപ്പെടുത്തിയിട്ടുള്ളതിനു പുറമെ സ്വന്തമായ ചില മുൻകരുതലുകളും താൻ ചെയ്തിട്ടുണ്ടെന്നു് അദ്ദേഹം പറഞ്ഞു. അണുജീവികളുടെ ശരീരത്തിൻെറ വിവിധഭാഗങ്ങളുടെ അതിസൂക്ഷ്മങ്ങളായ ഘടനയെ കാണിക്കുന്ന അനേകശതം ചിത്രങ്ങരം ഞങ്ങരം കണ്ടു. സ്ഥൂലദൃഷ്ടിക്കു് ദൃഢവസ്തുക്കളായി തോന്നുന്ന പല ശരീരഭാഗങ്ങളുടെയും സൂക്ഷ്മഘടന അട്ടി അട്ടിയായി അടുക്കിയ കടലാസ്സുകെട്ടുകരംപോലെയാണെന്നുള്ളതു ഈ ഗവേഷണങ്ങളിൽനിന്നു തെളിഞ്ഞിട്ടുള്ള ഒരു സവിശേഷ

വസ്തുതയാണ്. രണ്ടു മണിക്കൂറുനേരം വളരെ രസകരമായി അവിടെ ചെലവഴിച്ചശേഷം ഞങ്ങൾ മടങ്ങിപ്പോന്നു. ''നിങ്ങൾ ഒരു പ്രയാസവുമില്ലാതെ ഇംഗ്ലീഷ് ഭാഷ സംസാരിക്കുന്നുവല്ലോ. എന്താണ് അതിന്റെ രഹസ്യം?'' എന്ന് ഞാൻ ജെമ്മൻകാരനായ ആ ശാസ്ത്രജ്ഞനോടു ചോദിച്ചു. ''എന്റെ ഭാര്യ അമേരിക്കക്കാരിയാണ്. അനായാസമായി ഇംഗ്ലീഷ് സംസാരിച്ചില്ലെങ്കിൽ വല്ല രക്ഷയുമുണ്ടോ?'' എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി.

ടൂബിങ്ഗനിൽനിന്നു മടങ്ങി സ്റ്റുട്ട്ഗാട്ടിൽ വന്ന് നിയമസഭാ സാമാജികന്മാക്കുവേണ്ടി ഏപ്പെടുത്തിയിട്ടുള്ള ഒരു ഭോജനശാലയിൽ ഞങ്ങൾ സായാഹ്നഭക്ഷണം കഴിച്ചു. ഒരു മേശയ്ക്കു ചുററും ഇരുന്ന് പരിചാരികയ്ക്കു് നിർദ്ദേശങ്ങളും കൊടുത്തു് അല്പം കഴിഞ്ഞപ്പോൾ, മോടിയിൽ വേഷം ധരിച്ച ഒരു മനുഷ്യൻ അടുത്തുവന്ന് താണു വണങ്ങി, ''വിശിഷ്ടാതിഥികളെ! നിങ്ങൾക്ക് നല്ല വിശപ്പുണ്ടാകട്ടെ എന്ന് ഞാൻ ആശംസിക്കുന്നു.'' എന്നു പറഞ്ഞിട്ടു പോയി. അന്യരാജ്യക്കാരായതുകൊണ്ടു് പറഞ്ഞതായിരിക്കും എന്നേ ഞങ്ങൾ കരുതിയുള്ളു. പത്തു പതിനഞ്ചു മിനിട്ടു കഴിഞ്ഞപ്പോൾ അയാൾ വീണ്ടും വന്നു; വണങ്ങി; പഴയ ആശംസ ആവത്തിച്ചു. കാര്യം മനസ്സിലാകാതെ ഞങ്ങൾ ദ്വിഭാഷിയുടെ മുഖത്തുനോക്കി. ''ഒന്നുമില്ല. ചിരിക്കാതിരുന്നാൽ മതി. അയാളുടെ ജോലിയാണത്. മേൽനോട്ടക്കാരനാണ്. പക്ഷെ വെറുതെ നോക്കിനടന്നാൽ മുഷിയുകയില്ലേ? അതുകൊണ്ടു് ഇങ്ങിനെ പറയുകയാണ്. ഇനിയും വരും.'' എന്നായിരുന്നു അയാളുടെ മറുപടി. ''ഞാൻ വിചാരിച്ചതു് ജെമ്മനിയിലെ നിയമസഭാ സാമാജികന്മാർ വിശപ്പില്ലാത്ത കൂട്ടരാണെന്നാണ്. അവക്ക് വിശപ്പുണ്ടാക്കി ശീലിച്ചുപോയതുകൊണ്ടു് നമ്മുടെ നേക്കും ആ വിദ്യ പ്രയോഗിച്ചു നോക്കുകയാണെന്നു തോന്നി.'' ദ്വിഭാഷി: ''വലിയ ഹോട്ടലുകളിലെല്ലാം ഇത്തരം ജോലിക്കാരുണ്ടു്. ഇവിടെ ഉപചാരം കുറെ കൂടുതലാണെന്നേയുള്ളു.''

## 38. മെർസീഡിസ് ബെൻസ്

ലോകപ്രസിദ്ധമായ മെർസീഡിസ് ബെൻസ് കമ്പനിയുടെ തലസ്ഥാനമാണ് സ്റ്ററുട്ട്ഗാട്ട്. അവരാണ് കഴിഞ്ഞ നൂററാണ്ടിൽ ആദ്യമായി മോട്ടോർകാറുണ്ടാക്കിയതു്. അതിനുശേഷം പത്തുവഷം കൂടി കഴിഞ്ഞേ ഹെൻറി ഫോഡ് ഈ വ്യവസായത്തിൽ പ്രവേശിച്ചുള്ളു. കമ്പനിയുടെ ആദ്യത്തെ പേരു് ഡെയിംലർ–ബെൻസ് എന്നായിരുന്നു. രണ്ടു എൻജിനീയർമാരുടെ പേരാണു്. അവരുണ്ടാക്കിയ ആദ്യത്തെ വാഹനങ്ങളിൽ പത്തുനാല്പതെണ്ണം ഒന്നിച്ചുവാങ്ങാമെന്നേററ ഒരു വില്പനക്കാരൻ തൻെറ മകളുടെ പേരു് കാറുകൾക്കു് നല്കണമെന്നു് നിർബ്ബന്ധിച്ചുവത്രെ. പുതിയതായി തുടങ്ങിയ വ്യവസായത്തിൻെറ വളർച്ചയിൽ ഉൽക്കണ്ഠിതരായ നിർമ്മാതാക്കൾ ഈ അപേക്ഷ സ്വീകരിച്ചു. ഇതാണു് മെർസീഡിസ് എന്ന പേരിൻെറ ചരിത്രം. അതു് ഒരു സ്പാനിഷ് സ്ത്രീനാമമാണു്. കമ്പനിക്കു് നഗരത്തിനുള്ളിലും പത്തു മൈൽ അകലെയുള്ള സിൻഡെൽഫിംഗൻ എന്ന സ്ഥലത്തും വമ്പിച്ച നിർമ്മാണശാലകളുണ്ടു്. ട്രക്കുകളും ബസ്സുകളും നിർമ്മിക്കുന്നതു ജെർമ്മനിയുടെ മററു ഭാഗങ്ങളിലാണു്. അവരുടെ കാറുകളും ട്രക്കുകളും മോട്ടോർ വാഹനങ്ങളുടെ കൂട്ടത്തിൽ ഒന്നാംതരമാണെന്നു് അംഗീകരിക്കപ്പെട്ടിട്ടുണ്ടു്. മോട്ടോർവ്യവസായത്തിൻെറ മുന്നണിയിൽ നില്ക്കുന്ന അമേരിക്കയിൽപോലും മെർസീഡിസ് കാറുകൾക്കു് നല്ല കമ്പോളമുണ്ടു്.

അമേരിക്കയിലെയും ജെർമ്മനയിൽ തന്നെയുള്ള മററു ചില കമ്പനികളുടെയും ഫാക്ടറികളിലെപ്പോലെ ആട്ടോമേഷൻ എന്നു പറയുന്ന പുതിയ സമ്പ്രദായത്തിൽ, തൊഴിലാളികളുടെ എണ്ണം തീരെ കുറച്ചു്, യന്ത്രസാമർത്ഥ്യത്തെ പരമാവധി വർദ്ധിപ്പിച്ചു് പ്രവർത്തിക്കുന്ന നിർമ്മാണശാലയല്ല ഞങ്ങൾ കണ്ടതു്. അവിടെ ധാരാളം ജോലിക്കാരുണ്ടു്. കൂട്ടത്തിൽ ഹൈദ്രാബാദിൽ നിന്നു വന്ന ഒരു ഇന്ത്യക്കാരനും. കരകൗശലത്തിനും വിദഗ്ദ്ധന്മാരുടെ അടിസ്ഥടിയുള്ള പരിശോധനയ്ക്കും പ്രസ്തുത

ഫാക്ടറിയിൽ വളരെയധികം പ്രാധാന്യം കല്പിച്ചിട്ടുള്ള തായി തോന്നി. സ്വീഡൻ, ലൿസംബെർഗ്ഗ്, ഫ്രാൻസ് എന്നിങ്ങനെ പല രാജ്യങ്ങളിൽ നിന്നും വരുത്തിയ ഉരുക്കുപലകകൾ അവിടെ അടുക്കിവെച്ചിരിക്കുന്നതു കണ്ടു. തൊഴിലാളികളുടെ കൂട്ടത്തിൽ സ്ത്രീകളും ഉണ്ടു്. പണി പൂർത്തിയായ കാറുകളുടെ യന്ത്രം പ്രവർത്തിപ്പിച്ചു് പരിശോധന നടത്തുന്ന സ്ഥാനത്താണു് അവരിൽ അധികംപേരും ജോലി ചെയ്യുന്നതു്. ഒന്നിനു പുറകെ ഒന്നായി പതുക്കെപ്പതുക്കെ പണിതീൎന്നു് മുന്നോട്ടു നീങ്ങുന്ന വാഹനങ്ങൾ ഒടുവിൽ തറയിൽ ഘടിപ്പിച്ചി ട്ടുള്ള ഉരുളുകളിൽ വന്നു നില്ക്കുമ്പോൾ ഈ ജോലിക്കാർ അതിൽ കയറിയിരുന്നു് ''ഓടിയ്ക്കുവാൻ'' തുടങ്ങുന്നു. പക്ഷെ ഉരുളുകളുടെ പുറത്തായതുകൊണ്ടു് ചക്രങ്ങൾ കറ ങ്ങുകയല്ലാതെ വണ്ടി നീങ്ങുകയില്ല. പരിശോധന കഴിഞ്ഞു് പുറത്തേയ്ക്കു വരുന്ന വാഹനങ്ങൾ ചൂടോടെ വാങ്ങിച്ചുകൊണ്ടുപോകുവാൻ, നേരത്തെയുള്ള ഏൎപ്പാടനു സരിച്ചു് ആവശ്യക്കാർ കാത്തുനില്ക്കുന്നുണ്ടാവും. ഇക്കൂട്ട ത്തിൽ പെട്ടിയും പ്രമാണവും എല്ലാം എടുത്തുകൊണ്ടു് അക്ഷമയോടെ കാത്തുനില്ക്കുന്ന ഒരു പാക്കിസ്ഥാൻകാരി യെയും കണ്ടുതോക്കുന്നു. അവരെ തലേ ദിവസം കാലത്തു് ഷ്ലോസ്ഗാർട്ടൻ ഹോട്ടലിലെ ഭോജനശാല യിൽവെച്ചും ഞങ്ങൾ കണ്ടതാണു്. അന്നു് സ്വാതന്ത്ര്യ ദിനമായിരുന്നതുകൊണ്ടു് ഒരു ത്രിവൎണ്ണപതാക മേശപ്പു റത്തുവെച്ചിട്ടാണു് ഞങ്ങൾ ആഹാരം കഴിക്കുവാനിരു ന്നതു്. (ഈ സൗകര്യം ചെയ്തുതന്നതിന്നു് അവിടത്തെ ''നല്ല വിശപ്പു്'' ആശംസിക്കുന്ന മേൽനോട്ടക്കാരനോടു് ഞങ്ങൾക്കു് വളരെ കൃതജ്ഞതയുണ്ടു്. അയാളുടെ കൈയിൽ ആശംസ മാത്രമല്ല, ഒട്ടു മിക്ക രാജ്യങ്ങളുടെയും കൊടികളും ഉണ്ടെന്നു് ഞങ്ങൾക്കു മനസ്സിലാക്കുവാനും സാധിച്ചു.) ആ സമയത്തു് സാരിയുടുത്തു് അതിലെ കടന്നുപോയ പ്രസ്തുത സ്ത്രീയെക്കണ്ടു് ഞങ്ങൾ എഴുനേററു വന്ദിച്ചു് ''ജയ്ഹിന്ദ്'' പറഞ്ഞു. പക്ഷെ തല കുനിച്ചു് പ്രതിവന്ദനം ചെയ്തതല്ലാതെ അവർ ഒരക്ഷരവും സംസാരിച്ചില്ല. ഇതിൽ പരിഭവം തോന്നിയെങ്കിലും

അതു് സഹിക്കുകയല്ലാതെ ആ സന്ദർഭത്തിൽ നിവൃത്തിയൊന്നും ഇല്ലായിരുന്നു. അടുത്ത ദിവസം സിൻഡെൽഫിംഗൻ ഫാക്ടറിയിൽ വെച്ചു കണ്ടപ്പോഴാണു് പാകിസ്താൻകാരിയാണെന്നു മനസ്സിലായതു്. അപ്പോൾ മദാമ്മയുടെ വേഷത്തിലായിരുന്നു. അവരാണു് ആ സന്ദർഭത്തിൽ ആദ്യം വന്ദനം പറഞ്ഞതു്. വേഷം മാറിയിരുന്നതുകൊണ്ടു് പെട്ടെന്നു് ഞങ്ങൾക്കു് ആളെ മനസ്സിലായില്ല. വീട്ടിൽ (റാവൽപിണ്ടിയിൽ) എത്തുവാൻ തിടുക്കമുണ്ടെന്നും, കാറുകിട്ടുവാൻ താമസിക്കുന്നു എന്നും അവർ ഞങ്ങളോടു് പരാതിപ്പെട്ടു. ''നല്ല വിശപ്പു''കാരൻ ചെയ്യുന്നതുപോലെ, "വേഗം കിട്ടുവാൻ ഇടയാകട്ടെ'' എന്നു് ആശംസിക്കുവാനേ ഞങ്ങൾക്കു് കഴിഞ്ഞുള്ളൂ. പക്ഷെ അതോടൊപ്പം, ''വ്ലൈക്കുമസ്സലാം! റഹിംതുള്ളാഹി വ്ബറ്ക്കാത്തുഹു!'' എന്നും കൂടി പറഞ്ഞു് ശരിയായ മുഗൾരീതിയിൽ ഞാനൊരു സലാംകൂടി കൊടുക്കുകയുണ്ടായി. അതു് വളരെ ഭംഗിയായെന്നു് ഡോക്ടർ മഹാദേവൻ പിന്നീടു് എന്നോടു് പറഞ്ഞു.

## 39. ബ്ലായ്ക്കു് ഫോറസ്റ്റ്

വുർട്ടെംബെർഗ്ഗ് സംസ്ഥാനത്തിൻെറ തെക്കുഭാഗത്തുള്ള ഒരു ജില്ലയാണു് പ്രസിദ്ധമായ ബ്ലാക്കു്ഫോറസ്റ്റ്. അവിടേയ്ക്കും ഞങ്ങൾ ഒരു വിനോദയാത്രപോയി. വഴിയ്ക്കു് കാൽവു് എന്ന ഗ്രാമം കണ്ടു. മലയാളഭാഷയ്ക്കു് എന്നെന്നും സ്മരണീയമായ ഒരു പുണ്യസ്ഥലമാണതു്— മഹാനുഭാവനായ ഡോക്ടർ ഹെർമൻ ഗുണ്ടർട്ടു് തൻെറ ജീവിതസായാഹ്നം ചെലവഴിച്ച സ്ഥലം. അവിടെ വെച്ചാണു് അദ്ദേഹം തൻെറ പ്രസിദ്ധമായ നിഘണ്ടുവിനു് അവസാനരൂപം കൊടുത്തതു്. ആപ്പിൾ മരങ്ങളും ചെസ്റ്റ്നട്ടു് മരങ്ങളും കായ്ച്ചുനില്ക്കുന്ന പ്രശാന്തരമണീയമായ ആ ഗ്രാമത്തിലൂടെ കടന്നുപോയപ്പോൾ അവിടെ ആ മഹാത്മാവിൻെറ സാന്നിദ്ധ്യമുണ്ടെന്നു് എനിക്കുതോന്നി. ആ പ്രദേശത്തിൻെറ നേക്കു ഞാൻ പ്രദശിപ്പിച്ച ഭക്ത്യാദരങ്ങൾ കണ്ടു്, ഡോക്ടർ മഹാദേവനും ദ്വിഭാഷിയും കാരണം ചോദിച്ചു. ഗുണ്ടർട്ടു മലയാളഭാഷയ്ക്കു വേണ്ടി

ചെയ്ത നിസ്തുലസേവനങ്ങളെക്കുറിച്ചു് ഞാൻ അവരോടു പറയുകയും അങ്ങിനെ ആ മഹാപണ്ഡിതൻെറ സ്മരണക്കു മുമ്പിൽ പ്രണാമങ്ങരം അപ്പിക്കുകയും ചെയ്തു.

യൂറോപ്യൻ സാഹിത്യത്തിൽ പേരുകേട്ട ഒരു പ്രദേശമാണു് ബ്ലാക്കു് ഫോറസ്ററ്. അവിടെ ബാല്യകാലം കഴിച്ചു് പ്രകൃതിയുമായി ഇണങ്ങിച്ചേന്ന ജീവിതം നയിച്ച ഗ്രാമീണജനങ്ങളെപ്പററിയുള്ള കഥകരം ഒരു ഇതിഹാസംപോലെ പ്രസിദ്ധിയാജ്ജിച്ചിട്ടുണ്ടു്. ''ബ്ലായ്ക്കു് ഫോറസ്റ്റിലെ കുട്ടികരം'' എന്നൊരു ഇംഗ്ലീഷ് പുസ്തകം സ്കൂളിൽ പഠിച്ചതു് ഞാൻ ഓമ്മിക്കുന്നു. ഈ പ്രദേശം കാടുകൊണ്ടു് നിറഞ്ഞതാണെങ്കിലും ഇടയ്ക്കിടയ്ക്കു് ധാരാളം മനുഷ്യവാസവും ഉള്ളതാണു്. കൃഷി തീരെ ഇല്ലെന്നു തന്നെ പറയാം. കൈത്തൊഴിലാണു് ജനങ്ങളുടെ പ്രധാനമായ ആദായമാഗ്ഗം, മരത്തിൽ മനോഹരമായ കൊത്തുപണികരം ചെയ്തു് ധാരാളമായി വില്ക്കുന്നുണ്ടു്. കിളികളുടെ കൂജനംകൊണ്ടു് സമയം അറിയിക്കുന്ന നാഴികമണികളും പലതരം കളിപ്പാട്ടങ്ങളും അവിടെ നിമ്മിക്കപ്പെടുന്നു. സുഖവാസത്തിനുള്ള ഹോട്ടലുകളും ആരോഗ്യകേന്ദ്രങ്ങളും ആ പ്രദേശത്തു് അനേകമുണ്ടു്. ചിത്തരോഗം പിടിപെട്ടവരെ താമസിപ്പിച്ച ചികിത്സിക്കുന്നതിനുള്ള ഒരു ആശുപത്രിയും കാണുകയുണ്ടായി. അവിടുത്തെ ചില ഹോട്ടലുകളിൽ മത്സ്യങ്ങളെ വളത്തുന്നുണ്ടു്. അതിഥികരംക്കു് കുളത്തിൽ നീന്തിക്കളിക്കുന്ന ഏതെങ്കിലും മത്സ്യത്തെ ചൂണ്ടിക്കാണിച്ചു്, മദ്ധ്യാഹ്നഭക്ഷണത്തിനു് അതിനെ പൊരിച്ചുതരണമെന്നു് അപേക്ഷിക്കാം. വിനോദ യാത്രകഴിഞ്ഞു് ഉച്ചയ്ക്കു വരുമ്പോരം പൊരിച്ചുവെച്ചിരിയ്ക്കുന്നതു് നേരത്തെ ചൂണ്ടിക്കാണിച്ച മീൻതന്നെയോ എന്നു നിശ്ചയിക്കുന്നത് എങ്ങിനെയെന്നു മനസ്സിലായില്ല. അഥവാ അതിനു് ഉപായമുണ്ടെന്നു് സങ്കല്പിച്ചാൽ തന്നെയും, ഇങ്ങിനെ മീൻ തിന്നുന്നതിൽ നിന്നു് സവിശേഷമായ എന്തു സംതൃപ്തിയാണു് ലഭിക്കാനുള്ളതെന്നു അറിയുന്നില്ല. കാഴ്ച കാണുവാൻ ഇറങ്ങിത്തിരിച്ചിരിക്കുന്നവക്കു് നൂതനമായ അനുഭവങ്ങരം വേണമെന്നു നിബ്ബന്ധമാണു്. അവരെ സല്ക്കരിച്ചും പ്രീണിപ്പിച്ചും ആദായമു

ണ്ടാക്കവാൻ കാത്തിരിക്കുന്ന ഹോട്ടലുകാരും മററും ഇങ്ങിനെയുള്ള വിദ്യകാം കണ്ടുപിടിക്കുകയും ചെയ്യുന്നു.

ബ്ലാസ്കുഫോറസ്റ്റ് പ്രദേശത്തു്, വളരെ ഉയന്ന ഒരു സ്ഥാനത്തു്, ഒരു സാവ്വലൗകികവിദ്യാത്ഥികേന്ദ്രം സ്ഥാപിക്കുവാനുള്ള ശ്രമങ്ങാം നടക്കുകയാണു്. കുറഞ്ഞ ചെലവിൽ താമസത്തിനും, വിശ്രമത്തിനും വിനോദത്തിനും ഉള്ള സൗകര്യങ്ങാം ഉണ്ടാക്കണമെന്നാണു് ഉദ്ദേശിക്കുന്നതു്. യുവജനങ്ങാംക്കു വേണ്ടി ഇമ്മാതിരി സൗകര്യങ്ങാം ഏപ്പെടുത്തുന്നതിൽ ജെമ്മനി വളരെ അധികം താൽപര്യം കാണിക്കുന്നുണ്ടു്. ''യൂത്തു് ഹോസ്റ്റൽ'' പ്രസ്ഥാനത്തിനു് ആ രാജ്യത്തു് വലിയ പ്രചാരം ലഭിച്ചിരിക്കുന്നു. ദേശസഞ്ചാരത്തിനിറങ്ങുന്ന യുവജനങ്ങാംക്കു് താമസത്തിനും ഭക്ഷണത്തിനും വേണ്ട സൗകര്യങ്ങാം ഏതു കുഗ്രാമത്തിലും ലഭിക്കും. ലഘുവായ ചെലവേയുള്ളു. ചെറിയ ഒരു വരിസംഖ്യ കൊടുത്തു് സംഘടനയിൽ അംഗമായി ചേന്നാൽ മതി. ഭൂരിപക്ഷം ചെറുപ്പക്കാരും ഭാണ്ഡവും പേറി കാൽനടയായിട്ടുതന്നെയാണു് യാത്ര ചെയ്യുന്നതു്. ഇങ്ങിനെ ദേശാടനം ചെയ്തില്ലെങ്കിൽ അതൊരു പോരായ്മയാണെന്നുകൂടി അവക്കു് അഭിപ്രായമുണ്ടു്. സാഹസപ്രിയന്മാരായ ചില വിദ്യാത്ഥികാം വിദൂരരാജ്യങ്ങളിലേക്കും ഇങ്ങിനെ യാത്രചെയ്യാറുണ്ടു്. താടിയും മീശയും വളത്തി, മുഷിഞ്ഞ വേഷത്തിൽ, ഭാണ്ഡക്കെട്ടുമായി, നടക്കുന്ന ഇത്തരം വിദേശീയയുവാക്കന്മാരെ കൂടക്കൂടെ ഇന്ത്യയിൽ കാണാവുന്നതാണു്. ഗൊട്ടിംഗൻ സവ്വകലാശാലയിൽ നിയമം പഠിക്കുന്ന ഒരു ജെമ്മൻ വിദ്യാത്ഥി തുക്കി, ഇറാൻ, അഫ്ഘാനിസ്ഥാൻ എന്നീ രാജ്യങ്ങാം കടന്നു് ഇന്ത്യയിൽ എത്തുകയും, ഹിമവൽസേതുപര്യന്തമുള്ള യാത്രക്കിടയിൽ 1964ൽ തിരുവനന്തപുരത്തു് വരുകയും ചെയ്തതു് എനിക്കറിയാം. ഇംഗ്ലീഷ് വശമുള്ളതുകൊണ്ടു് ഇന്ത്യയിൽ പറയത്തക്ക വിഷമങ്ങളൊന്നും ഉണ്ടായില്ലെന്നും, ഇറാനിലും അഫ്ഘാനിസ്ഥാനിലും ആംഗ്യഭാഷയെ മാത്രം ആശ്രയിച്ചാണു് സഞ്ചരിച്ചതെന്നും അയാാം പറയുകയുണ്ടായി. ഈ കൊച്ചു കേരളത്തിൽ പോലും നമ്മളിൽ പലരും കണ്ടിട്ടില്ലാത്ത

എത്രയോ സ്ഥലങ്ങറം അയാറം സന്ദശിച്ചു. കൊച്ചിയിലോ ബോംബെയിലോ ചെന്നു് ഒരു ചരക്കകപ്പലിൽ കയറിക്കൂടി ജെമ്മനിയിൽ തിരിച്ചെത്തണമെന്നായിരുന്നു അയാളുടെ പരിപാടി. ഒരിക്കലും ശമിക്കാത്ത ഈ ദേശാടന തൃഷ്ണ ജെമ്മൻകാരുടെ കൂടെപ്പിറപ്പാണെന്നും അതിപ്പോറം പാശ്ചാത്യലോകത്തു് ആകമാനം പടന്നുപിടിച്ചിട്ടുണ്ടെന്നും ഒരു ജെമ്മൻ വിദുഷി പറഞ്ഞതോക്കുന്നു.

## 40. കെപ്ലറും ഷില്ലറും

പ്രസിദ്ധശാസ്ത്രജ്ഞനായ കെപ്ലർ ജനിച്ച ഗ്രാമം ബ്ലാക്ക്ഫോറസ്റ്റിലേക്കു് പോകുന്നവഴിക്കാണു്. അദ്ദേഹത്തിൻെറ വീടു് ഒരു ദേശീയസ്മാരകമായി സംരക്ഷിച്ചിരിക്കുന്നു. അവിടുത്തെ ചന്തസ്ഥലത്തു് അദ്ദേഹത്തിൻെറ ഒരു വലിയ ലോഹപ്രതിമ സ്ഥാപിച്ചിട്ടുണ്ടു്. മുന്നൂററിയമ്പതു വഷങ്ങറംക്കു മുമ്പു്, അന്നു നിലവിലിരുന്ന വിശ്വാസങ്ങറംക്കു വിരുദ്ധമായി, ഭൂമി ഉറംപ്പെടെയുള്ള ഗ്രഹങ്ങളുടെ ഭ്രമണപഥം ദീഘവൃത്താകാരമാണെന്നു തെളിയിച്ച ജ്യോതിശ്ശാസ്ത്രജ്ഞനാണു് അദ്ദേഹം. ആധുനിക ശാസ്ത്രത്തിൻെറ ജനയിതാക്കളിൽ ഒരാളായിട്ടാണു് അദ്ദേഹത്തെ ആദരിച്ചുവരുന്നതു്. അദ്ദേഹവും, കോപ്പർനിക്കസ്സു്, ഗലീലിയോ, ന്യൂട്ടൺ, തുടങ്ങിയ മററു മഹാമതികളും ചേന്നു് ഉദ്ഘാടനം ചെയ്ത ശാസ്ത്രീയയുഗം കഴിഞ്ഞ മുന്നൂറുവഷത്തിനുള്ളിൽ ലോകത്തെ അടിമുടി മാററിയിരിക്കുന്നു. ഈ മാററത്തിൻെറ ഫലമായി എത്രയോ മഹാനഗരങ്ങറം ജെമ്മനിയിൽതന്നെ ഉയന്നുവന്നിട്ടുണ്ടു്. അവയുടെ ഇടയ്ക്കു്, മറെറാരു മഹിമയുമില്ലാതെ ഉറക്കം തൂങ്ങിക്കിടക്കുന്ന ആ കുഗ്രാമത്തെ ധന്യവും സ്മരണീയവുമാക്കിക്കൊണ്ടു് ആ പ്രതിമ അങ്ങിനെ നില്ക്കുന്നു.

ജെമ്മൻ മഹാകവിയായ ഷില്ലറുടെ ഭവനവും ഞങ്ങറം കണ്ടു. അതും സ്റ്റുട്ട്ഗാട്ടിനടുത്താണു്. ഇടുങ്ങിയ ഒരു തെരുവിൻെറ പാശ്വത്തിലുള്ള അനാകഷ്കമായ ഒരു ഗൃഹം. അതിൻെറ സൂക്ഷിപ്പുകാരിയായ ഒരു വൃദ്ധ അവിടെത്തന്നെയാണു് താമസം. ഷില്ലറുടെ മഹത്വ

ത്തെപ്പററി പ്രസംഗിക്കുവാനുള്ള കഴിവൊന്നും അവർക്കി ല്ലെങ്കിലും അദ്ദേഹത്തിൻെറ ജീവിതത്തിലെ ഏററവും നിസ്സാരമായ സംഭവങ്ങരം പോലും അവക്ക് ഹൃദിസ്ഥ മാണ്. അതേക്കുറിച്ച് അനേകം ദിവസങ്ങരം തന്നെ അവർ സംസാരിക്കുമത്രെ. അതെല്ലാം കേരംക്കുവാൻ ക്ഷമയുള്ള സാഹിതീഭക്തന്മാരും ഉണ്ടെന്നു പറയുന്നു. പ്രസ്തുത ഭവനത്തിൽ നിന്നു് അല്പം അകലെയായി ഒരു ഷില്ലർ മ്യൂസിയം സ്ഥാപിച്ചിട്ടുണ്ട്. അവിടെ അദ്ദേഹ ത്തിൻെറ ഗ്രന്ഥങ്ങളും അദ്ദേഹത്തെപ്പററിയുള്ള ഗ്രന്ഥ ങ്ങളും കത്തുകളും ചിത്രങ്ങളും പ്രതിമകളും എല്ലാം കാണാം. സാഹിത്യഗ്രന്ഥങ്ങളുടെ ഒരു വില്പനശാലയും അവിടെയുണ്ട്. ആരംത്തിരക്കിൻെറ ശല്യമില്ലാതെയും, നടന്നു നടന്നു് ശരീരവും മനസ്സും ക്ഷീണിക്കാതെയും കാണു വാൻ സാധിച്ച ഒരു പ്രദശ്നശാലയാണിതു്. അന്നത്തെ ദിവസത്തിൻെറ പ്രത്യേകതയോ, സാഹിത്യത്തിൻെറ ആകഷ്കത്വമോ എന്താണ് കാരണമെന്നു് നിശ്ചയ മില്ല. മററു കാഴ്ചസ്ഥലങ്ങളിൽനിന്നെല്ലാം ഇച്ഛാ ഭംഗവും മനംമട്ടപ്പും ലോകവിദ്വേഷവും കായക്ലേശവും കലന്ന അനുഭവത്തോടുകൂടിയാണ് മിക്കവരും തിരിച്ച പോരുന്നതു്. രണ്ടും മൂന്നും മാസങ്ങരം ചെലവഴിച്ചാലും വിസ്തരിച്ച് കണ്ടുതീക്കുവാൻ സാധിക്കാത്ത മഹാസ്ഥാപ നങ്ങളാണ് മിക്ക രാജ്യങ്ങളിലെയും പ്രദശ്നശാലകരം. കലാവസ്തുക്കളുടെയും ചരിത്രരേഖകളുടെയും യന്ത്രസാമഗ്രി കളുടെയും കൗതുകദൃശ്യങ്ങളുടെയും ഒരു പ്രളയമാണ്, ദൂര ദിക്കുകളിൽ നിന്നു് കഷ്ടപ്പാടുകളും സഹിച്ച് വന്നെത്തുന്ന കാഴ്ചക്കാരനെ അഭിമുഖീകരിക്കുന്നതു്. അടുത്ത ദിവ സത്തെ വിമാനത്തിൽ മറെറാരു സ്ഥലത്തേയ്ക്കു് പോവു കയും വേണം. എന്താണ് ചെയ്യുക? വെഴ്സായ് കൊട്ടാരം കാണുവാനെത്തിയ അമേരിക്കൻ ദമ്പതികളുടെ കഥയാണ് ഓമ്മവരുന്നതു്. അവർ അന്നു് നേരം വെളുത്തപ്പോരം ഇറങ്ങിയതാണ്. കൈയിൽ കരുതി യിരുന്ന റൊട്ടി മാത്രമെ ഉച്ചയ്ക്കു തിന്നുള്ളു. പാരിസ്സിൽ എത്തേണ്ട അത്യാവശ്യവുമുണ്ട്. ഗേററിലെത്തിയപ്പോരം ഭത്താവ്, വാച്ചുനോക്കിക്കൊണ്ടു പറഞ്ഞു: ''നമുക്കു്

അഞ്ചു മിനിട്ടേയുള്ളു. നീ ഈ ഭയങ്കരസാധനത്തിൻെറ ഉള്ളിലെന്തെന്നു് നോക്കു്. ഞാൻ പുറത്തുള്ളതു നോക്കാം''. വിദേശസഞ്ചാരത്തിനു പോകുമ്പോറം പലതും കാഴ്ചസ്ഥലങ്ങറം കാണുന്നതു് ഏറക്കുറെ ഈ മട്ടിലാണു്. വെഴ്സായ് കൊട്ടാരത്തിനകത്തു മാറീ ആൻെറാണെററു് ഉയിത്തെഴുന്നേററു വന്നു നില്ക്കുന്നു എന്നു പറഞ്ഞാൽപോലും അങ്ങോട്ടൊന്നു തിരിഞ്ഞു നോക്കുവാൻ കൂട്ടാക്കാത്ത കാഴ്ചക്കാരും ഉണ്ടാകും. എത്രയും വേഗം ഹോട്ടലിലെത്തി കൈയും കാലും നീട്ടി ഒന്നു നിവന്നുകിടന്നാൽ മതി എന്ന വിചാരത്തോടുകൂടിയാണു് പലരും വീനസ്സിൻെറയും മോണാ ലിസ്സയുടെയും മുമ്പിൽ കൂടി ഇടതിങ്ങി ഞെരുങ്ങി നീങ്ങുന്ന ജനസഞ്ചയത്തിൻെറ നടുവിലൂടെ ഒരു അദ്ധസുഷുപ്ത്യാവസ്ഥയിൽ ഒഴുകുന്നതു്.

## 41. ഫുട്ബാറം കളി

സ്റ്റുട്ട്ഗാട്ടിലെ ടെലവിഷൻ സ്തൂപം കാണുവാൻ പോയപ്പോറം എനിക്കു് ഇതുപോലെയുള്ള അനുഭവമാണു് ഉണ്ടായതു്. 500 അടി പൊക്കവും ചുവട്ടിൽ 50 അടി വണ്ണവും ഉള്ള സ്തൂപത്തിൻെറ മുകളിൽ പ്രാവിൻകൂടുപോലെയുള്ള കുറെ മുറികളുണ്ടു്—അഞ്ചു തട്ടായി. അവസ്സുമുകളിലാണു് ടെലിവിഷൻ കമ്പികറം നാട്ടിയിരിക്കുന്നതു്. രണ്ടു തട്ടുകറം ഭോജനശാലകളാണു്. ബാക്കിയുള്ളവ അടുക്കളയും. മുകളിൽ പോയിവരുവാൻ ലിഫ്ററുണ്ടു്. ഞങ്ങറം അവിടെ എത്തിയപ്പോറം സ്തൂപത്തിൻെറ നൂറു വാര ദൂരത്തുപോലും അടുക്കുവാൻ നിവൃത്തിയില്ലാത്ത മട്ടിലുള്ള ആറംക്കൂട്ടമുണ്ടായിരുന്നു. എല്ലാവരും പണം കൊടുത്തു് ടിക്കററുവാങ്ങി തയാറായി നില്ക്കുകയാണു്—മുകളിൽ കയറി കാപ്പിയും ബിയറും കുടിക്കുവാൻ. പെട്ടെന്നു് ആകാശം ഇരുണ്ടു. മഴച്ചാറലും തുടങ്ങി. അതോടെ നല്ല തണുപ്പുമായി. വല്ല വിധവും തിരികെ പോയാൽ മതിയെന്നു തോന്നി. പക്ഷെ അപ്പോഴേക്കു് ദ്വിഭാഷി ടിക്കററു വാങ്ങാൻ പോയിക്കഴിഞ്ഞിരുന്നു. അര മണിക്കൂറുനേരം കാത്തുനിന്നതിന്നുശേഷം ഞങ്ങറംക്കു് ലിഫ്ററിൽ കയറുവാൻ സാധിച്ചു. പത്തുപതിനഞ്ചു്

ആളുകളെ ഞെരുക്കിക്കയററിക്കൊണ്ടു് അതു് മുകളി ലെത്തി. പ്ലാററുഫോമിൻെറ കൈവേലിയിൽ പിടിച്ചു കൊണ്ടു് താഴെയുള്ള സ്റ്റട്ട്ഗാട്ട് നഗരത്തിൻെറ ഒരു വിഹഗവീക്ഷണം നടത്തി. അവിടുത്തെ കാററിൻെറ തണുപ്പു് ദുസ്സഹമായിരുന്നു. അതു് ചെവിയിൽ തുളച്ചു കയറുന്നതുപോലെ തോന്നി. ഉടനെ താഴെ ഇറങ്ങണ മെന്നു് ദ്വിഭാഷിയോടു് ഞങ്ങൾ നിർബ്ബന്ധിച്ചു. അ യാൾക്കു് ഞങ്ങളുടെ പെരുമാററം വിചിത്രമായി തോന്നി യിരിക്കണം. താഴെ വന്നു് ഹെർമാൻ ഗോയ്റിങ്ങിനെ അനുസ്മരിപ്പിച്ച തടിയൻ കാവൽക്കാരനോടു് ''ഔഫ് വീഡെർസേഹൻ'' പറഞ്ഞു് ഓടിപ്പോയി കറിൽകയറി യപ്പോഴേ സമാധാനം കിട്ടിയുള്ളു. കുട്ടിക്കാലത്തു് അമ്മ കാണാതെ, പറമ്പിൽ നിന്ന കമുകിൽ കയറിയപ്പോഴു ണ്ടായ കൗതുകരസംപോലും ഈ ഉദ്യമത്തിൽ നിന്നു ലഭി ച്ചില്ല.

നെക്കാർ സ്റ്റേഡിയത്തിൽ നടന്ന ഫുട്ബാൾമാച്ചു കാണുകയായിരുന്നു സ്റ്റട്ട്ഗാട്ടിൽ ഞങ്ങളുടെ ഒടുവിലത്തെ പരിപാടി. മഴയും തണുപ്പും ആയിരുന്നതുകൊണ്ടു് ഡോക്ടർ മഹാദേവൻ വന്നില്ല. ജെർമ്മൻകാർ ഫുട്ബാൾ കളിയിൽ ലോകപ്രസിദ്ധി നേടിയവരാകയാൽ അതു കാണാതെ വിടുന്നതു് ശരിയല്ലെന്നു് ഞാൻ നിശ്ചയിച്ചു. ടിക്കററു കിട്ടുവാൻ പ്രോട്ടോക്കോൾ ആഫീസുകാർ വളരെ ബുദ്ധിമുട്ടിയിരിക്കണം. അത്ര വൈകിയിട്ടാണു് ഞാൻ ദ്വിഭാഷിയോടു് വിവരം പറഞ്ഞതു്. അവിടുത്തെ ആൾക്കൂട്ടം എത്രയെന്നു പറയാനില്ല. സ്റ്റട്ട്ഗാട്ടിലെ ജനങ്ങൾ മുഴുവനും വന്നിട്ടുണ്ടോ എന്നു സംശയിച്ചുപോയി. മഴയും നനഞ്ഞു്, തണുപ്പും സഹിച്ചു്, ആർത്തുവിളിച്ചു്, ആ ജനസഞ്ചയം കളികാണുന്നതുതന്നെ കാണേണ്ട കാഴ്ച യാണു്. ജെർമ്മനിയിലെ ഒന്നാംകിട കളിക്കാരും, സ്പെയിനിൽ നിന്നു വന്ന ഒരു ടീമും തമ്മിലായിരുന്നു മത്സരം. കളി കേമമായി. സ്റ്റട്ട്ഗാട്ടിലെ ഫാക്ടറിക ളിൽ ജോലിചെയ്യുന്ന സ്പെയിൻകാരായ തൊഴിലാളികൾ സ്റ്റേഡിയത്തിൻെറ ഒരു ഭാഗത്തു് ആയിരക്കണക്കിൽ കൂടി യിരുന്നു. അവർ സ്വന്തം നാട്ടുകാരായ കളിക്കാരെ

പ്രോത്സാഹിപ്പിക്കുന്നതിന്നു വേണ്ടി ശബ്ദം ഉണ്ടാക്കിയപ്പോഠം ജെമ്മൻകാരായ പ്രേക്ഷകക്കും വാശി കയറി. വിളിയും എതിർവിളിയും അന്തരീക്ഷത്തിൽ മുഴങ്ങി. കളിക്കാരിൽ ഇരുകൂട്ടരും ഫൗഠം കാണിക്കുന്നതിൽ ഒട്ടും മോശമല്ലായിരുന്നു. ഒരുത്തനെ കുതികാൽവെച്ചു വീഴ്ത്തിയാൽ, വീഴുന്നവൻ പ്രതിയോഗിയെ കാലുകൊണ്ടു് പിടിച്ചു മറിക്കും; അവനും പുറകെ വീഴും. ഇടിയും ഞെക്കലും ഞെരുക്കലും എല്ലാം വേണ്ടുവോളമുണ്ടായിരുന്നു. സ്പെയിൻകാർ ഓട്ടത്തിൽ മിടുക്കന്മാരായിരുന്നെങ്കിലും, ജെമ്മൻകാരുടെ പന്തുകൊണ്ടുള്ള പ്രയോഗങ്ങഠം എല്ലാവരെയും അത്ഭുതപ്പെടുത്തി. നാലു ഗോഠം അടിച്ചു് അവർ ജയിക്കുകയും ചെയ്തു.

## 42. ഉഗണ്ടക്കാരൻ

മഴയായിരുന്നതുകൊണ്ടു് കാറു കിട്ടുവാൻ അല്പം വൈകി. ദ്വിഭാഷിയായ ഹോഫ്മാൻെറ അനുജൻ (അയാളും ദ്വിഭാഷിയാണു്) ഉഗണ്ടക്കാരനായ ഒരു പത്രപ്രതിനിധിയെയും കൊണ്ടു് കളികാണുവാൻ വന്നിരുന്നു. അയാഠം ആഫ്രിക്കയിൽ നിന്നു പുറപ്പെടുന്നതിന്നു മുമ്പു തന്നെ ടിക്കററു വാങ്ങുവാൻ ഏപ്പാടു ചെയ്തിരുന്നുവത്രെ. അയാളെ പരിചയപ്പെടുത്തിയപ്പോഠം, ഉഗണ്ട എനിക്കു് വളരെ വേണ്ടപ്പെട്ട രാജ്യമാണെന്നും അവിടെ എനിയ്ക്കു് മൂന്നു നാലു സ്നേഹിതന്മാരുണ്ടെന്നും ഞാൻ പറഞ്ഞു. ''ആരാണു്? കച്ചവടത്തിനോ മററോ വന്നവരായിരിക്കും'' എന്നു് പത്രപ്രതിനിധി ചോദിച്ചു. ''അല്ല, നിങ്ങളുടെ നാട്ടുകാർ. കസോസി, നെക്യോൺ, മുബീറു! നാലാമത്തെ സ്നേഹിതൻ—ഓംബേറെ—ഇപ്പോഴും എൻെറ നാട്ടിലുണ്ടു്. എറണാകുളത്തു് വക്കീൽ ജോലി പഠിക്കുന്നു.'' അയാഠം അത്ഭുതംകൊണ്ടു കണ്ണു മിഴിച്ചു. ''നെക്യോണിനെ അറിയുമോ? അതെങ്ങിനെ?''

ഈ നാലു് ആഫ്രിക്കൻ വിദ്യാത്ഥികളും ഇന്ത്യാഗവണ്മെൻറിൻെറ സ്കോളർഷിപ്പോടുകൂടി തിരുവനന്തപുരത്തു് കോളേജുവിദ്യാഭ്യാസത്തിനു വന്നവരാണെന്നും, അവക്കു്

താമസസൗകര്യങ്ങളും ഏർപ്പാടുചെയ്യുന്നതിൻെറയും, അവരുടെ മേൽനോട്ടത്തിൻെറയും ചുമതല അഞ്ചാറുകൊല്ലക്കാലം വഹിക്കുന്നതിനു് എനിക്കു് സംഗതിയായിട്ടുണ്ടെന്നും, ഞാൻ അയാളോടു പറഞ്ഞു. അവർ സൽസ്വഭാവികളും സമർത്ഥരുമായ വിദ്യാർത്ഥികളായിരുന്നു. ''ആന'', ''കരിക്കട്ട'', ''കറുമ്പൻ'' എന്നൊക്കെ വിളിച്ചു പറഞ്ഞു് തെരുവുപിള്ളേർ തങ്ങളെ കളിയാക്കുന്നതായി പരാതിപറഞ്ഞപ്പോൾ അവരെ സമാധാനവാക്കുകൾ പറഞ്ഞു് സമാശ്വസിപ്പിച്ചതും, അവരെക്കൊണ്ടു് പാട്ടു പാടിച്ചതും മററും ഞാൻ വിസ്തരിച്ചു കേൾപ്പിച്ചു. ''നെക്യോൺ ഇപ്പോൾ ഞങ്ങളുടെ വാർത്താവിതരണ വകുപ്പുമന്ത്രിയാണു്. വലിയ ആളായിക്കഴിഞ്ഞു.'' എന്നു അയാൾ പറഞ്ഞതുകേട്ടപ്പോൾ എനിക്കു് വളരെ സന്തോഷം തോന്നി. താൻ രാഷ്ട്രീയകാര്യങ്ങളിൽ പ്രവേശിക്കുമെന്നു് യാത്ര ചോദിക്കുവാൻ വന്നപ്പോൾ അയാൾ എന്നോടു പറഞ്ഞിരുന്നു. അയാളുടെ ജ്യേഷ്ഠൻ ഒരു രാഷ്ട്രീയനേതാവാണെന്നും എനിക്കു് മനസ്സിലായി. അനുജനെ കാണാൻ തിരുവനന്തപുരത്തു വന്നിരുന്നു. കോളേജിൽ ആഫ്രിക്കൻ രാജ്യങ്ങളിലെ സ്വാതന്ത്ര്യസമരങ്ങളെപ്പററി പ്രസംഗിക്കുകയും ചെയ്തു. എന്നാലും നെക്യോൺ ഇത്രവേഗം—മൂന്നു കൊല്ലത്തിനുള്ളിൽ—മന്ത്രിസ്ഥാനത്തെത്തുമെന്നു് ഞാൻ പ്രതീക്ഷിച്ചില്ല, എന്നു ഞാൻ പറഞ്ഞതുകേട്ടു് ആ പത്രപ്രതിനിധി പൊട്ടിച്ചിരിച്ചു. ''ജ്യേഷ്ഠൻ പ്രധാനമന്ത്രിയായാൽ അനുജനു് മന്ത്രിയാകുവാൻ എന്താണിത്ര പ്രയാസം?'' എന്നു് കണ്ണിറുക്കിക്കൊണ്ടു് ഒരു ചോദ്യവും തട്ടിവിട്ടു!

തിരുവനന്തപുരത്തു പഠിച്ച മററു വിദ്യാർത്ഥികളെപ്പററിയും അയാൾ കേട്ടിട്ടുണ്ടു്. കസോസി എഞ്ചിനീയറാണു്. മുബീറു അമേരിക്കയിൽ പരിശീലനത്തിനു പോയിരിക്കുന്നു. എല്ലാവരെയും ഞാൻ അന്വേഷിച്ചതായി പറയണമെന്നും, നെക്യോണിനു് എൻെറ അനുമോദനങ്ങൾ നല്കണമെന്നും അപേക്ഷിച്ചു കൊണ്ടു് ഞാൻ യാത്ര പറഞ്ഞു. അപ്പോഴും ആ വിരുതൻ, ''ജ്യേഷ്ഠൻ പ്രധാനമന്ത്രി, അനുജൻ വാർത്താവിതരണമന്ത്രി'' എന്നു്

ആവർത്തിക്കുകയും അർത്ഥഗർഭമായി ചിരിക്കുകയും ചെയ്തു. ഒരു പക്ഷെ മന്ത്രിയാകുവാൻ ശ്രമിച്ചവരിൽ ഒരാളായിരിക്കാം അയാറം. പത്രക്കാരനായതു കൊണ്ടു് വാർത്താവിതരണമന്ത്രിയാകുവാൻ തന്നെ ആയിരിക്കാം ശ്രമിച്ചതു്. നെക്യോൺ ആ സ്ഥാനം കരസ്ഥമാക്കിയതിലുള്ള അമർഷം കൊണ്ടായിരിക്കാം അയാറം ഇങ്ങിനെ പെരുമാറിയതു്. ഏതായാലും അയാളെക്കാറം എത്രയോ ബുദ്ധിയും സാമർത്ഥ്യവും ഉള്ള ആളാണു് നെക്യോൺ എന്നതിൽ എനിക്കു സംശയമില്ല. അവരിൽ ഒരാളെ മന്ത്രിയായി നിയമിക്കുവാൻ എന്നോടു പറഞ്ഞാൽ, ഞാൻ നെക്യോണിനെയായിരിക്കും തിരഞ്ഞെടുക്കുന്നതു്. കാഴ്ചയിൽ പോലും ആ യുവാവു് ഈ പത്രക്കാരനെക്കാറം യോഗ്യനാണു്. അയാളുടെ അച്ഛൻ ഒരു ഗോത്രത്തലവനും ഒരു പ്രവിശ്യയുടെ ഭരണാധിപനും ആയിരുന്നുവത്രെ. അദ്ദേഹത്തിനു് നാലു ഭാര്യമാരിൽ 19 മക്കളും ഉണ്ടു്. നെക്യോൺ തിരുവനന്തപുരത്തു പഠിച്ചുകൊണ്ടിരുന്നപ്പോറം പിതാവിൻെറ നിർദ്ദേശമനുസരിച്ചു്, തപാൽവഴി, നാട്ടിലുള്ള ഒരു പെൺകുട്ടിയെ വിവാഹം കഴിച്ചു. അങ്ങിനെയൊരു സമ്പ്രദായം അവരുടെ ഇടയ്ക്കു് ഉണ്ടത്രെ. ദീർഘകായകനും അഭിജാതനും വിദ്യാസമ്പന്നനുമായ ആ യുവാവിനു് ആഫ്രിക്കയിലെ രാഷ്ട്രീയജീവിതത്തിൽ അതിശോഭനമായ ഒരു ഭാവി ഞാൻ ആശംസിക്കുന്നു.*

---

* ഈ വാചകങ്ങറം എഴുതിയ ശേഷം മൂന്നു മാസത്തിനുള്ളിൽ നെക്യോൺ ഇന്ത്യാഗവണ്മെൻറിൻെറ അതിഥിയായി കേരളത്തിൽ വരുകയും, തിരുവനന്തപുരത്തുവെച്ചു് ഞങ്ങറം തമ്മിൽ കണ്ടു് ദീർഘനേരം സംഭാഷണം നടത്തുകയും ചെയ്തു. അന്നു് അദ്ദേഹം ഉഗണ്ടയിലെ പ്ലാനിങ്ങ് മന്ത്രിയായിരുന്നു (1964 ഏപ്രിൽ). വലിയ പദവിയിലും പോലീസ് ബന്തവസ്സോടു കൂടിയും ആണു് വന്നതെങ്കിലും ആ പഴയ വിദ്യാർത്ഥിയുടെ വിനീതഭാവം വിടാതെയാണു് സംസാരിച്ചതു്.

VII

## 43. ഉപസംഹാരം

അങ്ങിനെ ഞങ്ങളുടെ ജെമ്മൻ പര്യടനം അവസാനിച്ചു. ദ്വിഭാഷിയായ ഹോഫ്മാൻ സ്റ്റുട്ട്ഗാട്ടിലെ വിമാനത്താവളംവരെ ഞങ്ങളെ അനുയാത്ര ചെയ്തു. കന്നിൻ കൊമ്പുകൊണ്ടു് ഉണ്ടാക്കിയതും നേരത്തെ കൈയിൽ കരുതിയിരുന്നതുമായ ഒരു കൊക്കിൻെറ രൂപം ഞാൻ മംഗളാശംസകളോടെ സമ്മാനിച്ചതു് ആ വിദ്യാത്ഥിയെ വികാരപരവശനാക്കി. വിമാനം പുറപ്പെടുവാൻ സമയമുണ്ടായിരുന്നതുകൊണ്ടു് ഞങ്ങഠം സ്വീകരണമുറിയിൽ ഇരുന്നു സംസാരിച്ചു.

''നിങ്ങഠം രണ്ടു പേരേയും ആദ്യം കണ്ടപ്പോഠം തന്നെ ഒരു കാര്യം എൻെറ ശ്രദ്ധയിൽ പെട്ടു. രാജ്യം കാണാൻ വന്നവരാണെങ്കിലും നിങ്ങളുടെ കൈയിൽ ക്യാമറകഠം കണ്ടില്ല. ജെമ്മനിയിൽ ചുററി നടന്നു് പടമെടുക്കുന്നതിലല്ല നിങ്ങളുടെ താൽപര്യമെന്നു് എനിക്കു മനസ്സിലായി. നിങ്ങഠം ചിത്രമെടുക്കുന്നതു് മനസ്സുകൊണ്ടാണെന്നു തോന്നുന്നു. ഇന്ത്യക്കാരെപ്പററി എനിക്കു് വലിയ ബഹുമാനമാണു്. ഈ രാജ്യത്തെപ്പററി നിങ്ങളുടെ മനസ്സിൽ പതിഞ്ഞ ചിത്രം എന്താണെന്നു് അറിയുവാൻ എനിക്കു വളരെ ആഗ്രഹമുണ്ടു്. പറയുവാൻ ദയവുണ്ടാകുമോ?'' പതിവുപോലെ ഡോക്ടർ മഹാദേവൻ എൻെറ മുഖത്തു നോക്കി. ''ചൊല്ലുങ്കോ'' എന്ന നിർദ്ദേശവും നല്കി. ഞാൻ ഇങ്ങിനെ പറഞ്ഞു:—

''പറയാം. ആ ചിത്രത്തിനു് രണ്ടു വശങ്ങളുണ്ടു്. ഒരു വശത്തു് ഭാരതഭൂമിയെ എന്നെന്നും കൃതജ്ഞതാബദ്ധമാക്കുന്ന മഹത്തായ ഒരു ഉപകാരത്തിൻെറ സ്മരണയാണു് പതിഞ്ഞിരിക്കുന്നതു്. ആയിരം കൊല്ലത്തെ വിസ്മൃ

തികഌ ശേഷം ഞങ്ങളുടെ സംസ്കാരത്തിന്റെ നേക്ക് ഞങ്ങളുടെ കണ്ണുകഠം തുറപ്പിച്ച രാജ്യമാണ് ജെമ്മനി. ആധുനികശാസ്ത്രം ലോകത്തെ വിഭ്രമിപ്പിച്ചു തുടങ്ങിയ കാലത്താണ് സനാതനമായ ജ്ഞാനത്തിന്റെ ഉപാസകന്മാരായ ഈ രാജ്യത്തെ വിദ്വന്മണികഠം ഇന്ത്യക്കാക്ക് ഈ ഉപകാരം ചെയ്തതു്. ഇക്കാര്യം ആധികാരികമായി പറഞ്ഞുതരേണ്ടതു് ഡോക്ടർ മഹാദേവനാണ്. അദ്ദേഹം പക്ഷേ,

ദ്വാ സുപൎണ്ണാ സയുജാ സഖായാ
സമാനം വൃക്ഷം പരിഷസ്വജാതേ;
തയോരേകഃ പിപ്പലം സ്വാ-
ദ്വത്ത്യനശ്നന്നന്യോ അഭിചാകശീതി.

എന്നു് വേദത്തിൽ പറയുന്ന പക്ഷികളിൽ ഒന്നിനെപ്പോലെ മിണ്ടാതെ നോക്കിക്കൊണ്ടിരിക്കുന്നതേയുള്ളു. ഏതായാലും എന്റെ മനസ്സിൽ ആ ചിത്രത്തിന്ന് വളരെയധികം മിഴിവു കിട്ടിയിരിക്കുന്നു. മറേറവശത്തുള്ളതു് ആധുനികശാസ്ത്രവുമായി ബന്ധപ്പെട്ട ഒരു ചിത്രമാണ്— സയൻസും ടെക്നോളജിയും ഒരു സുകുമാരകലയായി വളത്തിയെടുത്തിരിക്കുന്ന, കമ്മകൗശലമുള്ള ഒരു ജനതയുടെ ചിത്രം. നിങ്ങളുണ്ടാക്കുന്ന നിസ്സാരമായ സൂചിപോലും നിസ്തുലമായിരിക്കുന്നു. അശ്രാന്തമായ പരിശ്രമം പൂൎണ്ണതയിലേക്കു് കരങ്ങഠം നീട്ടുന്ന അനുഭൂതിയാണ് ഈ ചിത്രം ജനിപ്പിക്കുന്നതു്.''

''ഡിപ്പാർട്ടുമെൻറു് സ്റ്റോറിൽ കയറിയപ്പോഠം നിങ്ങഠം സൂചിവാങ്ങുന്നതു് ഞാൻ കണ്ടു. ഡോക്ടർ മഹാദേവൻ ശ്രദ്ധിച്ചുവോ?'' എന്നു് ഹോഫ്മാൻ ചിരിച്ചുകൊണ്ടു ചോദിച്ചു. തത്ത്വജ്ഞാനിയായ അദ്ദേഹം ഒന്നു ''പുഞ്ചിരിക്കൊള്ളുക മാത്രം ചെയ്തു.''

''സൂചി മാത്രമല്ല, മററു പലതും വാങ്ങിക്കണമെന്നുണ്ടായിരുന്നു. പക്ഷെ പണമില്ലാതായിപ്പോയി. നാല്പതു രൂപയ്ക്കുള്ള വിദേശനാണ്യമാണ് ഇന്ത്യാഗവണ്മെൻറു് തന്നതു്. എന്തു ചെയ്യാം?

''അതുപോകട്ടെ. ഞാൻ പറഞ്ഞ രണ്ടു ജീവിതഭാവങ്ങളും പൊരുത്തപ്പെടുത്തിയതാണ് നിങ്ങളുടെ വിജയം.

ഇന്നത്തെ ലോകം ആശാരിയോ കൊല്ലനോ എഞ്ചിനീയറോ നിർമ്മിച്ചതാണെന്നു പറയാറുണ്ട്. ശരിയാണ്. പക്ഷെ ആരുടെ നിദിധ്യാസം കൊണ്ടാണ് ഈ നിർമ്മാണം സാധ്യമായതു്? ഋഷിതുല്യന്മാരായ ഐൻസ്റ്റൈനും പ്ലാങ്കുമല്ലെ അത്ഭുതകരമായ ഈ പുതിയ ലോകത്തിൻെറ ജനയിതാക്കൾ? അവർ മന്ത്രദ്രഷ്ടാക്കളെന്ന പേരിനു് തികച്ചും അർഹരാണ്. ആപേക്ഷികതാവാദത്തിൻെറയും ക്വാണ്ടാ സിദ്ധാന്തത്തിൻെറയും സാരസർവ്വസ്വം ഉൾക്കൊള്ളുന്ന ഗണിതസൂത്രങ്ങളാണ് അവർ ഉപദർശിച്ച മന്ത്രങ്ങൾ. ഈ ഉപദർശനങ്ങൾ ലോകത്തെ പൂർവ്വസ്ഥിതിയിൽ നിന്നു് എന്നെന്നേയ്ക്കുമായി മാററിക്കളഞ്ഞു.

''ഒരു കഥ കേട്ടിട്ടില്ലെ? ഐൻസ്റ്റൈൻ 1915–ൽ തൻെറ ജെനറൽ തിയറി പ്രഖ്യാപിച്ചതിനെത്തുടൎന്നു് അനേകം ശാസ്ത്രജ്ഞന്മാർ അതിന്നു തെളിവു കണ്ടുപിടിക്കുവാൻ അന്വേഷണം തുടങ്ങി. ഒടുവിൽ 1919–ൽ ഉണ്ടായ സമ്പൂർണ്ണമായ ഒരു സൂര്യഗ്രഹണസമയത്തു്, നക്ഷത്രങ്ങളിൽ നിന്നു വരുന്ന പ്രകാശരശ്മികൾ സൂര്യബിംബത്തിൻെറ സമീപത്തേയ്ക്കു് ആകർഷിക്കപ്പെടുന്നതിൻെറ സുവ്യക്തമായ ചിത്രങ്ങൾ ലഭിക്കുകയുണ്ടായി. ആർതർ എഡിങ്ടൺ എന്ന ബ്രിട്ടീഷ് ജ്യോതിശ്ശാസ്ത്രജ്ഞൻെറ നേതൃത്വത്തിൽ നിരീക്ഷണം നടത്തിയ ഒരു സംഘം ശാസ്ത്രജ്ഞന്മാരാണ് ഈ ചിത്രങ്ങൾ എടുത്തതു്. ഐൻസ്റ്റൈൻ പ്രവചിച്ചിരുന്ന പ്രതിഭാസങ്ങൾ, കൃത്യമായി ആവിഷ്കൃതമായതു് അവർ കാണുകയും, ചിത്രങ്ങൾ ഐൻസ്റ്റൈന്നു് അയച്ചുകൊടുക്കുകയും ചെയ്തു. അതു കിട്ടിയപ്പോൾ അദ്ദേഹം ഭാര്യയെ വിളിച്ചു്, 'സൂര്യഗ്രഹണത്തിൻെറ അതിമനോഹരമായ ചിത്രങ്ങൾ നോക്കുക' എന്നു പറഞ്ഞു. 'നിങ്ങളുടെ സിദ്ധാന്തത്തിൻെറ തെളിവായതുകൊണ്ടു് പ്രത്യേകിച്ചും രസകരമായിരിക്കുമല്ലൊ' എന്നു് ആ ശുദ്ധഗതിക്കാരി പ്രസ്താവിച്ചപ്പോൾ ഐൻസ്റ്റൈൻ പൊട്ടിച്ചിരിച്ചുവത്രെ. 'തെളിവോ? എനിക്കു് തെളിവൊന്നും ആവശ്യമില്ലായിരുന്നു. അവൎക്കാണു് തെളിവു വേണ്ടിയിരുന്നതു്''. എന്നാണു് അദ്ദേഹം ഭാര്യയോടു പറഞ്ഞതു്. സ്വതസ്സിദ്ധവും സ്വയംപ്രമാണവു

മായ സത്യത്തിൻെറ ഉപാസനയും സാക്ഷാൽക്കാരവുമ ല്ലാതെ മററെന്താണിതു്? ആധുനികശാസ്ത്രത്തെ ആഷ്ദശ നത്തിൻെറ പദവിയിലെത്തിച്ച അത്ഭുതസംസ്കാരം! ആദ്ധ്യാത്മികമായ ഉപാസനയുടെ ധന്യതയും പൂണ്ണതയും നിറഞ്ഞ ഈ പാരമ്പര്യം സൂക്ഷ്മനിരീക്ഷണത്തിലെന്ന പോലെ സൂചിയുണ്ടാക്കുന്നതിലും നിങ്ങഠം പുലത്തുന്നു. രണ്ടാഴ്ചക്കാലമേ കിട്ടുകയുള്ളു എങ്കിലും ജെമ്മനിയുടെ ഈ സൂക്ഷ്മരൂപം ഞങ്ങഠംക്കു കാണുവാൻ സാധിച്ചു. സൂക്ഷ്മ മെന്നതുപോലെ സുന്ദരവുമായ ഈ ചിത്രമാണു് ഭാരതീയ രായ ഞങ്ങഠം സ്നേഹത്തോടും ബഹുമാനത്തോടും കൃതജ്ഞ തയോടും കൂടി ഞങ്ങളുടെ മനസ്സിൽ ആലേഖനം ചെയ്തി രിക്കുന്നതു്.

''യുവാവും വിദ്യാത്ഥിയുമായ നിങ്ങഠം ഈ പാരമ്പ ര്യത്തിൽ തന്നെ വളരണം. ഒരു പുരുഷായുസ്സു് നിങ്ങ ളുടെ മുമ്പിൽ നീണ്ടുകിടക്കുകയാണു്. ഞാനൊരു അനു ഭവം പറയാം. 1951–ൽ അലിഗഡ് സവ്വകലാശാല യിൽ പഠിച്ചുകൊണ്ടിരുന്ന ജോജ്ജ് സാൻഡർ എന്ന ജെമ്മൻകാരനായ ജന്തുശാസ്ത്ര വിദ്യാത്ഥി തിരുവനന്ത പുരം സന്ദശിക്കുകയും, യൂണിവേഴ്സിററി കോളേജിൽ വന്നു് എന്നെ കാണുകയും ചെയ്തു. ഏഴടിയെങ്കിലും പൊക്കമുള്ള ആ ചെറുപ്പക്കാരൻെറ ആകാശച്ഛേദിയായ രൂപം ഞാൻ ഇപ്പോഴുമോക്കുന്നു. ഒരു ദിവസം മുഴുവനും അയാഠം എൻെറ കൂടെ ചെലവഴിച്ചു. ചോറും കറിയും ചപ്പാത്തിയും ഉത്സാഹത്തോടെ കഴിക്കുകയും ചെയ്തു. സംഭാഷണത്തിനിടയ്ക്കു് യുദ്ധത്തിൻെറ ഭയങ്കരതയെയും ജെമ്മനിയുടെ ദുരിതാനുഭവങ്ങളെയും പററി ഞാൻ അല്പം അനുതാപത്തോടെ സംസാരിക്കുവാനിടയായി. അപ്പോഠം ആ യുവാവു് ധീരോദാത്തഭാവത്തിൽ നിവന്നിരുന്നു് എന്നോടു് ഇങ്ങിനെ പറഞ്ഞു: 'സാരമില്ല, പ്രൊഫസ്സർ. ഞാൻ ദുഃഖത്തിൽ മുഴുകിക്കിടക്കുകയാണെങ്കിലും നിരാശ പ്പെടുന്നില്ല. ഇതുകൊണ്ടൊന്നും ജെമ്മനി നശിക്കുക യില്ല. എന്നല്ല, ഈ ദുരിതാനുഭവത്തിൽ നിന്നുതന്നെ യാണു് അവഠം ആത്മവീര്യം സമാജ്ജിക്കുവാൻ പോകു

ന്നതു്. ജ്ഞാനത്തിനു വേണ്ടിയുള്ള അന്തർദ്ദാഹം ഞങ്ങളുടെ യുവജനങ്ങളിൽ ആളിക്കത്തുന്നുണ്ടു്. അതുണ്ടെങ്കിൽ പ്രത്യാശയ്ക്കും വകയുണ്ടു്'' 1951–ൽ ഇങ്ങിനെ ഉറപ്പിച്ചു പറയുവാൻ മനക്കരുത്തുണ്ടായ ആ വിദ്യാർത്ഥിയുടെ ആദർശമഹത്വവും ശുഭാപ്തിവിശ്വാസവും എന്നെ കോരിത്തരിപ്പിച്ചു. തന്റെ രാജ്യത്തെപ്പററിയുള്ള അയാളുടെ പ്രത്യാശ തികച്ചും സഫലമായതു്, ഒരു വ്യാഴവട്ടത്തിനു ശേഷം, ഞാനിതാ പ്രത്യക്ഷത്തിൽ കണ്ടിരിക്കുന്നു. സാൻഡർ ഇന്നു് പേരെടുത്തുവരുന്ന ഒരു ശാസ്ത്രജ്ഞനാണു്. അയാളുടെ ജന്തുശാസ്ത്രപ്രബന്ധങ്ങൾ പല മാസികകളിലും കൂടക്കൂടെ ഞാൻ കാണാറുണ്ടു്. അന്നത്തെക്കാൾ എത്രയോ നല്ല സാഹചര്യത്തിലാണു് നിങ്ങൾ ഇന്നു ജീവിക്കുന്നതു്. ഹോഫ്മാൻ, നിങ്ങൾക്കു് ഞാൻ അത്യന്തശോഭനമായ ഒരു ഭാവി ആശംസിക്കുന്നു. ഞങ്ങൾ പോയ്‌വരട്ടെ. നമസ്കാരം.''

ആ യുവാവു് ചാടിയെഴുന്നേററു് ഞങ്ങളെ താണുവണങ്ങി. വികാരഭരിതമായ സ്വരത്തിൽ ഇങ്ങിനെ പറഞ്ഞു: ''ഡോക്ടർ നായർ, ഇന്ത്യയുടെ സന്ദേശമാണു് നിങ്ങളുടെ സ്നേഹപൂർണ്ണമായ വാക്കുകളിൽ ഞാൻ കേട്ടതു്. നിങ്ങൾ എന്നെ അനുഗ്രഹിയ്ക്കുകയും ആവേശം കൊള്ളിക്കുകയും ചെയ്തു. ഞാൻ നിങ്ങളോടു് ഹൃദയപൂർവ്വം നന്ദിപറയുന്നു. ഔഫ് വീഡെർസേഹൻ!''







**KOTTAYAM PUBLIC LIBRARY**
**KOTTAYAM**

Cl. No. M910 Acc. No. 22640

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 7 DEC 1989 | | |
| 28 OCT 1990 | | |
| 3 - FEB 1991 | | |
| 22 SEP 1992 | | |
| 04 MAR 2007 | | |
| 06 MAY 2007 | | |
| 2 - JUN 2007 | | |
| 4 JUL 2012 | | |

If the book is not returned on due date a fine of 10 Ps. ~~(Five)~~ per day will be charged.

M910 22640

ഭാസ്കരൻനായർ. കെ.

ആത്മവിദ്യൽ സോപാൻ

KOTTAYAM PUBLIC LIBRARY

Call No. M 910 Acc. No. 22640

Author [illegible]

Title [illegible]